# ആനന്ദ വചനാമൃതം
# ഭാഗം 7

## ശ്രീ ശ്രീ ആനന്ദമൂർത്തി

വിവർത്തനം
സേതുമാധവൻ പി.കെ.

# പരമ നിർദേശം

“ദിവസേന രണ്ടു നേരവും നിയമാനുസാരം സാധന അനുഷ്ഠിക്കുന്ന ഏതൊരാൾക്കും ദേഹാന്തവേളയിൽ പരമപുരുഷന്റെ സ്മരണ നിശ്ചയമായും മനസ്സിൽ ഉദിക്കും. അയാൾക്ക് തീർച്ചയായും മുക്തിലഭിക്കും. ആകയാൽ ഓരോ ആനന്ദമാർഗിയും ദിവസം പ്രതി രണ്ടു പ്രാവശ്യം സാധന ചെയ്യണം. ഇതാണ് പരമേശ്വരന്റ പരമനിർദേശം. യമനിയമങ്ങൾ കൂടാതെ സാധന സാധ്യമല്ല. ആകയാൽ യമനിയമങ്ങൾ പാലിക്കണമെന്നു കൂടിയാണ് നാഥന്റെ കൽപ്പന. ഈ ആജ്ഞനിരസിച്ചാൽ അനേകകോടി വർഷങ്ങൾ മൃഗീയജീവിതത്തിന്റെ നരകയാതനകളിൽ സ്വയം വീണുഴലേണ്ടിവരും. ഇത്തരം ദുരിതാനുഭവങ്ങൾ ആരും അനുഭവിക്കാതിരിപ്പാൻ ഏവരും പരമപുരുഷന്റെ പ്രേമനിർഭരമായ അഭയകേന്ദ്രത്തിൽ പരമാനന്ദം ആസ്വദിപ്പാൻ സകലരേയും ഈ ആനന്ദമാർഗത്തിലേക്ക് ആനയിക്കാനുദ്യമിക്കേണ്ടത് ഓരോ സാധകന്റേയും അനിവാര്യമായ കർത്തവ്യമാണ്. ഈ സൽപഥത്തിലൂടെ മറ്റുള്ളവരെ നയിക്കുന്നതും സാധനയുടെ ഒരു ഘടകം തന്നെ.”

ശ്രീ ശ്രീ ആനന്ദമൂർത്തി

# ആനന്ദ വചനാമൃതം

## ഭാഗം - 7

## A'nanda Vacana'mrtam

Author : Shrii Shrii Anandamurtti
Translation from English to Malayalam:
Sethumadhavan, Puthukode
First Malayalam Edition (electronic) : April 2021

Publisher:Babu Thayyil &
Acarya Satyabodhananda Avadhuta
Published on behalf of :
Ananda Marga Publication Committee, Kerala.
Address: Ananda Marga Ashram
Ananda Marga Pracaraka Samgha
Nedupuzha, Thrissur, Kerala

Email: ampublicationkerala@gmail.com
WhatsApp: 7558028519

# പ്രസാധകക്കുറിപ്പ്

ആനന്ദമാർഗ്ഗ ഗുരുദേവനായ ശ്രീ ശ്രീ ആനന്ദ മൂർത്തിയുടെ പ്രഭാഷണങ്ങൾ രണ്ടു പ്രത്യേക ഭാഗങ്ങളായി വിഭജിച്ചിരിക്കുന്നു.

1. ധർമ്മ മഹാ ചക്രത്തിൽ (ഡി.എം.സി) നടത്തുന്ന പ്രഭാഷണങ്ങൾ
2. പൊതു ദർശനത്തിൽ നടത്തുന്ന പ്രഭാഷണങ്ങൾ.

ഡി.എം.സി പ്രഭാഷണങ്ങൾ പ്രത്യേക സമ്മേളനത്തിൽ ഒത്തുകൂടുന്ന നിരവധി ആനന്ദമാർഗ്ഗികൾക്കു മുൻപിൽ ഗുരു നടത്തുന്ന പ്രഭാഷണങ്ങളാണ്. ഈ പ്രഭാഷണങ്ങളെല്ലാം സുഭാഷിത സംഗ്രഹം എന്ന പേരിൽ പരമ്പരകളായി പ്രസിദ്ധീകരിച്ചിട്ടുണ്ട്.

പൊതു ദർശന പ്രഭാഷണങ്ങൾ, ഞായറാഴ്ചകളിലോ, മറ്റു ആഘോഷ ദിവസങ്ങളിലോ, പ്രാദേശികമായ ആശ്രമങ്ങളിലോ, ഗുരുവിന്റെ വസതിയിലോ ഒത്തുകൂടുന്ന വളരെ ചെറിയ സംഘം മാർഗ്ഗികൾക്കു മുമ്പിൽ നടത്തുന്ന ക്ലാസ്സുകളാണ്. പൊതുദർശന പ്രഭാഷണങ്ങൾ ധർമ്മശാസ്ത്രവുമായി ബന്ധപ്പെട്ടതാണ്. അതെല്ലാം ശേഖരിച്ചു പ്രസിദ്ധീകരിച്ചതാണ് ആനന്ദവചനാമൃതം. ഈ പരമ്പരയിൽ 34 ഭാഗങ്ങളുണ്ട്.

അദ്ദേഹം ലോകമാകെ സന്ദർശിച്ചിട്ടുണ്ട്. അപ്പോൾ അദ്ദേഹത്തിന്റെ വസതിയിൽ ധാരാളം മാർഗ്ഗികൾ ഒത്തുകൂടാറുണ്ട്.

പ്രഭാഷകന്റെ യഥാർത്ഥ ഭാഷയിൽ നിന്നും മറ്റൊന്നിലേക്ക് പരിഭാഷപ്പെടുത്തുമ്പോൾ അതിന്റെ ഭാവവും സൗന്ദരവും നഷ്ടപ്പെടുക എന്നത് സ്വാഭാവികമാണ്. അതിനാൽ താൽപര്യമുള്ളവർക്ക് ഇതേ പേരിൽ പ്രസിദ്ധപ്പെടുത്തിയ ഇംഗ്ലീഷ് പുസ്തകങ്ങളും ലഭ്യമാണ്.

ആനന്ദവചനാമൃതം എന്ന പുസ്തകശൃംഖലയിൽ, ബാബ (ഗുരുദേവൻ ശ്രീ ശ്രീ ആനന്ദമൂർത്തി) വളരെലളിതവും ഉജ്ജ്വലവുമായ രീതിയിൽ ആത്മീയ വിഷയങ്ങൾ അവതരിപ്പിക്കുന്നു. ശ്ലോകങ്ങളുടെ (വേദങ്ങളിൽ നിന്നള്ള സംസ്കൃത ശ്ലോകങ്ങൾ) അർത്ഥം യുക്തിപൂർവ്വകമായും വളരെ എളുപ്പത്തിൽ മനസ്സിലാക്കാവുന്ന രീതിയിലും അവതരിപ്പിക്കുന്നു. നിങ്ങൾ ഈ പുസ്തകം ശരിക്കും ആസ്വദിക്കുമെന്നു കരുതുന്നു.

അഭിപ്രായങ്ങളും നിർദെശങ്ങളും സ്വാഗതം ചെയ്യുന്നു.

# ഉള്ളടക്കം

1. വാരാണസി എവിടെയാണ്.
Where Is Varanasi? ............................ .. 8
2. ഭക്തിയുടെ ശരിയായ പ്രകൃതം.
The True Nature of Bhakti. .................. 12
3. ഭക്തിയാണ് ഒരു ഭക്തന്റെ ജീവശക്തി
Devotion Is the Life-Force of a Devotee…. .27
4. ദിവ്യമായ നാടകം. The devine drama………38
5. ഒരു ഭക്തൻ എങ്ങനെ പെരുമാറണം?
How Should a Devotee Behave?................ 56
6. ആത്മീയ ലോകത്ത് സ്ത്രീകൾക്കുള്ള സ്ഥാനം The Place of Women in the Spiritual World. ................................72
7. ഭൈരവനും ഭൈരവിയും
Bhaerava and haeravii………………………. 85
8. പരിവർത്തന കാലഘട്ടം
The Transitional Period. ……………………104
9. കലിയുഗത്തിൽ കൂടിച്ചേർന്ന സംഘത്തിലാണ് ശക്തി കുടികൊള്ളുന്നത്
In Kali Yuga, Strength Lies in an Organized Body………………………. .. 108
10. മനുഷ്യ പുരോഗതിയുടെ കാലക്രമം
The Process of Human Progress…………. 113
11. നിങ്ങൾ നിസ്സഹായരല്ല
You Are Not Helpless. ……………………..120

12. ഒരു മാതൃകാപരമായ ജീവിതം
An Exemplary Life ..........................126
13. ശ്രേഷ്ഠമായ ഒരു ജീവിതം
An Ideal Life. ................................136
14. ആത്മീയ സത്യം എല്ലാറ്റിലും മികച്ചു നിൽക്കുന്നു.
Spiritual Truth Surpasses Everything. ......142
15. ചൂഷണം അനുവദിക്കില്ല.
Exploitation – No More. ...................... 147
16. ഹരിപരിമണ്ഡലം
Hari Pari Mandala.............................. 156
17. അദ്ദേഹം ഊമയെ സംസാരിപ്പിക്കുന്നു.
He Makes the Dumb Speak.................. 160

അധ്യായം 1

# വാരാണസി എവിടെയാണ്?

## Where Is Varanasi?

വാരാണസി എന്ന വാക്കിന് എന്താണർത്ഥം? ഇംഗ്ലീഷിലും ബംഗാളിയിലും 'വാർ' എന്ന വാക്കിന് 'പരിശോധിക്കുക' അഥവാ നിർത്തുക എന്നാണർത്ഥം. വാർ+അനത്=വാരണാ. ഇതിനർത്ഥം നിരോധിക്കുക, തടയുക എന്നതാണ്. അത് ഒരു നിഷേധാജ്ഞയാണ്. അതു പോലെ 'നി-വർ+അനത്=നിവാരണാ' 'അനസ്' എന്നാൽ 'ജനനം'. വാ+അനസ്=വാരാണാസ്. സംസ്കൃത ഭാഷയിൽ വാരാണാസ് എന്നത് സ്ത്രീലിംഗശബ്ദത്തിൽ 'വാരാണസീ' എന്നാവുന്നു. തത്വശാസ്ത്രപരമായി വാരാണസീ എന്നത് ഒരു പ്രത്യേക ബിന്ദുവിനെ സൂചിപ്പിക്കുന്നു. ആത്മീയ മണ്ഡലത്തിലാകുമ്പോൾ ഒരാൾ ആ ബിന്ദുവിലെത്തുമ്പോൾ പിന്നെ പുനർജന്മമില്ല. ജനന മരണചക്രം അവസാനിക്കുന്നു, ആത്മീയ സാഫല്യം ആഗ്രഹിക്കുന്നവന് പിന്നീട് ഈ പ്രപഞ്ചത്തിലേക്ക് തിരിച്ചു വരാതിരിക്കാനും, സാധിക്കുന്നു. വാരാണസിയിൽ എത്തിയാൽ പിന്നെ പുനർജന്മമില്ല. എന്നാൽ ഈ വാരാണസി ഭാരതത്തിലെ ഉത്തരപ്രദേശ് സംസ്ഥാനത്തുള്ള ഒരു പ്രത്യേക

നഗരമല്ല. എന്നാലത് ആജ്ഞാ ചക്രത്തിനും സഹസ്രാരചക്രത്തിനും ഇടക്കുള്ള, അതായത് പിറ്റ്യൂട്ടറി ഗ്ലാൻഡിനും പിനിയൽ ഗ്ലാൻഡിനും ഇടയിലുള്ള ഒരു ബിന്ദുവാണ്. ആത്മീയ സാഫല്യം ആഗ്രഹിക്കുന്നവൻ സാധനാ പരിശീലനത്തിലൂടേയും; ദിവ്യമായ പൊരുളിന്റെ സഹായത്തോടേയും; ഈ ബിന്ദുവിൽ ഉറപ്പിക്കുകയും വളരെ ഉയർന്ന മനഃശക്തിയും ത്രികാലജ്ഞാനവും നേടുകയും ചെയ്യുന്നു. അത്തരം ആളുകൾക്ക് ഈ പ്രപഞ്ചത്തിൽ മറ്റൊരു ജന്മം എടുക്കേണ്ട ആവശ്യമില്ല. അതുകൊണ്ടാണ് ആരാണോ കാശിയിൽ വെച്ച് മരിക്കുന്നത് അവർക്ക് ഒരിക്കലും പുനർജന്മമുണ്ടാവുകയില്ല എന്ന് പറയുന്നത്. കാശി എന്നാൽ ഒരു പട്ടണമല്ല, അത് ഒരു ആത്മീയ ബിന്ദുവാണ്.

''ത്രൈലോക്യേയാനി ഭൂതാണി
താനി സർവാണി ദേഹതഃ''

ഈ ലോകത്ത് എന്തെല്ലാം നിലനിൽക്കുന്നുവോ അതെല്ലാം നിങ്ങളുടെ ശരീരത്തിലുമുണ്ട്. നിങ്ങൾ ഈ പ്രപഞ്ചത്തിലെ സൂക്ഷ്മജ്ഞാനത്തിന്റെ പ്രകടീഭാവമാണ്. അതുകൊ ണ്ടാണിങ്ങനെ പറഞ്ഞത്. ''സ്വയം അറിയുക. സ്വയം അറിവ് അഥവാ ആത്മജ്ഞാനം നേടുക. എങ്ങനെയാണ് ആത്മജ്ഞാനം നേടാനാവുക? നിങ്ങളുടെ അസ്തിത്വത്തിന്റെ മധ്യബിന്ദുവിലേക്ക് ആഴത്തിൽ കടന്നു ചെല്ലുക. ആദ്യം നാഡീവ്യൂഹത്തിന്റെ മധ്യത്തിലേക്ക് കടന്നു ചെല്ലുക. പിന്നീട് മൂലാധാര

ചക്രത്തിൽ കടക്കുക. നിങ്ങളുടെ മൂലാധാര ചക്രം എന്നത് ആദർശപരമായ സത്തയാണ്. അത് ഒരു ഉപഗ്രഹം ചുറ്റുന്ന പോലെ പരമമായ മൂലാധാര ചക്രത്തെ ചുറ്റുന്നു. ആത്മാവിനെ അറിയാനുള്ള നിങ്ങളുടെ ശ്രമം ശക്തിപ്പെടുമ്പോൾ, ആത്മജ്ഞാനത്തെക്കുറിച്ചുള്ള നിങ്ങളുടെ ഇച്ഛ ശക്തമാകുമ്പോൾ എല്ലാ രഹസ്യങ്ങളും നിങ്ങളുടെ മുൻപിൽ തുറക്കപ്പെടുന്നു. '

''ത്രൈലോക്യേയാനി ഭൂതാണി
താനി സർവാണി ദേഹതഃ''

ആ ബിന്ദു അതായത്, വാരാണസി എന്ന് ഞാൻ നേരത്തെ പറഞ്ഞത്, ആജ്ഞാ ചക്രത്തിനും സഹസ്രാര ചക്രത്തിനും മധ്യേ സ്ഥിതി ചെയ്യുന്നതും തിളക്കമുള്ളതും തേജോമയവുമായ ഒന്നാണ്. അതാണ് ശരിയായ കാശി. കാശി എന്നത് ഉത്ഭവിച്ചത് സംസ്കൃത മൂലക്രിയാ ധാതുവായ കാശ്+അൽ+സ്ടീയാം+ഇനീപ് എന്നതിൽ നിന്നാണ്. കാശി എന്നത് ഒരു തേജോമയമായ സത്തയാണ്. ഇത് സ്ഫടികം പോലെ വ്യക്തമായി എന്ന് ഞാൻ കരുതുന്നു.

ചിലർ പറയുന്നു വാരുണ, ആശീ എന്നീ നദികൾക്കിടയിൽ സ്ഥിതി ചെയ്യുന്നതിനാലാണ് അതിനെ 'വാരാണാസി' എന്നു പറയുന്നതെന്ന്. എന്നാലിത് ശരിയല്ല. അത് ശരിയാണെങ്കിൽ തന്നെ അത് വാരുണാസീ എന്നാവണം വാരാണാസി എന്നല്ല. വാർ+അനസ്=വാരണാസ് എന്നത് വാരണാസി എന്ന സ്ത്രീലിംഗപദമായി എന്നതാണ്

ശരിയായ വ്യൂൽപത്തി. ഇപ്പോൾ അർത്ഥം വ്യക്തമായില്ലേ? വാർ എന്നാൽ നിരോധിക്കുക എന്നും അനസ് എന്നാൽ ജനനം എന്നുമാണ് അർത്ഥം. വാരാണസിയിൽ ആരാണോ മരിക്കുന്നത് അയാൾക്ക് പിന്നെ ജനനമില്ല. അത് ഭാരതത്തിലെ ഒരു നഗരമല്ല. എന്നാലത് ഒരു ബിന്ദുവാണ്. വിശേഷയോഗത്തിന്റെ പരിശീലനത്തിലൂടെ ഒരാൾ ഈ ബിന്ദുവിന്റെ രഹസ്യങ്ങൾ പഠിക്കുന്നു. ഈ ധ്യാനത്തിലൂടെ മറ്റൊരു ജന്മം ആവശ്യമില്ലാത്ത വിധം മനസ്സ് ഉന്നതമായ അവസ്ഥയിലെത്തുന്നു. വിശേഷയോഗം ഇനിയും പഠിച്ചിട്ടില്ലാത്തവർ ഭാവിയിലത് പഠിക്കുകയും അതിന്റെ പൊരുൾ തിരിച്ചറിഞ്ഞ് ഇഷ്ടപ്പെടുകയും ചെയ്യുന്നു.

വാരാണസി എന്ന ബിന്ദുവിൽ, അതായത് കാശിയിൽ മനസ്സ് ദൃഢീകരിക്കണമെങ്കിൽ എത്രയും വേഗത്തിൽ അതിനെ ഔന്നത്യത്തിലെത്തിക്കണം. ആർക്കാണോ തന്ത്രസാധനയുടെ അഥവാ കാപാലികസാധനയുടെ സാങ്കേതികത്വം അറിയുന്നത് അവർക്ക് അതിൽ നിന്നും ലഭിക്കുന്ന ആനന്ദത്തെക്കുറിച്ചറിയാം. അത് വാരാണസി എന്ന ഉപാസനാരീതിയെ ദൃഢീകരിക്കാൻ പരിശീലകനെ സഹായിക്കുന്നു. ഇതുവരെ ആരും അതിൽ ആധിപത്യം സ്ഥാപിച്ചിട്ടില്ലെങ്കിൽ അവർ ഒരു ദിവസം വാരാണസിയിലെ ഉപാസനാ രീതിയിൽ ദൃഢീകരിക്കപ്പെടും. എന്തുകൊണ്ടില്ല? ആർക്കാണോ ഒരു മനുഷ്യരൂപം ലഭിച്ചിട്ടുള്ളത് അവർ തീർച്ചയായും വാരാണസിയിൽ ഉറപ്പിക്കുക തന്നെ ചെയ്യും.

22 ഡിസംബർ 1978 കൽക്കത്ത

ഉള്ളടക്കം

അധ്യായം 2

# ഭക്തിയുടെ ശരിയായ പ്രകൃതം

## The True Nature of Bhakti

കഴിഞ്ഞതിന് തലേദിവസം ഭക്തിയുടെ പ്രഭാവത്തെക്കുറിച്ചായിരന്നു എന്റെ പ്രഭാഷണം. എന്നാൽ സമയപരിധി കാരണം മധ്യത്തിൽവെച്ച് നിർത്തേണ്ടി വന്നു. അതുകൊണ്ട് ശ്ലോകത്തിന്റെ ആദ്യവരി മാത്രമെ വിശദീകരിക്കാൻ കഴിഞ്ഞുള്ളൂ. 'ഭക്തിർ ഭഗവതോസേവ'. ഇന്ന് രണ്ടാമത്തെ വരി നമുക്ക് ചർച്ച ചെയ്യാം. 'ഭക്തി പ്രേമസ്വരൂപിണി'.

ഭക്തി എന്ന വാക്ക് ഉത്ഭവിച്ചത് ഭജ്+പ്രത്യയം ക്തിൻ, എന്നു ചേർന്നാണെന്ന് ഞാൻ നേരത്തെ പറഞ്ഞു. ക്തിൻ എന്നത് സംസ്കൃതത്തിൽ എപ്പോഴാണ് ഉപയോഗിക്കുക. ഒരു പ്രവർത്തനത്തിന് പദപ്രയോഗപരമായ രൂപം നൽകുമ്പോഴാണ് അത് ഉപയോഗിക്കുക. ക്രിയാമൂലമായ ഭജ് സൂചിപ്പിക്കുന്നത് എല്ലാ വസ്തുക്കളോടുമുള്ള ആകർഷണവും

ആസക്തിയും പിൻവലിച്ച് ഒരു പ്രത്യേക ബിന്ദുവിൽ കേന്ദ്രീകരിക്കുക എന്നതാണ്. ഭക്തി എന്നാൽ എല്ലാ വസ്തുക്കളോടുമുള്ള ആകർഷണങ്ങൾ പിൻവലിച്ച് മനസ്സിനെ പരമപുരുഷനിലേക്ക് നയിക്കുക എന്നതാണ്. എപ്പോഴാണോ ആത്മാവ് പരമാത്മാവുമായി ഒത്തുചേരുന്നത് അതാണ് ഭക്തി. അതുതന്നെ ലൗകിക വസ്തുക്കളുമായി ചേരുമ്പോൾ അതിനെ ആസക്തി എന്നു പറയുന്നു. നിങ്ങൾ തീർച്ചയായും ബഹ്യവസ്തുക്കളോടുള്ള അതെന്തായിരുന്നാലും പ്രശ്നമില്ല വാസനകളെ പിൻതിരിപ്പിച്ച് അതിനെ പരമപുരുഷനിലേക്ക് നയിക്കണം. എപ്പോഴാണോ നിങ്ങൾ മനോവൃത്തികളെ പരമപുരുഷനിലേക്ക് നയിക്കുന്നത് അപ്പോൾ മാത്രമെ അതിനെ ഭക്തി എന്നു വിളിക്കാനാവും. നിങ്ങളുടെ മനസ്സ് ഏതെങ്കിലും വസ്തുക്കളാൽ വശീകരിക്കപ്പെടുന്നുവെങ്കിൽ അതിനെ ആസക്തി അഥവാ മമത എന്നു പറയുന്നു. എപ്പോഴാണോ നിങ്ങളുടെ ഒരേയൊരാഗ്രഹം ഈശ്വരൻ മാത്രമാവുന്നത് അപ്പോഴതിനെ ഈശ്വരഭക്തി എന്നു പറയുന്നു. അതേ മമത വൈനിനോടാകുമ്പോൾ അതിനെ വൈനിനോടുള്ള ആസക്തി എന്നു പറയുന്നു. പരമപുരുഷനെയല്ലാതെ മറ്റേതെങ്കിലും വസ്തുക്കളോടുള്ള മമതയെ ആസക്തി എന്ന് വിളിക്കുന്നു.

എന്താണ് പ്രേമം എന്ന വാക്കിന്റെ അർത്ഥം?

‘‘സമ്യങ്മസൃണിതോ സ്വാന്തോ മമത്വാതിശയാങ്കിതഃ

ഭാവഃ സ ഏവ സാന്ദ്രാത്മാ ബുധൈഃ പ്രേമനിഗദ്യതേ''

ആ പ്രവൃത്തി ' സമൃങ്ങ്മസൃണിതഃ സ്വാന്തോ' മനസ്സിനെ ശുദ്ധവും പവിത്രവുമാക്കാനും ഒരാളുടെ വാക്കും ചിന്തയും അനന്യമാക്കാനും (അതായത് ഒരാൾ ബാഹ്യമായതും ആന്തരികമായതുമായ രണ്ടു ഞാൻ കൾ സ്വീകരിക്കാതെ) ഉതകുന്നുവെങ്കിൽ അതിനെ ഭക്തി എന്നു വിളിക്കുന്നു.

മനുഷ്യരെ മൂന്നു വിഭാഗമായി തരം തിരിക്കാമെന്ന് ഞാൻ നേരത്തെ പറഞ്ഞു. ഏറ്റവും താഴ്ന്ന വിഭാഗക്കാരുടെ വിശിഷ്ട ലക്ഷണങ്ങൾ എന്തായിരിക്കും? അവരിൽ മൂന്നു തരം വ്യക്തിത്വങ്ങൾ പ്രവർത്തിക്കും. അത്തരക്കാർ മനുഷ്യൻ എന്ന പേരിനു തന്നെ അർഹരല്ല. ആദ്യ വിഭാഗത്തിൽ പെട്ട വ്യക്തികൾ സത്യമായ ചിന്തകൾ മനസ്സിൽ ഗോപ്യമായി വെക്കുന്നവരാണ്. രണ്ടാമത്തെ വിഭാഗത്തിലുള്ളവർ മനസ്സിലുള്ളത് വെളിപ്പെടുത്താതെ മറ്റെന്തെങ്കിലും പറയുന്നു. അതായത് പറയുന്ന വാക്കുകളിലൂടെ മനസ്സിലുള്ള ചിന്തകൾ പ്രകടിപ്പിക്കുകയില്ല. മൂന്നാം വിഭാഗക്കാർ ഒരു പ്രത്യേക രീതിയിൽ ചിന്തിക്കുന്നു. പൂർണ്ണമായും വ്യത്യസ്തമായ കാര്യങ്ങൾ പറയുന്നു. വേറെ ചിലകാര്യങ്ങൾ പ്രവർത്തിക്കുന്നു. ഇത്തരം മൂന്നൂ വിഭാഗത്തിൽ പെട്ട വ്യക്തിത്വങ്ങൾ തുടർച്ചയായി പരസ്പരം കലഹിക്കുന്നു. രണ്ടാം വിഭാഗത്തിലുള്ളവർ ആദ്യവിഭാഗക്കാർ ചിന്തിക്കുന്നതിനെപറ്റി ഒരിക്കലും പ്രകടമാക്കാനുള്ള

തീരുമാനമെടുക്കുകയില്ല. കാരണം എല്ലാവരും അവരുടെ ശരിയായ പ്രകൃതം മനസ്സിലാക്കും. ഉദാഹരണമായി പണം അപഹരിക്കുന്നു, തെറ്റായ രീതിയിൽ പണം ചെലവഴിക്കത്തക്കവിധം ഒരു നേതാവാകാനാഗ്രഹിക്കുന്നു. അത്തരക്കാർ വിളിച്ചു പറയുന്നു. 'ഞാൻ നിങ്ങളുടെ പ്രധാനപ്പെട്ട താൽപര്യങ്ങൾ സംരക്ഷിക്കും. എനിക്ക് വോട്ട് തരിക' എന്ന്. എന്നാൽ മനസ്സിൽ ചിന്തിക്കുന്നത് 'ആർക്കും എന്നിൽ നിന്ന് ഒരു സഹായവും ലഭിക്കുകയില്ല. ഞാൻ എന്റെ കാര്യങ്ങൾ സംരക്ഷിക്കാനുള്ള തിരക്കിലാവും.' എന്ന്. ആദ്യത്തേയും രണ്ടാമത്തേയും വിഭാഗക്കാർ തമ്മിൽ സ്ഥിരമായ സംഘർഷം നില നിൽക്കും. കാരണം രണ്ടാം വിഭാഗക്കാർ എന്തുപറയണം, എന്ത് ഒളിച്ചുവെക്കണം എന്ന് തീരുമാനിക്കും. ഇതാണ് ഈ വ്യക്തിത്വങ്ങൾ തമ്മിലുള്ള സംഘർഷം. മൂന്നാം വിഭാഗക്കാർ എന്താണ് പറയുക? ഞാൻ പറഞ്ഞ കാര്യങ്ങളിൽ കുറച്ചു കാര്യങ്ങൾ മാത്രം ഞാൻ ചെയ്യും. ഞാൻ വാഗ്ദാനം ചെയ്ത കാര്യങ്ങൾക്ക് എതിരായ കാര്യങ്ങൾ ആയിരിക്കും കൂടുതലും ചെയ്യുക. ബാക്കിയുള്ള കാര്യങ്ങളെക്കുറിച്ചു ഞാൻ ഒട്ടും വിഷമിക്കുകയില്ല. ഇതാണ് മൂന്നാം വിഭാഗക്കാരുടെ മാനസികാവസ്ഥ. ഞാൻ എന്റെ വാക്കുകൾ തീർച്ചയായും പാലിക്കും. റോഡ് ഉണ്ടാക്കും. ഏറ്റവും നേരത്തെയുള്ള അവസരം ഉപയോഗിച്ച് അത് പൂർത്തിയാക്കും. എന്നാൽ അത്തരം ഒരവസരം വന്നു ചേരുമ്പോൾ അവൻ ഒരിക്കലും തന്റെ വാക്ക്

പാലിക്കില്ല. മൂന്നാം വിഭാഗത്തിലുള്ളവർ തീരുമാനമെടുത്തിരിക്കും. ആരെയെങ്കിലും കണ്ടുമുട്ടുമ്പോൾ ഞാൻ പരിശ്രമിക്കുന്നു എന്ന് പറയാൻ.

ഒരു കഥയുണ്ട്. പണ്ട് ഒരു പാവപ്പെട്ട മനുഷ്യൻ ഒരു പ്രത്യേക സ്ഥലത്ത് മരിച്ചു. പ്രാദേശിക സ്ഥലവാസികൾ അവരുടെ തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധിയോട് ചുറ്റും നിന്ന് പറഞ്ഞു. താങ്കളാണ് ഞങ്ങളുടെ പ്രതിനിധി. ഈ സാധു മനുഷ്യനെ സംസ്ക്കരിക്കാനാവശ്യമായ കാര്യങ്ങൾ ചെയ്യുക. സത്യത്തിൽ അയാൾക്കു ചുറ്റും ഒത്തുകൂടിയ ആളുകൾക്ക് അവരുടെ കാര്യബോധം നഷ്ടപ്പെട്ടിരുന്നു. അതല്ലെങ്കിൽ ഉത്തരവാദിത്വത്തോടെ ആളുകളെ സംഘടിപ്പിച്ച് ആവശ്യമായ കാര്യങ്ങളെല്ലാം ചെയ്യുമായിരുന്നു. എന്തായാലും അവരതൊന്നും ചെയ്തില്ല. പകരം ശവസംസ കാരത്തിനുള്ള ഒരുക്കങ്ങൾ ചെയ്യേണ്ടത് പ്രതിനിധിയുടെ ജോലിയാണെന്ന് പറഞ്ഞ് രക്ഷപ്പെട്ടു. ജനപ്രതിനിധി പറഞ്ഞു. ഞാനിപ്പോൾ ജനപ്രതിനിധി സഭയിലേക്കുള്ള യാത്രയിലാണ്. അവിടെയെത്തിയാൽ ഞാൻ ഒരു പ്രമേയം മേശപ്പുറത്തു വെക്കും. ആ പ്രമേയം പാസ്സാകുമെന്ന് എനിക്കുറപ്പുണ്ട്. അതിനുശേഷം ഒന്നോ രണ്ടോ മാസങ്ങൾക്കകം ആ സാധു മനുഷ്യന്റെ ശവസംസ കാരച്ചടങ്ങ് സംഘടിപ്പിക്കാൻ കഴിയും. ഇത്തരത്തിൽ മൂന്നാം വിഭാഗത്തിലുള്ളവരും ജനങ്ങളെ വിഡ്ഢികളാക്കിക്കൊണ്ടിരിക്കും.

ഈ മൂന്നു വിഭാഗം വ്യക്തിത്വങ്ങൾ തമ്മിൽ തീക്ഷ്ണമായ വടംവലികൾ തുടർന്നു കൊണ്ടിരിക്കും. വ്യക്തിജീവിതത്തെ സംബന്ധിച്ചേടത്തോളം ഇത് വളരെ ഹാനികരമാണ്. അത്തരക്കാരുടെ ഓർമ്മശക്തി നഷ്ടപ്പെടുന്നു. മനസ്സിന്റെ ലാളിത്യം നഷ്ടപ്പെടുന്നു. ആത്മവിശ്വാസം നശിക്കുന്നു. ആത്യന്തികമായി അവർ ചവറ്റു കുട്ടയിലേക്കെറിയപ്പെട്ടതുപോലെ തോന്നിക്കുന്നു. പൂമാലകളെക്കൊണ്ട് സ്വീകരിക്കപ്പെടാൻ ആഗ്രഹിക്കുന്ന അത്തരക്കാർക്ക്, സ്വയം വിശ്വാസം നഷ്ടപ്പെടുകയും എവിടേക്കാണ് ആ ആഭാസന്മാർ പോയത് എന്നുറക്കെ വിളിച്ചുപറയുകയും ചെയ്യും. ഞങ്ങൾ അവർക്കു വേണ്ടി ഒരു ചെരിപ്പുമാല തയ്യാറാക്കി വെച്ചിട്ടുണ്ട്. അത്തരക്കാർ അനുഭവിക്കേണ്ടി വരുന്ന വിനാശമാണത്.

എന്നാൽ ഭക്തിയുടെ പാതയിൽ ഇതൊന്നും തന്നെ സംഭവിക്കുകയില്ല. 'സമ്യങ്മസൃണിതഃ സ്വാന്തോ'. മനസ്സ് തിളക്കമുള്ളതാകുന്നു. മൃദുലമാവുന്നു. വാത്സല്യമുള്ളതാവുന്നു. കാപട്യവും കലഹവും മൂന്നാം വിഭാഗക്കാരുടെ മനസ്സിനെ ശല്യപ്പെടുത്തുന്നു. ഭക്തന്റെ മനസ്സിൽ അത്തരക്കാർ നിർജ്ജീവമായിരിക്കും.

രണ്ടാമത്തെ വിഭാഗത്തിൽ പെട്ടവർ വീണ്ടും വ്യത്യസ്തരാവുന്നു. അവർ ചിന്തിക്കുന്നതെന്തെന്നും പറയുന്നതെന്തെന്നും പറയില്ലെങ്കിലും അവർ പ്രവർത്തിക്കും. അതായത് അവരുടെ വാക്കും പ്രവർത്തിയും വ്യത്യസ്തമല്ലെങ്കിലും അവർ സ്വന്തം

ചിന്തകളെ സ്വകാര്യമായി വെക്കുന്നു. 'മനസാ ചിന്തയേത് കർമ വചസാ ന പ്രകാശയേത്' .പ്രകാശയേത്. ഇതിന്റെ മാറ്റം വരുത്തിയതാണ് 'ശതം വദ മാ ലിഖ' എന്നു പറയുന്നതും. അതായത് നിങ്ങൾ ഇഷ്ടപ്പെടുന്നത് നൂറു തവണ പറയാം എന്നാലത് എഴുതരുത്. ചിന്തകളും വാക്കുകളും തമ്മിൽ ഒരു യോജിപ്പുമില്ലെങ്കിലും രണ്ടാം വിഭാഗക്കാരുടെ വാക്കും പ്രവൃത്തിയും തമ്മിൽ ചേർച്ചയുണ്ടായിരിക്കും. അവർ വാക്കുകളെപോലെ പ്രവൃത്തികളേയും ബഹുമാനിക്കുന്നു. അത്തരക്കാരിലധികവും മഹാപുരുഷന്മാർ (ഉന്നതരായ വ്യക്തികൾ) എന്ന വിഭാഗത്തിൽ വരുന്നു. അവരൊരിക്കലും അവരുടെ മനസ്സു തുറന്ന് ആന്തരിക ചിന്തകൾ പ്രകടമാക്കുകയില്ല. എന്നാൽ അവർ എന്താണ് പറയുന്നത് അത് ചെയ്തിരിക്കും. ഈ സാധാരണ പ്രവൃത്തി കൊണ്ടു തന്നെ അവർ പ്രശംസ വാരിക്കൂട്ടുന്നു. യഥാർത്ഥത്തിൽ ഉന്നതരായ വ്യക്തികൾ ഈ വിഭാഗത്തിൽ പെടുന്നവരല്ല. സത്യസന്ധതയും ആത്മാർത്ഥതയും ഉള്ളതുകൊണ്ട് അവർ ചിന്തിക്കുന്നത് കൃത്യമായി പറയുകയും പ്രവർത്തിക്കുകയും ചെയ്യും. അവർക്ക് സംഘർഷത്താൽ ഉലയാത്ത, കുറ്റമറ്റ, ശുദ്ധമായ മനസ്സുണ്ട്. അവർ ലഡുവിനെ പോലെയാണ്. തള്ളുമ്പോൾ എളുപ്പത്തിൽ ഉരുളും. എന്നാൽ ജിലേബി പോലെയല്ല. സംസ്കൃതത്തിൽ ഈ ജിലേബിയെ കുണ്ഡലിനി അഥവാ കുണ്ഡാലിക (ചുരുണ്ടുകിടക്കുന്ന ഒന്ന്) എന്നു പറയുന്നു.

‘‘സമ്യങ്മസൃണിതോ സ്വാന്തോ മമത്വാതിശയാങ്കിതഃ’’ ഈശ്വരപ്രേമമുള്ളവർ (ആന്തരിക സ്നേഹമുള്ളവർ) തങ്ങളുടെ പാത വൃത്തിയും വെടിപ്പും മിനുസവുമുള്ളതാക്കി മാറ്റാൻ വഴിയിലുള്ള കല്ലുകളും ചരലുകളും മറ്റും മാറ്റുന്നു. കാപട്യത്തിലുള്ളസം യമനം, കപടനാട്യമില്ലായ്മ, കൂടാതെ മറ്റു രീതിയിലുള്ള പ്രവണതകൾ ഇല്ലാതാവുക എന്നിവയാണ് ഈശ്വരപ്രേമത്തിന്റെ ആദ്യലക്ഷണങ്ങൾ. കാര്യങ്ങൾ വ്യക്തമായി പറയുക. പറ്റില്ല, എനിക്കത് ചെയ്യാൻ കഴിയില്ല, ഇല്ല ഞാൻ നിങ്ങളെ പിൻതാങ്ങുകയില്ല. നേരിട്ട് സംസാരിക്കുക. ഇത്തരം കാര്യങ്ങൾ പറയരുത്. നിങ്ങളെ വീണ്ടും കണ്ടുമുട്ടിയത് നന്നായി. ശരി തീർച്ചയായും ഞാൻ അതിനെ പറ്റി ചിന്തിക്കാം. പെട്ടെന്ന് സംസാരിക്കുക. ഇല്ല ഞാൻ നിങ്ങളെ പിൻതാങ്ങുകയില്ല. നിങ്ങളുടെ പ്രവർത്തികൾ ശരിയായ രീതിയിലല്ല. നിങ്ങൾ ധർമ്മമനുസരിച്ച് ജീവിക്കുന്നില്ല. നിങ്ങൾ അധാർമ്മികനാണ്. ആദർശത്തെ പിൻതാങ്ങുന്നില്ല. മനുഷ്യത്വമില്ലാത്തവനാണ്. ഞാനെന്തിന നിങ്ങളെ പോലുള്ള ഒരാളെ പിൻതാങ്ങണം? നിങ്ങൾക്ക് എന്നിൽ നിന്നും യാതൊരു പിന്തുണയും ലഭിക്കില്ല. അത് നിങ്ങൾക്ക് ഉറപ്പിക്കാം. എന്നാൽ നാളെ വീണ്ടും വരിക, അഥവാ അതിനടുത്ത ദിവസം വന്ന് വീണ്ടും ആലോചിക്കാൻ അവസരം തരിക, എന്ന് പറയരുത്. ഒട്ടും താമസിപ്പിക്കരുത്. അതു ചെയ്യാൻ നിങ്ങൾക്കെന്തൊണാവശ്യം. നിങ്ങൾക്ക് അൽപം ധൈര്യം മാത്രമേ ആവശ്യമുള്ളൂ. ഓരോ ഭക്തനും

ആവശ്യത്തിന ധൈര്യം കരസ്ഥമാക്കണം. ഭക്തിയുടെ പാതയിൽ സഞ്ചരിക്കുന്നവർക്ക് താനെ ധൈര്യം നേടാൻ കഴിയും. അവർ ഒരിക്കലും ഭീരുവാകില്ല. വൃന്ദാവനത്തിൽ ഓടക്കുഴൽ വായിച്ചു കൊണ്ടുനടക്കുന്ന കൃഷ്ണൻ കുരുക്ഷേത്ര ഭൂമിയിൽ ആയുധങ്ങൾ കൈകളിലെടുത്തു. ഭക്തർക്കും എല്ലാം ചെയ്യാൻ സാധിക്കും. ഒരു ഭാഗത്ത് അവർക്ക് ധാരാളമായ പീഢനങ്ങൾ സഹിക്കാൻ കഴിയുമ്പോൾ മറ്റൊരു വശത്ത് നൃത്തം ചെയ്യാനും പാടാനും സന്തോഷത്തോടെ വിരുന്നൂട്ടാനും കഴിയുന്നു. അവരെ സംബന്ധിച്ചേടത്തോളം ജീവിതം നിറയെ വിരിഞ്ഞു നിൽക്കുന്ന പൂക്കളുടെ സമൃദ്ധിയും ഫലങ്ങളുടെ ധാരാളിത്തവുമാണ്. അവർ ജീവിതത്തിന്റെ എല്ലാ വീക്ഷണത്തിലും പരമാനന്ദം നിർഗ്ഗമിപ്പിക്കുന്നു. മറ്റുള്ളവർക്ക് അവരുടെ കുടിലതയും പാപങ്ങളും കാരണം ഇപ്രകാരം ചെയ്യാൻ കഴിയുന്നില്ല. അവരുടെ മനസ്സ് ആനന്ദത്തെ നശിപ്പിക്കുന്നു. പുഴുക്കുത്തിയ പൂക്കളെ പോലെ അവ്യക്തതയുടെ ഇരുട്ടിലേക്ക് കൊഴിഞ്ഞു പോവുന്നു.

‘‘മമത്വാതിശയാങ്കിതഃ’’

‘‘അനന്യമമതാ, വിഷ്ണോർമമതാ പ്രേമസംഗത’’ എന്നു പറയപ്പെടുന്നു. എങ്ങനെയാണ് പ്രേമം പ്രകടമാവുന്നത്? ഒരാൾ എല്ലാ വിധ ബന്ധങ്ങളിൽ നിന്നും, അധീനതയിൽ നിന്നും മുക്തനാവുമ്പോൾ അത് പ്രകടമാവുന്നു. എന്താണ് മമത എന്ന വാക്കിനർത്ഥം? മമ+ത=മമത. മമ എന്നാൽ എന്റേത്.

അങ്ങനെ മമത എന്നാൽ എന്റേതിന്റെ ആന്തരികമായ ആശയം. എന്റെ സ്വന്തം എന്ന ചിന്തയുണ്ടാക്കുന്നത്. പരമപുരഷനല്ലാതെ ഒന്നും തന്നെ എന്റെ സ്വന്തം എന്ന ചിന്ത ഉണ്ടാവരുത്. (വിഷ്ണു) ആത്മീയമായ വീക്ഷണഗതിയെയും പ്രേമം എന്നു വിളിക്കുന്നു. പരമപുരുഷനെ ആരാണോ അവന്റെ സ്വന്തം അഥവാ അവരുടെ സ്വന്തം എന്നു കരുതുന്നുത് അയാൾക്ക് പരമപുരുഷനിലുള്ളതെല്ലാം ലഭിക്കുന്നു. പ്രപഞ്ചത്തിലാകെ ഒരു സ്വാധീനശക്തി അയാൾക്ക് ലഭിക്കുന്നു. എല്ലാം അവസാനമായി ഭക്തന്റെ നിയന്ത്രണത്തിൽ വരുന്നു. പരമപുരുഷനല്ലാതെ മറ്റൊന്നും തന്റെ സ്വന്തമല്ല എന്നു ചിന്തിക്കുന്നതാണ് ബുദ്ധിപരമായി ചെയ്യേണ്ട കാര്യം. അതുകൊണ്ടാണ് അതിനെ മമത എന്നു പറയുന്നത്. എല്ലാം പൂർണ്ണമായി അദ്ദേഹത്തിന്റെ മമതയിൽ വരുന്നു. എല്ലാവരും അദ്ദേഹത്തിന്റെ ഏറ്റവും അടുത്ത സാമീപ്യം അനുഭവിക്കുന്നു. അതുപോലെ തന്നെ അദ്ദേഹത്തിൽ നിന്നും എല്ലാവരും ഏറ്റവും അടുത്ത ആളെ പോലുള്ള നല്ല പെരുമാറ്റം അനുഭവിക്കുന്നു. ഒട്ടും വിഷമിക്കേണ്ട ഞാൻ വന്നതു തന്നെ നിങ്ങളെ സഹായിക്കാനാണ്. എന്നു പറഞ്ഞുകൊണ്ട് എല്ലാവരേയും അദ്ദേഹം തന്റെ മടിയിലിരുത്തുന്നു. ഇതാണ് ഈശ്വരപ്രേമത്തിന്റെ രണ്ടാമത്തെ സവിശേഷത. ‘‘ഭാവഃ സ ഏവ സാന്ദ്രാത്മാ ബുധൈഃ പ്രമനിഗദ്യതേ’’. ചുറ്റും വ്യാപരിച്ചു കിടക്കുന്ന ദൃഷ്ടിയോടെ ഈ പ്രപഞ്ചത്തെ നോക്കിക്കണ്ട് എല്ലാം പരമപുരുഷന്റെ പ്രകടനമാണെന്ന് ജ്ഞാനികൾ

മനസ്സിലാക്കുന്നതാണ് പ്രേമം. പ്രേമം എന്നത് ഭക്തന്റെ സ്വഭാവങ്ങളിലൊന്നാണ്. ഭാവം എന്നതും എല്ലാ സത്തകളും പരമപുരുഷന്റെ പ്രകടനങ്ങളാണെന്ന് അർത്ഥമാക്കുന്നു. ഭാവത്തെ വിശദീകരിക്കാൻ ഇങ്ങനെ പറയുന്നു.

ശുദ്ധ സത്ത്വ വിശേഷാദ് വാ
പ്രേമ സൂര്യാംശു സാമ്യഭാക്
രുചിഭിശ്ചിത്തമാസ്യണ്യ
കൃദസൗഭാവ ഉച്യതേ

ഇവിടെ ചിത്തമാസ്യണ്യ എന്ന വാക്ക് ഉപയോഗിച്ചത് ശുദ്ധവും മിനുങ്ങിയതുമായ മനസ്സിനെ വിശദീകരിക്കാനാണ്. അവിടെ കാപട്യത്തിന ഒരു സാധ്യതയുമില്ല. ''ഭക്തി പ്രേമ സ്വരൂപിണീ''. ഈ പ്രാപഞ്ചികമായ സങ്കൽപ ശക്തി (ഭാവം) ചില സൂക്ഷ്മമായ വൃത്തികളോടൊപ്പം മനസ്സിനെ ഈശ്വരപ്രേമത്തോടൊപ്പം, ആത്മീയതയിലേക്ക് നയിക്കുന്നു. ഒരാൾ തന്റെ ആകർഷണങ്ങളെല്ലാം ഈശ്വരനുനേരെ തിരിച്ചു വിടുമ്പോൾ അതിനെ ഭക്തിയെന്നു പറയുന്നുവെന്ന് ഞാൻ നേരത്തെ വിശദീകരിച്ചു. എന്നാലത് മറ്റേതെങ്കിലും വസ്തുക്കളിലേക്കാവുമ്പോൾ അത് ആസക്തിയാവുന്നു. അതുപോലെ തന്നെ ഒരാളുടെ അടുപ്പം മനസ്സിൽ കവിഞ്ഞ അഥവാ ആത്മീയശക്തിയിലേക്കാവുമ്പോൾ അതിനെ പ്രേമം അഥവാ സ്നേഹം എന്നു വിളിക്കുന്നു. എന്നാൽ

ഭൗതികവും മാനസികവുമായ തലത്തിലുള്ള പ്രേമത്തിനെ കാമം എന്നു പറയുന്നു. പ്രേമം എന്നല്ല. കാമം വരുന്നത് പേരിനു വേണ്ടിയും കീർത്തിക്കു വേണ്ടിയും വിദ്യാഭ്യാസതിനു വേണ്ടിയും ബുദ്ധിശക്തിക്കു വേണ്ടിയും പുറകെ ഓടുന്നവരിലാണ്. പലരും ചിന്തിക്കുന്നത് കാമം എന്നാൽ ലൈംഗികത എന്നാണ്. എന്നാലത് ശരിയല്ല. കാമം എന്നാൽ ഭൗതിക മാനസിക തലങ്ങളിൽ എന്തെങ്കിലും നേടാനുള്ള പരിശ്രമമാണ്. അതിനാൽ ഭക്തിയും പ്രേമവും ഈശ്വരന്റെ കാര്യത്തിലാണ് പ്രയോഗിക്കപ്പെടേണ്ടത്. കവിഞ്ഞൊഴുകുന്ന ചിന്താ തരംഗങ്ങളെ ഈശ്വരനിലേക്ക് നയിക്കപ്പെട്ടാൽ അത് ഒരു മനുഷ്യന്റെ ഏറ്റവം ഉയർന്ന നേട്ടമായിരിക്കും. അതു നേടാൻ കൂടുതൽ വികസിച്ച മനഃശക്തി ആവശ്യമാണ്. അതുകൊണ്ടാണ് അത് മനുഷ്യ മനസ്സിന്റെ കയ്യെത്തുന്ന അകലത്തിലിരിക്കുന്നത്.

ഒരുപക്ഷെ ഭാവിയിൽ ശാസ്ത്രത്തിന്റെ അതിവേഗതയിലുള്ള മുന്നേറ്റത്താൽ മനുഷ്യസമൂഹത്തിനടുത്തു നിൽക്കുന്ന മറ്റു ജീവജാലങ്ങൾക്കും ഇതുപോലെ വികസിതമായ മാനസികാവസ്ഥ കൈവരിക്കാനാവും. കുരങ്ങന്മാരും നായ്ക്കളും തീർച്ചയായും മനുഷ്യരേക്കാൾ താഴ്ന്നതാണെങ്കിലും, വളരെ താഴ്ന്നതല്ലാത്ത അവസ്ഥയിലുള്ള ജീവികളാണ്. അത്തരം ജീവികൾ അവരുടെ യജമാനന്മാരിൽ നിന്നും പഠിച്ചതനുസരിച്ച് വളരെയധികം സ്നേഹിക്കുന്ന മാനസികാവസ്ഥ നേടുന്നു. അവർക്ക് ഈശ്വരനെ തിരിച്ചറിയാനുള്ള

കഴിവുള്ളതുകൊണ്ട് നാം അവരെ വെറുക്കുകയോ അപായപ്പെടുത്തുകയോ ചെയ്യരുത്. നിങ്ങൾ ഏതുവിധേനയാണോ പരമപുരുഷന്റെ പ്രകടീഭാവവും പ്രതിഫലനവുമാവുന്നത്, അതുപോലെ തന്നെയാണ് മറ്റു ജീവികളും. എല്ലാ ജീവികളേയും നിങ്ങളുടെ സുഹൃത്തുക്കളായി പരിഗണിക്കുക. ഒന്നിനെയും വെറുക്കാനോ അപായപ്പെടുത്താനോ ഉള്ള അവകാശം നിങ്ങൾക്കില്ല.

വിഷ്ണുപരിസ്ഥിതഃ വിഷ്ണുഃ
വിഷ്ണുർഖാദതി വിഷ്ണവേ
കഥം ഹസസി രേ വിഷ്ണോ
സർവം വിഷ്ണുമയം ജഗത്

ഒരിക്കൽ ഈശ്വര സാക്ഷാത്കാരം നേടിയ താന്ത്രികൻ തന്റെ മടിയിലിരിക്കുന്ന നായയോടൊപ്പം ഭക്ഷണം കഴിക്കുകയായിരുന്നു. നായയാകട്ടെ കീർത്തനങ്ങൾ കേൾക്കന്നതിൽ തൽപരനും, എവിടെനിന്നെങ്കിലും കീർത്തനങ്ങൾ കേൾക്കുമ്പോൾ അതിനോടൊപ്പം നൃത്തം ചെയ്യുകയും പതിവായിരുന്നു. നായ സത്യത്തിൽ ചില മനുഷ്യരേക്കാൾ വികാസം പ്രാപിച്ച ജീവികളാണ്. താന്ത്രികനും അദ്ദേഹത്തിന്റെ പ്രിയപ്പെട്ട നായയും ഒരേ പ്ലേറ്റിൽ നിന്നും ഭക്ഷണം കഴിച്ചു കൊണ്ടിരിക്കയായിരുന്നു. അപ്പോൾ അതുവഴി ഒരു ജ്ഞാനമാർഗ്ഗി; (ജ്ഞാനമാർഗ്ഗത്തെ പിന്തുണക്കുന്ന ആൾ) തൊട്ടുകൂടായ്മയെ പിന്തുണക്കുന്നവൻ അതുവഴി കടന്നു പോയി. ഈ കാഴ്ച കണ്ട് അയാൾ ഇങ്ങനെ പറഞ്ഞു. എന്തൊരു അറപ്പുളവാക്കുന്ന

കാര്യമാണിത്? താങ്കൾ നായയോടൊപ്പം ഭക്ഷണം കഴിക്കുകയോ? താന്ത്രികൻ പറഞ്ഞു. ഞാൻ വിഷ്ണുവാണ്. ഈ നായയും വിഷ്ണുവാണ്. അതിനാൽ വിഷ്ണുവാണ് ഭക്ഷണം കഴിക്കുന്നത്. വിഷ്ണു തന്നെയായതിനാൽ താങ്കളും വിഷ്ണുവാണ്. പിന്നെ നിങ്ങൾക്കെന്താണൊരു പുച്ഛം? ഈ പ്രപഞ്ചം മുഴുവൻ വിഷ്ണുവാണ്. വിഷ്ണു എല്ലായിടത്തുമുണ്ട്. അദ്ദേഹം എല്ലായിടത്തും ഉണ്ട്. വിഷ്ണു എവിടേയുമുണ്ട്. അദ്ദേഹം എല്ലാം പ്രകടമാക്കുന്നതാണ്.

ഭക്തനെ സംബന്ധിച്ചേടത്തോളം വേർതിരിക്കലിനെ സംബന്ധിച്ചും വകതിരിവിനെ സംബന്ധിച്ചുമുള്ള ബോധത്തിന് പറയത്തക്ക വിലയൊന്നുമില്ല. അവരെ സംബന്ധിച്ചേടത്തോളം എല്ലാവരും ഒന്നാണ്. എല്ലാ വിവേചന സംബന്ധമായ പെരുമാറ്റങ്ങളും അപ്രത്യക്ഷമാവുന്നു. മനുഷ്യർക്കു മാത്രമേ ഇത്തരമൊരു മനോഭാവമുള്ളൂ. അതുകൊണ്ടാണ് മനുഷ്യർ മറ്റെല്ലാ ജീവജാലങ്ങളുടേയും മുൻപിൽ നിൽക്കുന്നത്. മനുഷ്യരുടെ സമീപത്തു തന്നെ താമസിക്കുന്ന പക്ഷികൾക്കും മൃഗങ്ങൾക്കും ഈശ്വര പ്രേമമുളവാക്കുന്ന മാനസികാവസ്ഥ വികസിച്ചു വരുന്നു. അതിനു മുൻപ് അവക്കീ ഗുണം ഉണ്ടായിരുന്നില്ല. മനുഷ്യമനസ്സിൽ അടിച്ചമർത്തപ്പെട്ടു കിടക്കുന്ന സർവ്വ വ്യാപിയായ വിശ്വപ്രേമം ഒരു ദിവസം സ്വയം പ്രകടമായി വരുന്നു. ആ ദിനം അനതിവിദൂരമല്ല. ജനങ്ങളുടെ സ്വഭാവം

നിരീക്ഷിക്കുന്ന ഒരാൾക്ക് ആരാണ് ദൈവീകമായ പ്രേമം ഉൾക്കൊള്ളുന്നതെന്ന് മനസ്സിലാക്കാൻ കഴിയും. അത്തരം വ്യക്തികൾക്കൊരിക്കലും മറ്റുള്ളവരെ ചൂഷണം ചെയ്യുന്നതിനെ പറ്റി ചിന്തിക്കാനേ കഴിയില്ല. ഞാൻ ചൂഷകരെ എപ്രകാരമാണ് വിശദീകരിച്ചതെന്ന് നിങ്ങളിൽ ചിലർക്കൊക്കെ അറിയാം. അവർ അധാർമ്മികരും അസന്മാർഗ്ഗികളും പാപികളുമാണെന്ന് ഞാൻ പറഞ്ഞു. വലിയ ക്ഷേത്രങ്ങൾ ഉണ്ടാക്കിയതു കൊണ്ടോ തീർത്ഥാടകർക്കുള്ള ധർമ്മശാലകൾ ഉണ്ടാക്കിയതുകൊണ്ടോ അവർ ഈശ്വര പ്രീതി സമ്പാദിക്കുന്നില്ല. അവർ കപടനാട്യക്കാരും, കള്ളന്മാരും, അല്പന്മാരുമാണ്. തെറ്റായ വഴിയിലൂടെ നേടിയ പണം ഉപേക്ഷിച്ചതുകൊണ്ട് ചൂഷകർക്ക് അവരുടെ പാപം മറച്ചുപിടിക്കാനാവില്ല. അവർക്ക് എളുപ്പത്തിൽ ഈശ്വരന്റെ സ്നേഹം ആർജ്ജിക്കാൻ സാധിക്കുകയില്ല. ആരാണോ ഈശ്വരപ്രേമം നേടിയത് അവർക്കൊരിക്കലും, മറ്റുള്ളവരെ ചൂഷണം ചെയ്യാൻ സാധ്യമല്ല. അവർ സ്വേച്ഛാധിപത്യ പ്രവർത്തനങ്ങൾക്കും അന്യായങ്ങൾക്കും ചൂഷണത്തിനും എതിരെ ഉറക്കെ ശബ്ദിക്കുന്നു. അത്തരം സത്യസന്ധമായ ധൈര്യം ആർജ്ജിക്കാത്തവർ തെററിനെ എതിർക്കാൻ കഴിയാതെ കപടന്മാരായി മാറുന്നു. അവർ കളങ്കമറ്റവരാവില്ല. ഭക്തിപ്രേമസ്വരൂപിണി. പ്രേമം സ്വായത്തമാക്കിയവരുടെ പ്രവർത്തനങ്ങൾ നിസ്വാർത്ഥവും കളങ്കമറ്റതുമായിരിക്കും.

അധ്യായം 3

# ഭക്തിയാണ് ഒരു ഭക്തന്റെ ജീവശക്തി

## Devotion Is the Life-Force of a Devotee

“ഭക്തിർഭഗവതോ സേവാ ഭക്തിഃ പ്രേമസ്വരൂപിണീ
ഭക്തിരാനന്ദരൂപാ ച ഭക്തിഃ ഭക്തസ്യ ജീവനമ്”

ഭക്തിരാനന്ദരൂപാ ച. ഭക്തി എന്നത് ആനന്ദത്തിന്റെ സാക്ഷാത്കാരമാണ്. എന്താണ് ആനന്ദം? എന്താണതിന്റെ കാണപ്പെടുന്നതായ പ്രകടനം? ആനന്ദ+അൽപ്രത്യയം=ആനന്ദ. മൂലക്രിയയായ ‘നന്ദ്’ എന്നാൽ ആഹ്ലാദം രുചിക്കുക എന്നാണ്. മനസ്സിൽ ആഴത്തിൽ സന്തോഷം അല്ലെങ്കിൽ സുഖം ഉണ്ടാവുക. മനസ്സ് സമ്പൂർണ്ണമായും എപ്പോഴും ഒഴുകുന്ന പരമാനന്ദത്തിൽ നിറയുമ്പോൾ മനഃശാസ്ത്രപരമായ വാക്ശൈലിയിൽ അതിനെ

ആനന്ദം എന്നു പറയുന്നു. വ്യാകരണ ഭാഷയിലും തത്വശാസ്ത്രപരമായും അത് ആനന്ദമാണ്.

മനസ്സ് എപ്പോഴാണോ സീമാതീതമായ ഹർഷത്താലും ഉല്ലാസത്താലും നിറയുന്നത് അപ്പോൾ വ്യാകരണ ഭാഷയിലും അത് ആനന്ദം ആയി മാറുന്നു. (അ എന്നാൽ പൂർണ്ണമായും). നിങ്ങൾ വിഭവ സമൃദ്ധമായ ഒരു സദ്യ ആസ്വദിച്ചുവെന്നിരിക്കട്ടെ. ഒന്നൊഴികെ എല്ലാ വിഭവങ്ങളും രുചികരമായിരുന്നു. തൈര് വളരെയധികം പുളിപ്പുണ്ടായിരുന്നു. ആ സദ്യയിൽ നിന്നും സമ്പൂർണ്ണമായ സന്തോഷം (ആനന്ദം) നേടാൻ നിങ്ങൾക്ക് കഴിയുകയില്ല. കാരണം ഒരു വിഭവത്തിൽ നിന്നുള്ള സന്തോഷം നഷ്ടമായിരിക്കുന്നു. അതായത് അതിൽ ഒരു വിഭവം തീരെ സ്വാദുള്ളതല്ല. അതിനാൽ തൈര് ഒഴികെ സദ്യ വളരെ ഗംഭീരമാണ്. അതുമാത്രം മരത്തിൽ നിന്നും ഇപ്പോഴെടുത്ത പുളി പോലെ പുളിക്കുന്നുണ്ടായിരുന്നു.

സംസ്കൃതത്തിൽ ‘നന്ദ’ എന്നാൽ വളരെയധികം സന്തോഷിച്ച സ്ത്രീ എന്നാണ്. ‘നാനന്ദ’ എന്നാൽ പൂർണ്ണമായും സന്തോഷിക്കാത്ത സ്ത്രീ. എന്നാൽ പാതി സന്തോഷിച്ചവൾ അഥവാ പകുതി അസന്തുഷ്ടയായവൾ. ആധുനിക ബംഗാളി ഭാഷയിൽ നാനന്ദ എന്നത് ‘നാനദ‘ എന്നായി മാറി. അർത്ഥം ഭർതൃസഹോദരി. അവൾ സന്തുഷ്ടയല്ല. കാരണം അവൾക്ക് തന്റെ സഹോദരപത്നിയെ സ്വീകരിക്കേണ്ടി വരുന്നു. മനസ്സിന്റെ ഒരു കോണിൽ തന്റെ ജീവിതത്തിലേക്ക് കടന്നുവന്ന പെൺകുട്ടിയോട്

ഒരുതരം അന്യായം വളർത്തിയെടുക്കുന്നു. തന്റെ സ്ഥാനവും പദവിയും അപഹരിച്ചവളോട് അസൂയ വളരുന്നു. അവൾ പ്രസാദിച്ചില്ലെങ്കിലും അവൾക്ക് പൂർണ്ണമായും ‘നന്ദ’ ആവാൻ കഴിയുകയില്ല. അതുകൊണ്ടാണ് ഭർതൃസഹോദരിയെ നാനന്ദ എന്ന് സംസ്കൃതത്തിലും നാനദ എന്ന് ബംഗാളിയിലും പറയുന്നത്. എന്നാൽ നിങ്ങൾ അത്തരം കാര്യങ്ങൾക്കൊന്നും പ്രാധാന്യം നൽകേണ്ടതില്ല. നിങ്ങൾക്ക് മനസ്സിലാക്കാൻ വേണ്ടി മാത്രമാണ് ഈ ഉദാഹരണങ്ങൾ പറഞ്ഞത്.

‘ഭക്തിരാനന്ദരൂപാ ച’ . സന്തോഷം മനസ്സിൽ തോന്നേണ്ടതാണ്. അത് ആശയപ്രകാശന രൂപമാണ്. ആ സന്തോഷമാണ് ആനന്ദം എന്നു പറയുന്നത്.

ഇനി ആനന്ദത്തിന്റെ ദാർശനികമായ വീക്ഷണം ഞാൻ വിശദമാക്കാം. ആനന്ദസൂത്രത്തിൽ ഇപ്രകാരം പറയുന്നു. ‘സുഖം അനന്തം ആനന്ദം’. സന്തോഷവും സങ്കടവും മനസ്സിന്റെ രണ്ടു ഭാവങ്ങളാണ്. മനസ്സ് ഒരു വസ്തുവിനെ സ്വീകരിക്കുമ്പോൾ അത് നാഡീവ്യൂഹങ്ങളിൽ സ്വാധീനം ചെലുത്തുന്നു. നാഡീവ്യൂഹങ്ങൾ അതിശക്തമായ സമ്മർദ്ദത്തിൽ അകപ്പെടുമ്പോൾ അതിന്റെ പ്രഭാവം വേദനാജനകമാവും. അതിനാണ് നമ്മൾ ദുഃഖം എന്ന് പറയുന്നത്. ഒരാൾ ഉറക്കെ അലറുന്ന ഒരു ശബ്ദം കേൾക്കുന്നുവെന്നു കരുതുക. അപ്പോൾ ശ്രവണസംബന്ധിയായ നാഡികൾ വളരെ ക്ലേശം അനുഭവിക്കുകയും ആ ശബ്ദം അവസാനിക്കാനാഗ്രഹിക്കുകയും ചെയ്യുന്നു.

ക്ഷുദ്രകവിയായ ഭോലാമൊയ്റ എഴുതി “കാക്കെർ കണ്ഠ ഡാകേര വാദ്യ ഢാമിലേഇ ലാഗേ ഭാലോ”.

ഭോലാമൊയ്റ എന്താണ് നല്ലതെന്ന് വിശദീകരിക്കുന്നു. എപ്പോഴാണ് അത് നല്ലത്, എന്തു ഭക്ഷിക്കണം, അതെപ്പോൾ, എന്തു കാണണം, അതും എപ്പോൾ? എപ്പോഴാണ് കാക്കയുടെ കരച്ചിലും പെരുമ്പറയുടെ മുഴക്കവും കാതുകൾക്ക് ഇമ്പമായി തോന്നുന്നത്? എന്നു ചോദിക്കപ്പെട്ടു. അവർ അത് നിർത്തുമ്പോൾ എന്നായിരുന്നു മറുപടി.

എപ്പോഴാണോ മനസ്സ് വേദനാജനകമായ ഒരു പ്രതികരണം അനുഭവിക്കുന്നത് അതിനെ നമ്മൾ ദുഃഖം എന്നു വിളിക്കുന്നു. അതുപോലെ സുഖിപ്പിക്കുന്നതും ആശ്വാസകരവുമായ പ്രതികരണം അനുഭവിക്കുന്നത് നാമതിനെ ആനന്ദം അഥവാ ആഹ്ലാദം എന്നു വിളിക്കുന്നു. അറിഞ്ഞോ അറിയാതെയോ ഏതൊരു മനുഷ്യനും ആനന്ദത്തിനു പുറകെ ഓടുന്നു. ഇതാണ് മനുഷ്യന്റെ പ്രകൃതം. അത് മനുഷ്യന്റെ മാത്രം സ്വഭാവമല്ല. എല്ലാ ജീവജാലങ്ങളുടേയും സ്വഭാവമാണ്. എല്ലാ പക്ഷികളും മൃഗങ്ങളും ആശ്വാസവും സന്തോഷവും അന്വേഷിക്കുന്നു. പൂച്ചകൾ എപ്പോഴും ചൂടുള്ളതും ആശ്വാസപ്രദവുമായ ഒരു മൂലയിൽ ചുരുണ്ടുകൂടി സമാധാനമായി ഉറങ്ങാൻ ആഗ്രഹിക്കുന്നു.

“ സുഖം വാഞ്ഛതി സർവ്വോഹി
തച്ച ധർമ്മ സമുദ്ഭൂതഃ
തസ്മാദ് ധർമ്മഃ സദാകാര്യഃ
സർവ്വവർണ്ണൈ പ്രയത്നതഃ”

ആനന്ദത്തിനു വേണ്ടിയുള്ള അവസാനമില്ലാത്ത അന്വേഷണമാണ് ധർമ്മത്തിന്റെ ഉത്ഭവത്തിന് കാരണം. നിരവധി പരീക്ഷണങ്ങളിലൂടെ ഒരു ദിവസം മനുഷ്യൻ സന്തോഷത്തിലേക്കുള്ള ശരിയാ പാത കണ്ടു പിടിച്ചു. ഇതായിരുന്നു ധർമ്മാചരണത്തിന്റെ ആരംഭബിന്ദു. മനുഷ്യൻ അനുഭവിക്കുന്ന അതിരില്ലാത്ത ആനന്ദത്തിന്റെ ശരിയായ പാത.

'തസ്മാദ് ധർമ്മഃ സദാകാര്യഃ സർവ്വവർണ്ണെ പ്രയത്നതഃ'--

ഓരോ മനുഷ്യനും ജാതി, വർഗ്ഗ, വർണ്ണ വ്യത്യാസങ്ങൾ പരിഗണിക്കാതെ ധർമ്മാചരണം പരിശീലിക്കണം. ഒരാൾ ബുദ്ധിമാനാണോ തൊഴിലാളിയാണോ എന്നതിലൊന്നും ഒരു പ്രാധാന്യവുമില്ല. ധർമ്മാചരണത്തിന്റെ ആഹ്ലാദം ഒരേ സ്രോതസ്സിൽ നിന്നും ഒഴുകി വരുന്നു. അത് മനസ്സിന് അളക്കാനാവാത്ത വിധം ഉത്കൃഷ്ടമാണ്. ഒരു വസ്തു ചെറുതായിരിക്കുമ്പോൾ അതിനെ ഒരു ചെറിയ അളവു കോലുകൊണ്ട് എളുപ്പത്തിൽ അളക്കാം. സന്തോഷം മനസ്സിന്റെ പരിധിക്കുമപ്പുറം കടക്കുമ്പോൾ അത് അളക്കാൻ കഴിയാത്ത അവസ്ഥയിലെത്തുന്നു. അതുപോലെ ദുഃഖവും സഹിക്കാനാവാത്തതിലും ഉത്കടമാവുമ്പോൾ ഒരാൾക്ക് സമചിത്തത നഷ്ടപ്പെടുന്നു. ചിലപ്പോൾ ബോധം നശിക്കുന്നു. ഇത്തരത്തിൽ ദുഃഖവും തീക്ഷ്ണമാവുമ്പോൾ അളക്കാൻ പറ്റാത്തതാവുന്നു. അതിനാൽ സഹിക്കാനാവാത്ത ദുഃഖവും

കരകവിഞ്ഞൊഴുകുന്ന സന്തോഷവും അളക്കാൻ പറ്റാത്തതാണ്. ആഹ്ലാദം കരകവിയുമ്പോൾ ഒരാൾ ബോധരഹിതനാവുകയോ തുള്ളിക്കളിക്കുകയോ ചെയ്യും. ആ തീവ്രമായ, അളക്കാനാവാത്ത ആഹ്ലാദം ഒരു മനുഷ്യനെ അപാരതയിലേക്ക് നയിക്കുന്നുവെങ്കിൽ അതിനെ ആനന്ദം എന്നു വിളിക്കുന്നു.

ലച്ചി എന്നത് കയ്പുരസമുള്ള ഒരു പച്ചക്കറിയാണ്. അതുകൊണ്ടതാർക്കും ഇഷ്ടമല്ല. രസഗൊള (മധുരമുള്ള ഇന്ത്യൻ മിഠായി)യാകട്ടെ എല്ലാവർക്കും കഴിക്കാൻ ഇഷ്ടവുമാണ്. എന്നിരുന്നാലും രസഗൊള കഴിക്കുമ്പോഴുണ്ടാകുന്ന സന്തോഷം പരിമിതമാണ്. നാക്കിൽ ഇരിക്കുമ്പോൾ അത് സന്തോഷം നൽകുന്നു. അത് തൊണ്ടയിൽ പ്രവേശിച്ചു കഴിഞ്ഞാൽ സന്തോഷം അവസാനിക്കുന്നു. രസഗൊളയുടെ മധുരം ക്ഷണികമാണ്. പരമപുരുഷൻ മാത്രമാണ് അനന്തമായത്. നിങ്ങൾ അദ്ദേഹത്തെ എപ്രകാരമാണ് വിധി പറയാൻ ശ്രമിക്കുന്നതെന്നത് വിഷയമല്ല. അത് അദ്ദേഹത്തെകുറിച്ച് പഠിച്ച കാഴ്ചപ്പാടിനനുസരിച്ചായിരിക്കും. വിദ്യാഭ്യാസത്തെപറ്റിയോ, സ്നേഹത്തെപറ്റിയോ, ചീത്ത വൃത്തിയെപറ്റിയോ അഥവാ മേൽക്കോയ്മയെ പറ്റിയോഉള്ള കണക്കുകൂട്ടലുകളായിരിക്കാം. അദ്ദേഹത്തെ അളക്കുന്ന കാര്യത്തിൽ നിങ്ങൾ പരാജയപ്പെടും. അദ്ദേഹം അളക്കാനാവാത്ത സത്തയാണ്. അദ്ദേഹം സർവ്വശക്തനാണ്. ആരെങ്കിലും അദ്ദേഹത്തിനരികെയെത്തിയാൽ

അനന്തമായ ആനന്ദം അദ്ദേഹത്തിൽ നിന്നും ലഭിക്കുന്നു. ക്ഷണികമായ രസഗുളയുടെ മാധുര്യമല്ല. ആരെങ്കിലും അല്പം സന്തോഷം അനുഭവിക്കാനിടയായാൽ അയാൾ സ്വയം മറക്കുന്നു. എപ്പോഴാണോ ഒരാൾ അനന്തമായ ആഹ്ലാദം അനുഭവിക്കുന്നത് അപ്പോൾ എന്തു സംഭവിക്കുന്നു. അയാൾ അനന്തമായ ആനന്ദത്തിന്റെ സാഗരത്തിൽ ലയിക്കുന്നു. അപ്പോൾ ''സവികല്പ സമാധിയിൽ'' ലയിക്കുന്നു. ആ ആനന്ദത്തിന്റെ ഒഴുക്ക് സ്വന്തം അസ്തിത്വം നഷ്ടപ്പെടത്തക്കവിധത്തിലാവുമ്പോൾ അതിനെ ''നിർവികല്പ സമാധി'' എന്നു പറയുന്നു. ഇത് പരമോന്നതമായ ആനന്ദം ലഭിക്കുമ്പോഴാണ് സംഭവിക്കുക.

ഇത് വിശദീകരിക്കുന്നത് വ്യാകരണപരമായ കാഴ്ചപ്പാടിലുള്ള ആനന്ദവും, തത്വശാസ്ത്ര സംബന്ധമായ ''സുഖം അനന്തം ആനന്ദം'' എന്നതിനെക്കുറിച്ചുമാണ്.

''ഭക്തിരാനന്ദരൂപാച''. ആനന്ദത്തിന്റെ സാക്ഷാത്കാരമാണ് ഭക്തി. ആനന്ദത്തിന്റെ ബാഹ്യമായ ആവിർഭാവവുമുണ്ട്. ഇന്നലെ ഞാൻ സംസാരിച്ചത് ഭക്തിപ്രേമസ്വരൂപിണി എന്നതിനെപറ്റിയാണ്. ആരാണോ ഭക്തിയിൽ പൂർണ്ണമായി ലയിച്ചത് അയാൾക്കൊരിക്കലും വഞ്ചനക്ക് കൂട്ടു നിൽക്കാനാവില്ല. മനുഷ്യത്വത്തിനു വേണ്ടി അഗാധ സ്നേഹം പ്രസരിപ്പിച്ചു കൊണ്ട് ആദർശ സമ്പൂർണ്ണമായതും ചൂഷണത്തിൽ നിന്നും സ്വതന്ത്രവുമായ ഒരു സാമൂഹ്യക്രമത്തിനു വേണ്ടി

അക്ഷീണം പ്രയത്നിക്കുകയും എല്ലാ വിധത്തിലുമുള്ള അന്യായത്തിനുമെതിരെ പോരാടാനുള്ള കരുത്ത് അവർ നേടുകയും വേണം.

എല്ലാ ജീവജാലങ്ങളും ആനന്ദത്തിൽ നിന്നും സൃഷ്ടിക്കപ്പെട്ടതും ആനന്ദത്തിൽ നിലനിൽക്കുന്നതും ആനന്ദത്തിൽ തന്നെ അവസാനിക്കുന്നതുമാണെന്ന് ഒരു ഭക്തൻ തിരിച്ചറിയുമ്പോൾ; അത് ഭക്തിയുടെ മറ്റൊരു ഭാവമായി മാറുന്നു. ഈ തിരിച്ചറിവ് അവരുടെ കാഴ്ചപ്പാടിൽ സമൂലമായ മാറ്റത്തിന കാരണമാവുന്നു. അധികകാലം അവർക്ക് പണക്കാരനെന്നോ പാവപ്പെട്ടവനെന്നോ ഉന്നതകുലജാതനെന്നോ നീചകുല ജാതനെന്നോ ഉള്ള വ്യത്യാസങ്ങൾ വെച്ചുപുലർത്താനാവില്ല. അവർക്ക് എല്ലാ ജീവജാലങ്ങളിലും, ഒരു ആനന്ദസാഗരം തന്നെ ഉള്ളിലും പുറത്തും ഒഴുകുന്നതായി നിരീക്ഷിക്കാൻ കഴിയുന്നു. ‘‘രസ വൈസ’’ എല്ലാവരും ഒരേ രസത്തിൽ ഒഴുകുന്നു. പരമാനന്ദസാഗരത്തിൽ ലയിക്കുന്നു. ആ ദിവ്യമായ ഒഴുക്കിൽ ഭക്തന്മാർ; ഓരോ സത്തയോടുമൊപ്പം പരമപുരുഷൻ നൃത്തം ചെയ്യുന്നതായി കാണുന്നു. തത്വശാസ്ത്രത്തിൽ ഈ നൃത്തത്തെ രാസലീല എന്നു പറയുന്നു. (ആനന്ദത്തിൽ ലയിച്ചു കൊണ്ടുള്ള ദിവ്യമായ നൃത്തം). ആരെങ്കിലും സത്യമായും ഒരു പുല്ലാങ്കുഴൽ വായിക്കുകയും, എല്ലാ മനുഷ്യരും പശുക്കളും അതിനുചുറ്റും നൃത്തം ചെയ്യുകയുമാണെന്നല്ല അതിനർത്ഥം. എന്നാൽ ഈ ആദിയും അന്തവുമില്ലാത്ത പ്രപഞ്ചത്തിൽ എല്ലാ സത്തകളും

പരമാനന്ദസാഗരത്തിൽ ഒഴുകിക്കളിക്കുന്നു, എന്നതാണർത്ഥമാക്കുന്നത്. അവിടെ ദുഃഖത്തിനു സ്ഥാനമില്ല. ദുഃഖം ഉണ്ടാക്കുന്നത് നിസ്സാരമായ താൽപര്യങ്ങൾ സംരക്ഷിക്കുമ്പോഴും, വഴക്കിടുമ്പോഴും പരസ്പരം പോരാടുമ്പോഴുമാണ്. ഭക്തന്മാർ ഇത് വ്യക്തമായും മനസ്സിലാക്കുമ്പോൾ അവർ ''ഭക്തിരാനന്ദരൂപാച'' എന്ന അവസ്ഥയിലാവുന്നു.

എല്ലാ മനുഷ്യരും പരമപുരുഷന്റെ ഒരേ താളത്തിൽ നൃത്തം ചെയ്യുമ്പോൾ, അവരെല്ലാവരം ഒരേ സങ്കൽപ ശക്തിക്കൊത്ത് ചലിക്കുമ്പോൾ, പിന്നെ പണക്കാരനെന്നോ പാവപ്പെട്ടവനെന്നോ താഴ്ന്നവനെന്നോ ഉന്നതനെന്നോ ഉള്ള വേർതിരിവിന് സ്ഥാനമില്ല. തീർച്ചയായും ഇല്ല. ഈ ദിവ്യമായ ഒഴുക്കിൽ ഭക്തനെന്നോ ഭക്തിയില്ലാത്തവനെന്നോ ഉള്ള വേർതിരിവു പോലുമില്ല. പരമപുരുഷൻ ഭക്തരല്ലാത്തവരെ ഈ അനന്തമായ പ്രാപഞ്ചികനൃത്തത്തിൽ നിന്നും ഒഴിവാക്കുമോ? അവരെ അദ്ദേഹം ആഹാരം നൽകി സംരക്ഷിക്കാതിരിക്കുമോ? പിന്നെന്തു കൊണ്ടാണ് ഇത്തരത്തിലുള്ള വേർതിരിവുകൾ മനുഷ്യനെ സ്വാധീനിക്കുന്നത്? മനുഷ്യർ അത്തരം വേർതിരിവുകളെ മനസ്സിൽ നിന്നും കളയണം. എല്ലാവരും ഒരേ താളത്തിൽ നൃത്തം ചെയ്യുമ്പോൾ പിന്നെങ്ങനെയാണ് ഒരാൾക്ക് മറ്റുള്ളവരെ വേർതിരിച്ചു കാണാൻ കഴിയുക? ആരെങ്കിലും ഒരാൾ

മറ്റൊരാളെ നിരാകരിച്ചാൽ പരമപുരുഷൻ തീർച്ചയായും കുപിതനാകും.

ആരാണ് പരമപുരുഷൻ? ബ്രഹ്മൈവഗുരുരേകഃ നാപരഃ. അദ്ദേഹം എല്ലാത്തിന്റേയും സൃഷ്ടികർത്താവ് മാത്രമല്ല. ഗുരു കൂടിയാണ്. ആചാര്യനുമാണ്. ആധ്യാത്മിക ഗുരുവുമാണ്. സൃഷ്ടിയിലെ ഏതെങ്കിലുമൊന്ന് അവഗണിക്കപ്പെടുമ്പോൾ ഗുരു കുപിതനാകും. ശാസ്ത്രങ്ങളിൽ ഇപ്രകാരം പറഞ്ഞിട്ടുണ്ട്.

''ശിവേ രുഷ്ടേ ഗുരുസ്ത്രാതാ
ഗുരൗ രുഷ്ട്രൗ ന കശ്ചന''

ശിവൻ കുപിതനാകുമ്പോൾ ഗുരുവിന നിങ്ങളെ അപകടത്തിൽ നിന്നും രക്ഷപ്പെടുത്താനാവും. എന്നാൽ ഗുരു തന്നെ കുപിതനാകുമ്പോൾ ആർക്കും നിങ്ങളെ രക്ഷപ്പെടുത്താനാവില്ല, പരമപുരുഷൻ തന്നെയാണ് ആ ഗുരു. ആ സങ്കൽപ ശക്തിയാകുന്ന സമുദ്രത്തിൽ എല്ലാവരും നൃത്തമാടുന്നു. ആ സ്വർഗ്ഗീയാനുഭൂതിയാകുന്ന സാഗരത്തിൽ നീരാടുന്നു. ഈ ദിവ്യമായ ആനന്ദാനുഭൂതി ആർക്കും അവഗണിക്കാനാവില്ല. ആ പരമാനന്ദം ആസ്വദിക്കാൻ ആർക്കും തടസ്സം നിൽക്കാനുമാവില്ല.

ഭക്തിഭക്തസ്യ ജീവനം. മത്സ്യം ജീവിക്കുന്നത് ജലത്തിലാണ്. അതിന്റെ നിലനിൽപ്പ് ജലത്തെ ആശ്രയിച്ചിരിക്കുന്നു. ജലത്തിൽ നിന്നും അതിനെ മാറ്റിയാൽ അത് ചാവുന്നു. മനുഷ്യർ കരയിൽ ജീവിക്കുന്നവരാണ്. സ്ഥിരമായി ഒരു മനുഷ്യനെ ജലത്തിൽ നിമഞ്ജനം ചെയ്താൽ ആ വ്യക്തി

മരിക്കുന്നു. ഒരു വ്യക്തിയുടെ ജീവിതം കരയെ ആശ്രയിച്ചിരിക്കുന്നു. അതുപോലെ ഭക്തന്മാർക്ക് ഭക്തി പൂർവ്വകമായ ഒരു സാഹചര്യത്തിൽ ജീവിക്കാനാവാതെ വരുമ്പോൾ അയാൾ തീർച്ചയായും മരിക്കുന്നു. അയാൾ എവിടെയെല്ലാം പോകുന്നുവോ കരയിലാകട്ടെ, സമുദ്രത്തിലാകട്ടെ, ആകാശത്തിലാകട്ടെ മറ്റു ഭക്തന്മാരെ അന്വേഷിച്ചു നടക്കുന്നു. രണ്ടു ഭക്തന്മാർ തമ്മിൽ കാണുമ്പോൾ അവർ ചേർന്നു നിൽക്കുകയും അഗാധമായ പൊരുത്തത്തോടെ പരസ്പരം ആശ്ലേഷിക്കുകയും ചെയ്യുന്നു. അവരെ സംബന്ധിച്ചേടത്തോളം ഭക്തനല്ലാത്ത ഒരാളുടെ സാമീപ്യം അസഹ്യമാണ്. ആ സ്ഥിതിക്ക് ഭക്തി ഭക്തസ്യ ജീവനം.

ഒരു ഭക്തനെ സംബന്ധിച്ചേടത്തോളം ഭക്തി അയാളുടെ ജീവശക്തിയാണ്. അതില്ലാതെ ഒന്നും തന്നെ നേടാനാവില്ല. ഈ ജീവശക്തി ഒരാളുടെ ശരീരത്തെ വെടിയുമ്പോൾ മരണം വളരെ വേഗത്തിൽ സംഭവിക്കുന്നു. അതുപോലെ ഒരു ഭക്തനിൽ നിന്നും ഭക്തി മാറ്റപ്പെടുമ്പോഴും അയാൾ മരിക്കുന്നു. അതുകൊണ്ട് ഭക്തന്മാരെപ്പോഴും ഭക്തിവിഷയമായ പാഠങ്ങൾ ശ്രദ്ധിക്കണം. തീർച്ചയായും അവരത് ശ്രദ്ധിക്കണം. അതുകൊണ്ടാണ് ഒരു ഭക്തൻ ദൈവത്തിനെതിരെയുള്ളതൊന്നും സഹിക്കാത്തത്. പരമപുരുഷനെതിരെ പ്രചരിക്കുന്നതൊന്നും വിശ്വസിക്കാത്തത്.

23 ഡിസംബർ 1978 , കൽക്കത്ത

ഉള്ളടക്കം

അധ്യായം 4

# ദിവ്യമായ നാടകം

## The Divine Drama

''ഏകോഹി രുദ്രോ ന ദ്വിതീയായ തസ്ഥുര്യ
ഇമാല്ലോകാന ഈശത ഈശനീഭിഃ
പ്രത്യങ്ജനാംസ്ഥിഷ്ഠതി സഞ്ചുകോപാന്തകാലേ
സംസൃജ്യ വിശ്വാ ഭുവനാനി ഗോപാഃ''

ഈ പ്രപഞ്ചത്തെ നിയന്ത്രിക്കുന്നത് ഏകശക്തിയാണ്. ഒന്നിൽ കൂടുതൽ എണ്ണത്തിന് യാതൊരു സാധ്യതയുമില്ല. എല്ലാറ്റിനേയും നിയന്ത്രിക്കുകയും വഴികാട്ടുകയും ചെയ്യുന്ന ആ ഏകസത്ത പരമപിതാവാണ്, ആചാര്യനാണ്, ഗുരുവുമാണ്. ഏകോഹിരുദ്ര. രുദ്ര എന്നത് ഏകസത്തയാണ്. രുദ്ര എന്നാൽ ഒരാളെ കരയിപ്പിക്കുന്നവൻ ആരോ, അവൻ എന്നാണർത്ഥം. സംസ്കൃതത്തിൽ ഈ അവസ്ഥയെ കാണിക്കുന്ന രണ്ട് ക്രിയകളുണ്ട്. രോദനം (മൃദുവായി വിതുമ്പുക) ക്രന്ദനം (ഉറക്കെ കരയുക). പരമ പുരുഷനെ രുദ്രൻ എന്നു വിളിക്കുന്നതിനു കാരണം അദ്ദേഹം എല്ലാവരേയും കരയിപ്പിക്കുന്നതു കൊണ്ടാണ്.

നമ്മോട് അതിരില്ലാത്ത സ്നേഹം ചൊരിയുന്ന അദ്ദേഹം എന്തിനാണ് നമ്മെ കരയിപ്പിക്കുന്നത്?

ജനങ്ങൾ കരയുന്നത് തീവ്രമായ സങ്കടം കൊണ്ടും സന്തോഷം കൊണ്ടുമാണ്. അതായത് സഹിക്കാനാവാത്ത സങ്കടം കൊണ്ടും കരകവിഞ്ഞൊഴുകുന്ന ആഹ്ലാദം കൊണ്ടുമാണ്, എല്ലാവരും കരയുന്നത്. എന്തുകൊണ്ടാണ് പരമപുരുഷൻ നമ്മെ അമിതമായ സ്നേഹം നൽകിയും അമിതമായ പ്രയാസം നൽകിയും നമ്മെ കരയിപ്പിക്കുന്നത്? തീർച്ചയായും അദ്ദേഹം ഒരു മഹാക്രൂരനായതു കൊണ്ടല്ല. അദ്ദേഹം തനിച്ചായതുകൊണ്ട് ഈ പ്രപഞ്ചത്തെ സൃഷ്ടിച്ചു. സന്തോഷത്തിന്റേയും ദുഃഖത്തിന്റേയും വേദനയുടേയും ആഹ്ലാദത്തിന്റേയും കളികൾ കളിക്കാൻ അദ്ദേഹം മറ്റുള്ളവരോടൊപ്പം കഴിയാൻ, ആഗ്രഹിച്ചു. ഒരു നാടകത്തിൽ സന്തോഷപര്യവസായിയും ദുഃഖപര്യവസായിയുമായ രംഗങ്ങൾ ഉണ്ടായിരിക്കും. അതിന കഠിനവും വേഗതയുമുള്ള നിയമങ്ങളൊന്നുമില്ല. അത് സന്തോഷകരവും ദുഃഖകരവുമായിരിക്കാം. എന്നിരുന്നാലും അതവസാനിക്കുന്നത് ദുഃഖകരവും സന്തോഷകരവുമായ രംഗങ്ങൾ ഉൾക്കൊള്ളിക്കുമ്പോഴാണ്. അത് ഒരാളെ കരയിക്കുകയും ചിരിപ്പിക്കുകയും ചെയ്യും. പരമപുരുഷൻ നിങ്ങളെ സന്തോഷത്താൽ ചിരിപ്പിക്കുകയും വേദനകൊണ്ട് കരയിപ്പിക്കുകയും ചെയ്യും. ജനങ്ങൾ പ്രയാസപ്പെടുമ്പോൾ അവർ

വിചാരിക്കും പരമപുരുഷൻ വളരെ ക്രൂരനാണെന്ന്. എന്നാൽ അവർ സന്തോഷിക്കുമ്പോൾ എത്രമാത്രം സന്തോഷമാണ് പരമപുരുഷൻ അവർക്ക് നൽകിയതെന്ന് ചിന്തിക്കുകയേയില്ല. എന്നാൽ അവർ ഓർക്കും,

ദുഃഖത്തിന്റെ കണ്ണുനീർത്തുള്ളികൾ കവിളുകളിലൂടെ ഒഴുകിവരുമ്പോൾ
ഹരിക്ക് നന്ദി, ഹരിക്ക് നന്ദി
പിയുഷ സാഗരത്തിൽ ഞാൻ ഒഴുകുമ്പോൾ
ഹരിക്ക് നന്ദി, ഹരിക്ക് നന്ദി

രണ്ടു കാര്യങ്ങളിലും പരമപുരുഷൻ നമ്മുടെ നന്ദി അർഹിക്കുന്നു. അതുകൊണ്ടാണദ്ദേഹം രുദ്രനായത്. നമ്മൾ വെറുതെ ചിരിക്കുക മാത്രം ചെയ്താൽ നാടകം വളരെയധികം ഇഷ്ടപ്പെട്ടതാവുകയില്ല. നാം തേങ്ങിക്കരയുക മാത്രം ചെയ്താൽ നാടകം ആസ്വദിക്കത്തക്കതാവുകയില്ല. പരമപുരുഷന്റെ നാടകം ഒരിക്കലും വിരസമോ മുഷിപ്പിക്കുന്നതോ ആവില്ല.

''ന ദ്വിതീയായ തസ്തൂര്യ''. അദ്ദേഹത്തെപോലെ രണ്ടാമതൊരു സത്തയില്ല. എന്തുകൊണ്ട്? പരമപുരുഷന്റെ മനസ്സ് സൃഷ്ടിച്ചത് പ്രപഞ്ചത്തിലെ എല്ലാ അണുമനസ്സുകളും വിശ്വമനസ്സും കൂടിച്ചേർന്നാണ്. അതുകൊണ്ട് ഒരിക്കലും പ്രപഞ്ചത്തെ നയിക്കുന്ന രണ്ടാമത്തെ സത്ത ഉണ്ടാവില്ല. എല്ലാ ഉത്തരവാദിത്വങ്ങളും ആ ഏകസത്തയിൽ സ്ഥിതി ചെയ്യുന്നു.

അതുകൊണ്ടിപ്രകാരം പറയുന്നു. ന ദ്വിതീയായ തസ്തൂര്യ. അതെന്തുകൊണ്ടാണ്?

‘‘സഹസ്രാശീര്ഷാ പുരുഷഃ
സഹസ്രാക്ഷഃ സഹസ്രപാദ്
സ ഭൂമിം വിശ്വതോ വൃത്വാ
അത്യതിഷ്ട്ദശാങ്ഗുലം
പുരുഷ എവേദം സര്വ്വം
യദ്ഭൂതം യച്ച ഭവ്യം,
ഉതാമൃതത്വസ്യേശാനോ
യദന്യേനാതിരോഹതി’’

ഒരു വ്യക്തി ഒരു തലച്ചോറു കൊണ്ട് പ്രവർത്തിക്കുന്നു. എന്നാൽ പരമപുരുഷന് അസംഖ്യം തലച്ചോറുകളുണ്ട്. ഒരാൾക്ക് ഒരിക്കലും അദ്ദേഹത്തിന്റെ ബുദ്ധിശക്തിയുടെ ആഴം അളക്കാനോ, പരിഗണിക്കാനോ വിധി പ്രസ്താവിക്കാനോ കഴിയുകയില്ല. എല്ലാം അദ്ദേഹത്തിന്റെ മനസ്സിലുണ്ട്. അദ്ദേഹം എല്ലാം നിരീക്ഷിക്കുന്നു. നിങ്ങൾക്ക് അദ്ദേഹത്തിൽ നിന്നും ഒന്നും ഒളിക്കാനാവില്ല. അദ്ദേഹം ആരേയും നിരീക്ഷിക്കാനും ഇഷ്ടപ്പെടുന്നില്ല. എല്ലാ പ്രവർത്തനങ്ങളും അദ്ദേഹത്തിന്റെ മനസ്സിൽ തന്നെ നടക്കുന്നതുകൊണ്ട് അദ്ദേഹത്തിനൊന്നും തിരഞ്ഞെടുക്കാൻ സാധിക്കുകയില്ല. നിങ്ങൾക്ക് നിങ്ങളുടെ കൺപോളകൾ മുറുക്കിയടച്ച് ഈ പ്രപഞ്ചത്തിൽ നിന്നും മാറി നിൽക്കാം. എന്നാൽ പരമപുരുഷന്റെ മനസ്സിന് മാറി നിൽക്കാൻ കൺപോളകളില്ല. എല്ലാ വസ്തുക്കളും അദ്ദേഹത്തിൽ

തന്നെയാണ്. എല്ലാറ്റിനേയും നിരീക്ഷിക്കുകയല്ലാതെ അദ്ദേഹത്തിന മറ്റൊരു പോംവഴിയുമില്ല. എല്ലാം നിയന്ത്രിക്കുന്ന രണ്ടാമതൊരു സത്തക്ക് ഇവിടെ സ്ഥാനമില്ല. ന ദ്വിതീയായ തസ്തൂര്യ.

മനുഷ്യർക്ക് ഇതിൽ നിന്നും നേടാൻ കഴിയുന്ന ഏറ്റവും ഉയർന്ന നേട്ടം എന്താണ്? അവർ എവിടെയുണ്ടോ അവരോടൊപ്പം പരമപുരുഷനും ഉണ്ട്. അവർ ഒരിക്കലും തനിച്ചല്ല. ഞാൻ പരമപുരുഷനെ അനുസരിക്കുകയില്ല എന്ന് ആരെങ്കിലും വിചാരിച്ചാൽ പരമപുരുഷൻ സ്വയം ചിരിച്ച് ഇപ്രകാരം പറയും. എന്റെ മനസ്സിലുള്ള ആ വ്യക്തി എന്തസംബന്ധമായ കാര്യമാണ് ചിന്തിക്കുന്നത്? അതുപോലെ ആരെങ്കിലും ഞാൻ പരമുപുരുഷനെ തിരിച്ചറിയില്ല എന്നു പറയുമ്പോൾ അദ്ദേഹം ചിരിക്കും. എന്നിട്ടിങ്ങനെ പറയും. ശരി, എന്നെ തിരിച്ചറിയരുത്. എന്ന്. എന്നാൽ പിന്നീടയാൾ എന്തെങ്കിലും അപകടത്തിൽ പെട്ടാൽ അവൻ പറയും. അല്ലയോ പരമപുരുഷാ എന്നെ സഹായിച്ചാലും. താങ്കളെപറ്റി ഈ പറഞ്ഞതെല്ലാം ഞാനല്ല. എന്നോട് ദയ കാണിച്ചാലും. ഞാൻ പറഞ്ഞതെല്ലാം മറന്ന് എന്നെ സഹായിച്ചാലും. പൊതുജനമധ്യത്തിൽ ആളാവാൻ ഞാൻ പലപ്പോഴും താങ്കളെ തള്ളിപ്പറഞ്ഞിട്ടുണ്ട്. ഞാനെന്തുകൊണ്ടാണിങ്ങനെ ചെയ്തതെന്ന് താങ്കൾക്ക് മനസ്സിലാവും. അതങ്ങേക്കറിയാമല്ലോ.

“ഉതാമൃതത്വസ്യേശാനോ ”

എല്ലാം അദ്ദേഹത്തിന്റെ മനസ്സിൽ ഉൾക്കൊള്ളുന്നതിനാൽ സ്വർഗ്ഗവും നരകവും എങ്ങിനെ അതിന പുറത്താവും? ഇല്ല. സ്വർഗ്ഗവും നരകവും അദ്ദേഹത്തിന്റെ മനസ്സിൽ തന്നെ നില നിൽക്കുന്നു. ഒരു പാപി നരകത്തിലേക്കു പോകുന്നു എന്നു പറഞ്ഞാൽ അതദ്ദേഹത്തിന്റെ മനസ്സിനു പുറത്താണോ? അല്ല. അതും അദ്ദേഹത്തിന്റെ മനസ്സിൽ തന്നെയാണ്. 'ഉതാമൃതത്വസ്യേശാനോ'. ഉതാ എന്നാൽ നരകം. ഏറ്റവുമധികം ഹീനരായ ആളുകൾ പോലും തനിച്ചല്ല. അവരോടൊപ്പം പരമപുരുഷനുണ്ട്. ആവശ്യം വരുമ്പോൾ അദ്ദേഹം അവരെ സഹായിക്കും. അതിനാൽ എത്രമാത്രം ഹീനരാണ് തങ്ങളെന്നോർത്ത് ആരും നിരാശരാവേണ്ടതില്ല.

സൂക്ഷ്മത്വത്തിലേക്കുള്ള ചലനത്തിൽ ഏഴു ഘട്ടങ്ങൾ അഥവാ ലോകങ്ങൾ ഉണ്ട്. ഭൂ, ഭുവ, സ്വഃ, മഹഃ, ജനഃ, തപഃ, സത്യ. അതുപോലെ സ്ഥൂലത്വത്തിലേക്കുള്ള ചലനത്തിലും ഏഴു മണ്ഡലങ്ങൾ ഉണ്ട്. തലം, അതലം, തലാതലം, പാതാളം, അതിപാതാളം, മഹീതലം, രസാതലം. രസാതലമാണ് ഏറ്റവും സ്ഥൂലമായ മണ്ഡലം. വളരെ നിബിഡമാണ്. പരുക്കനായ വസ്തുവാണ്. മരം, കല്ല്, കട്ട തുടങ്ങിയവ. ഈ അവസ്ഥയിലേക്ക് അധഃപതിച്ച ഒരു വ്യക്തിയെ സംബന്ധിച്ചേടത്തോളം അടുത്തൊന്നും സൂക്ഷ്മതലത്തിലേക്കെത്തുക എന്നത് അസാധ്യമാണ്. എന്നാൽ രസാതലത്തിൽ

ഒരാൾ തനിച്ചല്ല. അവിടെ പരമപുരുഷനും ഉണ്ടാവും. അതിനാൽ ആരും നിരാശപ്പെടേണ്ടതില്ല.

"ഉതാമൃതത്വസ്യേശാനോ". ആരാണോ വളരെയധികം മുന്നേറിയത്, മനുഷ്യപുരോഗതിയുടെ മൂർദ്ധന്യാവസ്ഥയിൽ കയറി നിൽക്കുന്നത്, അവൻ ഒരിക്കലും തനിച്ചല്ല. പരമപുരുഷൻ എപ്പോഴും അവരോടൊപ്പമാണ്. പരമപുരുഷൻ ചിലരെയൊക്കെ അവഗണിക്കണമെന്നു വിചാരിച്ചാൽ പോലും അദ്ദേഹത്തിനതു കഴിയില്ല. കാരണം എല്ലാം അദ്ദേഹത്തിന്റെ മനസ്സിനുള്ളിൽ തന്നെയാണ്. അദ്ദേഹത്തിന അവരെ ഇഷ്ടപ്പെട്ടാലും ഇല്ലെങ്കിലും എല്ലാവരോടൊപ്പവും നിൽക്കാനദ്ദേഹം ബാധ്യസ്ഥനാണ്. നാം ഒരു വ്യക്തിയോട് ഇങ്ങനെ പറയും. നിങ്ങൾ ഉടനെ സ്ഥലം വിടുക. എന്നാൽ പരമപുരുഷനത് സാധ്യമല്ല. കാരണം ഒന്നും അദ്ദേഹത്തിന്റെ മനസ്സിനു പുറത്തല്ല. എല്ലാം അദ്ദേഹത്തിനുള്ളിൽ തന്നെയാണ്. അദ്ദേഹത്തിനൊരിക്കലും "സ്ഥലം വിടൂ" എന്നാജ്ഞാപിക്കാൻ സാധിക്കുകയില്ല. അദ്ദേഹം ഒരു പാപിയോട് പുറത്തുപോകൂ എന്നു പറഞ്ഞാൽ ആ പാപി ഇങ്ങനെ പറയും. ശരി. ഞാൻ പോയേക്കാം. എവിടേക്കാണ് പോവുക? ഒന്നും അദ്ദേഹത്തിന്റെ മനസ്സിനു പുറത്തല്ലാത്തതിനാൽ പരമപുരുഷന ഒരുത്തരം പറയാൻ സാധ്യമല്ല. ഒരാൾക്ക് എളുപ്പത്തിൽ പരമപുരുഷനെ ഇപ്രകാരം പറഞ്ഞുകൊണ്ട് വെല്ലുവിളിക്കാം. നിങ്ങളെന്നെ ദൂരെക്ക് ഓടിക്കുന്നു, എന്നാൽ ഞാൻ എവിടേക്കു

പോകും? ഒന്നും അങ്ങയിൽ നിന്നും പുറത്തല്ല. അല്ലയോ പരമപുരുഷാ, അങ്ങേക്കരികിൽ മറ്റൊരു പരമപുരുഷനുണ്ടെങ്കിൽ അങ്ങ് അവസാനത്തെ സത്തയാവില്ല. അനന്തവുമാവില്ല. അങ്ങ് രണ്ടിൽ ഒരു സത്തയായിരിക്കും. ചിലർ തെറ്റായ രീതിയിൽ ഈ രണ്ടാമത്തെ സത്ത, സാത്താനാണെന്ന് വിചാരിക്കുന്നു. എന്നാൽ അങ്ങനെയൊരു സത്തയില്ല. അങ്ങനെ പരമപുരുഷനും സാത്താനും നില നിൽക്കുന്നുണ്ടെങ്കിൽ നാം രണ്ടു പരമപുരുഷന്മാരെ വകവെച്ചു കൊടുക്കേണ്ടി വരും. സാത്താൻ രണ്ടാം ദൈവമായി മാറും. എന്നാലങ്ങനെ വരില്ല. കാരണം സാത്താൻ എന്നൊന്നില്ല. അവിദ്യാശക്തി (അജ്ഞത) കാരണം ഒരു വ്യക്തിക്ക് ഒരു തെറ്റായ കാര്യം ചെയ്യാനുള്ള പ്രവണതയുണ്ടാവുന്നു. ഇതിനെയാണ് സാത്താൻ എന്നു പറയുന്നത്. അതല്ലാതെ മറ്റൊരു സാത്താൻ ഇല്ല തന്നെ.

“ഉതാമൃതത്വസ്യേശാനോ”. പരമപുരുഷന് നരകത്തിൽ ജീവിക്കുന്നവരോടൊപ്പവും നിൽക്കേണ്ടി വരുന്നു. അതുപോലെ തന്നെ പരമമായ ആനന്ദത്തിലെത്തി നിൽക്കുന്നവരോടൊപ്പവും പരമപുരുഷൻ ഉണ്ടായേ പറ്റൂ. വളരെയധികം പുരോഗമിച്ചതുകൊണ്ട് പരമപുരുഷൻ അധികം തങ്ങളോടൊപ്പം നിൽക്കേണ്ടതില്ല എന്നു വിചാരിക്കുന്നതും തെറ്റാണ്. പാപം ചെയ്തവരായാലും പുണ്യം ചെയ്തവരായാലും അദ്ദേഹം എല്ലാവരോടൊപ്പവും സ്ഥിതി ചെയ്യുന്നു. പുണ്യം ചെയ്തവരെ അദ്ദേഹം സ്നേഹിക്കും പാപം

ചെയ്തവരെ ശാസിക്കുകയും തിരുത്തുകയും ചെയ്യും. രണ്ടു സംഗതികളിലായാലും പരമപുപുഷൻ അവരോടൊപ്പം നിൽക്കാൻ കടപ്പെട്ടിരിക്കുന്നു.

''ഉതാമൃതത്വസ്യേശാനോ യദന്യേനാതിരോഹതി''

പരമപുരുഷനെ മേൽനോട്ടം വഹിക്കാനും ഭരിക്കാനും മറ്റൊരു സത്തയുമില്ല. കാരണം അദ്ദേഹത്തിനു പുറത്ത് ഒന്നും നിലനിൽക്കുന്നില്ല. അതുകൊണ്ടാണ് മനുഷ്യരാശിക്ക് ഉത്തമനായ സത്തയായി അദ്ദേഹം മാറുന്നത്. ആ പദവി അലങ്കരിക്കാൻ മറ്റാരുമില്ല.

''യദന്യേനാതിരോഹതി''. ഒരാൾ രണ്ടാമതൊരു സത്തയെ ആരാധനാ മൂർത്തിയായി സ്വീകരിച്ചാൽ എന്താണ് സംഭവിക്കുക? നിങ്ങളെ അനുഗ്രഹിച്ചിട്ട് രണ്ടാമത്തെ സത്തക്ക് ഇങ്ങനെ പറയേണ്ടി വരും. നോക്കൂ ഞാൻ നിങ്ങളുദ്ദേശിച്ച ഞാനല്ല. എന്നെക്കാൾ ഉയർന്നവനായി മറ്റൊരാളുണ്ട്. ഈ രീതിയിൽ ഒരാൾക്ക് ആയിരക്കണക്കിന് ദൈവങ്ങളെ ഒന്നിന് പുറകെ ഒന്നായി ആരാധിക്കേണ്ടി വരും. ഈ ജീവിതത്തിൽ ഇതിനുമാത്രം സമയം ഒരാൾക്ക് ലഭിക്കുമോ? ബംഗാളിയിൽ ഒരു ചൊല്ലുണ്ട്. കൊല്ലാൻ വിചാരിച്ചാൽ ഞാൻ ഒരു കണ്ടാമൃഗത്തെ കൊല്ലും. കൊള്ളയടിക്കാൻ വിചാരിച്ചാൽ ഞാൻ ഒരു ട്രഷറി കൊള്ളയടിക്കും. (അതായത് ഏറ്റവും വലുത് ചെയ്യാനുള്ള ശ്രമം). അതുപോലെ തന്നെ ഒരാൾ ഏതെങ്കിലും ഒരു സത്തയെ ആരാധിക്കാനാഗ്രഹിക്കുന്നുവെങ്കിൽ അത്

ഇപ്രകാരമുള്ള സത്തയായിരിക്കണം. മറ്റൊന്നാവരുത്. തദേകം ജപാമഃ. ഞാനേതെങ്കിലും ഒന്നിനെ ധ്യാനിക്കുവാനുദ്ദേശിക്കുന്നുവെങ്കിൽ ആ ഒരു സത്തയെ മാത്രം ആരാധിക്കാൻ അനുവദിക്കുക. തദേകം ജപാമഃ പ്രാർത്ഥനയിൽ ഞാൻ ഏതെങ്കിലും പേര് ഉച്ചരിക്കാൻ ഉദ്ദേശിക്കുന്നുവെങ്കിൽ അത് ആ ഒരേയൊരു സത്തയെയായിരിക്കണം. ഞാൻ ആരുടെയെങ്കിലും മുൻപിൽ സാഷ്ടാംഗപ്രണാമം നടത്താനാഗ്രഹിക്കുന്നുവെങ്കിൽ ആ ഒരേയൊരു സത്തക്കു മുൻപിലായിരിക്കണം.

‘‘തദേകം ജഗത്സാക്ഷീരൂപം നമാമഃ’’. ഞാൻ ആ ഏകസത്തയെ വണങ്ങുന്നു. ‘‘തദേകം നിധാനം ശരണം വ്രജാമഃ’’ ഞാൻ ആരെയെങ്കിലും എന്റെ ജീവിതത്തിന്റെ പരമമായ അഭയകേന്ദ്രമായി സ്വീകരിക്കുന്നുവെങ്കിൽ, അത് അത്യന്താപേക്ഷിതമാകുന്നുവെങ്കിൽ അതേ സത്തയെ തന്നെയാണ് സ്വീകരിക്കുക. മറ്റൊന്നുമല്ല. വാസസ്ഥലമോ ആസ്ഥാനമോ ആവശ്യമില്ലാത്ത ഒരേയൊരു സത്തയാണത്. അദ്ദേഹം ആരേയും ആശ്രയിക്കുന്നില്ല. അദ്ദേഹം നിരാലംബനാണ്. ആരുടേയും പിന്തുണ അദ്ദേഹത്തിനാവശ്യമില്ല. അതുകൊണ്ടാണദ്ദേഹം പരമസത്തയായത്. ഏറ്റവും ഉയർന്ന സത്തയായത്. നമുക്കദ്ദേഹത്തിലേക്ക് മുന്നേറാം.

തദേകം നിധാനം നിരാലമ്മമീശമ് വ്രജാമഃ. എപ്പോഴാണോ മനുഷ്യൻ മോചനത്തിനു വേണ്ടി പരിശ്രമിക്കുന്നത് അപ്പോൾ അവരുടെ ചലനത്തിന്

വിലക്കുകളാൽ ബന്ധിപ്പിക്കുന്ന പ്രതിബന്ധങ്ങളാണുള്ളത്. ഇത്തരം പ്രതികരണങ്ങൾ അവരുടെ ആഗ്രഹത്തിന്റെ പുറകെ പോകുകയും അപ്പോൾ അവർ അവരുടെ കഴിഞ്ഞകാല ദുഷ്പ്രവർത്തനങ്ങളുടെ തിരിച്ചടികൾ അനുഭവിക്കേണ്ടി വരികയും ചെയ്യുന്നു. അവർക്ക് തിരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യമില്ല. കഴിഞ്ഞകാല പ്രവർത്തനങ്ങളുടെ സ്വാധീനത്തിൽ നിന്നും സ്വതന്ത്രനാവാൻ ഇതുമാത്രമേ ശരിയായ മാർഗ്ഗമുള്ളൂ. അപ്രകാരം അവർ വെറും ഉപകരണങ്ങൾ മാത്രമാവുന്നു. അവർക്ക് സ്വതന്ത്രമായി നിൽക്കാൻ കഴിയാതെ വരുന്നു. അവർക്ക് പകൃത്യാത്മകമായ കർമ്മങ്ങൾ ചെയ്യാൻ സാധിക്കുകയില്ല. എന്നാൽ സംസ്കാരാത്മക കർമ്മങ്ങൾ അനുഷ്ഠിക്കാനേ കഴിയൂ. ഈ പ്രതികരണ നിമിഷങ്ങളെ (സംസ കൃതത്തിൽ ഭാവ) ചിലപ്പോൾ ഒരു സമുദ്രത്തോട് താരതമ്യപ്പെടുത്താം. ഈ വിശാലമായ സമുദ്രം താണ്ടാനുള്ള ഒരേയൊരു വഴി ആത്മീയ പാതയിലുള്ള ഉയർച്ച പ്രതികരണ സ്വഭാവമുള്ള മനസ്സിനെ ശുദ്ധീകരിക്കുക എന്നതാണ്. പല ജന്മങ്ങളിലായി കൂട്ടിവെച്ച ധാരാളം പാപങ്ങൾ ഓരോരുത്തർക്കും ഉണ്ടാവും. അതെല്ലാം ഒരു ജീവിതഘട്ടത്തിൽ ഒഴിവാക്കപ്പെടുകയില്ല. അപ്പോൾ ആളുകൾ എന്തു ചെയ്യും? എല്ലാ പാപങ്ങളിൽ നിന്നും മുക്തി നേടാൻ എത്ര ജന്മങ്ങൾ കൂടി എടുക്കേണ്ടതായി വരും? ഒരു ജന്മത്തിൽ തന്നെ ജനങ്ങൾ നിരവധി പാപങ്ങൾ ചെയ്യുന്നു. അപ്പോൾ

പിന്നെ പത്തോ ഇരുപതോ ജന്മങ്ങളിൽ എത്രമാത്രം പാപങ്ങൾ ചെയ്തിരിക്കും? കഴിഞ്ഞ ജന്മങ്ങളിൽ ചെയ്ത ദുഷ്പ്രവർത്തനങ്ങൾ കൊണ്ടുണ്ടാവുന്ന പ്രയാസങ്ങൾ സഹിക്കാൻ മനുഷ്യർക്കാവുമോ? മനുഷ്യർ എത്ര ചെറുതും നിസ്സഹായരുമാണ്. എല്ലാ വിധ അറിവും ബുദ്ധിശക്തിയും കരസ്ഥമാക്കി എന്നവകാശപ്പെട്ടിട്ടും അവർ നിസ്സാരന്മാരാണ്. ധാരാളം പഠിച്ചു എന്നവകാശപ്പെടുന്നവർ യഥാർത്ഥത്തിൽ വളരെക്കുറച്ചു മാത്രമേ അറിഞ്ഞിട്ടുള്ളൂ. അതിൽ തന്നെ കുറച്ചു മാത്രമേ ഓർക്കുന്നുള്ളൂ. അവർ അറിവില്ലായ്മയാൽ ചെയ്യുന്ന പ്രവർത്തനങ്ങളിൽ സ്വയം ശപിക്കുന്നു. എന്നിട്ടും അവരെന്തു കൊണ്ടാണ് ആദ്യം തന്നെ തെറ്റുകൾ ചെയ്യുന്നത്? മനുഷ്യർ എത്രമാത്രം പണ്ഡിതരാണെന്നത് പ്രശ്നമല്ല. അവർ എപ്പോഴും ധർമ്മ സങ്കടത്തെ അഭിമുഖീകരിക്കുന്നു. എല്ലാ മാസത്തിലും വർഷത്തിലും മാത്രമല്ല, എല്ലാ ദിവസത്തിലും. ഭൗതികവും മാനസികവുമായ ശക്തിയിൽ, മനുഷ്യർക്ക് എല്ലാവിധത്തിലുമുള്ള അപര്യാപ്തത അനുഭവപ്പെടുന്നു.

ജന്മജന്മാന്തരങ്ങളിൽ ജലം വർദ്ധിച്ചു വരുന്ന ഈ ഭാവസാഗരത്തെ, ഈ വിശാലമായ പ്രത്യാഘാതങ്ങളുടെ സമുദ്രത്തെ ഒരു വ്യക്തി എപ്രകാരമാണ് തരണം ചെയ്യുക? എല്ലാ സംസ കാരങ്ങളുടേയും അനന്തര ഫലങ്ങൾ ശേഖരിച്ചുവെക്കാൻ ഒരു വ്യക്തിക്ക് ഇരുപതു ജന്മങ്ങൾ വേണ്ടിവരും. എത്ര വലിയ സമയമാണിത്?

ഈ ബുദ്ധിമുട്ടുകൾ അത്യാവശ്യമാണോ? തെറ്റായ പ്രവർത്തനങ്ങൾ ചെയ്തുവെച്ച വ്യക്തി, അനാശാസ്യ പ്രവർത്തനങ്ങൾ നടത്തിയ വ്യക്തി ഒരിക്കലും ജ്വലിക്കപ്പെടുന്നില്ല. അവനോ അവളോ തെറ്റിൽ നിന്നും ശരിയെന്തെന്ന് മനസ്സിലാക്കുന്നില്ല. അയാൾ അറിയാതെ അഭിനയിക്കുന്നു. അതുകൊണ്ട് അജ്ഞതയുടെ അവസ്ഥ പരിഗണിച്ച് ഈ വ്യക്തിയെ ആ സമയത്ത് ഉൾക്കൊള്ളുക എന്നത് പരമപുരുഷന്റെ കടമയല്ലേ? തീർച്ചയായും. എന്നാൽ അജ്ഞത കാരണം ഒരാൾക്കും മാപ്പു നൽകാൻ പ്രകൃതി ഒരുക്കമല്ല. ഒരു വയസ്സായ കുട്ടി കൈകൾ അഗ്നിയിൽ വെച്ചാൽ അവന് പൊള്ളുന്നു. പ്രകൃതി ഒരിക്കലും ക്ഷമിക്കില്ല. അവളെ സംബന്ധിച്ചേടത്തോളം ഒഴിവാക്കലുകൾ ഇല്ല. ഓരോ പ്രവർത്തനത്തിനും എന്തു പ്രതിപ്രവർത്തനമാണ് വേണ്ടതെന്ന് അവൾക്കറിയാം. മനുഷ്യർ തെറ്റുകൾ ചെയ്യുന്നത് ജന്മസിദ്ധമായ പോരായ്മകളാലും അപൂർണ്ണതകളാലുമാണെന്ന കാര്യം പരമപുരുഷൻ പരിഗണിക്കുകയില്ലേ? തീർച്ചയായും, അദ്ദേഹം അത് പരിഗണിക്കും. ബുദ്ധി ശൂന്യതയാലും ശരിയായ വിലയിരുത്തൽ നടത്താത്തതു കൊണ്ടും അവർ ചെയ്യുന്ന പ്രവർത്തികൾക്ക് വേദനാജനകമായ പ്രത്യാഘാതങ്ങൾ ഉണ്ടാകുമെന്ന ബോധം അവർക്കില്ല. ജ്ഞാനികളും കർമ്മികളും ഇത് തിരിച്ചറിയുന്നില്ല. എന്നാൽ ഭക്തന്മാർ തീർച്ചയായും അത് തിരിച്ചറിയും. ‘‘അല്ലയോ പ്രഭോ എന്നെ സഹായിക്കൂ’’ എന്ന് ഭക്തന്മാർ അപേക്ഷിക്കുകയില്ല.

കാരണം പരമപുരുഷൻ ദയാലുവും യോഗ്യനുമാണെന്ന വർക്കറിയാം.

തന്റെ ഇരിപ്പിടത്തിൽ കോടതിയുടെ നീതിയും നിയമവും നോക്കി വികാരാധീനനായി ഇരിക്കുന്ന നിർവികാരനായ ഒരു ന്യായാധിപനല്ല പരമപുരുഷൻ. അദ്ദേഹം സ്നേഹവും ദയയുമുള്ള ആളാണ്. അദ്ദേഹത്തിനറിയാം ഭക്തന്മാർക്ക് തന്നോട് ആഴത്തിലുള്ള സ്നേഹമുണ്ടെന്ന്. അതുകൊണ്ടുതന്നെ അതേപടിയുള്ള സ്നേഹം ഭക്തരോടും ഉണ്ടാവും. ബന്ധവും സ്നേഹവും തമ്മിൽ തമ്മിലുള്ളതാണ്. പരസ്പരം ആശ്രയിക്കുന്നതാണ്. അത് ഒരു ഭാഗത്തേക്കു മാത്രമുള്ളതല്ല.

ഒരു മനുഷ്യന് സ്വപ്രയത്നത്താൽ സംസ കാരത്തിന്റേതായ ഈ സാഗരം നീന്തിക്കടക്കാനാവുമോ? ഇതു സംബന്ധിച്ച് കൃഷ്ണൻ ഇപ്രകാരം പറയുന്നു.

''ദൈവീ ഹ്യേഷാ ഗുണമയീ മമ മായാ ദുരത്യയാ
മാമേവ യേ പ്രപദ്യന്തേ മായാമേതാം തരന്തിതേ''

ഈ മായയെ തരണം ചെയ്യാൻ വളരെ പ്രയാസമാണ്. കാരണം അവൾ വളരെ ശക്തിയുള്ളവളാണ്. ഒരു നിസ്സാര മനുഷ്യന് ഈ മായയെ എങ്ങനെയാണ് തരണം ചെയ്യാനാവുക. ''മാമേവ യേ പ്രപദ്യന്തേ മായാമേതാം തരന്തിതേ'' . എന്നിൽ അഭയം പ്രാപിച്ചവന് മാത്രമേ മായയെ തരണം ചെയ്യാനാവൂ. വ്യക്തിപരമായ പരിശ്രമം കൊണ്ടുമാത്രം തൃപ്തി വരുകയില്ല. സംഭരിച്ചു

വെക്കപ്പെട്ട സംസ്കാരത്തിൽ നിന്നും മായയുടെ സ്വാധീനത്തിൽ നിന്നും ഒരാൾക്ക് എങ്ങനെ മോചനം നേടാം. എങ്ങനെ ഭയാനകമായ സാഗരത്തെ തരണം ചെയ്യാം? ഒരു ഭക്തൻ പറഞ്ഞു. ''ഭാവംബോധിപോതം ശരണം വ്രജാമഃ'' എനിക്ക് സമുദ്രത്തിനു വിലങ്ങനെ നീന്താൻ സാധിക്കുകയില്ല, കാരണം സ്രാവുകൾ എന്നെ വിഴുങ്ങും. അത് അസാധ്യമായ കൃത്യമാണ്. അപ്പോൾപിന്നെ ഞാനെന്തു ചെയ്യും? ഞാൻ ഒരു കപ്പലിൽ കയറി സമുദ്രത്തിലൂടെ സഞ്ചരിക്കും. അല്ലയോ പരമപുരുഷാ എന്നെ മറുവശത്ത് സുരക്ഷിതമായി എത്തിക്കുന്ന ഒരു കപ്പലായി അങ്ങ് മാറിയാലും. ഭാവാം ബോധിപോതം, അംബുധി എന്നാൽ സമുദ്രം. അതായത് ഭാവസമുദ്രം. പോതം എന്നാൽ കപ്പൽ. ശരണം പ്രജാമ എന്നത് സൂചിപ്പിക്കുന്നത് ഞാൻ ആ കപ്പലിൽ അഭയം തേടും, എനിക്ക് വേറെ മാർഗ്ഗങ്ങളൊന്നുമില്ല. അപ്രകാരം ബുദ്ധിയുള്ളവർ അതായത് ഭക്തന്മാർ പരമപുരുഷൻ മാത്രമാണ് അഭയസ്ഥാനം അഥവാ രക്ഷാധികാരിയെന്ന് മനസ്സിലാക്കും. മറ്റൊരു വഴിയും ഇല്ല. ഇതരമാർഗ്ഗമൊന്നും തന്നെയില്ല.

പരമപുരുഷനാണ് തങ്ങൾക്ക് ആശ്രയിക്കാവുന്ന അഭയസ്ഥാനം എന്ന് തിരിച്ചറിഞ്ഞവർക്ക് ഒരിക്കലും തങ്ങൾ നിസ്സഹായരാണെന്ന ചിന്ത ഉണ്ടാവില്ല. അദ്ദേഹമാണ് ഒരേയൊരു മാർഗ്ഗദർശി. ഒരു കടങ്കഥയുണ്ട്. ഒരു പശുവും കുതിരയും തമ്മിൽ ശക്തമായ യുദ്ധം നടന്നാൽ ആരാണ് ജയിക്കുക? പശു ആലയിലാണെങ്കിൽ അതാണ് ജയിക്കുക.

കുതിര തന്റെ ലായത്തിലാണെങ്കിൽ അതാണ് ജയിക്കുക എന്നതാണ് ശരിയായ ഉത്തരം. തന്റെ രക്ഷാധികാരിയുടെ പിന്തുണ ലഭിക്കുന്നവനാണ് ശരിയായ വിജയി എന്നാണ് ഇവിടെ പരിഗണിക്കുന്നത്. മനുഷ്യർക്കും ഇത് ബാധകമാണ്. ഒരു ഭക്തനെ സംബന്ധിച്ചേടത്തോളം തന്റെ ദിവ്യനായ രക്ഷാധികാരി പരമപുരുഷനാണ്. തന്റെ ഭക്തിയുടെ പാതയിൽ മുള്ളുകൾ വാരി വിതറുന്ന ഭക്തിയില്ലാത്ത ഒരാളുമായുള്ള പോരാട്ടത്തിനൊടുവിൽ ഭക്തൻ തന്നെ വിജയിക്കും.

‘‘പ്രത്യങ്ജനാംസ്തിഷ്ഠതി
സഞ്ചുകോപാന്തകാലേ’’.

പരമപുരുഷൻ എല്ലാ സത്തകളോടൊപ്പവും സ്ഥിതി ചെയ്യുന്നു. അദ്ദേഹം എല്ലാവരുടേയും അഭയസ്ഥാനവും രക്ഷാകേന്ദ്രവുമാണ്. അതിനാൽ മനുഷ്യർ തനിച്ചും കൂട്ടായും നിസ്സഹായരല്ല. അദ്ദേഹം ഓരോ വ്യക്തിയുടേയും കൂടെയുണ്ടെന്ന് എപ്പോഴും ഓർക്കുക. വേദവാക്യങ്ങൾ എടുത്തു പറയുന്ന ചില തത്വചിന്തകന്മാർ പറയും. അന്ത്യവിധിയുടെ ഒരു ദിവസം വരുമെന്നും അന്ന് ഭൂമിയിൽ ഇരുട്ടാകുമെന്നും മരിച്ചവർ ശ്മശാനത്തിൽ നിന്നും ഉയിർത്തെഴുന്നേൽക്കുമെന്നും. മറ്റു ചിലർ പ്രവചിക്കും അന്ത്യദിനത്തിൽ (സംസ്കൃതത്തിൽ പ്രളയം. പ്ര എന്നാൽ സമ്പൂർണ്ണം. അപ്പോൾ പ്രളയം എന്നാൽ സമ്പൂർണ്ണ നാശം) എല്ലാ ജീവജാലങ്ങളും തുടച്ചു നീക്കപ്പെടും. ഈ യുക്തിസഹമല്ലാത്ത ശാസ്ത്രവിധികൾ കേൾക്കുമ്പോൾ ഒരാൾ

ചിരിച്ചുപോകും. ആനന്ദമാർഗ്ഗതത്വശാസ്ത്രമനുസരിച്ച് ഈ അന്ത്യവിധിയോ പ്രളയമോ ഒരിക്കലും സംഭവിക്കില്ല. ഒരു ഭാഗത്ത് സൃഷ്ടിയുടെ ഒഴുക്ക് തുടർന്നു കൊണ്ടിരിക്കും. മറുഭാഗത്ത് ജഡസ്ഫോടനം (ക്രമേണയോ പെട്ടെന്നോ സംഭവിക്കുന്ന ശിഥിലീകരണം) ഉണ്ടാകും. സമ്പൂർണ്ണമായും ഭൂമിക്ക് താപസംബന്ധമായ ഒരു മരണം സംഭവിക്കില്ല. അങ്ങനെ ആസന്നമായ അന്ത്യദിനത്തെ പറ്റിയുള്ള പ്രവചനങ്ങൾ നിങ്ങൾ പരിഗണിക്കേണ്ടതില്ല. അത് വിഡ്ഢിത്തമാണ്. പ്രളയം ഒരിക്കലും സംഭവിക്കില്ല. എന്നാൽ സംഭവിക്കുമെന്നു തന്നെ കരുതുക. അപ്പോഴും പരമപുരുഷൻ നിങ്ങളോടൊപ്പമുണ്ട്. പ്രളയം സംഭവിക്കുമെന്ന് തന്നെ കരുതിയാൽ അദ്ദേഹം നമ്മോടൊപ്പമുണ്ടാവും. അതുകൊണ്ട് ഭയപ്പെടേണ്ടതില്ല. സംചുകോപാന്തകാലെ. അദ്ദേഹം അന്ത്യദിനം വരെ നമ്മോടൊപ്പമുണ്ടാവും.

''സംസൃജ്യ വിശ്വഭുവനാനി ഗോപാഃ''

എല്ലാവരുടേയും മോക്ഷം കൈവരുത്തുക എന്ന അദ്ദേഹത്തിന്റെ പദ്ധതി ഒരു രഹസ്യമായി നില നിൽക്കും. എന്നിരുന്നാലും അദ്ദേഹം ഒരിക്കലും പരസ്യമായി പ്രകടമാവുകയില്ല. എന്നാൽ അദ്ദേഹമാരാണെന്ന് ഒരാൾക്ക് എളുപ്പത്തിൽ മനസ്സിലാക്കാം. അദ്ദേഹം തുടർച്ചയായി ഈ പ്രപഞ്ചം ഇന്ദ്രിയ ഗോചരമാക്കുന്ന പ്രവൃത്തിയിൽ മുഴുകിയിരിക്കുകയാണ്. അതുപോലെ എല്ലാവരേയും വെളിച്ചത്തിന്റെ പാതയിലേക്ക് നയിച്ചു

കൊണ്ടിരിക്കയാണ്. എല്ലാ വിധത്തിലും പല തത്വവിചാരത്തിലൂടെയും സിദ്ധാന്തങ്ങളിലൂടെയും, ധാർമ്മികതയിലൂടെയും മനുഷ്യരെ പുരോഗതിയുടെ പാതയിലേക്ക് നയിക്കുകയും ഉറപ്പിച്ചു നിർത്തുകയും ചെയ്യുന്നു. എന്നാൽ അദ്ദേഹം ശാശ്വതമായി മനുഷ്യത്വത്തിൽ നിന്നും തലയൂരുന്നു എന്നതാണ് ഏറ്റവും വലിയ തമാശ

ഭൂവാനാ നീഗോപ. പരമപുരുഷൻ പ്രപഞ്ചത്തിന്റെ ഓരോ മൂലയിലും സ്ഥിതി ചെയ്യുന്നുവെങ്കിലും അദ്ദേഹത്തിന് പൂർണ്ണമായി അത് കണ്ടുപിടിക്കാനായിട്ടില്ല. ഭുവാനാനീഗോപ. അദ്ദേഹം ഭൂരിഭാഗവും സ്വയം ഗോപ്യമായി വെച്ചിരിക്കുകയാണ്. സമ്പൂർണ്ണമായും അദ്ദേഹം പ്രകടമായാൽ അദ്ദേഹത്തിന് തന്റെ പ്രവർത്തനങ്ങൾ കൊണ്ടുപോകാൻ പ്രയാസങ്ങൾ നേരിടും. അങ്ങനെ മനുഷ്യരുടെ പൊതുവായുള്ള താൽപര്യങ്ങൾക്ക് വിഷമം നേരിടും. മനുഷ്യസമൂഹത്തിന്റെ താൽപര്യമനുസരിച്ച് അദ്ദേഹം സ്വയം ഒരു രഹസ്യമായിത്തന്നെ നിലനിൽക്കണം.

25 ഡിസംബർ 1978 കൽക്കത്ത

ഉള്ളടക്കം

അധ്യായം 5

# ഒരു ഭക്തൻ എങ്ങനെ പെരുമാറണം?

## How Should a Devotee Behave?

‘‘തൃണാദപി സുനീചേന തരോരിവ സഹിഷ്ണുനാ
അമാനിനം മാനദേയം കീർത്തനീയ .സദാ ഹരിഃ’’

ഒരു ഭക്തന്റെ ആദ്യചുമതല ഇപ്രകാരമാണെന്ന് പറയുന്നു. ‘‘തൃണാദപി സുനീചേന’’. തൃണം എന്നാൽ പുല്ല്. പുല്ല് ഭൂമിയിലെ മനോഹര വസ്തുക്കളിൽ ഒന്നാണെങ്കിലും അത് സ്ഥിതി ചെയ്യുന്നത് ഏറ്റവും താഴെയാണ്. അതില്ലെങ്കിൽ ദശലക്ഷക്കണക്കിന് മൃഗങ്ങൾക്ക് ജീവൻ നിലനിർത്താൻ കഴിയുകയില്ല. അഹങ്കാരമില്ലായ്മക്ക് പ്രത്യക്ഷോദാഹരണമായി എന്തെങ്കിലും ഉദാഹരണമെടുത്താൽ അത് ഈ പുല്ലാണ്. മനുഷ്യൻ എപ്പോഴും ഞാനെന്ന ഭാവത്തിൽ നിന്നും മോചിതരാവണം. ഉന്നതനാണെന്ന ചിന്തയിൽ നിന്നും മാറി നിൽക്കണം. ഭയം, പരാജയം, ഉന്നതചിന്ത, അപകർഷതാബോധം തുടങ്ങിയവയെല്ലാം ഒരുതരം മനോരോഗമാണ്. ചില പ്രത്യേക സാഹചര്യത്തിൽ നിന്നുമാണ് ഇത് രൂപപ്പെടുന്നത്. പിന്നീടത്

പൂർണ്ണമായും ശക്തി പ്രാപിക്കുന്നു. അവയെല്ലാം മനുഷ്യ പുരോഗതിക്ക് ഹാനികരമാണ്. എല്ലാ വിധക്ഷേമവും ആഗ്രഹിക്കുന്ന ഒരാൾ ഒരു കാരണവശാലും ഇത്തരം ചിന്തകൾ മനസ്സിൽ മുളക്കാനനുവദിക്കരുത്.

എല്ലാവരും പരമപുരുഷന്റെ സന്തതികളാണ്. എന്നിരുന്നാലും ചില ആളുകൾ വിചാരിക്കും അവർക്ക് കുറഞ്ഞ ബുദ്ധിശക്തിയേ നൽകിയിട്ടുള്ളൂ, അറിവ് കുറവാണ്, സാമ്പത്തികമായ കുറവുണ്ട്, ശാരീരികശക്തി കുറവാണ് എന്നൊക്കെ. അവർ എല്ലാവരേക്കാളും മോശക്കാരാണെന്ന്. ഇത്തരം അപകർഷതാബോധം അവരുടെ മനസ്സിനെ സങ്കോചിപ്പിക്കുന്നു. പുരോഗതി അതു വഴി തടയപ്പെടുന്നു. ഇതിനെ എല്ലാവരും തരണം ചെയ്യണം.

അപകർഷതാ ബോധത്തേക്കാൾ ഉപദ്രവകാരിയാണ് ഭയം എന്ന വികാരം. ഭയം കൊണ്ട് ജനങ്ങൾ വളരെ പ്രയാസപ്പെടുന്നു. കാരണം കൂടാതെ അത് വിഷമിപ്പിക്കുന്നു. അവർ അതിനെ എതിരിടുമ്പോൾ കൂടുതൽ ശക്തമായി തിരിച്ചു വരുന്നു. ഉദാഹരണമായി ഒരു പ്രേതം അടുത്തു തന്നെ ഉണ്ടെന്നു വിചാരിച്ച് ഒരാൾ ഭയന്നു വിറക്കുന്നു. അയാളുടെ മനസ്സ് സങ്കോചിക്കുകയും ശരീരം മരവിക്കുകയും ചെയ്യുന്നു. അയാൾ ഏതാനും അടി കൂടി മുന്നോട്ടു വെച്ചിരുന്നെങ്കിൽ പ്രേതം സ്ഥിതി ചെയ്യുന്നില്ല എന്ന സത്യം കണ്ടെത്തുമായിരുന്നു. പല ഭയങ്ങളും അടിസ്ഥാന

രഹിതമായ കാരണങ്ങളാലാണ്. ഒരാൾ ധൈര്യത്തോടുകൂടി മുൻപോട്ടു സഞ്ചരിച്ചാൽ ഭയപ്പെട്ടതിന യാതൊരടിസ്ഥാന വുമില്ലെന്ന് കണ്ടെത്താനാവും.

എനിക്ക് ഒരനുഭവമുണ്ട്. ഒരാളുടെ പൂന്തോട്ടം വളരെ വലുതാണ്. ഒരു രാത്രി അയാളുടെ ഭാര്യക്ക് തോട്ടത്തിന്റെ മൂലയിൽ ഒരു പ്രേതം കണ്ടതായി തോന്നി. ബീഹാറിൽ സ്ത്രീപ്രേതത്തെ ഹിന്ദിയിൽ ചുടൽ എന്നു പറയുന്നു. ഭാവനയിൽ പ്രേതത്തെ കണ്ടതും അവൾ ഭയന്നു നിലവിളിച്ചതും ഒരുമിച്ചായിരുന്നു. അവൾ മോഹാലസ്യപ്പെട്ടു. അവൾക്കൊരിക്കലും ബോധം തിരിച്ചു കിട്ടിയില്ല. കുറച്ചു സമയത്തിനു ശേഷം അവൾ മരണമടഞ്ഞു. അടുത്ത രാത്രിയിൽ ഭർത്താവ് അദ്ദേഹത്തിന്റെ വീട്ടിൽ നിന്നും പുറത്തു വന്നു. അയാളും വിചാരിച്ചു പ്രേതത്തെ കണ്ടെന്ന്. എന്തുകൊണ്ടാണ് ആളുകൾ ഒരേസമയം ഒന്നിനു പുറകെ ഒന്നായി മരിക്കുന്നത്? അയാൾ വിചാരിച്ചു. ഒരു വടിയെടുത്ത് ആ പ്രേതത്തെ അടിക്കാൻ മുന്നോട്ടാഞ്ഞപ്പോൾ ആ ഭാവനാപ്രേതം ഒരു പൊന്തയായിരുന്നു എന്ന് മനസ്സിലായി. നിലാവിൽ അത് ഒരു മനുഷ്യരൂപമായി തോന്നിയതാണ്. അയാളുടെ ഭാര്യ വെറും ഒരു പൊന്ത കണ്ട് പ്രേതമാണെന്ന് തെറ്റിദ്ധരിച്ചാണ് മരിച്ചതെന്ന് മനസ്സിലായി. മിക്കവാറും എല്ലാ പ്രേതങ്ങളും ഇതുപോലെ തന്നെയാണ്. മഴക്കാലത്തിന്റെ അവസാനം ചീഞ്ഞളിഞ്ഞ സസ്യങ്ങളിൽ നിന്നും ഒരു തരം വാതകം ഉണ്ടാവുന്നു.

ഇതാണ് മീതൈൻ വാതകം അഥവാ ജ്വാലാഭാസം. അത് ഓകസിജനുമായി ബന്ധപ്പെടുമ്പോൾ തീജ്വാലയായി മാറുന്നു. ഈ തീജ്വാല കാണുമ്പോൾ അതൊരു പ്രേതമായി തോന്നുന്നു. (തീപ്പിശാച്). ഇപ്രകാരമാണ് മനസ്സിൽ ഭയമെന്ന വികാരം വളർന്നു വരുന്നത്.

പരാജയപ്പെടുമെന്ന ചിന്തയും ഇതുപോലെ മനസ്സിനെ വല്ലാതെ പ്രയാസപ്പെടുത്തുന്നു. എങ്ങനെയാണ് എനിക്ക് ആ ജോലി പൂർത്തീകരിക്കാനാവുക? കഠിനമായ അസമത്വത്തിനെതിരെ എനിക്കെങ്ങനെ പോരാടാനാവും? എനിക്കെങ്ങനെ എന്റെ ജോലി കൃത്യമായി ചെയ്യാനാവും? ജനങ്ങൾ പ്രവർത്തിക്കുന്നതിനു മുൻപു തന്നെ ഇങ്ങനെ ചിന്തിക്കാൻ തുടങ്ങുന്നു. അത്തരക്കാർക്ക് ജോലി ശരിയായ രീതിയിൽ ചെയ്യാനാവില്ല. പരാജിതനെന്ന ചിന്ത അവരുടെ മനസ്സിനെ തളർത്തുന്നു. അവർ നിർഭയനായിരുന്നാൽ അവർക്ക് വിജയിക്കാൻ കഴിയും.

ഒരാൾ തന്റെ മനസ്സിൽ നിന്നും എല്ലാ തരത്തിലുമുള്ള സങ്കീർണ്ണ ചിന്തകളും വേരോടെ പിഴുതെറിയണം. അത്തരം ചിന്തകൾ ഭൗതിക, മാനസിക, ആത്മീയ മണ്ഡലങ്ങളിൽ ഉണ്ടാവരുത്. അതെല്ലാം നിന്ദ്യമാണ്.

ആത്മീയമേഖലയിൽ ഉയർന്നുവരുന്ന അപകടകരമായ വിചാരങ്ങളാണ് ഉപരിഭാവ ചിന്ത (Superiority Complex). ഒരാൾ അറിവിലും

ബുദ്ധിശക്തിയിലും നൈപുണ്യത്തിലും മറ്റും താനാണ് ഉന്നതൻ എന്ന് വിചാരിക്കുമ്പോഴാണ് ഇത് സംഭവിക്കുന്നത്. ആത്യന്തികമായി അത് നാശത്തിലേക്കാണ് നയിക്കുക. ആത്മീയ പാതയിൽ വളരെ പ്രധാനപ്പെട്ട കാര്യം മനസ്സിനെ എല്ലാ വസ്തുക്കളിൽ നിന്നും പിൻവലിച്ച്, അതിനെ ഒരു പ്രത്യേക ബിന്ദുവിൽ മാത്രം കേന്ദ്രീകരിച്ച്, അത് സമ്പൂർണ്ണമായും പരമപുരുഷനിൽ സമർപ്പിക്കുക എന്നതാണ്. എന്നാൽ താൻ വലിയവനാണെന്ന ചിന്തയും, അമിതമായ പൊങ്ങച്ചം പറയുന്ന ഞാനെന്ന ഭാവവും കാരണം മറ്റു വസ്തുക്കളിൽ നിന്നും മനസ്സിനെ പിൻവലിപ്പിക്കാൻ പ്രയാസമാണ്. അത്തരം ഇച്ഛാ ഭംഗത്താൽ മനസ്സ് ഏകാഗ്രമായ ബിന്ദുവിൽ നിന്നും വഴുതിപ്പോകുന്നു. അവർക്കൊരിക്കലും മനസ്സിനെ സമ്പൂർണ്ണമായി പരമപുരുഷനിൽ സമർപ്പിക്കാൻ സാധ്യമല്ല. ഞാനെന്ന ബോധം വളരുന്നതിനനുസരിച്ച് മനസ്സിന്റെ ശക്തി കുറയുന്നു. അരി വറുത്ത് പൊരിയാക്കുന്നതിനനുസരിച്ച് അതിന്റെ ഭാരം കുറയുകയും അകത്ത് വായു നിറയുകയും ചെയ്യുന്നതു പോലെയാണിത്. ഇങ്ങനെ സംഭവിക്കുന്നത് തടയാൻ താഴെ നൽകുന്ന ഉപദേശം സഹായകമാണ്.

‘‘തൃണാദപി സുനീചേന’’. ഒരു സാഹചര്യത്തിലും താൻ വലിയവനാണെന്ന ചിന്തക്ക് നിയന്ത്രണം വരുത്താതിരിക്കരുതെന്ന് നിങ്ങൾ ഓർക്കണം. അത് വളരെ ആപൽക്കരമാണ്. അത് നിങ്ങളുടെ ഭാഗത്തു

നിന്നും സംഭവിക്കുന്ന ഏറ്റവും വലിയ വിഡ്ഢിത്തമാണ്.

‘‘തരോരിവ സഹിഷ്ണുനാ’’. പ്രകോപനങ്ങളിൽ അതിരു കടന്ന് പ്രവർത്തിക്കുന്നവർക്ക് ന്യായവിധി നടപ്പാക്കാനുള്ള ശക്തി നഷ്ടപ്പെടുന്നു. ഒരാളുടെ ആന്തരികശക്തി തീരുമാനിക്കുന്നത് അയാൾക്കുള്ള നാഡീവ്യൂഹങ്ങളെ നിയന്ത്രിക്കാനുള്ള കഴിവിനനുസരിച്ചാണ്. വളരെ എളുപ്പത്തിൽ പ്രകോപിപ്പിച്ചാൽ അയാളെ ശത്രുക്കൾക്ക് എളുപ്പത്തിൽ കീഴടക്കാൻ കഴിയും. അയാൾക്കൊരിക്കലും നല്ല കാര്യങ്ങൾ ചെയ്യാൻ സാധിക്കുകയില്ല. കാരണം അയാളുടെ ആത്മവിശ്വാസം താറുമാറായിരിക്കുന്നു. ഒരാളെപ്പോഴും അയാളുടെ നാഡീഞരമ്പുകളുടെ നിയന്ത്രണത്തിലായിരിക്കണം. അതിന സഹിഷ്ണുതയുടെ ശക്തി വളർത്തിയെടുക്കണം. അടിയന്തിരാവസ്ഥക്കാലത്ത് നമ്മുടെ ധാരാളം അംഗങ്ങൾക്ക് ശരിയായ വിധത്തിൽ നാഡീകോശങ്ങളേയും ഞരമ്പുകളേയും നിയന്ത്രിക്കാൻ കഴിഞ്ഞതുകൊണ്ട് ധാരാളം സമ്മർദ്ദമുണ്ടായില്ല. ജയിലിൽ വലിയ പ്രശ്നങ്ങളൊന്നും ഉണ്ടായില്ല എന്നത് വളരെയധികം സന്തോഷിപ്പിക്കുന്ന കാര്യമാണ്. (1975 ജൂൺ മുതൽ 1977 മാർച്ച് വരെ ഇന്ത്യാ ഗവൺമെന്റ് അടിയന്തിരാവസ്ഥ പ്രഖ്യാപിക്കുകയും നൂറു കണക്കിന നിരപരാധികളായ ജനങ്ങളെ ജയിലിലിടക്കുകയും ചെയ്തു. ഈ കാലഘട്ടം വളരെ

വേദനാജനകമാണ്. അന്നത്തെ സംഭവങ്ങളെല്ലാം സഹിക്കുന്നതിനുമപ്പുറമായി അനുഭവപ്പെട്ടു എന്നതാണ് വസ്തുത. പലർക്കും മോശമായ അവസ്ഥയുണ്ടായി. അങ്ങനെയൊരു സന്ദർഭാനുസൃതമായ സമ്മർദ്ദമുണ്ടായിട്ടും അവർ അതിരില്ലാത്ത അവശതകൾ സഹിച്ചു. അതിന്റെ ഫലമായി സഹനത്തിന്റേതായ വഴി കണ്ടെത്താനവർക്ക് കഴിഞ്ഞു. ഇത് ഒരു വസ്തുതയാണ്. എല്ലാറ്റിനും രണ്ടു വശങ്ങളുണ്ട്. നല്ലതും ചീത്തയും. അതു കൊണ്ടാണിങ്ങനെ പറഞ്ഞത്. ‘‘തരോരിവ സഹിഷ്ണുനാ’’ (ഒരു വൃക്ഷത്തിന്റെ സഹിക്കാനുള്ള ശക്തിയോടു കൂടി)).

‘‘കാടിലേഹ തരു യേന കിഛു നാ ബോലയ
ശുകാഇയാ മഇലേ കാരേ പാനീ നാ മാങ്ഗയ’’

..............ബംഗ്ള

(മരം വെട്ടി വീഴ്ത്തപ്പെടുമ്പോൾ അത് ഒരിക്കലും തടയില്ല. അത് ഉണങ്ങുമ്പോഴാകട്ടെ ഒരിക്കലും ജലം ചോദിക്കുകയുമില്ല.)

ഇതേ ആശയം തന്നെയാണ് ചൈതന്യചരിതാമൃതത്തിലുമുള്ളത്. (ചൈതന്യ മഹാപ്രഭുവിന്റെ ജീവിതവും പഠനങ്ങളും അടങ്ങിയ ആധികാരിക ഗ്രന്ഥം. കൃഷ്ണദാസ് കവിരാജൻ എഴുതിയത്). ബംഗാളിയിൽ ഒരു പഴമൊഴിയുണ്ട്. ജെ സായ് സെ രായ് (ക്ഷമയുള്ളവൻ അതിജീവിക്കുന്നു.)

‘‘അമാനിനാം മാനദേയം’’. സത്യമായി തോന്നുന്ന കാരണങ്ങളൊന്നുമില്ലാതെ, മനുഷ്യർ ഈ ലോകത്തിൽ പല കാര്യങ്ങളും അവഗണിക്കുന്നു. പരമപുരുഷൻ ഏറ്റവും അധികം അവഗണിക്കപ്പെടുന്ന വസ്തുക്കളിലടക്കം, ഓരോ വസ്തുവിലും ഉണ്ട് എന്ന കാര്യം അവർ മറക്കുന്നു. സാമൂഹ്യമായ ഉദാരമനസകതയോടെ ലോകത്തെ വീക്ഷിക്കുന്നതിൽ അവർ പരാജയപ്പെടുന്നു. ഒരു പന്നി വേദന കൊണ്ട് പുളയുന്നുവെന്ന് കരുതുക. കാഴ്ചക്കാർ നിസ്സാരമായി പറയുന്നു. ‘‘ഓ അത് വെറും ഒരു പന്നിയല്ലേ. അതിനെ ചാവാൻ വിടുക’’. ഇത് പന്നിയുടെ രൂപത്തിലുള്ള പരമപുരഷനെ അവഗണിക്കലാണ്. ഇത്തരം തെറ്റുകൾ ഒരു വ്യക്തിയുടെ സകലവിധ പുരോഗതിയേയും മന്ദഗതിയിലാക്കുന്നു. നാമൊരിക്കലും ഒന്നിനോടും അറപ്പു കാണിക്കരുത്. കാരണം എല്ലാം പരമപുരുഷന്റെ ആവിർഭാവങ്ങളാണ്. പരമപുരുഷന ആരേയും വെറുക്കാൻ കഴിയുകയില്ല. എങ്ങനെ കഴിയും? എല്ലാം അദ്ദേഹത്തിന്റെ സൃഷ്ടികളാണ്. അതുകൊണ്ട് എന്തുകാരണം കൊണ്ടാണ് ഒരാൾക്ക് മറ്റൊരാളെ വെറുക്കാൻ കഴിയുക? ആരെങ്കിലും അദ്ദേഹത്തിന്റെ സൃഷ്ടികളെ വെറുക്കുന്നുവെങ്കിൽ അതദ്ദേഹത്തെത്തന്നെ വെറുക്കുന്നതു പോലെയാണ്. മനുഷ്യർക്കാർക്കും ഇത്രയും ഗർവ്വം ഉണ്ടാകാൻ പാടില്ല. അതാണിപ്രകാരം പറയപ്പെടുന്നത് ‘‘അമാനിനാം മാനദേയം എന്ന്. അവഗണിക്കപ്പെടുന്നവരെ ബഹുമാനിക്കുക.

ആരെയാണോ സമൂഹം അവഗണിക്കുന്നത്. തള്ളിക്കളയുന്നത് അവരെ കൂടി നമ്മൾ അംഗീകരിക്കണം കാരണം അവരും പരമപുരുഷന്റെ സൃഷ്ടികളാണ്. അവരെ അത്തരം ഒരു സാഹചര്യത്തിൽ പരമപുരുഷൻ തിരഞ്ഞെടുത്തതു കൊണ്ട് നമ്മൾ അവരെ ബഹുമാനിക്കണം. നമ്മൾ അവരോട് മര്യാദ കാണിക്കണം. അപ്രകാരം ഒരു ഭക്തന്റെ മൂന്നാമത്തെ കടമയാണ് ആരും ബഹുമാനിക്കാത്തവരെ ബഹുമാനിക്കുക എന്നത്. ആരും സ്നേഹിക്കാത്ത, പരിഹസിക്കുന്ന ഇത്തരക്കാരെ നാം സമീപിക്കണം. അവർ സ്നേഹിക്കപ്പെടാൻ ആഗ്രഹിക്കുന്നു. ഞങ്ങൾ നിങ്ങളെ സഹായിക്കും എന്നവരോട് പറയണം. അവരെ ആദരിക്കുന്നതിലൂടെ നാം അവരെ സന്തോഷിപ്പിക്കുന്നു. അവരുടെ മനസ്സ് സന്തോഷത്താൽ നിറയുന്നു.

‘‘അമാനിനം മാനദേയം കീർത്തനീയ സദാ ഹരിഃ’’

ഒരാൾ ജീവിതത്തിൽ വളരെ വലിയ കാര്യങ്ങൾ ചെയ്യുന്നത് സ്വന്തം കഴിവും ബുദ്ധിശക്തിയം കൊണ്ടു മാത്രമല്ല. എന്നാൽ പരമപുരുഷൻ നൽകിയ ശക്തിയും ബുദ്ധിശക്തിയും കൊണ്ടുകൂടിയാണ്. ഒരു വ്യക്തിയുടെ ഉയർന്ന പ്രവർത്തനങ്ങൾക്കുള്ള ഖ്യാതി അദ്ദേഹത്തിനു കൂടിയുള്ളതാണ്. വളരെ നല്ല ഒരു കാര്യത്തിന നൂറു ദശലക്ഷം രൂപ സംഭാവന നൽകുന്ന ഒരാളെ പരോപകാര തൽപരൻ എന്നു വിളിക്കുന്നു. എന്നാൽ ഈ പണം ആരുടേതാണ് എന്ന ചോദ്യം ഉത്ഭവിക്കുന്നു. ശരിക്കും

പരമപുരുഷന്റെ സ്വന്തം പണം തന്നെയാണ്, ആ പരോപകാരിയുടെ കൈവശം വന്നു ചേരുന്നത്. അതിനാൽ ശരിയായ പ്രശസ്തി പരമപുരുഷനുള്ളതാണ്. രണ്ടാമത്തെ അവകാശമേ സംഭാവന നൽകിയ ആൾക്കുള്ളൂ. അയാളെ പരമപുരുഷൻ ഒരു മാധ്യമമാക്കി ഉപയോഗിച്ചതാണ്. അതുകൊണ്ടാണ് ആരെങ്കിലും ഈ ലോകത്തിൽ പുകഴ്ത്തപ്പെടേണ്ടി വരുന്നത്, ആരുടെ സദ്ഗുണങ്ങളാണോ കീർത്തനങ്ങളിലൂടെ സ്തുതിക്കപ്പെടേണ്ടി വരുന്നത് അത് പരമപുരഷൻ തന്നെയാണ്. കീർത്തനം എന്നാൽ നല്ലവാക്കുകൾ ഉറക്കെ ഉച്ചരിക്കുക എന്നാണ്. മനസ്സിൽ പറയുകയോ പിറുപിറുക്കുകയോ അല്ല എല്ലാവരും കേൾക്കേ ഉറക്കെ പാടുകയാണ്. അത് സ്വകാര്യമായി ചെയ്യേണ്ടതല്ല. എപ്പോഴും തുറന്ന് ചൊല്ലേണ്ടതാണ്. ഭക്തന്റെ ജീവിതത്തിൽ കാപട്യത്തിന സ്ഥാനമില്ല. ഭക്തന്റെ ചിന്തകളും വാക്കുകളും പ്രവൃത്തികളും ഒരിക്കലും നിഷേധാത്മകമല്ല. ലളിതവും നേർവഴിയിൽ മാത്രം സഞ്ചരിക്കുകയും ചെയ്യുന്നവർ ചിന്തിക്കുന്നത പറയുകയും പറയുന്നത് പ്രവർത്തിക്കുകയും ചെയ്യുന്നു. അതിനാൽ തുറന്ന രീതിയിൽ പാടി പരമപുരുഷനെ പുകഴ്ത്തുന്നു. കീർത്തനം എന്നാൽ ഞാൻ നേരത്തെ പറഞ്ഞ പോലെ പ്രഭുവിന്റെ മഹിമ ഉറക്കെ പാടുക എന്നതാണ്.

കീർത്തനീയ സദാ ഹരിഃ എന്താണ് ഹരിയുടെ അർത്ഥം? തത്വശാസ്ത്രപരമായി ഈ പ്രപഞ്ചം

ഹരിയുടേയും ഹരന്റേയും കളിസ്ഥലമാണ്. ഹരി ഈ പ്രപഞ്ചത്തെ സംരക്ഷിക്കുന്നു. എന്നാൽ ഹരൻ അതിനെ നശിപ്പിക്കുന്നു. ഈ നാശം ഏതു രൂപത്തിലാണ് നടക്കുന്നത്? ഈ ലോകത്തിലെ എല്ലാ വസ്തുക്കളും തന്നിലേക്ക് പിൻവലിച്ച് പുതിയ രൂപത്തിൽ അവയെ പ്രകടിപ്പിക്കുന്നു. മനസ്സിൽ അധാർമ്മികനായ ഒരു ഭൂതത്തിന്റെ രൂപം സൃഷ്ടിക്കുന്നുവെന്ന് കരുതുക. അത് വളരെ ഭീകര രൂപിയാണെന്നു കരുതുക. നിങ്ങൾക്കാ രൂപത്തെ നിമിഷനേരം കൊണ്ട് ഉന്മൂലനം ചെയ്ത് പകരം സത്യസന്ധനായ ഒരു രൂപത്തെ സൃഷ്ടിക്കാം. നിങ്ങളുടെ മനസ്സിലെ രൂപത്തെ വളരെയെളുപ്പം സൃഷ്ടിക്കുകയും നശിപ്പിക്കുകയും ചെയ്യാം. നിങ്ങളിത് എപ്പോഴും ചെയ്യുന്നു. അതേ രീതിയിൽ തന്നെ പരമപുരുഷൻ ഒരു രൂപത്തെ അഥവാ ആശയത്തെ തന്നിലേക്ക് പിൻവലിച്ച് അടുത്ത നിമിഷത്തിൽ തന്നെ മറ്റൊരു രൂപത്തെ അഥവാ ആശയത്തെ ഈ പ്രപഞ്ചത്തിൽ സൃഷ്ടിക്കുന്നു. അത് ജനങ്ങൾ പൊതുവായി വിശ്വസിക്കുന്നതു പോലെ സംഹാരമോ ഭീകരമായ ഉന്മൂല നാശമോ അല്ല. എന്നാൽ അതേ രൂപത്തിലുള്ള പ്രതിഛായ സൃഷ്ടിച്ച ആദ്യത്തേത് പൂർണ്ണമായും പിൻവലിച്ച് പുതിയ രൂപത്തിൽ വലിയ തോതിൽ സൃഷ്ടിക്കലാണ്. എന്നാൽ കഴിഞ്ഞ എല്ലാ സംസ്കാരത്തിൽ നിന്നും സാധനയുടെ ശക്തി കൊണ്ട് മോചിതനായ ഒരു വ്യക്തിയെ ഹരി തിരിച്ചയക്കുമോ? ഇല്ല. പൂർണ്ണമായ മോചനം നേടിക്കഴിഞ്ഞ വ്യക്തി അദ്ദേഹത്തിൽ

ലയിച്ചിരിക്കും. ഹരി എന്നാൽ പരമപുരുഷൻ. എല്ലാം പിൻവലിക്കാൻ പ്രേരകമായ സത്തയാണ് ഹരൻ എന്നു പറയുന്നത്. അതേപോലെ എല്ലാ സത്തകളേയും സൃഷ്ടിക്കാൻ ഉത്തരവാദിത്വപ്പെട്ട സത്തയാണ് ഹരി. ഇതാണ് ഹരിയും ഹരനും തമ്മിലുള്ള അടിസ്ഥാന വ്യത്യാസം.

ഹര എന്ന പദം 'ഹ' എന്നും 'ര' എന്നുമുള്ള രണ്ടു ധാതുക്കൾ ചേർന്നതാണ്. ഹ എന്നത് ശബ്ദ ശാസ്ത്രസംബന്ധമായി, വായുസംബന്ധമായ ധാതുവാണ്. ര എന്നത് ശക്തിയുടെ മൂല ധാതുവാണ്. അതിനാൽ ഏതു സത്തയാണോ അപാരമായ ശക്തിയാൽ അഞ്ച് ഭൂതങ്ങളെ പിൻവലിക്കുകയും പ്രകടമാക്കുകയും ചെയ്യുന്നത് ആ സത്തയെ ഹരൻ എന്നു പറയുന്നു.

ഹരിയുടെ കടമയെന്താണ്? മനുഷ്യർ ധാരാളം തെറ്റുകൾ ചെയ്തു കൂട്ടുന്നു. ഒന്നിച്ചു ജീവിക്കുമ്പോൾ പാപങ്ങളുടെ കൂമ്പാരം ഹിമാലയത്തോളം വലുതാവുന്നു. ഈ മുഴുവൻ ഭാരവും അവർ വഹിക്കേണ്ടി വരുമ്പോൾ അവരുടെ നട്ടെല്ലൊടിയുന്നു. ഈ പാപങ്ങൾക്കെല്ലാം പരിഹാരം കണ്ടെത്തണമെങ്കിൽ അവർ ഈ ഭൂമിയിൽ തന്നെ വീണ്ടും വീണ്ടും വരേണ്ടി വരുന്നു. ഇത് ഇരുപതു ജന്മങ്ങളോളം തുടരുന്നു. അപ്പോൾ ഒരു ചോദ്യം ഉണ്ടാവുന്നു? ഹരി എന്തുകൊണ്ട നില നിൽക്കുന്നു? വ്യക്തികളെ സഹായിക്കാൻ കഴിയില്ലെങ്കിൽ എന്തുകൊണ്ട് പരമപുരുഷൻ നില നിൽക്കന്നത്? അദ്ദേഹം തന്റെ കഴിവിനനുസരിച്ച് സഹായം

വാഗ്ദാനം ചെയ്യുന്നു. ആ കഴിവുള്ളതു കൊണ്ട് അദ്ദേഹത്തെ ഹരി എന്നു വിളിക്കുന്നു. ‘‘ഹരതി പാപാനി ഇത്യർത്ഥേ ഹരിഃ’’ ആരാണോ മറ്റുള്ളവരുടെ പാപങ്ങൾ കവർന്നെടുത്ത് അവരുടെ ക്ലേശം കുറക്കുന്നത്, അവരുടെ മോചനത്തിനുള്ള തടസ്സങ്ങൾ നീക്കിക്കൊടുക്കുന്നത്, അയാളെ ഹരി എന്നു വിളിക്കുന്നു. എന്തുകൊണ്ടാണ് ഹരി പാപത്തെ അപഹരിക്കുന്നത്? അപഹരിക്കുക എന്നത് ഏറ്റവും മോശമായ പ്രവർത്തനമാണ്. എന്താണ് മോഷണം? മറ്റൊരാൾക്ക് അവകാശമുള്ള സാധനങ്ങൾ അവരുടെ അനുവാദമില്ലാതെ എടുക്കുന്നതാണ് മോഷണം. എന്തു കൊണ്ടാണദ്ദേഹം മറ്റുള്ളവരുടെ വസ്തുക്കൾ അപഹരിക്കുന്നത്? അങ്ങനെ ചെയ്യുന്നത് അത്ര നല്ല കാര്യമൊന്നുമല്ല. എന്നാൽ അടുത്തു നിന്ന് വിലയിരുത്തുമ്പോൾ, നാം കണ്ടെത്തുന്നത് അത് പ്രശംസനീയമായ ഒരു പ്രവൃത്തി തന്നെയാണെന്നാണ്. കാരണം അതിന്റെ പ്രധാന ഉദ്ദേശ്യം ഭക്തനുണ്ടാകുന്ന പ്രയാസങ്ങളുടെ ഭാരം കുറക്കുക എന്നതാണ്. അല്ലെങ്കിൽ അവർക്കൊരിക്കലും മോചനം ലഭിക്കുകയില്ലെന്നു മാത്രമല്ല, ചെയ്ത പാപങ്ങളുടെ തിരിച്ചടി ജീവിത കാലം മുഴുവൻ അനുഭവിക്കേണ്ടിയും വരുന്നു. അദ്ദേഹം എന്താണ് ആഗ്രഹിക്കുന്നത്? ഭക്തന്മാർ എല്ലാം അദ്ദേഹത്തിന സമർപ്പിച്ചതു കൊണ്ട് അദ്ദേഹം അവരെ പാപങ്ങളുടെ പ്രയാസങ്ങളിൽ നിന്നും മോചിപ്പിക്കാനാഗ്രഹിക്കുന്നു. അദ്ദേഹം ഭക്തരോട്

ഇപ്രകാരം പറയാനാഗ്രഹിക്കുന്നു. എന്റെ പ്രിയപ്പെട്ട മക്കളേ, നിങ്ങളുടെ പാപങ്ങളെല്ലാം എനിക്കു തരൂ. നിങ്ങൾക്ക് ഈ കടുത്ത പാപഭാരം താങ്ങാനാവില്ല. എല്ലാ ജീവിതത്തിലും നിങ്ങൾ നിരവധി പാപം ചെയ്തിട്ടുണ്ട്. അതിന്റെ തിരിച്ചടികൾ അനുഭവിച്ചു തീർക്കാൻ ഇരുപതോളം ജന്മങ്ങൾ എടുക്കും. അതിനാൽ ഏറ്റവും നല്ലത് പാപങ്ങളെല്ലാം എനിക്കു തന്ന് എല്ലാ പ്രയസങ്ങളിൽ നിന്നും മോചനം നേടുന്നതാണ്

"സിനച ഭിക്ഖു ഇമം നാവം സിത്താ തേ ലഹുമേസ്സതി

മുനച് പുരേ മുനച് പച്ഛേത മജ്ഝേ മുനച് ഭവസ്സ പാരഗു"

...............പാലി

അല്ലയോ തോണിക്കാരാ നിങ്ങളുടെ തോണിയിൽ നിറയെ വെള്ളം കയറിക്കഴിഞ്ഞു. വെള്ളം മുഴുവൻ പുറത്തേക്കു കളഞ്ഞാലേ തോണിയുടെ ഭാരം കുറയുകയുള്ളൂ. അപ്പോൾ മാത്രമേ നിങ്ങൾക്ക് സുരക്ഷിതനായി നദിയിലൂടെ തുഴയാനാവൂ. നിങ്ങൾ മുന്നിൽ നിന്നും മധ്യഭാഗത്തു നിന്നും പിന്നിൽ നിന്നും വെള്ളമെടുത്ത് മാറ്റിയാലെ അതിന്റെ ഭാരം കുറയുകയുള്ളൂ.

ഇത് ബുദ്ധദേവന്റെ വാക്കുകളാണ്. ആരാണ് ബ്രഹ്മം? അദ്ദേഹമാണ് ഒരു വ്യക്തിയെ ഭൂത, വർത്തമാന, ഭാവി കാലങ്ങളിലെ പാപങ്ങളിൽ നിന്നും മോചിപ്പിക്കുന്നത്.

‘‘യസ്സ പുരേ ച പച്ഛേ ച മജ്ഝേ ച നത്ഥ കിഞ്ചനം
അകിഞ്ചനം അനാദാനം തമഹം ബ്രൂമി ബ്രാഹ്മണം.’’

ആരുടേയാണോ ഭൂത, വർത്തമാന, ഭാവി കാലങ്ങളിലെ പാപങ്ങൾ ഇല്ലാതാക്കപ്പെടുന്നത് അയാൾ നിർദ്ധനനായി മാറുന്നു. അത്തരം ആളുകൾക്ക് ഒന്നും തന്നെ ചോദിക്കേണ്ട ആവശ്യമില്ല. മറ്റാരിൽ നിന്നും ഒന്നും സ്വീകരിക്കാത്തവനെ ബ്രാഹ്മണൻ എന്നു വിളിക്കുന്നു.

അതിനാൽ തങ്ങളുടെ ഭക്തന്മാർ എല്ലാ പ്രയാസങ്ങളിൽ നിന്നും മോചിതരാവാൻ പാപങ്ങൾ പകരം നൽകാൻ ഹരി ആഗ്രഹിക്കുന്നു. എന്നിരുന്നാലും ഒരു യഥാർത്ഥ ഭക്തൻ പറയും. അല്ലയോ പ്രഭോ എനിക്കെല്ലാം താങ്കൾക്ക് നൽകാനാവും. എന്നാലെന്റെ പാപങ്ങൾ മാത്രം അങ്ങേക്കു ഞാൻ നൽകില്ല. എന്റെ പാപഭാരം ചുമക്കാൻ എന്നെത്തന്നെ അനുവദിക്കൂ. എനിക്കെങ്ങനെയാണ് എന്റെ പാപങ്ങളുടെ കൂമ്പാരം അങ്ങക്കു നൽകാനാവുക? ഞാനാണ് പാപങ്ങൾ ചെയ്തത്. പിന്നെ എന്തിനാണങ്ങ് ആ ഭാരം ഏറ്റെടുക്കുന്നത്? അങ്ങയടെ നിർദ്ദേശം പരിഹാസ്യമാണ്. അങ്ങ് ഞങ്ങളെ എത്രമാത്രം സ്നേഹിക്കുന്നുണ്ടോ, അത്രക്കുമധികം ഒരു സാഹചര്യത്തിലും പാപങ്ങൾ നൽകാൻ ഞങ്ങൾക്ക് സാധ്യമല്ല.

ഹരി തന്റെ ഭക്തന്മാരെ വളരെയധികം സ്നേഹിക്കുന്നു എന്നത് ഒരു വസ്തുതയാണ്. അദ്ദേഹം സ്വയം സ്നേഹിക്കുന്നതിലുമെത്രയോ അധികം തങ്ങളുടെ ഭക്തരെ സ്നേഹിക്കുന്നു. പിന്നെ അദ്ദേഹം എന്തുചെയ്യും? അവരറിയാതെ ഭക്തരുടെ പാപങ്ങൾ അപഹരിക്കും. സ്വയം തന്റെ പാപങ്ങൾ നൽകാൻ തയ്യാറാവാത്തിടത്തോളം മറ്റൊരു മാർഗ്ഗവുമില്ല. ഭക്തന്മാർ സ്വാദിഷ്ടമായ ഭക്ഷണവും, നിത്യഹരിത തുളസീ ദളങ്ങളും നൽകിയേക്കും. പക്ഷേ ഒരു കാരണവശാലും പാപം പകുത്തു നൽകുകയില്ല. അതിനാൽ ഭക്തർ പുറം തിരിഞ്ഞിരിക്കുമ്പോൾ മോഷ്ടിക്കാൻ നിർബ്ബന്ധിതനാവുന്നു. ആരാണോ മറ്റുള്ളവരുടെ പാപം അപഹരിക്കുന്നത് അയാളെ ഹരി എന്നു വിളിക്കുന്നു.

ആർക്കു വേണ്ടിയാണ് മനുഷ്യർ കീർത്തനങ്ങൾ ചൊല്ലുന്നത്? പരമപുരുഷനു വേണ്ടി മാത്രമാണ്. കാരണം ഹരിയെ പോലെ മാഹാത്മ്യമുള്ള മറ്റാരും തന്നെയില്ല. ആരും തന്നെ ഇത്രയും സ്നേഹവും വാത്സല്യവും കാണിക്കുകയില്ല. ഹരി മാത്രമാണ് പരമമായ ഇരിപ്പിടം. അതു കൊണ്ടാണിങ്ങനെ പറയുന്നത്. കീർത്തനിയ സദാഹരി. സദാ എന്നാൽ എല്ലായ്പ്പോഴും. നിങ്ങൾക്ക് ഏതെങ്കിലും നിമിഷങ്ങൾ വെറുതെ കിട്ടുന്നുവെങ്കിൽ കീർത്തനം ചൊല്ലിക്കൊണ്ടിരിക്കുക.

26 ഡിസംബർ 1978 കൽക്കത്ത

ഉള്ളടക്കം

അധ്യായം 6

# ആത്മീയ ലോകത്ത് സ്ത്രീകൾക്കുള്ള സ്ഥാനം

The Place of Women in the Spiritual World

ആത്മീയ രംഗത്ത് പുരുഷന്മാർക്കു മാത്രമേ വിജയിക്കാനാവൂ എന്ന തെറ്റായ വിശ്വാസം ജനങ്ങൾക്കുണ്ടെന്ന് കുറച്ചു മുൻപ് ഞാൻ പറഞ്ഞിരുന്നു. അവർ പറഞ്ഞിരുന്നത് സ്ത്രീകൾക്ക് കുറഞ്ഞ തോതിൽ പുരോഗതി ഉണ്ടാവാമെങ്കിലും പൂർണ്ണമായ മോക്ഷത്തിന് അവർ പുരുഷന്മാരായി ഭൂമിയിൽ വീണ്ടും ജനിക്കണമെന്നായിരുന്നു. ഇത് അസംബന്ധവും യുക്തിക്ക് നിരക്കാത്തതുമാണെന്ന് ഞാൻ പറഞ്ഞിരുന്നു. സ്ത്രീകളും പുരുഷന്മാരെ പോലെ പരമ പുരുഷന്റെ പ്രതിരൂപമാണ്. ഏതെങ്കിലും ഒരു പിതാവ് ആൺകുട്ടികളെ മാത്രം അഭിവൃദ്ധിയിലേക്ക് നയിച്ച് പെൺമക്കളെ അവഗണിക്കുമോ? തീർച്ചയായും അദ്ദേഹത്തിനതിനു സാധിക്കില്ല. അങ്ങനെയൊന്ന് സാധിക്കുകയുമില്ല. രക്ഷിതാക്കൾ ആൺകുട്ടികളെ മാത്രം മടിയിൽ വെച്ച്

കൊഞ്ചിക്കുന്നവരല്ല. അവർ അതേപോലെ പെൺകുട്ടികളേയും മടിയിലിരുത്തുന്നു. ചിലപ്പോൾ അവർക്ക് കൂടുതൽ വാത്സല്യം പെൺകുട്ടികളോടാവും. പെൺകുട്ടികൾ അധികകാലം തങ്ങളോടൊപ്പം ഉണ്ടാകില്ലെന്നും ഒരു വിവാഹത്തോടെ അവർ ഭർത്താക്കന്മാരോടൊപ്പം പോകുമെന്നും ചിന്തിച്ച് പെൺകുട്ടികളെ അവർ കൂടുതൽ ലാളിക്കുന്നു. എല്ലാറ്റിനുമുപരി അവർ ഭർതൃമാതാവിനാൽ എത്രമാത്രം പരിഗണിക്കപ്പെടുമെന്നു അവർ ശങ്കിക്കുന്നു. ആൺ കുട്ടികൾ കുടുംബത്തെ നോക്കണമെന്നും വളരുമ്പോൾ പണം സമ്പാദിച്ച് കുടുംബത്തിന് തണലാകണമെന്നും ആഗ്രഹിക്കുന്നു. എന്നാൽ പെൺമക്കളിൽ നിന്നും അവർക്ക് ഇത്തരം പ്രതീക്ഷകളൊന്നും ഇല്ല. എന്നിരുന്നാലും രക്ഷിതാക്കൾ അവരെ സ്നേഹിക്കുന്നു. അവരുടെ സ്നേഹം ആത്മാർത്ഥതയുള്ളതും ആഴത്തിലുള്ളതുമാണ്.

അതിനാൽ എന്തടിസ്ഥാനത്തിലാണ് സ്ത്രീകൾക്ക് പുരുഷന്മാരെപ്പോലെ മുക്തി ലഭിക്കുകയില്ല എന്ന ആശയം ഉടലെടുത്തത്? അത് പൂർണ്ണമായും യുക്തിക്ക് വിരുദ്ധമായ ആശയമാണ്. എന്തുകൊണ്ടാണ് ഇത്തരം ഒരാശയം പ്രചരിപ്പിക്കപ്പെട്ടത്? മുതലാളിത്ത വ്യവസ്ഥിതി എല്ലാ മേഖലകളിലും വ്യാപിച്ചപ്പോൾ അവരുടെ സ്ഥാപിത താൽപര്യത്തിനനുസരിച്ച് ചില അവസരവാദികളുടെ മതക്കാരാണ് അതിന് കാരണം. സ്ത്രീ സമൂഹത്തെ

കീഴ്പ്പെടുത്താൻ വേണ്ടിയാണ് അവർ മോക്ഷം നേടാൻ അർഹരല്ല എന്ന് പറഞ്ഞു പരത്തിയത്. തുടർച്ചയായി ഇത് കേട്ടപ്പോൾ സ്ത്രീകളിൽ ഒരുതരം അപകർഷതാബോധം ഉടലെടുക്കുകയും പുരുഷന്മാരുടെ അടിമകളാവുകയും ചെയ്തു. അങ്ങനെ അവർ വേലക്കാരികളുടെ അവസ്ഥയിലേക്ക് തരം താഴ്ത്തപ്പെട്ടു. സ്ത്രീകളെ ചൂഷണം ചെയ്യുക എന്ന ഉദ്ദേശ്യത്തോടെയാണ് ഇത്തരം യുക്തിഹീനമായ ആശയങ്ങൾ പ്രചരിപ്പിക്കപ്പെട്ടത്. മനുഷ്യ സംസ്കാരം മുളച്ചു വന്നതോടെ സ്ത്രീകൾ പൂർണ്ണ സ്വതന്ത്രരാവുകയും ഇത്തരം അടിമത്തങ്ങൾ അറിയപ്പെടാതാവുകയും ചെയ്തു. ബംഗാളി ചരിത്രം പഠിച്ചതിൽ നിന്നും സ്ത്രീ പുരുഷ സമത്വം നിലനിന്നിരുന്നുവെന്ന് മനസ്സിലാക്കാൻ കഴിയും. അവർ ഒന്നിച്ച് നായാട്ടിന് പോകുമായിരുന്നു. ചിലപ്പോൾ വേട്ടയാടപ്പെട്ട മൃഗങ്ങളെ സ്ത്രീകളാണ് കാട്ടിൽ നിന്നും കൊണ്ടുവരിക. എല്ലാ അവസ്ഥയിലും സ്ത്രീകൾ തുല്യസ്വതന്ത്രരായിരുന്നു. പിന്നീട് എടുത്തുപറയപ്പെടുന്ന സംസ്കാരം വ്യാപിച്ചപ്പോൾ, കൗശലക്കാരുടെ മനശ്ശാസ്ത്രമനുസരിച്ച് അവർ പീഡിപ്പിക്കപ്പെട്ടു. ചൂഷകരുടെ മനശ്ശാസ്ത്രം അവരെ കീഴ്പ്പെടുത്തുകയും അടിമകളാക്കുകയും ചെയ്തു.

ആത്മീയ വിദ്യാഭ്യാസം നൽകാൻ തുടങ്ങിയ കാലഘട്ടത്തിൽ മനുഷ്യർ ആദ്യം പഠിച്ചത് ധർമ്മം എന്ന ആശയമായിരുന്നു. ധാരാളം വെളിച്ചം വീശുന്ന സന്യാസിമാർ, സ്ത്രീകളും പുരുഷന്മാരും ആ കാലഘട്ടത്തിൽ ജനിച്ചു. അക്കാലത്ത് സ്ത്രീകളും

പുരുഷന്മാരും തുല്യമായ സംഭാവനകളാണ് ആത്മീയ മേഖലക്ക് നൽകിയത്. വസിഷ്ഠൻ, വിശ്വാമിത്രൻ യാജ്ഞവൽക്യൻ തുടങ്ങിയവർ പുരുഷന്മാരിൽ പേരുകേട്ട ആത്മീയാചാര്യന്മാരായിരുന്നു. മൈത്രേയി, ഗാർഗ്ഗി, മദാലസ തുടങ്ങിയവർ സ്ത്രീകളിൽ പ്രശസ്തരായിരുന്നു. അവർ എല്ലാ രീതിയിലും തുല്യരായിരുന്നു. അവരുടെ പഠനങ്ങളിലൂടെ ആത്മീയ മേഖല തന്നെ സമ്പന്നമായി.

ഗാർഗ്ഗി വളരെയധികം വർഷങ്ങൾക്കു മുൻപാണ് ജനിച്ചത്. ജനകരാജാവിന്റെ രാജ്യസഭയിൽ ഒരിക്കൽ അവൾ യാജ്ഞവൽക്യനെ ആത്മീയ വേദവാക്യത്തിൽ വാദപ്രതിവാദത്തിന ക്ഷണിക്കുകയുണ്ടായി. അവളുടെ ഉഗ്രമായ ചോദ്യങ്ങൾക്ക് യാജ്ഞവൽക്യന മറുപടി പറയാൻ പ്രയാസമായി. അവസാനം അവളുടെ മുൻപിൽ പരാജയപ്പെടേണ്ടി വന്നു. അങ്ങേയറ്റം നിരാശനായി അദ്ദേഹം പറഞ്ഞു. ഗാർഗ്ഗി നിങ്ങൾ ഇപ്പോൾ നിർത്തിയില്ലെങ്കിൽ നിങ്ങളുടെ നാക്ക് താഴെ വീഴും. അതിനാൽ ഗാർഗ്ഗി വാദം നിർത്താൻ നിർബന്ധിതയായി. വാദപ്രതിവാദത്തിൽ ഗാർഗ്ഗിയെ പരാജയപ്പെടുത്താൻ കഴിയാതിരുന്നപ്പോൾ യാജ്ഞവൽക്യൻ തന്റെ ശക്തി, തെറ്റായ രീതിയിൽ പ്രയോഗിച്ച് അവളെ നിർബന്ധിച്ച് മൗനിയാക്കുകയുണ്ടായി.

ഒരു ദിവസം യാജ്ഞവൽക്യന കടുത്ത അസുഖം ബാധിച്ചു. അദ്ദേഹത്തിന്റെ രണ്ടു ഭാര്യമാരായ മൈത്രേയിയും കാത്യായനിയും ശുശ്രൂഷിച്ചു. ചില

പുരുഷന്മാർ സാധാരണക്കാരും, മറ്റു ചിലർ അസാധാരണക്കാരുമാകുകഎന്നത് ഒരു വസ്തുതയാണ്. അതു പോലെ തന്നെയാണ് ചില സ്ത്രീകളും. അസുഖത്തിൽ നിന്നും മോചിതനായപ്പോൾ യാജ്ഞവൽക്യൻ കാർത്യായനിയോട് പറഞ്ഞു. ''ഞാൻ നിനക്കൊരു സമ്മാനം തരാനുദ്ദേശിക്കുന്നു. നീ എന്താണ് ആഗ്രഹിക്കുന്നത്?'' അദ്ദേഹത്തിന്റെ ഭാര്യ പറഞ്ഞു. ''എനിക്ക് പുതിയ വസ്ത്രങ്ങൾ, ആഭരണങ്ങൾ തുടങ്ങി ധാരാളം സാധനങ്ങൾ ആവശ്യമുണ്ട്.'' അവൾ ആവശ്യമുള്ള വസ്തുക്കളുടെ ഒരു പട്ടിക തന്നെയുണ്ടാക്കി. അവൾ ആഗ്രഹിച്ചതെല്ലാം അദ്ദേഹം അവൾക്ക് വാങ്ങിക്കൊടുത്തു. പിന്നീട് മൈത്രേയിയോടും ചോദിച്ചു. ''നിനക്കെന്താണ് വേണ്ടത്. ആഭരണമോ വസ്ത്രങ്ങളോ മറ്റെന്തെങ്കിലും വിലപിടിച്ച വസ്തുക്കളോ എന്ന് പറഞ്ഞാലും.'' എന്നാൽ മൈത്രേയി നിശബ്ദയായി നിന്നു. യാജ്ഞവൽക്യൻ തുടർന്നു. ''അൽപം മുൻപ് കാർത്യായനി വസ്ത്രങ്ങളും ആഭരണങ്ങളും കൂടാതെ മറ്റനവധി സാധനങ്ങളും ആവശ്യപ്പെട്ടു. നിനക്കെന്താണ് ഇഷ്ടം.'' മൈത്രേയി പറഞ്ഞു ''യേനാഹം നാമൃതാസ്യാം തേനാഹം കിം കുര്യാം.'' ''എന്നോടൊപ്പം സ്ഥിരമായി നിൽക്കാത്ത ഈ വസ്തുക്കളെക്കൊണ്ട് ഞാനെന്തു ചെയ്യാനാണ്? എന്നെ അമരത്വത്തിൽ നിലനിർത്താൻ കഴിയാത്ത ഈ വസ്തുക്കളെക്കൊണ്ട് എന്തുപയോഗമാണ്? ഞാനിന്ന് ധരിക്കുന്ന വില പിടിച്ച വസ്ത്രങ്ങൾ നാളെ

കീറിപ്പോകുന്നു. ഓരോ കാലത്തും പരിഷ്കാരം മാറുന്നതു കൊണ്ട് ആഭരണങ്ങൾ കാലഹരണപ്പെടുന്നു. ദിവസം കഴിയുന്തോറും മാതൃക മാറുന്നു. മുത്തശ്ശിയുടെ കാലത്തുള്ള മാതൃകയല്ല അമ്മയുടെ കാലത്ത്. ഇന്ന് അതിലും മാറ്റം വന്നു കഴിഞ്ഞു. ഒരു മാതൃകയും സ്ഥിരമല്ല. എനിക്ക് നിങ്ങൾ അത്തരം വസ്തുക്കൾ നൽകിയാൽ അതൊന്നും എന്നോടൊപ്പം നില നിൽക്കില്ല. ഞാനീ ലോകത്തു നിന്നും പോകുമ്പോൾ അതെല്ലാം ഉപേക്ഷിക്കേണ്ടി വരുന്നു. അപ്പോൾ പിന്നെ എന്തുകൊണ്ടാണ് നിങ്ങൾ എന്നെ അത്തരം വസ്തുക്കൾക്കു വേണ്ടി പ്രേരിപ്പിക്കുന്നത്?'' യാജ്ഞവൽക്യൻ വീണ്ടും ചോദിച്ചു. ''നീ എന്താണ് ഇഷ്ടപ്പെടുന്നതെന്ന് എന്നോട് പറഞ്ഞാലും. അവൾ മറുപടി പറഞ്ഞു. നിങ്ങൾക്ക് കഴിയുമെങ്കിൽ എന്നോടൊപ്പം സ്ഥിരമായി നിൽക്കുന്ന എന്തെങ്കിലും തന്നാലും. എന്നും കാത്തുസൂക്ഷിക്കാൻ പറ്റുന്നത്. അമരത്വത്തിലേക്ക് നയിക്കുന്നത്. മറ്റൊന്നും എനിക്കാവശ്യമില്ല.'' പിന്നീട് യാജ്ഞവൽക്യൻ അവൾക്ക് നിരവധി നിർദ്ദേശങ്ങളും ഉപദേശങ്ങളും നൽകി. അതാണ് രാജയോഗത്തിന്റെ ഭൂരിഭാഗം പാഠങ്ങളും.

സ്ത്രീകൾ ആദ്യകാലത്ത് യോഗ പരിശീലനം നടത്തിയിരുന്നില്ല എന്ന ചിന്തയിൽ ആരും വിഡ്ഢികളാകരുത്. ആരെങ്കിലും നിങ്ങളെ വില കുറച്ചു കണ്ടാൽ അഥവാ നിങ്ങൽ അധമരാണെന്നു

ചിന്തിച്ചാൽ നിങ്ങൾ അതിനെ തുറന്നടിച്ച് എതിർക്കണം.

മദാലസ എന്ന രാക്ഷസി (ഈ പേര് നിന്ദാസൂചകമായി സ്വന്തം നാട്ടിലുള്ളവർക്ക് ആര്യന്മാർ നൽകിയ പേരാണ്) ചിത്രസേനനെ വിവാഹം കഴിച്ചു. അദ്ദേഹം ഗന്ധർവ്വന്മാരുടെ രാജാവായിരുന്നു. വിവാഹത്തോടനുബന്ധിച്ചുള്ള കരാറിൽ അവർക്കുണ്ടാകുന്ന കുഞ്ഞുങ്ങൾക്ക് വിദ്യാഭ്യാസം ചെയ്യിക്കേണ്ട ഉത്തരവാദിത്വം മദാലസക്കാണ്. രാജാവിനല്ല. ആത്മീയ രംഗത്ത് സ്ത്രീകൾ പുരുഷന്മാരേക്കാൾ കൂടുതൽ പ്രവണതയുള്ളവരും അർപ്പിത മനസ്സുള്ളവരും ആകണമെന്നും അതിന അവരെ ശരിയായ രീതിയിൽ വിദ്യ അഭ്യസിപ്പിക്കണമെന്നും മദാലസക്ക് നിർബ്ബന്ധമുണ്ടായിരുന്നു. ഈ ആശയം മനസ്സിൽ വെച്ച് ഞാൻ WWD (Women's Welfare Department)ലെ ഒരംഗത്തോട് പറഞ്ഞു; പ്രൈമറി അധ്യാപകരായി സ്ത്രീകളെ നിയമിച്ച് ഒരു ചലനം ഉണ്ടാക്കാൻ. വിവാഹക്കരാറനുസരിച്ച് രാജാവിന്റെ സമ്മതത്തോടെ മദാലസ ആദ്യത്തെ കുട്ടിയെ പഠിപ്പിക്കാനാരംഭിച്ചു. അവന ഏഴു വയസ്സായപ്പോൾ തന്നെ അവനൊരു ജ്വലിക്കുന്ന ആത്മീയ വാദിയായി. അവൻ പർവ്വതങ്ങളിൽ പോയി ഒരു യോഗിയായി മാറി. അവന്റെ വേർപാടിനു ശേഷം പെട്ടെന്നു തന്നെ മദാലസ രണ്ടാമത്തെ കുട്ടിയെ പഠിപ്പിക്കാൻ തുടങ്ങി. രാജാവ് കുപിതനായി. മദാലസയുടെ അസാധാരണ രീതിയിലുള്ള വിദ്യാഭ്യാസത്താൽ എല്ലാ കുട്ടികളും

ആത്മീയപാത സ്വീകരിച്ചേക്കുമെന്നയാൾ ഭയപ്പെട്ടു. എന്നിരുന്നാലും അദ്ദേഹം ഒന്നും ചെയ്തില്ല. കാരണം അയാൾക്ക് മദാലസയെ ഭയമായിരുന്നു. അവൾ ഭൂലോക സുന്ദരിയാണെന്നതിലുപരി ഏറ്റവുമധികം വിദ്യാസമ്പന്ന യുമായിരുന്നു. അതുകൊണ്ടയാൾക്ക് മദാലസയുടെ മുഖത്തുനോക്കി എതിർക്കാൻ കഴിഞ്ഞില്ല. അതുമാത്രമല്ല അവൾ ഒരു രാക്ഷസിയായതു കൊണ്ട് തന്നെ അവൾ നശിപ്പിച്ചേക്കുമെന്നും അയാൾ ഭയപ്പെട്ടു. ഏതാനും സമയത്തിനകം രണ്ടാമത്തെ കുട്ടിയും ഒരു സന്യാസിയായി മാറി.

ചരിത്രരേഖകളനുസരിച്ച് മദാലസയുടെ കുട്ടികളാണ് ആദ്യമായി ആത്മീയ പ്രഭാഷകരായി സന്യാസിജീവിതം നയിച്ച് സാമൂഹ്യ സേവനത്തിനിറങ്ങിയവർ. അതിനു മുൻപും സന്യാസിമാരുണ്ടായിരുന്നു എന്ന കാര്യത്തിൽ സംശയമില്ല. അവർ സ്വയം സന്യാസി വേഷം ധരിച്ച് മധുരമുള്ള ലഡു ആസ്വദിക്കാനും, പുലാവ് (വറുത്ത ചോറ്) മാൽപോവ, (ഒരുതരം മധുരപലഹാരം) തുടങ്ങിയ പലഹാരങ്ങൾ അകത്താക്കാനും വേണ്ടി വേഷം കെട്ടിയവരായിരുന്നു. സേവന പ്രവർത്തനത്തിനൊന്നും അവർ തയ്യാറല്ലായിരുന്നു. എന്നാൽ മദാലസയുടെ പുത്രന്മാർ വളരെ വ്യത്യസ്തരായിരുന്നു. അവർ സന്യാസിമാരായത് അത്യുത്തമമായ ആത്മീയ പ്രഭാഷണങ്ങളിലൂടെ അവശരായ മനുഷ്യരെ സേവിക്കാനായിരുന്നു. എല്ലാവരും അവരെ പുകഴ്ത്തി. തങ്ങൾ ഇത്രയും

ആദർശ സമ്പന്നരായ യോഗിമാരെ കണ്ടിട്ടില്ലെന്ന് അവർ പറഞ്ഞു. ഇങ്ങനെ സംഭവിച്ചത് മദാലസയുടെ വിശിഷ്ടമായ ശിക്ഷണത്തിലൂടെയാണ്. മൂന്നമത്തെ കുട്ടിയും അവന്റെ മൂത്തവരുടെ പാത തന്നെ പിൻതുടർന്നു. ഒരു ദിവസം മദാലസ മൂന്നുമാസം പ്രായമുള്ള തന്റെ നാലാമത്തെ കുഞ്ഞിനെ താരാട്ടു പാടിയുറക്കുകയായിരുന്നു. പാട്ട് ഇപ്രകാരമായിരുന്നു.

ശുദ്ധോസി ബുദ്ധോസി നിരഞ്ജനോസി
സംസാരമായാ പരിവർജ്ജിതോസി
സംസാരസ്വപ്നം ത്യജ മോഹനിദ്രാം
മദാലസോല്ലാപം ഉവാച പുത്രം

പ്രിയ പുത്രാ, നീ മനുഷ്യരൂപത്തിലുള്ള ഒരു കുഞ്ഞാണെങ്കിലും നീ യഥാർത്ഥമായി പരമപുരുഷന്റെ പ്രകടീഭാവമാണ്. നീ എന്നും ദിവ്യരൂപത്തിലുള്ളതും എന്നും പ്രകാശിക്കുന്നതുമായ സത്തയാണ്. ഞാൻ ഒരു ചെറിയ കുഞ്ഞാണെന്ന് എത്രകാലമാണോ നീ ചിന്തിക്കുന്നത് അത്രയും കാലം നീ ആത്മീയമായി അറിവില്ലാത്തവനാണ്. എന്നാൽ എപ്പോഴാണോ നീ പരമപുരുഷന്റെ ഒരു ഭാഗമാണെന്ന് തിരിച്ചറിയുന്നത് അപ്പോൾ നീ ആ പരമസത്തയായി മാറുന്നു. കളങ്കമറ്റവനായി (പരിശുദ്ധനായി) മാറുന്നു. (നിരഞ്ജനോസി) ജനങ്ങൾ ചെയ്യുന്ന തെറ്റുകൾ, കുറ്റകൃത്യങ്ങൾ, പാപങ്ങൾ എന്നിവയെല്ലാം അവരുടെ മനസ്സിൽ മുദ്ര കുത്തുന്നു. അതവരുടെ സംസ്കാരമായി മാറുന്നു. ഈ മുദ്രയെ അഞ്ജന എന്ന് സംസ്കൃതത്തിൽ

പറയുന്നു. അഞ്ജനം എന്നത് കണ്ണിലെഴുതുന്ന ഒരു കറുത്ത അടയാളമാണ്. എന്റെ പ്രിയ പുത്രാ നിന്റെ മനസ്സിൽ കറുത്ത അടയാളങ്ങളില്ല. നീ നിഷ്കളങ്കനാണ്. നീഒരുതരം പാപത്തിനും കീഴടങ്ങിയിട്ടില്ല. ''സംസാരമായാപരിവർജിതോസി.'' നീ ഈ ലൗകിക പ്രപഞ്ചത്തിൽ മിഥ്യയായ മായയുടെ വലയത്തിൽ പെടാതെ നില നിൽക്കുന്നു. നീ കൽമഷമില്ലാത്തതും ശുദ്ധവുമായ വ്യക്തിത്വത്തിന്റെ മൂർത്തിമദ്ഭാവമാണ്. ''സംസാര സ്വപ്നം ത്യജ മോഹനിദ്രാം.'' ഈ ലോകം എല്ലാറ്റനുമുപരി എന്താണ്? മനുഷ്യർ വിചാരിക്കും ഈ ലോകം യഥാർത്ഥമാണെന്ന്. എന്നാൽ കേവലമായ സത്തയിൽ അത് വെറുമൊരു സ്വപ്നമാണ്. അതിന് യഥാർത്ഥ നിലനിൽപ്പില്ല. അതുകൊണ്ടാണ് പ്രപഞ്ചത്തോടുള്ള ബന്ധത്തിന്റെ കാലയളവ് ചുരുക്കി സ്വപ്നങ്ങളുടെ വ്യാമോഹത്തിൽ നിന്ന് ഉണരാൻ ഞാൻ പറയുന്നത്. ''മദാലസോല്ലാപം ഉവാച പുത്രം''. ഇപ്രകാരമാണ് മദാലസ തന്റെ പുത്രനെ പഠിപ്പിച്ചത്.

മദാലസ ഇപ്രകാരം മകനെ പഠിപ്പിക്കുന്നതു കണ്ട രാജാവ് കുപിതനായി. തെറ്റായ രീതിയിൽ കുട്ടികളെ പഠിപ്പിക്കുന്നതിന് അവളെ കുറ്റപ്പെടുത്തി സംസാരിച്ചു. അവർ പരസ്പരം കലഹിക്കാൻ തുടങ്ങി. പ്രതിഷേധസൂചകമായി മദാലസ ചോദിച്ചു. വിവാഹസമയത്ത് നമ്മളുണ്ടാക്കിയ കരാർ മറന്നുപോയോ? കുട്ടികളുടെ വിദ്യാഭ്യാസത്തിന് എന്നെയാണ് ചുമതലപ്പെടു ത്തിയത്. ആ കരാർ താങ്കൾ ലംഘിച്ചു. ഞാനിനി അധികനേരം

നിങ്ങളോടൊപ്പം നിൽക്കുകയില്ല. അവൾ രാജാവിനെ ഉപേക്ഷിച്ചു പോയി. അധികനേരം കഴിയുന്നതിനു മുമ്പ് അവൾ ഗംഗയിൽ മുങ്ങി എന്നാണ് കഥ. രാജാവ് തന്റെ നാലാമത്തെ പുത്രന നല്ല വിദ്യാഭ്യാസം നൽകാൻ തീരുമാനിച്ചു. അയാൾ കുട്ടിക്ക് എനതു പേരാണ് നൽകിയതെന്നറിയാമോ? അയാൾ അവനെ 'അലർക' എന്നു വിളിച്ചു. അയാളുടെ അജ്ഞതക്ക് ഇതിൽപരം ഒരു തെളിവു വേണോ? സംസ കൃതത്തിൽ അലർക എന്ന വാക്കിനർത്ഥം ''ഭ്രാന്തൻനായ'' എന്നാണ്. രാജാവിന്റെ തെറ്റായ രീതിയിലുള്ള വിദ്യാഭ്യാസം കാരണം അലർക എല്ലാ വിധത്തിലും അധാർമ്മികനായി മാറി.

പല കഥകളിലും ചിത്രീകരിക്കുന്നതു പോലെ അലർക വേഗത്തിൽ തന്നെ രാജാവായി. അയൽപക്കത്തെ രാജാവ് അവന്റെ രാജ്യത്തെ ആക്രമിച്ചു. അലർകയെ പരാജയപ്പെടുത്തി രാജ്യം പിടിച്ചടക്കി. അയാൾക്ക് രാജ്യം വിടേണ്ടതായി വന്നു. അങ്ങേയറ്റം ദുഃഖിതനായ അവൻ, തന്റെ അമ്മ അവനെ പിരിയുമ്പോൾ അണിയിച്ച മോതിരത്തെക്കുറിച്ചോർത്തു. ഏറ്റവും വലിയ ആപത്തിലകപ്പെടുമ്പോൾ ഈ മോതിരം അടിച്ച് തുറക്കാനും അതിലെഴുതിയ ഉപദേശം വായിക്കാനും പറഞ്ഞത് ഓർമ്മ വന്നു. ഇതാണ് അതിനു പറ്റിയ നല്ല സന്ദർഭമെന്ന് രാജാവ് ഓർത്തു. ധാരാളം നിർദ്ദേശങ്ങൾ അടങ്ങിയ ഒരു കടലാസുകഷണം മോതിരത്തിനുള്ളിൽ അയാൾ കണ്ടു. എല്ലാ വിധ കൂട്ടുകെട്ടുകളും ഒഴിവാക്കുക. അതിനു പറ്റിയില്ലെങ്കിൽ

നല്ല ആളുകളുടെ കൂട്ടുകെട്ട് മാത്രം നിലനിർത്തുക. എല്ലാവിധത്തിലുമുള്ള ആഗ്രഹങ്ങളും ഒഴിവാക്കുക. അതിനു കഴിയുന്നില്ലെങ്കിൽ ഒരാഗ്രഹത്തെ മാത്രം പരിപോഷിപ്പിക്കുക. മോക്ഷത്തിനു വേണ്ടിയുള്ള ആഗ്രഹം. അലർക എല്ലാം ഉപേക്ഷിക്കാൻ തീരുമാനിച്ചു. ഒരു ആദർശശാലിയെ അന്വേഷിച്ചിറങ്ങി. അയാളുടെ അന്വേഷണം അയാളെ വക്രേശ്വരന്റെ അടുത്തെത്തിച്ചു. ബിർഭും ജില്ലയുടെ പടിഞ്ഞാറു ഭാഗത്തായിരുന്നു ആ സ്ഥലം. (ഇന്നത്തെ പടിഞ്ഞാറൻ ബംഗാൾ). അവിടെ ഏറ്റവും ഉന്നതനായ അഷ്ടാവക്രൻ തപസ്സനുഷ്ഠിക്കുന്നുണ്ടായിരുന്നു. അവിടെ ചില ഉഷ്ണ ജലപ്രവാഹങ്ങൾ ഉണ്ടായിരുന്നു. ഉപദേശം അന്വേഷിച്ചു വന്ന അലർക സന്യാസിയോട് കുറെ സംശയങ്ങൾ ചോദിച്ചു. അലർകയുടെ ചോദ്യങ്ങളും അഷ്ടാവക്രന്റെ ഉത്തരങ്ങളും അടിസ്ഥാനമാക്കി അഷ്ടാവക്രസംഹിത എന്ന പുസ്തകമുണ്ടായി. അത് രാജയോഗത്തിന്റെ ഭാഗമായി മാറി.

ഒരുയർന്ന യോഗി എന്ന നിലയിൽ അലർകയുടെ പ്രശസ്തി ബഹുദൂരം വ്യാപിച്ചു. തന്റെ രാജ്യം കീഴടക്കിയ രാജാവ് സാമ്രാജ്യം തിരിച്ചെടുക്കാൻ അലർകയോട് അപേക്ഷിച്ചു. മദാലസയുടെ മക്കളാണ് ആദ്യമായുണ്ടായ സന്യാസി സമൂഹം. അവരാണ് ആദ്യത്തെ ആത്മീയ പ്രഭാഷകരും ജനങ്ങളെ ആത്മീയ പാതയിലേക്ക് നയിച്ചവരും. അലർകയോട് തിരിച്ചു വന്ന് ഈ കിരീടം തിരിച്ചെടുത്താലും എന്ന് രാജാവ് അപേക്ഷിച്ചു. എന്നാൽ അലർക അത്

നിരസിച്ചു. എനിക്ക് ഈ ലോകത്ത് ധർമ്മപ്രചരണം നടത്തുവാനുള്ള തിരക്കുണ്ട്. ഞാൻ സമൂഹത്തെ സേവിക്കാൻ കടപ്പെട്ടവനാണ്. അതുകൊണ്ട് രാജകീയ ഭരണത്തിൽ ഇടപെടാൻ എനിക്കൊട്ടും സമയമില്ല. ഇതാണ് മദാലസയുടെ കഥ.

പുരാതന സ്ത്രീകൾ ആത്മീയ രംഗത്ത് വികാസം പ്രാപിച്ചവരായിരുന്നില്ല എന്നതിന ശരിയെന്നു തോന്നുന്ന യാതൊരു തെളിവുമില്ല. മറിച്ച് അവർ വളരെയധികം മുന്നേറിയവരായിരുന്നു. ശില്പ വിഷയകമായും സാഹിത്യസംബന്ധിയായുമുള്ള ചിത്രീകരണമനുസരിച്ച് ഒരു കാലത്തും സ്ത്രീകൾ ഒരു കാര്യത്തിലും അവികസിതരാണെന്ന് പറയാൻ സാധിക്കുകയില്ല. അപ്രകാരം പറയുകയാണെങ്കിൽ അത് പ്രത്യക്ഷമായും തെറ്റാണ്. ബുദ്ധന്റെ കാലത്ത് ധാരാളം സ്ത്രീകൾ വളരെയധികം പുരോഗതി പ്രാപിച്ചവരായിരുന്നു. എന്തുതന്നെയായിരുന്നാലും ഇന്നത്തെ സ്ത്രീകൾ അന്നത്തെ സ്ത്രീകളേക്കാൾ വളരെ കുറഞ്ഞ വികാസം പ്രാപിച്ചവരാണ്. എന്നാൽ പണ്ട് സ്ത്രീകളുടെ അവകാശങ്ങൾ പലതും കുറച്ചുകളയുന്ന അവസ്ഥയുണ്ടായിരുന്നു. അതിന് ഭേദഗതി വരുത്തേണ്ടിയിരിക്കുന്നു. ആനന്ദമാർഗ്ഗത്തിൽ സ്ത്രീകൾക്ക് പുരുഷന്മാരോടൊപ്പം തുല്യ അവകാശം നൽകപ്പെട്ടിരിക്കുന്നു. അതിനാൽ പുരുഷന്മാരോടൊപ്പം തന്നെ സ്ത്രീകളും തുല്യവേഗത്തിൽ ആത്മീയ പാതയിൽ വികസിക്കുമെന്ന് നമുക്ക് പ്രത്യാശിക്കാം. എന്തുകൊണ്ടാണ് സ്ത്രീകൾ

പിന്നിലാകുന്നതെന്നതിന് ന്യായീകരിക്കത്തക്ക കാരണങ്ങളൊന്നും ഞാൻ കാണുന്നില്ല.

27 ഡിസംബർ , 1978 കൽക്കത്ത

ഉള്ളടക്കം

അധ്യായം 7

# ഭൈരവനും ഭൈരവിയും

## Bhaerava and Bhaeravii

ഇന്ന് ഞാൻ തന്ത്രത്തിന്റെ ചരിത്രവും, അതെന്തു കൊണ്ടാണ് മിക്കവാറും നഷ്ടപ്പെട്ടതെന്നും വിവരിക്കാം. മഹാപ്രഭുവായ ശിവനാണ് ഈ ഭൂഗോളത്തിലെ ആദ്യത്തെ താന്ത്രികനെന്ന് (മഹാകൗളൻ) നിങ്ങൾക്കെല്ലാമറിയുമല്ലൊ? അദ്ദേഹത്തിന്റെ ദൗത്യം ‘‘കുർവന്തു വിശ്വം താന്ത്രികം’’ എന്നതായിരുന്നു. അതായത് ഈ ലോകത്തിലെ എല്ലാ ജനങ്ങളേയും താന്ത്രികാരാധനയിലേക്ക് കൊണ്ടുവരിക എന്നതായിരുന്നു. ഒരു താന്ത്രികനെന്നാൽ എതിരിടുന്ന ശക്തികളെ നേരിട്ട് തോൽപ്പിക്കുകയും മാർഗ്ഗ മധ്യേ തടസ്സങ്ങളെ നേരിട്ട് പുരോഗതിയിലേക്ക്

നയിക്കുകയും ധർമ്മോപദേശ ത്തിലൂടെയും സുവിശേഷങ്ങളിലൂടെയും വിശ്വമാനവികതയിലേക്ക് നയിക്കുന്നവനെന്നുമാണ്. അത്തരം മനുഷ്യർ ജീവിച്ചിരിക്കുന്ന എല്ലാ ജീവജാലങ്ങളിലും വെച്ച് ഉന്നതരാണ്. അവരത് പ്രവൃത്തികൊണ്ട് തെളിയിക്കുന്നു. അല്ലാതെ താത്വികമായോ സദാചാര തത്വങ്ങളിലൂടെയോ വെറും വാക്കുകളിലൂടെയോ അല്ല.

മാനവ സംസ്കാരത്തിന്റെ ആദ്യദിശയിൽ, വ്യത്യസ്ത സമുദായങ്ങൾ തമ്മിൽ ധാരാളം സംഘർഷങ്ങളും പിളർപ്പുകളും ഉണ്ടായി. ഇന്നുള്ളതിലും എത്രയോ അധികമായിരുന്നു അത്. അതുകൊണ്ടുതന്നെ താരതമ്യേന മനുഷ്യർ മലകൾക്കു മുകളിൽ താമസിക്കുന്നത് കൂടുതൽ സുരക്ഷിതമാണെന്ന് കരുതി. പിന്നീട് സംസ കാരത്തിൽ മാറ്റം വന്നതിനനുസരിച്ച് അവർ സമതലത്തിലേക്ക് താമസം മാറ്റുകയും ചെറിയ മരങ്ങൾക്കിടയിലും കാട്ടിലും താമസിക്കാൻ തുടങ്ങുകയും ചെയ്തു. എന്നാൽ അക്കാലത്ത് മലകളിലുള്ള ഗുഹകളിൽ കിടന്നുറങ്ങുകയും ഗുഹാമുഖം ഉരുളൻ കല്ലുകളാൽ അടക്കുകയും ചെയ്തു. അഗ്നി കണ്ടുപിടിക്കപ്പെട്ടിരുന്നില്ല. അതിനാൽ അവർക്ക് താവളത്തിനു ചുറ്റും, ഗുഹയിലും കാട്ടിലും അഗ്നി ജ്വലിപ്പിച്ച് രക്ഷപ്പെടാൻ കഴിയുമായിരുന്നില്ല. അഗ്നി വളരെക്കഴിഞ്ഞാണ് കണ്ടുപിടിക്കപ്പെട്ടത്.

ജനങ്ങൾ മലമുകളിൽ കൂട്ടമായി താമസിക്കുന്നതിനെ ഗോത്രം എന്ന് വൈദിക സംസ കൃതത്തിൽ പറയാൻ തുടങ്ങി. അതുകൊണ്ട് ഒരു പ്രത്യേക വ്യക്തി മലയിൽ താമസിക്കുന്നുവെങ്കിൽ; ഉദാഹരണമായി രാമനാണെങ്കിൽ രാമഗോത്രം എന്നു വിളിക്കാൻ തുടങ്ങി. അതേപോലെ ശ്യാമ ജീവിച്ചിരുന്നകുന്നിന ശ്യാമഗോത്രമെന്നും അവിടെ ജീവിക്കു ന്നവരെ അതേഗോത്രത്തിൽ തന്നെ അറിയപ്പെടുന്നു. സാമൂഹ്യപുരോഗതിയുടെ ആദ്യഘട്ടത്തിൽ ഈ രീതിയായിരുന്നു പിൻതുടർന്നു വന്നത്. അതിനുമുൻപ് ഓരോ മലയും ഭരിച്ചിരുന്നത് ഗോത്രമാതാവായിരുന്നു. ഓരോ ഗോത്രത്തിലെ അംഗവും പരിചയപ്പെടുത്തുന്നത് അവരുടെ ഗോത്രം ഭരിക്കുന്ന സ്ത്രീയുടെ പേരിലായിരുന്നു. അന്ന് ഗോത്രം അഥവാ ജാതിവ്യവസ്ഥ ആധികാരികമായ വിശ്വാസമായി മാറിയിരുന്നു.

പിന്നീട് ഞാൻ സൂചിപ്പിച്ചതു പോലെ സമുദായങ്ങൾ ഋഷിമാരാൽ ഭരിക്കപ്പെട്ടു. അത്തരം സമുദായങ്ങൾ ഭരിക്കുന്ന കുന്നുകൾ ഋഷിമാരുടെ പേരിൽ അറിയപ്പെടാൻ തുടങ്ങി. കാശ്യപ മുനിയാണ് ഒരു കുന്നിലെ സമൂഹത്തെ ഭരിക്കുന്നതെങ്കിൽ അതിനെ കാശ്യപഗോത്രം എന്നു പറയാൻ തുടങ്ങി. അതുപോലെ ഭരദ്വാജനാണെങ്കിൽ ഭരദ്വാജഗോത്രം എന്നും അറിയാൻ തുടങ്ങി. അങ്ങനെ നേരത്തെ അമ്മ വഴിയുണ്ടായിരുന്ന സമ്പ്രദായം മാറി, ഗോത്ര സമ്പ്രദായത്തിന്റെ ആധിപത്യം നിലവിൽ വന്നു.

ഒരേ മലയിൽ പൊതുവായ ഗോത്രാധിപന്റെ കീഴിൽ താമസിക്കുന്നവർ പരസ്പരം സഹോദരീ സഹോദരന്മാരെ പോലെ ജീവിച്ചു. എന്നിരുന്നാലും വിവിധ ഗോത്രങ്ങൾ തമ്മിലുള്ള ഭയങ്കരമായ കലഹം കാരണം അടുത്ത മലയിലുള്ള സമുദായാംഗങ്ങളെ കടുത്ത ശത്രുക്കളായി പരിഗണിക്കപ്പെട്ടി രുന്നു. ദാമ്പത്യജീവിതസംബന്ധമായ ബന്ധങ്ങൾ അക്കാലത്ത് അധികമൊന്നും വികസിച്ചിരുന്നില്ല. എപ്പോഴാണ് ഒരു ഗോത്രം അടുത്തുള്ള മറ്റൊരു ഗോത്രത്തെ യുദ്ധത്തിൽ പരാജയപ്പെടു ത്തുന്നത് , അപ്പോൾ പരാജയപ്പെട്ട ഗോത്രത്തിലെ സ്ത്രീകളെ കൈകൾ ബന്ധിച്ച് ബലമായി വലിച്ചുകൊണ്ടുപോകുമായിരുന്നു. അവരെ വീട്ടുവേലക്കാരികളായി പരിഗണിക്കുമായിരുന്നു. പരാജിതരായ പുരുഷന്മാരെ അടിമകളായി ഉപയോഗിക്കുമാ യിരുന്നു. ഇക്കാലം വരെ അമ്മ മകനോട് വിവാഹത്തെ പറ്റി സംസാരിക്കുന്ന സമ്പ്രദായം ഇല്ലായിരുന്നു. എവിടേക്കു പോകുന്നു. അവൻ മറുപടി പറയുന്നു. ഞാൻ നിങ്ങൾക്ക് ഒരു വീട്ടുവേലക്കാരിയെ കൊണ്ടുവരാൻ പോകുന്നു. അതു നടക്കുന്നത് ജയിച്ച ഗോത്രം, പരാജയപ്പെട്ട ഗോത്രത്തിലെ സ്ത്രീകളെ സ്വന്തം മലകളിലേക്ക് കൊണ്ടുപോകുമ്പോഴാണ്. ആരെയെങ്കിലും കെട്ടാൻ ഒരു കയറോ ചങ്ങലയോ ആവശ്യമാണ്. ഇതിനെ 'ഗാട്ചരറ' എന്നു പറയുന്നു. സ്ത്രീകളെ തിരികെ കൊണ്ടുവരുന്നത് കണങ്കൈകൾ ചങ്ങലകളാൽ ബന്ധിച്ചാണ്. അല്ലെങ്കിൽ അവർ ഓടിപ്പോകും. ഇന്ന്

വിവാഹിതരായ സ്ത്രീകൾ ധരിക്കുന്ന ഇരുമ്പുവളകൾ അന്നത്തെ അടിമത്തത്തിന്റെ പ്രതീകമായിട്ടാണ്. അന്ന് സ്ത്രീകളും യുദ്ധം ചെയ്തിരുന്നു. അവർക്ക് പലപ്പോഴും തലക്കു അടിയേൽക്കുകയും ഗുരുതരമായ പരിക്കേൽക്കുകയും ചെയ്യുമായിരുന്നു. അവരുടെ തലയോട് പൊട്ടി നെറ്റിയിലൂടെ രക്തം ഒലിക്കുന്നതിന്റെ പ്രതീകമായിട്ടാണ് ഇന്ന് നെറ്റിയിൽ സിന്ദൂരം അണിയുന്നത്. വിവാഹിതയായ സ്ത്രീ ഇന്ന് തിരിച്ചറിയുന്നത് നെറ്റിയിലണിയുന്ന സിന്ദൂരം നോക്കിയാണ്. ഇന്ന് സിന്ദൂരം അണിയുന്നതും പണ്ട് അണിഞ്ഞിരുന്നതും തമ്മിൽ വളരെ വ്യത്യാസമുണ്ട്. നിർഭാഗ്യവശാൽ ഇന്ന് അത് ആധികാരികമായ ഒരു വിശ്വാസമായി മാറി.

ആനന്ദമാർഗ്ഗത്തിൽ സിന്ദൂരം ഒരലങ്കാരമായി തെരഞ്ഞെടുക്കാനുള്ള അവകാശം ഞാൻ നൽകിയിട്ടുണ്ട്. ചില സ്ത്രീകൾ പ്ലാസ്റ്റിക് വളകൾ (ചൂരി) അണിയാൻ താൽപര്യപ്പെടുന്നു. മറ്റു ചിലർ ഇരുമ്പുവളകൾ (ബല) അണിയാൻ ഇഷ്ടപ്പെടുന്നു. ഞാൻ ഇത്തരം ആഭരണങ്ങൾ അണിയുന്നത് തടയുന്നില്ല. അതുപോലെ തന്നെ ആരെങ്കിലും സിന്ദൂരം നെറ്റിത്തടത്തിൽ ഉപയോഗിക്കുന്നുവെങ്കിൽ എനിക്കതിനെതിരെ ഒന്നും പറയാനില്ല. കാരണം അതും അലങ്കാരത്തിന്റെ ഭാഗമാണ്. സിന്ദൂരമണിയാനാഗ്രഹിക്കുന്നവർക്ക് അപ്രകാരം ചെയ്യാം. സിന്ദൂരം അണിയുന്നതിനു പിന്നിലെ ശരിയായ കാരണം വ്യക്തമായെന്ന് കരുതുന്നു.

ഇന്നും സ്ത്രീകൾ ഇരുമ്പുവളകൾ കണങ്കയ്യിൽ ധരിച്ച് അടിമത്തത്തിന്റെ അപമാനം സഹിക്കുന്നു. അങ്ങനെ അവർ പരാജിതർ എന്ന തോന്നൽ ഉണ്ടാക്കുന്നു. അവരിപ്പോവും രക്തച്ചൊരിച്ചിലിന്റെ അടയാളമായ സിന്ദൂരം ഉപയോഗിക്കുന്നു. വിവാഹശേഷം അവരുടെ വസ്ത്രങ്ങൾ വരന്റെ വസ്ത്രങ്ങളുമായി ബന്ധിപ്പിക്കുന്നു. വധുവിനെ നിർബന്ധപൂർവ്വം പിടിച്ചുകൊണ്ടുപോകുകയാണെന്ന് ഇത് സൂചിപ്പിക്കുന്നു. വിവാഹത്തിന പുറപ്പെടുമ്പോൾ വരൻ തന്റെ അമ്മയോട് പലപ്പോഴും ഇപ്രകാരം പറയുന്നു. ഞാൻ അമ്മക്കു വേണ്ടി ഒരു വേലക്കാരിയെ കൊണ്ടുവരാൻ പോകയാണ്. എന്തസംബന്ധം. ആരും ആരുടേയും അടിമയല്ല. എത്രയോ മുൻപു തന്നെ അടിമത്ത സമ്പ്രദായം ഇല്ലാതാക്കിയതാണ്. നിങ്ങൾ ചരിത്രത്തിന്റെ സത്യസന്ധമായ വസ്തുതകൾ അറിഞ്ഞിരിക്കണം. ഇത്തരം ആധികാരികമായ വിശ്വാസങ്ങളെ എതിർക്കണം.

ആ കാലത്ത് ഇന്ത്യയിൽ പ്രധാനമായും മൂന്ന് വംശീയ വിഭാഗങ്ങൾ ഉണ്ടായിരുന്നു. ആസ്ട്രിക്, മംഗോളിയൻ, ആര്യൻ. തെക്കെ ഇന്ത്യയിൽ ഈ മൂന്ന് വിഭാഗങ്ങളും കൂടിക്കലർന്ന് ഒന്നായി. കറുത്ത ദേഹപ്രകൃതിയുള്ള ആര്യന്മാരല്ലാത്ത ആസ്ട്രിക്കുകളാണ് ഇന്ത്യയിലെ ശരിയായ വിഭാഗക്കാർ. അതുകൊണ്ട് ഇന്നത്തെ ജനസംഖ്യയിൽ കൂടുതലും ആസ്ട്രിക രക്തത്തിൽ പെട്ടവരാണ്. ബംഗാളികൾ ഈ മൂന്ന് വിഭാഗക്കാരുടേയും

മിശ്രിതമാണ്. അതുകൊണ്ട് അവർ ചില പ്രത്യേക പാതകൾ വികസിപ്പിച്ചെടുക്കുകയും അതുവഴി അവർ ബംഗാളിയാണെന്ന് എളുപ്പത്തിൽ ഊഹിച്ചെടുക്കാൻ സാധിക്കുകയും ചെയ്തു. അവരുടെ ശരീര പ്രകൃതവും മാനസികാവസ്ഥയും ചില പ്രത്യേക രക്തസങ്കലനത്തിന്റെ ഭാഗമാണ്. സമ്മിശ്രമായ രക്തമുള്ള ഈ വിഭാഗക്കാർ പൊതുവായി വളരെ ബുദ്ധിമാന്മാരായിരുന്നു. അക്കാര്യത്തിൽ ബംഗാളികളും വ്യത്യസ്തരായിരുന്നില്ല. അവർ ബുദ്ധമാന്മാർ എന്ന പോലെ തന്നെ അവർക്ക് മനശ്ശാസ്ത്രപരമായ ചില പ്രത്യേകതകളും ഉണ്ടായിരുന്നു. അത് അവരെ നൈസർഗ്ഗികമായ ബംഗാളി എന്ന പേരിനർഹരാക്കി. അവർ ഒരു കായിക മത്സരങ്ങളിലും പങ്കെടുത്തില്ലെങ്കിലും, കായികമായ സ്വപക്ഷാസാധനായിരുന്നു. സംഗീതനാടക തിയേറ്ററുകൾ അവർക്കിഷ്ടമായിരുന്നു. അതുപോലെ ദൃശ്യകലകളും പൊതുവായി ഇഷ്ടമായിരുന്നു. ഇത്തരം മാനസികമായ പ്രത്യേകതകൾ കാരണം അവർ വ്യത്യസ്തമായ വർഗ്ഗീയ വിഭാഗങ്ങളുടെ ഏകീകരണത്തി നിടയാക്കി.

ശിവന്റെ കാലഘട്ടത്തിൽ ഈ മുന്നൂ വംശീയ വിഭാഗങ്ങളും കൂടിക്കലർന്നു. അതിൽ ഒന്നാണ് ''ആസ്ട്രിക് വിഭാഗം.'' പരമ്പരാഗതമായി കറുത്തവർണ്ണമുള്ള ആര്യന്മാരല്ലാത്ത വിഭാഗം. രണ്ടാമത്തേത് ''മംഗോളിയൻ'' വിഭാഗക്കാരായിരുന്നു. അവർ വടക്കു ഭാഗത്തു നിന്ന് അതായത് തിബത്തിൽ നിന്നും ചൈനയിൽ നിന്നും വന്നവരാണ്.

മൂന്നാമത്തേത് ‘‘ആര്യന്മാർ’’. വെളുത്ത വർണ്ണമുള്ള ഇവർ പടിഞ്ഞാറുഭാഗത്തു നിന്നും ഇന്ത്യയിൽ വന്നവരാണ്. ആര്യന്മാർ വീണ്ടും മൂന്നു വിഭാഗങ്ങളായി മാറി. ഏറ്റവും വടക്കുള്ളവർ ‘‘നോർഡിക്’’ വിഭാഗക്കാർ. അവരുടെ നിറം ചുവപ്പു കലർന്ന വെളുപ്പു നിറമായിരുന്നു. അവരുടെ മുടി ചെമ്പൻ ആയിരുന്നു. കൺപോളകൾ ചുവപ്പു കലർന്നതായിരുന്നു. രണ്ടാമത്തേത് ‘‘ആൽപൈൻ’’ വിഭാഗക്കാരായിരുന്നു. വെള്ള മുടിയും നീല കലർന്ന കൺപോളകളും നിറം ശ്വേതരക്ത വർണ്ണം കലർന്ന വെളുപ്പുമായിരുന്നു. മൂന്നാമത്തേത് ‘‘മെഡിറ്ററേനിയൻ’’ വിഭാഗക്കാരായിരുന്നു. അവരുടെ നിറം പാലുപോലെ വെളുത്തതായിരുന്നു. കറുത്ത മുടിയും കറുത്ത കൺപോളകളുമായിരുന്നു. ഇന്ത്യയിൽ സ്ഥിരതാമസമാക്കിയ ആര്യന്മാരധികവും മെഡിറ്ററേനിയൻ വിഭാഗത്തിൽ നിന്നും വന്നവരായിരുന്നു.

ഇന്ത്യയിൽ ഒന്നിച്ചു കൂടിയ ഈ മൂന്നു വിഭാഗക്കാർക്കിടയിൽ പൊതുവായ യോജിപ്പില്ലായ്മയുണ്ടായിരുന്നു. അത് വിവിധ മലകളിൽ കേന്ദ്രീകരിച്ച വിഭാഗങ്ങൾക്കിടയിൽ കുടിപ്പകയും സംഘട്ടനങ്ങളും പതിവാക്കി. അക്കാലത്ത് വിവാഹപ്പാർട്ടികൾ കുതിരപ്പുറത്ത് ആയുധ സജ്ജരായി എതിരാളികൾ താമസിക്കുന്ന മലയിൽ പോയി ബലമായി പെണ്ണിനെ പിടിച്ചു കൊണ്ടുവരാൻ പുറപ്പെടുകയും കൃത്രിമസംഘട്ടനങ്ങൾ സൃഷ്ടിച്ച് വധുവിനെ

കൊണ്ടുവരികയും ചെയ്യുന്നുണ്ട്. സംഘനേതാവിനെ അതായത് വരനെ ബരോ എന്ന് വിളിക്കുന്നു. സംസകൃതത്തിൽ അതിന്റെ അർത്ഥം കുറെപ്പേരിൽ ഏറ്റവും മുൻപൻ എന്നാണ്. കാരണം ആ ദിവസത്തിൽ അവനാണ് ഏറ്റവും പ്രധാന വ്യക്തി.

ശിവന്റെ കാലഘട്ടത്തിൽ, മലകളിൽ വസിക്കുന്ന ഗോത്രങ്ങൾ തമ്മിലുള്ള പ്രബലമായ വംശീയ സംഘട്ടനം രൂക്ഷമായിരുന്നു. ശിവൻ പരസ്പരം പോരാടുന്ന ഈ മൂന്നു വിഭാഗങ്ങൾക്കിടയിൽ സൗഹൃദം വളർത്തിയെടുക്കാൻ വളരെയധികം പ്രയത്നിച്ചു. ഇത്തരം സൗഹൃദങ്ങൾ വളർത്തിയെടുത്തില്ലെങ്കിൽ മനുഷ്യത്വത്തിന്റെ ഭാവി ഇരുളടഞ്ഞതായിരിക്കുമെന്ന് ശിവന മനസ്സിലായി. മഹാഭാരതം (Great India) വികസിപ്പിച്ചെടുക്കാൻ ശ്രീകൃഷ്ണൻ എല്ലാ ജനങ്ങളേയും ഒന്നിപ്പിക്കാൻ ശ്രമിച്ചതുപോലെ ശിവനും പരസ്പരം പോരാടുന്ന ഈ മൂന്നു വിഭാഗക്കാരെ ഒന്നിപ്പിക്കാൻ ശ്രമിച്ചു. ജനങ്ങൾ അവരുടെ വർഗ്ഗീയപരമായ പോരാട്ടങ്ങൾ തുടർന്നു പോവുകയാണെങ്കിൽ, തന്റെ ഉദാത്തമായ ആത്മീയാരാധനാ സമ്പ്രദായവും അതിവിശ്ഷ്ഠമായ പ്രത്യയശാസ്ത്രവും ഭാവിതലമുറക്ക് കൈമാറ്റം ചെയ്യപ്പെടാൻ സാധ്യതയില്ലെന്നും ശിവൻ വിചാരിച്ചു.

അന്ന് ബഹുഭാര്യത്വം നിലനിന്നിരുന്നു. ശിവനും മൂന്നു പത്നിമാരുണ്ടായിരുന്നു. പാർവ്വതി എന്നു പേരുള്ള ആര്യവിഭാഗത്തിലെ പെൺകുട്ടി. കാളി എന്ന ആസ്ട്രികോ മംഗോളോ നീഗ്രോയ്സ് പെൺകുട്ടി. ഗംഗ എന്നു പേരുള്ള മംഗോളിയൻ സ്ത്രീ. ഇതെല്ലാം

മൂന്നു വിഭാഗക്കാർ തമ്മിലുള്ള സൗഹൃദം തിരിച്ചു കൊണ്ടുവരാനായിരുന്നു. ഈ മൂന്നു പത്നിമാരുടെ സഹായത്തോടെ ശിവൻ ധർമ്മത്തിന്റെ സവിശേഷതകൾ പ്രചരിപ്പിച്ചു. അതോടൊപ്പം തന്ത്രത്തിന്റെ പരിശീലനവും നടത്തി. ഈ മൂന്നു വിഭാഗങ്ങളും ശിവനെ ദൈവമായി അംഗീകരിച്ചിരുന്നു എന്നത് വലിയ നേട്ടമായിരുന്നു. വളരെക്കാലങ്ങൾക്കുശേഷം ബുദ്ധമതക്കാരും ജൈനന്മാരും ശിവനെ ദൈവമായി അംഗീകരിച്ചു. ശിവൻ എല്ലാ വിഭാഗക്കാരേയും യോജിപ്പിക്കാൻ പരിശ്രമിച്ചിരുന്നു. ബാതുക ഭൈരവ എന്നറിയപ്പെടുന്നതും ഇതേ ശിവൻ തന്നെയാണ്. ബടുക എന്ന വാക്കിൽ നിന്നുമാണ് ബുറ, ബുറോ, ബറുവ, ബുറോശിവ് എന്നീ വാക്കുകൾ ഉണ്ടായത്.

ബംഗാളിലെ മിക്ക പട്ടണങ്ങളിലും നിങ്ങൾ ‘‘ബുറോശിവ്തലാ’’ എന്ന ആളുകളെ കണ്ടുമുട്ടും. ബുറോഷിവ് എന്നത് ബുദ്ധമതത്തിലെ ശിവനാണ്. കൽക്കത്തെയിൽ ബുരോഷിവ്തലക്കു ചുറ്റുമുള്ള സ്ഥലം ബുറോ ബജാർ എന്നറിയപ്പെടുന്നു. മാവാറിൽ നിന്നുള്ള ധാരാളം ആളുകൾ അവിടെ സ്ഥിര താമസമാക്കി. അത് പിന്നീട് സമ്പന്നമായ കമ്പോളമായി മാറി. അതിനെ ബറാബാജാർ എന്ന് തെറ്റായി വിളിക്കാൻ തുടങ്ങി. തീർച്ചയായും, ബംഗാളിലെ പല നഗരങ്ങളിലും വലിയ കമ്പോളങ്ങൾ ഉണ്ടെങ്കിലും കൽക്കത്തെയിലെ ഈ ബാറാബജാർ വലിയ കമ്പോളം എന്നർത്ഥമാക്കുന്നില്ല. അത്

ബുറോശിവക്ഷേത്രത്തിന ചുറ്റുമുള്ള കമ്പോളമായിരുന്നു.

അദ്ദേഹം പഠിപ്പിക്കുന്ന ഉന്നതവും ശ്രേഷ്ഠവുമായ ആദർശങ്ങൾ പ്രചരിപ്പിക്കാൻ ശരിയായ മാധ്യമങ്ങൾ ആവശ്യമാണെന്ന് ശിവൻ പിന്നീട് മനസ്സിലാക്കി. ‘‘തോമാർ പതാകാ യാരേ ദാഓ താരേ വഹിവാരേ ദാഓ ഷകതി’’. നിങ്ങൾ പതാക ചുമക്കാനേൽപ്പിച്ച ആൾക്ക് ആവശ്യമായ ശക്തി നൽകൂ. അല്ലെങ്കിൽ ഇത്രയും വിജ്ഞാനവും, വിവേകവും, ബുദ്ധിശക്തിയും, അഗാധമായ ആത്മീയാരാധനയും ആർക്കാണ് ചെയ്തു തീർക്കാൻ സാധിക്കുക? അയോഗ്യരായ ആളുകൾക്ക് ഒന്നിന്റേയും പാരമ്പര്യം അവകാശപ്പെടാനാവില്ല. ഞാൻ ഏതെങ്കിലും അയോഗ്യനായ അഥവാ അനഭിലഷണീയമായ വ്യക്തിയെ എന്തെങ്കിലും പഠിപ്പിക്കാൻ ശ്രമിച്ചാൽ അതൊരിക്കലും ഫലപ്രദമാവില്ല. അത് വ്യർത്ഥവുമാവുന്നു. മൈന എന്ന പക്ഷിയെ പോലെ സംസാരിക്കാൻ ഒരു കൊക്കിനെ ആയിരം തവണ പരിശീലനം നൽകിയാലും അതൊരിക്കലും ഫലപ്രദമാവില്ല. ഇതിനെ പറ്റി ശിവൻ എന്താണ് ചെയ്തത്? പാർവ്വതിക്ക് ഭൈരവൻ എന്നു പേരുള്ള ഒരു പുത്രനും കാളിക്ക ഭൈരവി എന്ന ഒരു പുത്രിയും ഉണ്ടായിരുന്നു. ശിവൻ തലയോട്ടി ഉപയോഗിച്ചു കൊണ്ടുള്ള കാപാലികസാധന, താന്ത്രിക് സാധന ഭൈരവനെ പഠിപ്പിച്ചു. അതോടൊപ്പം താണ്ഡവനൃത്തവും. അതിനുശേഷം താന്ത്രികപരിശീലനം പഠിച്ച എല്ലാ

ആളുകളേയും ഭൈരവൻ എന്ന പേര് ചേർത്ത് വിളിക്കാൻ തുടങ്ങി. അവർക്ക് രാമൻ, ശ്യാം, ടോം, ഡിക് തുടങ്ങിയുള്ള സ്വന്തം പേരുകൾ നഷ്ടമായി. എന്നാലവർ ശിവഗോത്രം എന്ന പേരിൽ അറിയപ്പെടാൻ തുടങ്ങി. നിങ്ങളെല്ലാവരും എന്റേതാണെന്ന് ശിവൻ പ്രഖ്യാപിച്ചു. ഏതു മലകളിൽ വസിക്കുന്ന ഗോത്രമാണെങ്കിലും നിങ്ങൾ എന്റെ സ്വന്തമാണ്. ഞാൻ നിങ്ങളെ പറ്റി നല്ല ചിന്തകൾ മാത്രം ഉണ്ടാക്കും. നിങ്ങളുടെ പൊതുവായ ക്ഷേമത്തെ പറ്റി ഞാൻ ചിന്തിക്കും. നിങ്ങളുടെ ക്ഷേമത്തിനു വേണ്ടി ഞാൻ പ്രവർത്തിക്കും. തനിച്ചും കൂട്ടായും സുരക്ഷിതരായി വരൂ. ഭയമില്ലാതെ വരൂ. നിങ്ങളുടെ ആവശ്യങ്ങൾ അറിയിക്കൂ. ഞാൻ നിങ്ങളെ സഹായിക്കും.

"ആത്മ ഗോത്രം പരിത്യജ്യ ശിവഗോത്രം പ്രവിശതു" (നിങ്ങളുടെ ഗോത്രം പഠിച്ചു കൊണ്ട് തന്നെ ശിവഗോത്രത്തിൽ പ്രവേശിക്കൂ).

ആരെല്ലാമാണോ ആത്മീയ വാദികൾ അവരെല്ലാം സ്വന്തം ഗോത്രം ഉപേക്ഷിച്ച് ശിവഗോത്രത്തിൽ ചേർന്നു. ആനന്ദമാർഗ്ഗത്തിൽ പ്രത്യേകം പ്രത്യേകം ഗോത്രങ്ങളെ തിരിച്ചറിയുവാൻ സാധിക്കുകയില്ല. എല്ലാവരും ശിവഗോത്രത്തിൽ പെട്ടവരാണ്. വിവാഹവേളയിൽ വരനും വധുവും തമ്മിൽ മൂന്നു തലമുറകൾക്ക് മുൻപും മൂന്ന് തലമുറകൾക്ക് പിൻപും യാതൊരു വിധത്തിലുള്ള ബന്ധവും ഇല്ലെന്ന് ഞാൻ നേരത്തെ സൂചിപ്പിച്ചു. ഈ വ്യവസ്ഥ

ചടങ്ങുകളോടൊപ്പം പാലിച്ചില്ലെങ്കിൽ വിവാഹം ആഘോഷിക്കാനാവില്ല.

ആനന്ദമാർഗ്ഗത്തിൽ ജാതിയില്ല. മനുഷ്യരെ ക്ഷത്രിയഗോത്രം, ഭരദ്വാജ ഗോത്രം തുടങ്ങിയ വിഭാഗത്തിൽ പെടുത്തി പറയുന്നത് നിരർത്ഥകമാണെന്ന് ഞാൻ നേരത്തെ പറഞ്ഞു. ഇത് ആളുകളെ തെറ്റായി നയിക്കുന്നു. നാം പുറകോട്ടുള്ള മനുഷ്യചരിത്രം പരിശോധിച്ചാൽ വാലില്ലാക്കുരങ്ങനാണ് നമ്മുടെ പിതാമഹൻ. ജനങ്ങൾ അവരുടെ ഗോത്രത്തെ പറ്റി പ്രത്യേകം പറയുകയാണെങ്കിൽ ഞാനവരുടെ മുഖത്തു നോക്കി പറയും നിങ്ങൾ യഥാർത്ഥത്തിൽ വാലില്ലാക്കുരങ്ങു വർഗ്ഗത്തിൽ പെട്ടവരാണെന്ന്. അതോടെ അവർ പിതാമഹന്മാരിൽ നിന്ന് താഴോട്ടുപോയി വാലില്ലാക്കുരങ്ങിലെത്തും. ഇതു തന്നെയാണ് ജാതിയുടെ യഥാർത്ഥ വസ്തുത. ബ്രാഹ്മണരുടെ പിതാമഹന്മാർ ക്ഷത്രിയക്കുരങ്ങുകളാണ്. പക്ഷെ അതാരാണ് വിശ്വസിക്കുക? എന്നാൽ വാലില്ലാക്കുരങ്ങുകൾക്ക് ഒരു പ്രത്യേക ജാതിയില്ലാത്തതിനാൽ ഇന്നത്തെ ജാതി വ്യവസ്ഥകളെല്ലാം കപടനാട്യവും ദോഷഫലങ്ങളുണ്ടാകുന്നതുമാണ്. നിങ്ങൾ അബദ്ധജഡിലമായ സങ്കൽപ്പങ്ങളുടെ അല്പ മാത്രമായ അടയാളങ്ങൾ പോലും തുടച്ചു നീക്കണം. ഇത്തരം കാര്യങ്ങളിലൊന്നും നിങ്ങൾ വിശ്വാസമർപ്പിക്കരുത്.

ഭൈരവന താന്ത്രിക പരിശീലനം നൽകിക്കൊണ്ടിരുന്നപ്പോൾ സദാശിവന ഒരു പ്രത്യേക ആശയം മനസ്സിലൂടെ കടന്നു പോയി. ഞാനെന്റെ മകനു മാത്രം ഈ താന്ത്രിക വിദ്യ പഠിപ്പിച്ചു കൊടുത്താൽ; അതായത് മകൻ മാത്രം താന്ത്രിക പരിശീലനത്തിലൂടെ ആത്മീയാരാധനാ ക്രമത്തിന്റെ രഹസ്യം മനസ്സിലാക്കിയാൽ അത് മനുഷ്യസമൂഹത്തിന വലിയ സമ്പാദ്യമാവും. എന്നാൽ എന്റെ മകൾ വിവരമില്ലാത്തവളായി നിലകൊണ്ടാൽ, അമ്പതു ശതമാനം ആളുകൾ മറ്റേ അമ്പതു ശതമാനത്തിന ഒരു ക്ലേശമായി മാറും. അതായത് സ്ത്രീകൾ പുരുഷന്മാർക്ക് ഒരു ശല്യമായിത്തീരും. അതാകട്ടെ വലിയ തോതിൽ സാമൂഹ്യ പുരോഗതിക്ക് ഒരു തടസ്സവുമായിത്തീരും. സ്ത്രീപുരുഷന്മാരുടെ പുരോഗതി സമതുലനാവസ്ഥയിലാകുമ്പോഴേ അവരുടെ പുരോഗതി തുല്യമാവുകയുള്ളൂ. സ്ത്രീകൾ പുരുഷന്മാർക്ക് ഒരു ഭാരമായിത്തീരുമ്പോൾ പുരോഗതിയിലേക്കുള്ള ചലനത്തിന കോട്ടം സംഭവിക്കും. ആ കാലത്ത് പോലും അതായത് ഏഴായിരം വർഷങ്ങൾക്കു മുൻപ് ശിവൻ ഇപ്രകാരം ചിന്തിച്ചിരുന്നു. ഞാൻ ഭൈരവനു മാത്രം എല്ലാ ശക്തിയും ഉത്തരവാദിത്വവും നൽകിയാൽ അവൻ എല്ലാ വിധ ക്ലേശങ്ങളും സഹിക്കേണ്ടി വരും. അതത്ര ശരിയല്ല. ഞാൻ ചില ഉത്തരവാദിത്വങ്ങൾ മകൾ ഭൈരവിക്കും നൽകുന്നതാണ് നല്ലത്. അദ്ദേഹം അപ്രകാരം തന്നെ ചെയ്തു. അന്നു മുതൽ

ഏതെങ്കിലും ഒരു സ്ത്രീ തന്ത്രവിദ്യ പരിശീലിക്കുന്നുണ്ടെങ്കിൽ അവരെ ഭൈരവി എന്നു വിളിക്കാൻ തുടങ്ങി.

അദ്ദേഹത്തിന്റെ മറ്റൊരു പത്നിയായിരുന്നു ഗംഗ. ഗംഗക്ക് ശിവനിൽ കാർത്തികേയൻ എന്ന ഒരു പുത്രനുണ്ടായിരുന്നു.എന്നാലവൻ ആഢംബര പ്രിയനും സുന്ദരനുമായിരുന്നു. ആഗ്രഹമുണ്ടെങ്കിലും തന്ത്രം പരിശീലിക്കാനുള്ള ധാർമ്മികമായ ധൈര്യം അദ്ദേഹത്തിനുണ്ടായിരുന്നില്ല. തന്ത്രപരിശീലനത്തിന് അൽപ്പം ധൈര്യം ആവശ്യമുണ്ട്. അത് ഭീരുക്കൾക്ക് പറ്റിയതല്ല. ചിലർ പറയുന്നത് കാർത്തികേയൻ ദൈവങ്ങളുടെ സേനാപതി അഥവാ ദേവസേനാപതി യായിരുന്നു എന്നാണ്. (ദേവൻ എന്നാൽ ദൈവം സേനാപതി എന്നാൽ സൈന്യാധിപൻ) എന്നാൽ യാഥാർത്ഥ്യം അപ്രകാരമായിരുന്നില്ല കാർത്തികേയന്റെ ഭാര്യയുടെ പേര ദേവസേന എന്നായിരുന്നു. അതുകൊണ്ട് അദ്ദേഹം ദേവസേനാപതിയായി. അതായത് ദേവസേനയുടെ ഭർത്താവ്. സാധാരണയായി വിശ്വസിക്കപ്പെടുന്ന ഈ തെറ്റിദ്ധാരണ നിങ്ങൾ മാറ്റണം. കാർത്തികേയൻ ദേവന്മാരുടെ സേനാധിപനാണെന്ന് ജനങ്ങൾ പറഞ്ഞാൽ അവർക്ക് തെറ്റുപറ്റിയതാണ്. സപത്നിമാരുടെ മക്കൾക്ക് ശിവൻ തന്ത്രസാധന പഠിപ്പിച്ചുകൊടുത്തപ്പോൾ കാർത്തികേയനെ ദുഷ്യപ്പെട്ടവനായി പരിഗണിച്ചതിൽ ഗംഗക്ക് മനസ്സിൽ ദുഃഖ മുണ്ടായിരുന്നു. അവളെ സാന്ത്വനപ്പെടുത്താനും സഹായിക്കാനും ശിവൻ അവളോട് കൂടുതൽ

സ്നേഹവും വിശ്വാസവും പ്രകടിപ്പിച്ചു. ഈ സ്നേഹ പ്രകടനം പാർവ്വതിക്കും കാളിക്കും ഇഷ്ടമായില്ലെന്നു മാത്രമല്ല അവർ പരാതിപ്പെടാനും തുടങ്ങി. എന്നാൽ സത്യത്തിൽ ശിവൻ എന്താണോ ചെയ്തത് അതെല്ലാം ശരിയായിരുന്നു. ശിവന്റെ വിവാഹത്തെക്കുറിച്ച് ജനകീയമായ ഒരു ലഘുകവിതയുണ്ട്.

“ടാപുര ടുപുര വൃഷ്ടി പരേ നദേയ എലോ വാന

ശിവ ഠാകുരേര വിയെ ഹവേ തിന കന്യാ ദാന”

ബംഗ്ള

(ചറപറമഴപെയ്യുന്നു. പുഴവെള്ളം കലങ്ങി മറിയുന്നു പ്രഭു ശിവൻ വിവാഹം കഴിച്ചിട്ടുണ്ട്. മൂന്നു കന്യകളെ ദാനം ചെയ്യുകയാ യിരുന്നു).

ഈ മൂന്നു പെൺകുട്ടികൾ പാർവ്വതിയും കാളിയും ഗംഗയുമായിരുന്നു. ശിവൻ ഗംഗയിൽ കൂടുതൽ സ്നേഹമോഹിതനാണെന്ന് പാർവ്വതിയും കാളിയും പരാതിപ്പെട്ടിരുന്നു. പിൽകാലത്ത് ജനങ്ങൾ ഈ വസ്തുതയെ ദുർവ്യാഖ്യാനിച്ച് ശിവന്റെ വിഗ്രഹത്തിൽ ഗംഗയുടെ തല ചേർത്തു വെച്ച് വായിലൂടെ ഗംഗ ഒഴുകുന്നതായി ചിത്രീകരിച്ചു. ഇതെല്ലാം പൗരാണിക ശാസ്ത്രസംബന്ധമായ തെറ്റിദ്ധാരണകളാണ്. വസ്തു നിഷ്ഠമായി ഇതെല്ലാം സാധ്യമാണോ? കവിയായ ‘റായ്ഗുണാകർ ഭാരതചന്ദ്ര’ അദ്ദേഹത്തിന്റെ പേരുകേട്ട പുസ്തകത്തിൽ (അന്നദാമങ്ഗല) ഇപ്രകാരം എഴുതി.

''ഗംഗാ നാമേ സതീ താര് തരംഗ എമനി
ജീവനസ്വരൂപ സേഇ സ്വാമീ ശിരോമണി''
............ ബംഗള

(ശിവന്റെ ശിരസ്സിൽ വായിലൂടെ ജലമൊഴുക്കി നിൽക്കുന്ന ഗംഗ അനുഗ്രഹീതയായ രത്നമാണ്)

ഇവിടെ ശിരോമണി എന്നാൽ ഒരാളുടെ തലയിൽ അണിയിച്ച രത്നം എന്നാണർത്ഥം. നിങ്ങൾ ഒരാളുടെ ശിരസ്സിൽ പുള്ളികുത്തിയാൽ ആളുകൾ പറയും അയാൾ നിങ്ങളുടെ ശിരസ്സിൽ നൃത്തം ചെയ്യുകയാണെന്ന്.

അങ്ങനെ ആകാലഘട്ടത്തിൽ പോലും ശിവൻ സ്ത്രീക്കും പുരുഷനും യാതൊരു വിധ വ്യത്യാസങ്ങളും നൽകിയിരുന്നില്ല എന്നകാര്യം വ്യക്തമാണ്. അദ്ദേഹം തന്റെ മകനും മകൾക്കും തന്ത്രവിദ്യ പരിശീലിപ്പിച്ചു.

ഇനി ഞാൻ കാളിയെ ക്കുറിച്ച് ഒരു കഥപറയാം. ഒരു രാത്രി അവൾ വിചാരിച്ചു തന്റെ മകൾ രാത്രിയിൽ തന്ത്രവിദ്യഅഭ്യസിക്കാൻ പുറത്തുപോകുമ്പോൾ എന്തെങ്കിലും അപകടങ്ങൾ സംഭവിച്ചാലോ? ഞാൻ തന്നെ പുറത്തു പോയി അവളെ സഹായിക്കാം. തന്ത്രത്തിൽ ഒരു വ്യക്തിയുടെ തനിച്ചുള്ള പരിശീലനത്തിൽ ആരെയും ഇടപെടാനനുവദിക്കുകയില്ല. ഭൈരവി പുറത്തു പോയി സാധന അനുഷ്ഠിക്കുന്നത് അവൾക്ക് ലഭിച്ച നിർദ്ദേശങ്ങൾക്കനുസരിച്ചായിരുന്നു. ശിവൻ ആസമയത്ത് ശ്മശാനത്തിൽ സമ്പൂർണ്ണ സമാധിയിൽ ലയിച്ചിരിക്കുക യായിരുന്നു. ഈ അമാവാസി ദിവസം

ശിവൻ തന്നെ ദൂരത്തു വെച്ചുകണ്ടാൽ പോലും ഭൈരവിയാണെന്നേ വിചാരിക്കുകയു ള്ളുവെന്ന് കാളിചിന്തിച്ചു. ഇരുട്ടിൽ നടക്കുമ്പോൾ അപ്രതീക്ഷിതമായി കാളി ശിവന്റെ മാറിലേക്ക് വീണുപോയി. താൻ ആരുടെ ശരീരത്തിലാണ് വീണതെന്നറിഞ്ഞ ഭൈരവി ലജ്ജിതയായി നാവ് പുറത്തേക്കിട്ടു. (ഇന്ത്യയിൽ നാക്ക് പുറത്തിടുന്നത് ചമ്മൽ അഥവാ ലജ്ജ മറക്കുന്നതിന്റെ ചിഹ്നമാണ്). നീ ആരാണെന്ന് ശിവൻ ചോദിച്ചു. ശിവനെ തെറ്റിദ്ധരിപ്പിക്കാൻ കാളി ഭൈരവിയുടെ വേഷമാണ് ധരിച്ചിരുന്നത്. എന്നാൽ എങ്ങനെ സ്വയം ഭൈരവിയാണെന്ന് ഭർത്താവിനോട് പറയും? ഭാര്യയായ തന്നെ മകളായി എങ്ങനെ പറയും? അതിനാൽ കാളി ഞാൻ കൗവെരിയാണെന്ന് ശിവനോട് പറഞ്ഞു. തെക്കെ ഇന്ത്യയിൽ കൗവെരീ എന്നു പേരുള്ള ഒരു നദി ഉണ്ടായിരുന്നു. ആളുകൾ തെറ്റായി അതിനെ കാവേരി എന്നു വിളിച്ചിരുന്നു. ശരിയായ സംസ്കൃത പദം കൗവെരീ എന്നാണ് (Cauveri) എന്നായിരുന്നു ഇംഗ്ലീഷിലുള്ള പേര്. എന്തായിരുന്നാലും താൻ കൗവെരീയാണെന്ന് കാളി പറഞ്ഞു. ആ പേര് അവൾ നേരത്തെ കേട്ടിരുന്നു. സന്ദർഭോചിതമായുള്ള കഥകൾ അറിയാത്തവർ വിചാരിക്കുന്നത് ശിവൻ കിടക്കുകയും കാളി മാറത്ത് കാലുകൾ അകറ്റിവെച്ച് നാക്ക് പുറത്തിട്ടു നിൽക്കുകയുമാണെന്നാണ്.

ചരിത്രം പഠിക്കുന്നവർക്ക് ആ കാലഘട്ടത്തിൽ ആത്മീയ പരിശീലനത്തിൽ സ്തീകൾക്കും

പുരുഷന്മാർക്കും യാതൊരു വിധ വ്യത്യാസങ്ങളും നൽകിയിരുന്നില്ല എന്ന് മനസ്സിലാക്കാൻ സാധിക്കും. അതുപോലെയായിരുന്നു ആത്മീയ സ്വഭാവ വിശേഷങ്ങളും. സാമൂഹ്യ, സാമ്പത്തിക, വൈജ്ഞാനിക, വൈദ്യശാസ്ത്ര പരമായ മേഖലകളിലും ശാസ്ത്രീയമായ, കലാപരമായ എല്ലാ മേഖലകളിലും സമൂഹത്തെ സജ്ജമാക്കാൻ ശിവൻ എന്തെല്പാം ഉദ്ദേശിച്ചുവോ അതെല്ലാം തന്നെ, മകനേയും മകളേയും പരിശീലിപ്പിച്ചു. ശരിയായ തന്ത്രത്തിന്റെ പ്രയോക്താവ് ശിവനായിരുന്നു. അതിനാൽ ആദ്യത്തെ മഹാകൗളനും അദ്ദേഹമായിരുന്നു. ശിവൻ എന്തുചെയ്തു എന്ന് എതിർവാദം നടത്തുന്നവർ അവസരവാദികളാണ്. അവർ സ്ത്രീകളെ സ്വാധീനപ്പെടുത്താനും, അവരുടെ സ്വാഭാവികമായ അവകാശങ്ങളെ വെട്ടിക്കുറക്കാൻ ശ്രമിക്കുന്നവരും ശിവനെ എതിർക്കുന്നവരാണ്. അവർ ധർമ്മത്തിന്റെ നിയമാവലിയെയും എതിർക്കുന്നവരുമാണ്. യഥാർത്ഥത്തിൽ ഞാൻ പറയും അത്തരക്കാർ യഥാർത്ഥത്തിൽ രാക്ഷസന്മാരാണെന്ന്. മനുഷ്യരൂപത്തിലുള്ള അത്തരം രാക്ഷസന്മാർ മനുഷ്യത്വത്തിന്റെ സ്വർഗ്ഗീയ സുഖം നശിപ്പിക്കുന്നവരാണ്.

27 ഡിസംബർ 1978 കൽക്കത്ത

ഉള്ളടക്കം

അധ്യായം 8

# പരിവർത്തന കാലഘട്ടം

## The Transitional Period

യുഗസന്ധി എന്നാൽ എന്താണർത്ഥം? യുഗ എന്നാൽ കാലം. സന്ധി എന്നാൽ കൂട്ടിമുട്ടൽ. അതിനാൽ യുഗസന്ധി എന്നാൽ കാലഘട്ടങ്ങൾക്കിടയിലുള്ള ദശാസന്ധി.

മനുഷ്യസമൂഹത്തിന്റെ ജീവിതപാതയിലൂടെയുള്ള യാത്രയിൽ പെരുമാറ്റം, സ്വഭാവരീതികൾ, ആചാരങ്ങൾ, ബുദ്ധിശക്തി, വിവേകം എന്നിവയുടെ പുരോഗതിക്ക് അവസാനം സംഭവിക്കുന്നു. അവർ നിശ്ചലരാകുന്നു. സമൂഹത്തിന് മുന്നോട്ടു പോകാനുള്ള കഴിവ് നഷ്ടപ്പെടുന്നു. ഇത് ചരിത്രത്തിലെ നിർണ്ണായകമായ ദശാസന്ധിയാണ്. അത്തരം അവസരത്തിൽ സമൂഹം അസാധാരണമായതും അപാരശക്തിയുള്ളതുമായ ഒരു വ്യക്തിത്വത്തെ, അതായത് മഹാസംഭൂതിയെ ആഗ്രഹിക്കും. ഇത്തരം ദശാസന്ധിയിൽ അതി ശക്തനായ ഒരു മഹാപുരുഷന്റെ ആവിർഭാവം ഒഴിച്ചുകൂടാൻ പറ്റാത്തതാണ്.

സാമൂഹ്യചക്രത്തിന്റെ പരിണാമ കേന്ദ്രത്തിൽ, സദ്‌വിപ്രന്മാരായിരിക്കും സമൂഹത്തിന്റെ നിയന്ത്രണം ഏറ്റെടുത്ത് അവരെ മുന്നോട്ടു നയിക്കുക. അവൻ ഒരാളേയും പാതകം ചെയ്യാനോ, പീഢിപ്പിക്കാനോ ചൂഷണം ചെയ്യാനോ അനുവദിക്കുകയില്ല. എന്നിരുന്നാലും ഓരോ 3000 മുതൽ 4000 വർഷങ്ങൾക്കിടയിൽ സമൂഹത്തിൽ തീവ്രമായ ഒരു നിശ്ചലത്വം അനുഭവപ്പെടുന്നു. ആ ഘട്ടത്തിൽ ഏറ്റവും വലിയതും അസാധാരണ സ്വഭാവമുള്ളതുമായ ഒരു വ്യക്തിത്വത്തിന്റെ ആവിർഭാവം വളരെയധികം ആവശ്യമായി വരുന്നു. അത്തരം സ്വരൂപമുള്ള ഒരു മഹാസംഭൂതി ഊർജ്ജം പകർന്ന് സമൂഹത്തിന്റെ ചലനാത്മകതയെ ഉണർത്തി വളർച്ചയെ ത്വരിതഗതിയിലാക്കുന്നു. ലോകത്തിലുള്ള എല്ലാ പുണ്യാത്മാക്കളും മഹാസംഭൂതിയുടെ വിളി ഉൾക്കൊണ്ട് പ്രതികരിക്കുകയും അദ്ദേഹത്തിനു ചുറ്റും സമ്മേളിക്കുകയും ചെയ്യുന്നു. അദ്ദേഹം സമൂഹത്തിൽ ഒരു ധ്രുവീകരണം നടത്തുന്നു. പുണ്യാത്മാക്കളും അധാർമ്മികരും തമ്മിൽ നേർക്കുനേർ വരുന്നു. ഈ സംഘട്ടനത്തിൽ ധാർമ്മികരായവർ വിജയിക്കുന്നു. ധാർമ്മികരുടെ പ്രത്യേകമായ ശക്തിയും, ആ അപാരമായ വ്യക്തിത്വത്തിന്റെ അനുഗ്രഹവും കാരണമാണ് ഈ വിജയം നേടാനായത്. അദ്ദേഹത്തിന്റെ ആദ്യാഗമനം തന്നെ വിജയത്തെ സൂചിപ്പിക്കുന്നതാണ്. വിജയത്തിന്റെ അടയാളങ്ങൾ ധാർമ്മികരുടെ നെറ്റിത്തടങ്ങളിൽ മുദ്ര കുത്തപ്പെട്ടിട്ടുണ്ട്. മഹാസംഭൂതിയുടെ ധീരരായ

സഹയാത്രികർ യുഗയുഗാന്തരങ്ങളായി അദ്ദേഹത്തെ പിന്തുടരുന്നു. അവർ മുക്തിയേക്കാൾ മുൻഗണന നൽകിയത് അദ്ദേഹത്തോടൊപ്പമുള്ള പ്രവർത്തനങ്ങൾക്കായിരുന്നു. അവർക്ക് ഉയർന്നതും തീവ്രമായതുമായ ഉൽക്കർഷേച്ഛ ഉണ്ടാവാം, ഉണ്ടാവാതിരിക്കാം. അവർ ഉന്നത ചിന്തയാലും അപകർഷതാ ബോധത്താലും പ്രയാസപ്പെടുകയോ പ്രയാസപ്പെടാതിരിക്കുകയോ ആവാം. പക്ഷെ ഒരിക്കലും ഈ ലോകത്തുള്ള ദുഷ്ടശക്തികൾക്ക് ആ അനുഗ്രഹീത വ്യക്തിത്വങ്ങളെ പരാജയപ്പെടുത്താനാവില്ല. അതായത് സംഘർഷങ്ങളുടെ അവസാന ഘട്ടങ്ങളിൽ ദുഷ്ടശക്തികൾ പരാജയപ്പെടുക തന്നെ ചെയ്യും. അതുകൊണ്ട് ആരാണോ സദാചാരത്തിന്റെ പാതയിൽ, ധർമ്മത്തിന്റെ പാതയിൽ സഞ്ചരിക്കുന്നത്, അവർ സുരക്ഷിതരായി ഉത്കണ്ഠയകറ്റി മുന്നോട്ട് കുതിക്കുക, എന്ന് ഞാൻ പറയും.

ശിവന്റെ അനുയായികളാരും കീർത്തി കേട്ട പണ്ഡിതന്മാരായിരുന്നില്ല. എന്നാലവർ ധാർമ്മികരായിരുന്നു. പാപികളോട് യുദ്ധം ചെയ്യാൻ എപ്പോഴും സന്നദ്ധരായിരുന്നു. ചരിത്രത്തിൽ അവർ ശിവന്റെ ആത്മീയ പോരാളികൾ എന്നറിയപ്പെട്ടു. ഈ വർത്തമാനകാലത്ത് നിങ്ങൾ എല്ലാവരും ശിവന്റെ പരിവാരങ്ങൾ അല്ലെങ്കിൽ ഗണങ്ങളാണ് എന്ന് ഓർക്കണം. അതായത് നിങ്ങൾ ഈ ഭൂമിയിൽ വന്നത് വിജയിക്കാനാണ്. പരാജയപ്പെടാനല്ല. ഏതാണ്ട് മൂവ്വായിരത്തിൽ പരം വർഷങ്ങൾക്കു മുൻപ്

കൃഷ്ണൻ ജനിച്ചു. ഈ കാലഘട്ടത്തിൽ അദ്ദേഹത്തിന്റെ കൂട്ടുകാർ വൃന്ദാവനത്തിലെ ഗോപന്മാരും ഗോപികമാരുമായിരുന്നു. അവർ സാമൂഹ്യപുരോഗതി ത്വരിതപ്പെടുത്താൻ ശ്രീകൃഷ്ണനോടൊപ്പം പ്രയത്നിച്ചു. അപ്പോഴും ഗഹനമായ അറിവുള്ള പണ്ഡിതന്മാരോ വളരെയധികം പഠിച്ചവരോ ഉണ്ടായിരുന്നില്ല. എന്നാൽ അവരായിരുന്നു വിജയം കൈവരിച്ചവർ. ആ കാലത്ത് ഇവരെ പുകഴ്ത്താൻ വേണ്ടി ധാരാളം ഗാനങ്ങൾ രചിച്ച് പാടുകയുണ്ടായി.

ഈ കാലഘട്ടത്തിലും സാമൂഹ്യപുരോഗതി മുരടിച്ച് നിൽക്കുന്ന അവസ്ഥയിലാണെന്ന് നിങ്ങൾക്ക് മനസ്സിലാക്കാൻ കഴിയും. എപ്പോഴാണോ സാമൂഹ്യ പുരോഗതിയുടെ ചലനവേഗത നഷ്ടപ്പെടുന്നത്, അതിനെ സംസ്കൃതത്തിൽ യുഗസന്ധി (പരിവർത്തന കാലഘട്ടം) എന്നു പറയുന്നു. നിങ്ങളെല്ലാവരും അത്തരത്തിലുള്ള ഒരു യുഗസന്ധിയിലാണ് ജനിച്ചത്. ഇന്ന് നിങ്ങളെല്ലാം ഇവിടെ സമ്മേളിച്ചിരിക്കയാണ്. ഭാവിയിൽ സത്യസന്ധരും ധാർമ്മികരുമായ ആളുകൾ നിങ്ങളുടെ വിളികേട്ട് ഒന്നിച്ചു ചേരും. മുൻപു നടന്നതു പോലെയുള്ള ധ്രുവീകരണമാണ് ഇന്നും നടക്കുന്നത്. സത്യസന്ധരായവർ നിങ്ങളോടൊപ്പം വരും. അവർ നിങ്ങളോടൊപ്പം നിൽക്കുകയും ചെയ്യും. സത്യസന്ധരല്ലാത്തവർ നിങ്ങളെ ഇപ്പോൾ എതിർക്കും. അവർ നിങ്ങളുടെ പുരോഗതിയെ തടയത്തക്കവിധം പ്രവർത്തിച്ചു കൊണ്ടിരിക്കും. എപ്പോഴാണോ, ധർമ്മവും അധർമ്മവും തമ്മിൽ ഒരു

യുദ്ധം നടക്കുന്നത് അപ്പോൾ നിങ്ങൾ തീർച്ചയായും വിജയിക്കും. നിങ്ങൾ തനിച്ചല്ല. ധർമ്മം നിങ്ങളോടൊപ്പമുണ്ട്. ഉദാരമതികളായ പ്രതിഭാശാലികളും നിങ്ങളോടൊപ്പമുണ്ട്. കൂടാതെ ഞാനും നിങ്ങളോടൊപ്പമുണ്ട്.

30 ഡിസംബർ 1978 പാറ്റ്ന

ഉള്ളടക്കം

അധ്യായം 9

# സംഘേ ശക്തി കലൗയുഗേ

## In Kali Yuga, Strength Lies in an Organized Body

(കലിയുഗത്തിൽ കൂടിച്ചേർന്ന സംഘത്തിലാണ് ശക്തി കുടികൊള്ളുന്നത്)

'സംഘേ ശക്തി കലൗയുഗേ' എന്നു പറയപ്പെടുന്നു. കലിയുഗത്തിൽ, അതായത് ഇരുമ്പുപയോഗിച്ചു തുടങ്ങിയ യുഗത്തിൽ യഥാർത്ഥ ശക്തി കുടികൊള്ളുന്നത് ഒന്നിച്ചു ചേർന്നു നിൽക്കുന്ന സംഘത്തിലാണ്. അതായത് ശരിയായി

പറഞ്ഞാൽ ജനങ്ങളെല്ലാവരും ഒന്നിച്ച് താമസിക്കണം. എന്തുകൊണ്ട്? മനുഷ്യചരിത്രത്തിൽ, അതായത് സ്വർണ്ണയുഗം അഥവാ സത്യയുഗത്തിൽ, അതായത് സംസ്കാരത്തിന്റെ പ്രാരംഭ ദശയിൽ മനുഷ്യർ പൂർണ്ണമായ ആത്മാർത്ഥതയോടെ ധർമ്മം സ്വീകരിച്ചു വന്നിരുന്നു. ഈ പുരാതന മനുഷ്യർക്ക് ആത്മസാക്ഷാത്കാരം മാത്രമായിരുന്നു പരിപാവനമായ ലക്ഷ്യം. അവർ ജീവിക്കുന്നതും മരിക്കുന്നതും ആത്മാവിനു വേണ്ടിയാണ്. ആത്മീയാനു ഷ്ഠാനങ്ങൾ ചെയ്യുന്നതിനുള്ള അവകാശത്തിൽ അവർ ആരെയും വേർതിരിച്ചു കാണുകയില്ല. ഇക്കാര്യത്തിൽ ശത്രുവെന്നോ മിത്രമെന്നോ നോക്കാറില്ല. അവർ എല്ലാവരേയും സഹിക്കുമായിരുന്നു. അവർ തങ്ങളുടെ പ്രബലമായ ശത്രുക്കൾക്കു പോലും ആത്മീയാഭ്യാസത്തിന് അവസരം നൽകുമായിരുന്നു. ഈ കാരണങ്ങളാൽ അവർക്ക് സംഘശക്തി ഒരിക്കലും നഷ്ടപ്പെട്ടു പോകുമായിരുന്നില്ല.

അടുത്ത യുഗമാണ് ത്രേതായുഗം. വെള്ളിലോഹം ഉപയോഗിക്കാനായ യുഗം. ഈ കാലഘട്ടത്തിൽ ആത്മാവിനെ കണ്ടെത്തുക എന്നത് അത്ര പ്രബലമായ കാര്യമായിരുന്നില്ല. ജനങ്ങളുടെ മനസ്സിന് കൂടുതൽ പീഢനങ്ങൾ ഏൽക്കേണ്ടി വന്നു. അവരുടെ ഭാഷയിൽ പറഞ്ഞാൽ ധാർമ്മികമായ അധഃപതനം നേരിട്ടു. എന്നിരുന്നാലും അവരുടെ കൂട്ടായ പുരോഗതിക്കു വേണ്ടി അവർ വീണ്ടും പരസ്പരം സഹായിച്ചു വന്നു. അവരും ശത്രുക്കളെന്നോ

മിത്രങ്ങളെന്നോ ഉള്ള വ്യത്യാസം നോക്കാതെ പെരുമാറിയിരുന്നു. ഒരു പ്രകാരത്തിലും പണ്ഡിതന്മാരേയോ പഠിപ്പുള്ളവരേയോ ഉപദ്രവിച്ചിരുന്നില്ല. നീതി ബോധത്തെപറ്റി അവർ ബോധവാന്മാരായിരുന്നു. ആത്മീയ ജീവിതത്തിൽ അവർക്ക് പൊതുവായ ഒരു ലക്ഷ്യബോധമുണ്ടായിരുന്നതു കൊണ്ട് അവർക്ക് ഒരു സംഘടനാബോധം ആവശ്യമായി വന്നില്ല. ത്രേതായുഗത്തിലേതു പോലെ മനസ്സിന്റെ ഉയർച്ചയോടുള്ള കൂട്ടായ ശ്രമത്തിന് അവർ ഉദ്യമിച്ചില്ല.

എന്നിരുന്നാലും കാലം കഴിയുന്തോറും സമൂഹത്തിലു ള്ളവർ തമ്മിലുള്ള അഭിപ്രായവ്യത്യാസങ്ങൾ വർദ്ധിച്ചു വന്നു. പഠിച്ചവരുടെ ഇടയിൽ അഭിപ്രായ വ്യത്യാസങ്ങൾ വർദ്ധിക്കും എന്ന് നിങ്ങൾക്കറിയാമല്ലോ?

"ശ്രുതയോ വിഭിന്നാഃ സ്മൃതയോവിഭിന്നാഃ
നൈക മുനിര്യസ്യ മതം ന ഭിന്നം.
ധർമ്മസ്യ തത്ത്വം നിഹിതം ഗുഹായാം
മഹാജനോ യേന ഗതഃ സഃ പന്ഥാ."

(വിശുദ്ധ ഗ്രന്ഥങ്ങളെല്ലാം വ്യത്യാസപ്പെട്ടിരിക്കുക. സാമൂഹ്യധർമ്മസംഹിതക്ക് മാറ്റം വരുക. ഓരോ ഋഷിക്കും വ്യത്യസ്തമായ അഭിപ്രായങ്ങൾ. ധർമ്മത്തിന്റെ അന്തഃസാരം മനസ്സിന്റെ ആഴത്തിൽ കിടക്കുന്നു. ആത്മ സാക്ഷാത്കാരം നേടിയവർ മാത്രം ശരിയായ പാതയിൽ സഞ്ചരിക്കുന്നു.)

ഇത്തരത്തിലുള്ള വ്യത്യാസങ്ങൾ കാരണം വീണ്ടും ഒരു ധാർമ്മികാധഃപതനം സമൂഹത്തിന് സംഭവിച്ചു. അങ്ങനെ സമൂഹം ദ്വാപര യുഗത്തിലേക്ക് പ്രവേശിച്ചു. അതായത് ചെമ്പിന് പ്രാധാന്യമുള്ള കാലം (ഇീുുലൃ അഴല). ജനങ്ങൾ ശാരീരിക വ്യായാമങ്ങൾക്ക് കൂടുതൽ പ്രാധാന്യം നൽകി. പെട്ടെന്നുണ്ടാകുന്ന ചെറിയ കലഹത്തിൽ പോലും അവർ ശത്രുക്കളെ നശിപ്പിക്കാനൊരുങ്ങും. മനസ്സിന് പ്രാധാന്യം നൽകുന്ന ജീവികൾ ശാരീരിക പ്രാധാന്യം നൽകുന്ന ജീവികളേക്കാൾ ധാർമ്മികരായിരിക്കും.

പിന്നീട് വന്നത് കലിയുഗമായിരുന്നു. അതായത് ഇന്നത്തെ കാലഘട്ടം. ഈ കാലഘട്ടത്തിലുള്ളവർ ഭക്ഷണപ്രിയരും പരുക്കന്മാരും സുഖലോലുപന്മാരുമായി. ആഹാരം കഴിക്കുക എന്നതിനു മാത്രമായിരുന്നു പ്രാധാന്യം. ഒരു നേരം ഭക്ഷണത്തിനു കുറവു വന്നാൽ അത് മരണ കാരണമാകുമെന്നു വരെ അവർ ചിന്തിക്കും. അവരുടെ നിലനിൽപു തന്നെ ഭക്ഷണത്തെ ആശ്രയിച്ചു നിൽക്കുന്നു. അങ്ങനെ അവർ മന്ദബുദ്ധികളായി മാറുന്നു. അവർക്ക് ഊർജ്ജ്വസ്വലമായ ആത്മീയ പരിശീലനങ്ങൾ നടത്താൻ കരുത്തില്ലാതാവുന്നു. നിങ്ങൾ ആരും തന്നെ ഭക്ഷണത്തെ അമിതമായി ആശ്രയിക്കുന്നവരല്ല. കാരണം ഞാൻ ചിലർക്ക് നാലു ദിവസവും മറ്റു ചിലർക്ക് രണ്ടു ദിവസവും മാസത്തിൽ ഉപവാസം നിർദ്ദേശിച്ചിട്ടുണ്ട്. വ്യക്തിപരമായി ഞാൻ അഞ്ചു വർഷവും എട്ട് മാസവും ഉപവാസമനുഷ്ഠിച്ച്

ഇക്കാര്യം തെളിയിച്ചതാണ്. ആവശ്യമെങ്കിൽ ഭക്ഷണമില്ലാതെയും നമുക്ക് ജീവിക്കാം. ഭക്ഷണത്തോടുള്ള ആർത്തി എത്ര കണ്ട് കുറയുന്നുവോ അത്രകണ്ട് ഒരാൾക്ക് ജീവിതത്തിന്റെ മറ്റൊരു ദർശനത്തിൽ സ്വതന്ത്രനായി മാറാൻ കഴിയും. ഞാൻ പറഞ്ഞതുപോലെ കലിയുഗത്തിൽ ജനങ്ങൾ ഭക്ഷണത്താലും മറ്റു ഭൗതിക വസ്തുക്കളാലും പീഢിപ്പിക്കപ്പെടുന്നു. അതുകൊണ്ടാണ് ഇപ്രകാരം പറഞ്ഞത്. ‘‘സംഘേ ശക്തിഃ കലൗ യുഗ’’ എന്ന്.

മനുഷ്യരെ ബാധിക്കുന്ന തീവ്രമായ കാരണങ്ങളാകുന്ന ഭക്ഷണം, ചികിത്സ, ഭവനം, വിദ്യാഭ്യാസം എന്നിവയെല്ലാം ഒരാൾക്ക് തനിച്ച് പരിഹരിക്കാനാവില്ല. ഇതിന കൂട്ടായും ആസൂത്രിതവുമായ ഒരു ശ്രമം ആവശ്യമാണ്. ദേവ ഭാഗം യഥാ പൂർവ്വേ എന്ന മനോഭാവത്തോടു കൂടിയായിരിക്കണം ഇത്.

(പണ്ടുകാലത്ത് ദേവന്മാർ ഭക്ഷണം വീതം വെച്ച് നൽകുമായിരുന്നു.) ഈ കാഴ്ചപ്പാടിന്റെ അവസാനമെന്നോണം ഞാൻ ഒരു സാമൂഹ്യ സാമ്പത്തിക തത്വശാസ്ത്രത്തിന രൂപം നൽകി. നിങ്ങൾ അതെത്രമാത്രം വേഗത്തിൽ പ്രാവർത്തികമാക്കുന്നുവോ അത്രയും വേഗത്തിൽ സമൂഹത്തിനത് ഉപകാരപ്രദമാകും. അതേസമയം തന്നെ നിങ്ങൾ ഭക്ഷണം നിയന്ത്രിക്കുന്ന കാര്യത്തിൽ ശ്രദ്ധിക്കുകയും വേണം. ഭക്ഷണത്തെ അമിതമായി ആശ്രയിക്കരുത്.

വ്യക്തിപരമായി കാലഘട്ടത്തെ സത്യയുഗം, ത്രേതായുഗം, ദ്വാപരയുഗം, കലിയുഗം എന്നിങ്ങനെ വിഭജിക്കുന്നതിൽ എനിക്കൊട്ടും വിശ്വാസമില്ല. അതിൽ അടങ്ങിയിരിക്കുന്ന പൊരുളിൽ ഏതാണ്ടെല്ലാം ഞാൻ സമ്മതിക്കുന്നു. കലിയുഗത്തിൽ ജനങ്ങൾ എപ്പോഴും ഭക്ഷണം ഒരു ഒഴിയാബാധയായി സ്വീകരിക്കുമ്പോൾ അത് ഒരു താൽക്കാലികമായ അവസ്ഥയായിരിക്കുമെന്നും അതിന്റെ തുടർച്ചയായി പുതിയ സത്യയുഗം ആരംഭിക്കുമെന്നും ജനങ്ങൾ വീണ്ടും ആത്മസാക്ഷാത്കാരത്തിന് ശ്രമിക്കുമെന്നും നിങ്ങൾ ഓർക്കണം. നിങ്ങൾ എത്രയും വേഗം സാമൂഹ്യ സാമ്പത്തിക തത്വശാസ്ത്രം ആരംഭിക്കുന്നുവോ അത്രയും വേഗത്തിൽ സത്യയുഗവും ആരംഭിക്കും. നിങ്ങളുടെ കൂട്ടായ ശ്രമത്തിൽ അത്ര മോശമല്ലാത്ത ഈ ഭൂമിയിൽ സത്യയുഗം എത്രയും വേഗം സ്ഥാപിക്കുമാറാകട്ടെ. നിങ്ങൾ വിജയികളാവട്ടെ...!

30 ഡിസംബർ 1978 പാറ്റ്ന

ഉള്ളടക്കം

അധ്യായം 10

# മനുഷ്യ പുരോഗതിയുടെ കാലക്രമം

The Process of Human Progress

ഈ പ്രഭാഷണത്തിന്റെ വിഷയം മനുഷ്യപുരോഗതിയുടെ പരിണാമക്രമം എന്നതാണ്. വളരെ മുമ്പ് ഞാൻ പറയുകയുണ്ടായി യഥാർത്ഥ പുരോഗതി ആത്മീയ മണ്ഡലത്തിലാണ് എന്ന് നാം പുരോഗതി എന്നവാക്കുകൊണ്ട് പൊതുവായി വിവക്ഷിക്കുന്ന അർത്ഥമല്ല യഥാർത്ഥ പുരോഗതി. ഇന്നത്തെ മനുഷ്യർക്ക് വളരെ കുറഞ്ഞ പുരോഗതി മാത്രമേ ഉണ്ടാക്കുന്നുള്ളൂ. എന്നാൽ പഴയകാലഘട്ടത്തിലുണ്ടായ പുരോഗതി വളരെ വലുതാണ്. മുൻഗാമികൾ ചെയ്യുന്നതിലുമധികം കഠിനയത്നം അവർ തീർച്ചയായും ചെയ്യുന്നുണ്ട്. (ഭാവിയിൽ അവരുടെ പ്രതിരൂപങ്ങളും അതേപോലെതന്നെചെയ്യും) എന്നാൽ അവർ തമ്മിൽ ചില വ്യത്യാസങ്ങളുണ്ട്. പുരോഗതിയിലേക്കുള്ള, സമ്പൂർണ്ണതയി ലേക്കുള്ള മനുഷ്യന്റെ പരിശ്രമത്തിനു പുറകിൽ ഒരു പ്രേരക വസ്തു ഒളിഞ്ഞുകിടക്കുന്നു. സമ്പൂർണ്ണമായ ആനന്ദം ഈ ആഗ്രഹത്തിന്റെ പ്രേരണയാൽ ജനങ്ങൾ പരോഗതിയുടെ ചവിട്ടുപടികൾ കയറുന്നു. പഴയകാലത്തെ അവരുടെ യാത്രയിൽ ധാരാളം ന്യൂനതകൾ വ്യക്തിജീവിതത്തിലും സാമൂഹ്യ ജീവിതത്തിലും ഉള്ള പരോഗതിക്ക് തടസ്സം സൃഷ്ടിച്ചു. എന്നാൽ അവരുടെ അരുമയായ ലക്ഷ്യത്തിലെത്താനുള്ള ദൃഢനിശ്ചയം

അതിനെയെല്ലാം അതിജീവിക്കാൻ അവരെ പ്രേരിപ്പിച്ചു ആ പൗരാണിക മനുഷ്യർ, ആനന്ദം അനുഭവിക്കാനുള്ള ജന്മ സിദ്ധമായവ്യഗ്രതയാൽ, ഇത്തരം പോരായ്മക്കെതിരെ പോരാടാൻ തുടങ്ങി. എന്നിരുന്നാലും പുരോഗതി നേടാനുള്ള ശരിയായ രീതികളുടെ അഭാവത്താൽ അവർക്ക് പല പ്രതിബന്ധങ്ങളും നേരിടേണ്ടിവന്നു.

മനുഷ്യന്റെ നിലനിൽപ്പ് മുന്നു പ്രകാരത്തിലാണ് ഭൗതികം, മാനസികം, ആത്മീയം. പുരോഗതിയുടെ പ്രാരംഭ ദിശയിൽ വളരെ മുൻപത്തെ ഇരുണ്ടയുഗത്തിൽ മനുഷ്യ പുരോഗതി ഭൗതിക, മാനസിക തലങ്ങളിൽ മാത്രമായിരുന്നു. ആത്മീയലോകത്തേക്ക് പ്രവേശിക്കാനുള്ള വഴികളൊന്നും ഉണ്ടായിരുന്നില്ല. അതിനാലവർക്ക് ആത്മീയ പാതയിൽ പുരോഗതി പ്രാപിക്കാനാവില്ല. ഭൗതികരംഗത്ത് പരമാധികാരം ഉറപ്പിക്കാൻ അവർ ശ്രമിച്ചപ്പോൾ ബാഹ്യലോകത്ത് അവർക്ക് ധാരാളം സമ്മർദ്ദം ചെലുത്തേണ്ടതായി വന്നു. ഈ സമ്മർദ്ദത്താൽ നാഡീവ്യൂഹത്തിൽ സ്ഥിതിചെയ്യുന്ന കോശങ്ങളിൽ ധാരാളം സംഘർഷങ്ങൾ ഉണ്ടായി. ഈ കോശങ്ങളിലുണ്ടായ സംഘർഷത്താൽ മനുഷ്യന്റെ ബോധമണ്ഡലത്തിൽ ധാരാളം പരോഗതി ഉണ്ടാക്കി. അത് ബാഹ്യമായ മനുഷ്യശരീരത്തിൽ ധാരാളം മാറ്റങ്ങൾക്ക് കാരണമായി.

രൂപശാസ്ത്ര പരമായ മാറ്റങ്ങൾ ഇപ്പോഴും മനുഷ്യ ശരീരത്തിൽ ഉണ്ടാകുന്നു. ഇനിയും അത് തുടരുകതന്നെ ചെയ്യും. മനുഷ്യർ ഭാവിയിലും

ഇത്തരം എടുത്തു പറയത്തക്ക മാറ്റങ്ങളിലൂടെ കടന്നുപോകേണ്ടി വരും. അപ്പോൾ ഒരു പക്ഷെ ഇന്നുള്ളവർക്ക് അവരെ തിരിച്ചറിയാൻ പറ്റിയെന്നുവരില്ല. ആദ്യത്തെ മനുഷ്യർ വാലില്ലാകുരങ്ങുകളിൽ നിന്നും (Apes) രൂപാന്തരപ്പെട്ടപ്പോൾ അത്രയും വലിയ ഒരു മാറ്റം വരുമെന്ന് ആർക്കും വിഭാവനം ചെയ്യാൻ പോലും കഴിഞ്ഞില്ല. ആന്തരികവും ബാഹ്യവുമായ ഈ മാറ്റങ്ങളുടെ ശരിയായ ക്രമം ശരീര കോശങ്ങളുടെ സംഘർഷങ്ങളിലൂടെ സംഭവിച്ചതാണെങ്കിലും അത് ശരിയായ പുരോഗതിയെ പ്രതിനിധീകരിക്കുന്നില്ല. ആ പുരാതന മനുഷ്യർ യഥാർത്ഥത്തിൽ എടുത്തു പറയത്ത ക്കമാറ്റങ്ങൾ ആത്മീയ രംഗത്ത് ഉണ്ടാക്കിയതായി നമുക്കു പറയാനാവില്ല. എന്തെല്ലാം പുരോഗതി അവർ നേടിയെടുത്തോ അതൊന്നും തന്നെ എടുത്തു പറയത്തക്ക പ്രാധാന്യ മുള്ളതായിരുന്നില്ല. അതായത് സൂചിപ്പിക്കത്തക്ക പ്രാധാന്യവും ഉണ്ടായിരുന്നില്ല. ഈ രൂപാന്തരത്തിനാണ് ‘‘കർമ്മ യോഗം’’ എന്ന് പറയുന്നത് ആനന്ദമാർഗ തത്വശാസ്ത്രത്തെ സംബന്ധിച്ചിട ത്തോളം ഇതാണ് യഥാർത്ഥ കർമ്മ യോഗം. ഈ വസ്തുത അവഗണിക്കരുത്.

മാനസിക തലത്തിൽ എങ്ങനെയാണ് മാറ്റങ്ങൾ സംഭവിക്കുന്നത്? ഭൗതിക രംഗത്തും മാനസിക മണ്ഡലത്തിലുമുള്ള അപൂർണ്ണതകൾക്കെതിരെ മനുഷ്യർ പോരാട്ടം ആരംഭിച്ചപ്പോൾ മനോതലത്തിൽ മാറ്റങ്ങൾ ഉണ്ടാവാൻ തുടങ്ങി. മനോമണ്ഡലത്തെ

ഉടച്ചുവാർക്കുന്നതിൽ അവരുടെ ആന്തരിക ശ്രമങ്ങൾ ഫലിച്ചു. അത് നയിച്ചത് നാഡീകോശങ്ങളും നാഡീതന്തുക്കളും തമ്മിലുള്ള സംഘർഷത്തിലേക്കും അതു വഴി മാനസിക ഘടനയിലുള്ള മാറ്റത്തിലേക്കുമാണ്. നാഡീകോശങ്ങളും നാഡീതന്തുക്കളും മനസ്സുമായി ബന്ധപ്പെട്ടു കിടക്കുന്നുണ്ടെങ്കിലും അത് യഥാർത്ഥത്തിൽ ഭൗതിക ദ്രവ്യത്തിൽ നിന്നും ഉണ്ടായതാണ്. അവ കൂടുതൽ സൂക്ഷമതതരമാകുമ്പോൾ തത്തുല്ല്യമായ ഒരു സൂക്ഷ്മമായ മാറ്റം ഭൗതിക ഘടനയിലും ഉണ്ടാവും.

അപ്രകാരം ആദിമ മനുഷ്യർ മാനസികമായ പോരായ്മകൾ ക്കെതിരെ പോരാടുകയും മാനസിക തലത്തിൽ കാതലായ മാറ്റങ്ങൾ വരുത്തുകയും ചെയ്തു. ഈ പോരാട്ടം ഇപ്പോഴും തുടരുന്നു. ഇനിയും തുടർന്നു കൊണ്ടിരിക്കും. മനുഷ്യപുരോഗതിയുടെ ഈ ഘട്ടത്തിനെ ‘‘ജ്ഞാനയോഗം’’ എന്നുപറയുന്നു. ആനന്ദമാർഗ്ഗ തത്വസംഹിതയനുസരിച്ച് മാനസികതലത്തിലുള്ള മാറ്റത്തിന കാരണ മാകുന്നത് ജ്ഞാനയോഗമാണ്.അത് ഒരു മാറ്റം തന്നെയാണ്. കേവലമായതാൽപര്യമല്ല ആപേക്ഷികമായ താൽപര്യമാണ്.

മനുഷ്യരുടെ ജന്മസിദ്ധമായ അപര്യാപ്തതകൾക്കെതിരെ പോരാടാൻ മനുഷ്യർക്ക് ഏതെങ്കിലും ഉന്നതമായ ശക്തിയുടെ സഹായം ലഭിച്ചിട്ടുണ്ടോ? ഉണ്ട് അവർക്ക് സഹായം ലഭിച്ചിട്ടുണ്ട്. ആ കാലഘട്ടത്തിൽ ഭൗതിക

മണ്ഡലത്തിലുള്ളതിനേക്കാൾ പോരായ്മകൾ മാനസിക ലോകത്തുണ്ടായിരുന്നു. ചില ബുദ്ധിമാന്മാർക്ക്, കുറഞ്ഞ മാനസിക വളർച്ചയുള്ള വ്യക്തിക്ക്, ഒറ്റക്ക് പോരാടാൻ കഴിയുകയില്ല എന്ന് മനസ്സിലായി. ഒരാൾക്ക് തനിച്ചുപോരാടാൻ ശക്തിയുണ്ടെങ്കിലും അതിന്റെ പൂർണ്ണതയിലെത്താൻ ആയിരക്കണക്കിന വർഷങ്ങൾ വേണ്ടി വരും.ഒരു മനുഷ്യനും അത്രയു കാലം കാത്തിരിക്കാനാവില്ല കഴിഞ്ഞകാലഘട്ടത്തിൽ അവർക്കതിനു കഴിഞ്ഞില്ല. ഇനി ഭാവിയിലും അതിനു പറ്റുമെന്നു തോന്നുന്നില്ല. അതുകൊണ്ട് തീവ്രമായ വിശകലനത്തിനു ശേഷം അവർക്ക് അവരുടെ മാനസികമായ വാസനകളെ ഒരു ബിന്ദുവിൽ കേന്ദ്രീകരിക്കാനും അതിനെ പ്രപഞ്ചശക്തിയിൽ ലയിപ്പിക്കാനുമായാൽ ആ പ്രപഞ്ചശക്തിയുടെ സഹായത്താൽ എല്ലാ വിധപോരായ്മകളും ദുരീകരിച്ച് അവരുടെ അരുമയായ ലക്ഷ്യത്തിലെത്താൻ കഴിയുമെന്ന് അവർ തീരുമാനിച്ചു.

മനുഷ്യർ ഇത്തരത്തിലുള്ള ബുദ്ധിപരമായ സമീപനം ഒമ്പതിനായിരം മുതൽ പതിനായിരം വർഷങ്ങൾക്കു മുമ്പുതന്നെ കണ്ടുപിടിച്ചിരുന്നു. അവർ വിദ്യാസമ്പന്നരോ, അല്ലാത്തവരോ ആകട്ടെ, അവർ കണ്ടു പിടിച്ച സമീപനത്തെ ‘‘ഭക്തി മാർഗ്ഗം’’ എന്തുപറയുന്നു. ചരിത്രത്തിൽ ഈ ഘട്ടത്തിലുള്ള ജനങ്ങളാണ് വളരെയധികം ബുദ്ധിമാന്മാർ. ജ്ഞാനകർമ്മ യോഗികളെല്ലാം ബുദ്ധിപരമായി അൽപ്പം കുറവുള്ളവരാണെങ്കിലും അവർ അതാതു

കാലത്ത് ഉണ്ടാക്കിയ നേട്ടങ്ങൾക്ക് ആപേക്ഷികമായ പ്രാധാന്യമുണ്ട്. ആത്മീയ ലോകത്ത് ഉണ്ടായ പ്രാധാന്യം അതിവിശാലമാണെന്ന് ഞാൻ നേരത്തെ പറഞ്ഞു. എന്നാൽ ആപേക്ഷികമായ ലോകത്ത് പൂർണ്ണമായും അപ്രധാനമല്ല.

വളരെ പുരാതന കാലത്ത് കർമ്മയോഗവും ജ്ഞാനയോഗവും യഥാർത്ഥ പുരോഗതിയിലേക്ക് നയിക്കാൻ സാധിക്കുകയില്ലെന്ന് മനുഷ്യർ മനസ്സിലാക്കുകയും അവർ ഭക്തിയോഗത്തെ സ്വീകരിക്കുകയും ചെയ്തു. ഭക്തി മാത്രമാണ് ശരിയായ വഴിയെന്നവർകണ്ടുപിടിച്ചു. ഇന്നത്തെ മനുഷ്യർക്ക് അവരുടെ കർമ്മയോഗത്തിലും ജ്ഞാനയോഗത്തിലും വളരെ മുന്നേറിയതിനാൽ ഭക്തിയുടെ മാർഗ്ഗം സ്വീകരിക്കേണ്ടതിന്റെ ആവശ്യകത, പഴമക്കാരേക്കാൾ കൂടുതൽ ബോധ്യമായി. ഇതാണ് കർമ്മ യോഗത്തിന്റെയും ജ്ഞാനയോഗത്തിന്റെയും ജ്വലിക്കുന്ന വശം. അതായത് ഈ രണ്ടു യോഗങ്ങളും ഭക്തിയോഗത്തിന്റെ ശക്തിവർദ്ധിപ്പിക്കുകയും കൂടുതൽ സുദൃഢ മാക്കുകയും ചെയ്യും.

30 ഡിസംബർ 1978 പാറ്റ്ന

ഉള്ളടക്കം

## അധ്യായം 11

# നിങ്ങൾ നിസ്സഹായരല്ല

## You Are Not Helpless

ചില ആളുകൾ പറയും ''ഞാൻ നിസ്സഹായനാണ്'' എന്ന്. ചില ആളുകൾ മറ്റുള്ളവരോട് ദയ കാണിച്ചു കൊണ്ടുപറയും. നോക്കൂ ഈ മനുഷ്യൻ അശരണനാണ്. അയാൾക്ക് എന്തെങ്കിലും ചെയ്തുകൊടുക്കൂ. ഈ സന്ദർഭത്തിൽ ഞാൻ പറയും. ഈ പ്രപഞ്ചത്തിൽ ആരും തന്നെ നിസ്സഹായരല്ലെന്ന്. ചിലർ വിചാരിക്കും പണവും, സമ്പത്തും ജീവിതത്തിൽ വളരെയധികം സഹായിക്കുമെന്ന്. എന്നാൽ അവർക്ക് തെറ്റി പണവും സമ്പത്തും പരിമിതമാണ്. പരിമിതമായ എന്തും വരുകയും പോവുകയും ചെയ്യുന്നു. അതിന് ആദ്യവും അവസാനവും ഉണ്ട്. അത് നിങ്ങളെ എങ്ങനെ സഹായിക്കാനാണ്? അപ്രകാരം ഭൗതിക ശരീരം, ധനം, സമ്പന്നത, വസ്ത്രങ്ങൾ ഇവക്കൊന്നിനും നിങ്ങൾക്ക് അനന്തമായ സഹായം നൽകാൻ കഴിയുകയില്ല. വരുകയും പോവുകയും ചെയ്യാത്ത, സ്ഥിരമായ നിലനിൽപ്പില്ലാത്ത തുടക്കമോ ഒടുക്കമോ ഇല്ലാത്ത ഒന്നായിരിക്കണം നിങ്ങളുടെ സ്ഥിരമായ ആവാസകേന്ദ്രം.

ജൈവമായതോ അജൈവമായതോ, ചലിക്കുന്നതോ നിശ്ചലമോ ആയ എല്ലാ സത്തകൾക്കും ഒരാവാസകേന്ദ്രം ആവശ്യമാണ്. അത്തരം ഒരാവാസകേന്ദ്രം പരമപുരുഷനല്ലാതെ മറ്റൊന്നുമല്ല. വഴക്കു പറയാനോ കർശന ശിക്ഷാമുറകൾക്കോ വ്യവസ്ഥ ചെയ്യാത്തതുമായ ഒരു ആസൂത്രിത സമ്പ്രദായം പരമപുരുഷൻ നൽകിയിട്ടുണ്ട്. എങ്ങനെയായിരുന്നാലും അതിനുപിന്നിൽ അദ്ദേഹത്തിന്റെ ആഴത്തിലുള്ള സ്നേഹവും വാത്സല്യവും ഉണ്ട്. അതുകൊണ്ടാണ് ഞാൻ മനുഷ്യരെ ഉപദേശിക്കുന്നത് ഒരു തരത്തിലുമുള്ള നിഷ്ഠൂരതയും ബുദ്ധിമുട്ടുകളേയും ഭയപ്പെടരുത് എന്ന്. പരമപുരുഷൻ, എല്ലാറ്റിന്റേയും സ്രഷ്ടാവ്, പ്രപഞ്ചത്തിലെ ഏറ്റവും ശക്തിയുള്ള സത്ത, നിങ്ങളോടൊപ്പമുണ്ട്. യാതൊരു വേവലാതിയും ഉൽകണ്ഠയുമില്ലാതെ ജീവിതം നയിക്കൂ. അവിടെ നിങ്ങളുടെ ചുമതലകൾ കാത്തിരിക്കുന്നു. ആ വിളി കേൾക്കാൻ പരമപുരുഷൻ നിങ്ങൽക്കാവശ്യമുള്ള ശക്തി നൽകും. നിങ്ങൾ അതിനുവേണ്ടി പരമപുരുഷനോട് പ്രത്യേക പ്രാർത്ഥനയൊന്നും നടത്തേണ്ട ആവശ്യമില്ല. കാരണം നിങ്ങളുടെ ആവശ്യമനുസരിച്ച് എല്ലാം അദ്ദേഹം നിങ്ങൾക്ക് പ്രദാനം ചെയ്യും. ഇതാണദ്ദേഹത്തിന്റെ ചുമതല. അത് അദ്ദേഹത്തിന് ഒഴിച്ചുകൂടാനാവാത്തതാണ്.

ചിലർ പരമപുരുഷനോട് പ്രാർത്ഥിക്കും. അല്ലയോ പ്രഭോ എനിക്ക് ശക്തി നൽകിയാലും എന്ന്. എന്റെ

അഭിപ്രായത്തിൽ ആർക്കും പരമപുരുഷനോട് ശക്തി ആവശ്യപ്പെടേണ്ട കാര്യമില്ല. നിങ്ങൾ ആദ്യം നിങ്ങൾക്കനുവദിച്ച ശക്തി പ്രയോജനപ്പെടുത്തൂ. അത് പൂർണ്ണമായും ഉപയോഗിച്ചു തീർന്നാൽ, നിങ്ങളുടെ ശക്തി മുഴുവൻ ഉപയോഗിച്ചു തീർന്നാൽ പറയാം ''അല്ലയോ പ്രഭോ, അങ്ങ് എനിക്കു നൽകിയ ശക്തി ഞാൻ പൂർണ്ണമായും ഉപയോഗിച്ചു കഴിഞ്ഞു.'' അങ്ങ് എന്നിൽ നിന്നും കൂടുതൽ പ്രവൃത്തികൾ ആഗ്രഹിക്കുന്നുണ്ടെങ്കിൽ കൂടുതൽ ശക്തി എനിക്കു നൽകിയാലും. അങ്ങ് എന്നിൽ നിന്നും കൂടുതൽ പ്രവർത്തനങ്ങൾ ആഗ്രഹിക്കുന്നില്ലെങ്കിൽ യാതൊരു കാരണവശാലും എനിക്ക് ശക്തി നൽകരുത്. നിങ്ങൾക്കനുവദിച്ച ശക്തിയുടെ അവശിഷ്ടമെങ്കിലും നിങ്ങൾ കൈവശം വെച്ചിട്ടുണ്ടെങ്കിൽ, നിങ്ങൾക്ക് ചലിക്കാനും സംസാരിക്കാനുമുള്ള കഴിവുണ്ടെങ്കിൽ പരമ പുരുഷനോട് മറ്റൊന്നും ആവശ്യപ്പെടേണ്ട കാര്യമില്ല. ഞാൻ നിങ്ങളോട് പറഞ്ഞു. നിങ്ങൾക്കാവശ്യമായ ശക്തി നൽകേണ്ടത് അദ്ദേഹത്തിന്റെ കടമയാണെന്ന്. ഒരു കാരണവശാലും അദ്ദേഹത്തോട് ജോലിക്കാര്യത്തെപറ്റി ഓർമ്മപ്പെടുത്തേണ്ട ആവശ്യമില്ല. പരമപുരുഷൻ ഈ പ്രപഞ്ചത്തിലെ എല്ലാ സത്തകളിലും സ്ഥിതി ചെയ്യുന്നുണ്ട് എന്ന് നിങ്ങൾക്കറിയാം. സൂര്യൻ, ചന്ദ്രൻ, ഗ്രഹങ്ങൾ, ഉപഗ്രഹങ്ങൾ, നക്ഷത്ര സമൂഹം, ആകാശത്തിലെ അസംഖ്യം ദിവ്യമായ ശരീരങ്ങൾ, അണുക്കളും തന്മാത്രകളും കൂടാതെ അദ്ദേഹത്തിന്റെ തനിച്ചും കൂട്ടായുമുള്ളവയിലെല്ലാം

പരമപുരുഷനുണ്ടാവും. എത്രകാലം നിങ്ങളുടെ കാൽക്കീഴിൽ ഒരു മൺതരി കിടപ്പുണ്ടോ, നിങ്ങൾക്കുമുകളിൽ ഒരു നക്ഷത്രം ജ്വലിക്കുന്നുണ്ടോ അത്രയും കാലം നിങ്ങൾ തനിച്ചല്ല. നിങ്ങൾ നിസ്സഹായയനല്ലെന്ന് ഓർക്കണം. നിങ്ങൾക്കൊരിക്കലും ഭയമോ ആശങ്കയോ ഒരു കാരണവശാലും ഉണ്ടാവേണ്ടതില്ല. നിങ്ങൾ ആത്മീയ പാതയിൽ സഞ്ചരിച്ചാൽ മാത്രം മതി.

ഇവിടെ ഒരു ചോദ്യം ഉത്ഭവിക്കുന്നു. എന്തു കൊണ്ടാണ് നിങ്ങൾ ആത്മീയ പരിശീലനം തുടരുന്നത്? ഉത്തരം ഇതാണ്. നിങ്ങൾ അതു തുടരുന്നത് പരമപുരുഷൻ അത് തുടരാൻ ആഗ്രഹിക്കുന്നതു കൊണ്ടാണ്. പരമപുരുഷന്റെ ആ പ്രത്യേക ആഗ്രഹത്തിന വ്യത്യസ്തമായി നിങ്ങൾ ആത്മീയ പരിശീലനം തുടരുന്നതായിരിക്കും.

നിങ്ങളുടെ ആത്മീയ പരിശീലനത്തിനിടയിൽ പരമപുരുഷനാണ് നിങ്ങളുടെ ലക്ഷ്യം എന്ന് ഉറപ്പു വരുത്തണം. നിങ്ങളാണ് അദ്ദേഹത്തിന്റെ ഉപാധി (വിഷയം.) മനുഷ്യർ അദ്ദേഹത്തിന്റെ വിഷയവും, അദ്ദേഹം ഒരേയൊരു ഉപാധിയുമാണെന്നത് തികച്ചും തമാശയായിത്തോന്നാം. പരിപൂർണ്ണമായ വിവേകത്തോടെ ചിന്തിച്ചാൽ പരമപുരുഷൻ എല്ലാറ്റിന്റേയും പരമമായ നിയന്ത്രകനാണ്. പരമമായ അഹം തത്വാത്മക ബോധമാണ്. മനുഷ്യർ അദ്ദേഹത്തിന്റെ വിഷയവുമാണ്. സാധാരണയായി മനുഷ്യർക്ക് പരമപുരുഷനെ അവരുടെ മനോലക്ഷ്യമാക്കി മാറ്റാനാവില്ല. അതുകൊണ്ട്

നിങ്ങൾ ഇഷ്ടമന്ത്രം ആവർത്തിക്കുമ്പോൾ, അഥവാ നിങ്ങൾ മനസ്സിൽ സങ്കൽപിക്കുമ്പോൾ, നിങ്ങൾ ഓർമ്മിക്കേണ്ടത് യഥാർത്ഥത്തിൽ നിങ്ങൾ ലക്ഷ്യവും, പരമപുരുഷൻ വിഷയവുമാണെന്നാണ്. അതായത് ധ്യാനിക്കുമ്പോൾ നിങ്ങൾ പരമപുരുഷനെ കാണില്ല. എന്നാൽ പരമപുരുഷൻ നിങ്ങളെ കാണും. നിങ്ങളുടെ മനസ്സിൽ ഉണ്ടായിരിക്കേണ്ട ശരിയായ ആശയം ഇതാണ്. ഭൂതലത്തിൽ പരമപുരുഷൻ നിങ്ങളെ ശരിയായി വീക്ഷിച്ചിരുന്നു. ഇപ്പോഴും നിങ്ങളെ അദ്ദേഹം ശ്രദ്ധിക്കുന്നു. ഭാവിയിൽ ഇനിയും ശ്രിദ്ധിച്ചു കൊണ്ടേയിരിക്കും. ഒരു സാഹചര്യത്തിലും നിങ്ങൾ തനിച്ചല്ല. അവഗണിക്കപ്പെടുകയുമില്ല. എത്ര കാലമാണോ നിങ്ങൾ, പരമപുരുഷൻ തന്നെ ശ്രദ്ധിക്കുന്നുണ്ട് എന്ന് വിചാരിക്കുന്നത്, അത്രയും കാലം ഒരു ശക്തിക്കും നിങ്ങളെ എതിർക്കാനോ ഉപദ്രവിക്കാനോ സാധ്യമല്ല. അതു മാത്രമല്ല, പരമപുരുഷന്റെ ഓരോ സൃഷ്ടിയും, പുൽത്തകിടിയടക്കം നിങ്ങളുമായി പൂർണ്ണമായും സഹകരിച്ചു കൊണ്ടിരിക്കും. അതായത് മനുഷ്യർ ഈ ഭൂമിയിൽ സൗഹാർദ്ദത്തോടെ ജീവിക്കണമെന്നത് ദിവ്യമായ ഒരു കൽപനയാണ്. ആരും ആരേയും ചൂഷണം ചെയ്യാൻ പാടില്ല. ആരും അതിക്രമം കാണിക്കുകയോ, പീഢിപ്പിക്കുകയോ, ചൂഷണം ചെയ്യുകയോ അരുത്. എല്ലാവരും അവരവരുടെ ജന്മസിദ്ധമായ ശക്തി കഴിവിന്റെ പരമാവധി ഉപയോഗപ്പെടുത്തണം.

നിങ്ങളുടെ ശക്തിയും, പരമ പുരുഷനിൽ നിന്നും സമാർജ്ജിച്ച എല്ലാ ഗുണങ്ങളും, പരമാവധി ഉപയോഗപ്പെടുത്തുക. നിങ്ങൾ അവയെല്ലാം ഉപയോഗിച്ചു കഴിഞ്ഞാൽ, നിങ്ങളുടെ ശക്തി കുറഞ്ഞാൽ, ബുദ്ധിശക്തിയും ആത്മീയ ശക്തിയും ബാക്കിവരാതിരുന്നാൽ പരമപുരുഷൻ നിങ്ങൾക്കാവശ്യമുള്ളതെല്ലാം നൽകിയിരിക്കും. നിങ്ങൾക്ക് പരമപുരുഷനോട്, അത് തരൂ, ഇത് തരൂ എന്ന് കെഞ്ചിച്ചോദിച്ച് സമയം കളയേണ്ട ആവശ്യമില്ല. ഓർമ്മിക്കുക, നിങ്ങൾ തനിച്ചല്ല. അതുകൊണ്ട് തന്നെ ഭയമോ ആശങ്കയോ ഉണ്ടാവേണ്ട കാര്യമില്ല. നിങ്ങൾ ഇരുന്ന് കരയേണ്ട ആവശ്യമില്ല. അയ്യോ! എനിക്കിപ്പോൾ എന്താണ് സംഭവിക്കുക? അത്തരം ചിന്തകൾ പൂർണ്ണമായും അസംബന്ധമാണ്. പരമപുരുഷൻ എല്ലാ പ്രശ്നങ്ങളും കാണുകയും ആവശ്യമായ സമയത്ത് വേണ്ടത് ചെയ്യുകയും ചെയ്യും. ഒരു കൊച്ചു കുട്ടി സ്വന്തം കാര്യങ്ങളൊന്നും ചിന്തിക്കാറില്ല. വേണ്ടതെല്ലാം രക്ഷിതാക്കൾ ചെയ്തു കൊടുക്കും. അതുപോലെ തന്നെ നിങ്ങൾ നിങ്ങളുടെ ആവശ്യങ്ങളെക്കുറിച്ച് വേവലാതിപ്പെടേണ്ടതില്ല. നിങ്ങൾ നിങ്ങളുടെ കടമകൾ സഹർഷത്തോടെ ചെയ്യുക. മറ്റുള്ളതെല്ലാം പരമപുരുഷൻ നിർവ്വഹിക്കും. പരമപുരുഷൻ അദ്ദേഹത്തിന്റെ സ്നേഹവും വാത്സല്യവുമുള്ള സന്തതികളെ സംരക്ഷിക്കാനാവശ്യമായതെല്ലാം ചെയ്തുകൊടുക്കുമെന്ന് നിങ്ങൾ മനസ്സിലാക്കുക. നിങ്ങൾക്ക് ഒരു തരത്തിലുമുള്ള

അപകർഷതാബോധവും ഉണ്ടാകേണ്ടതില്ല. നിങ്ങൾ ഒരിക്കലും മറ്റുള്ളവരേക്കാൾ പിന്നിലല്ല. മറ്റാരേക്കാളും കാര്യമായ കുറവൊന്നും നിങ്ങൾക്കില്ല. ഞാൻ നിങ്ങളോട് നേരത്തെ പറഞ്ഞു, ഒരു പിതാവ് തുല്യമായ സ്നേഹവും വാത്സല്യവും ആൺ മക്കളോടും പെൺമക്കളോടും കാണിക്കും. രണ്ടുപേരും തുല്യരാണ്. ആരാണോ മറ്റുള്ളവരുടെ അവകാശങ്ങൾ വെട്ടിക്കുറക്കുന്നത്, ദൈവികമായ നിയമങ്ങളെ എതിർക്കുന്നത്, അവർ സ്വയം പ്രയാസങ്ങളെ ക്ഷണിച്ചു വരുത്തുകയാണ്.

1 ജനുവരി 1979 പാറ്റ്ന

ഉള്ളടക്കം

അധ്യായം 12

# ഒരു മാതൃകാപരമായ ജീവിതം

An Exemplary Life

ഒരിക്കൽ ഒരു ചോദ്യത്തിനുത്തരമായി, മനുഷ്യർ ജീവിതത്തിൽ പാലിച്ചിരിക്കേണ്ട കുറെ തത്വങ്ങളെക്കുറിച്ച് ബുദ്ധദേവൻ സൂചിപ്പിക്കുകയുണ്ടായി. ആദ്യത്തെ തത്വം ശരിയായ ആശയസഹിത, അഥവാ ''സമ്യക് ദർശനം'' മനുഷ്യർ ഒരു തത്വസംഹിതയെ അടിസ്ഥാനമാക്കി പ്രവർത്തിക്കണം. അത്തരം ഒരു തത്വസംഹിതയുടെ അടിസ്ഥാനമില്ലെങ്കിൽ അവർ ലോകത്തെ യുക്തിപൂർവ്വകമായോ ഉദാരമതിയായോ കാണുകയില്ല. അത്തരക്കാർ ഒരു ചൂഷകന്റെ ആർത്തിയുള്ള കണ്ണുകളോടെ മാത്രമേ ലോകത്തെ കാണുകയുള്ളൂ. എന്നാൽ ദീപ്തിമത്തായ ഒരു തത്വസംഹിതയുടെ പ്രബുദ്ധമായ തത്വങ്ങൾ പിൻതുടരുന്നവർക്ക്, ലോകത്തെ നല്ല രീതിയിൽ കാണാനും വിലയിരുത്താനും കഴിയും. മനുഷ്യരാശിയുടെ അധോഗതി സംഭവിക്കാതിരിക്കാൻ ഒരു തത്വസംഹിത ഒഴിച്ചുകൂടാനാ വാത്തതാണ്. എത്രയും വേഗത്തിൽ ഒരു തത്വശാസ്ത്രം അംഗീകരിക്കുന്നുവോ അത്രയും നല്ലതാണ്. കാരണം അത് സ്വാംശീകരിക്കാൻ ധാരാളം സമയമെടുക്കും. അതു മാത്രമല്ല ഒരാൾക്ക് എത്രകാലം ജീവിക്കാനാവും എന്നതിന മറുപടിയില്ല. പലരും ഇളം പ്രായത്തിൽ തന്നെ ചരമമടയുന്നു.

ഒരു കുടുംബജീവിതമാണോ നയിക്കേണ്ടത്, അഥവാ ഒരു സന്യാസിയായിത്തീരേണമോ എന്ന തീരുമാനം യഥാർത്ഥ സമയത്തുതന്നെ എടുത്തിരിക്കണം. വയസ്സുകാലത്ത് ഒരു

സന്യാസിയാവുന്നതു കൊണ്ട് എന്തുപ്രയോജനം? ആ കാലത്ത് എങ്ങനെയാണ് ഒരു വ്യക്തിക്ക് സാമൂഹ്യ സേവനത്തിനുള്ള ശക്തി ഉണ്ടാവുക? എല്ലാ കാര്യങ്ങളും ശരിയായ സമയത്തു തന്നെ ചെയ്തിരിക്കണം.

വിശ്വ മാനവികത പ്രോത്സാഹിപ്പിക്കുന്ന ഒരു തത്വശാസ്ത്രം ഒരാൾ സ്വീകരിച്ചിരിക്കണം. അതൊരിക്കലും ഇടുങ്ങിയ ആശയങ്ങളെ ആശ്രയിച്ചിരിക്കരുത്. മുൻകാലങ്ങളിലെ തത്വശാസ്ത്രങ്ങളെല്ലാം വളരെ കുറഞ്ഞ ആശയങ്ങളിലൊതുങ്ങിയിരുന്നു. അതുകൊണ്ടു തന്നെ ജനങ്ങൾക്ക് ധാരാളം പ്രയാസങ്ങൾ അനുഭവപ്പെട്ടിരുന്നു. വിവിധ സമുദായങ്ങൾ തമ്മിലുള്ള വ്യത്യസ്ത സംഘട്ടനങ്ങൾ കാരണം മനുഷ്യരാശി ഭയങ്കരമായ പ്രയാസങ്ങൾ അനുഭവിച്ചു.

രണ്ടാമത്തെ തത്വം ശരിയായ തീരുമാനമാണ്. അഥവാ ''സമ്യക്സങ്കൽപ''. ഒരാൾ തന്റെ ജീവിതം എങ്ങനെ നയിക്കണമെന്ന് കഴിയുന്നതും നേരത്തെ തീരുമാനിച്ചിരിക്കണം. ആദർശപരമായ ഒരു ജീവിതം നയിക്കാനുതകുന്ന നിയമങ്ങളും നിയന്ത്രണങ്ങളും കുടുംബ ജീവിതം നയിക്കുന്നവർ പാലിച്ചിരിക്കണം. അത് അക്ഷരാർത്ഥത്തിൽ ഉത്സാഹത്തോടെ പിൻതുടരുകയും വേണം. അവർ സമൂഹത്തിന് ആവശ്യമായ ധാരാളം സേവനങ്ങൾ നിർവ്വഹിക്കുമെന്ന് ശപഥം ചെയ്തിരിക്കണം. യഥാർത്ഥത്തിൽ അവർക്ക് രണ്ടു കുടുംബങ്ങളാണ്. ആദ്യത്തേത് നാലോ അഞ്ചോ അംഗങ്ങളടങ്ങിയ

ചെറിയ കുടുംബം രണ്ടാമത്തേത് സമ്പൂർണ്ണ മനുഷ്യ സമൂഹമടങ്ങിയ വലിയകുടുംബം. തന്റെ കടമകൾ എങ്ങനെ നിർവ്വഹിക്കണമെന്ന് വളരെ ചെറുപ്പത്തിൽ തന്നെ ഒരോരുത്തരും തീരുമാനിക്കണം "ഞാൻ എന്റെ കുടുംബം ഉപേക്ഷിച്ച് വലിയ കുടുംബത്തിന്റെ ക്ഷേമത്തിനു വേണ്ടി സന്യാസി ജീവിതം നയിക്കേണമോ, അഥവാ തന്റെ കുടുംബവും സമൂഹമെന്ന വലിയ കുടുംബവും തമ്മിലുള്ള സമതുലനാവസ്ഥ പാലിച്ചു ജീവിക്കേണമോ?" ഈ രണ്ടു വഴികളിൽ ഏതു വഴി സ്വീകരിക്കണമെന്ന് ഒരാൾ പ്രതിജ്ഞയെടുത്തിരിക്കണം. സന്യാസിമാർക്ക് ഒരു കുടുംബമേയുള്ളു. സമുഹമെന്ന വലിയകുടുംബം. അതായത് ഈ പ്രപഞ്ചം സന്യാസി എല്ലാം സ്വന്തമാക്കുന്നു. അഥവാ ഒന്നുംസ്വന്തമാകുന്നില്ല. എന്നാൽ കുടുംബജീവിതം നയിക്കുന്നവർക്ക് രണ്ട് സ്വഷ്ടമായ കുടുംബങ്ങളുണ്ട്. ഒന്ന് ചെറുതും മറ്റേത് ഏറ്റവും വലിയ പ്രപഞ്ചവും. അവർരണ്ടിനേയും സേവിച്ചിരിക്കണം. അപ്രകാരം ഒരു കുടുംബനാഥന്റെ വഴി എളുപ്പമല്ല, ലളിതവുമല്ല. എന്നാലത് വളരെ സങ്കീർണ്ണമാണ്. ഒരാൾ ഈ രണ്ടുപാതകളും ശരിയായി മനസ്സിലാക്കിയിരിക്കണം. അതിൽ ഏതെങ്കിലും ഒന്ന് വിശ്വസ്തതയോടെ സ്വീകരിക്കാമെന്ന് പ്രതിജ്ഞയെടുക്കണം. ഏതെങ്കിലും ഒന്ന് ജീവിതത്തിൽ പകർത്താനുള്ള ഉറച്ച തീരുമാനമെടുക്കണം.ഈ വഴിയിലൂടെ മാത്രമേ ഒരു മനുഷ്യന സമ്പൂർണ്ണ സഫലീകരണം നേടാനാവൂ. ഇത്തരം ഒരു ജീവിതം നയിക്കുന്നവർക്ക്,

നിരാശയിലുണ്ടാവുന്ന പ്രാണസങ്കടവും, മോഹഭംഗവും കൊണ്ടുള്ള പീഡനങ്ങൾ അനുഭവിക്കേണ്ടി വരില്ല.

മൂന്നാമത്തെ തത്വമാണ് ശരിയായ സംസാരം അഥവാ സമ്യക് വാക്ക്. ഇവിടെ വാക്ക് എന്നാൽ ഇന്ദ്രിയസംബന്ധമായതും ചലിക്കുന്നതുമായ അവയവങ്ങൾ അടങ്ങുന്നു. അല്ലാതെ വെളും സ്വരനാള പാളികളല്ല.

‘‘യച്ഛേദ് വാങ്മനസീ പ്രാങ്ഗസ്തദ്
യച്ഛേജ് ജ്ഞാനമാത്മനി.
ജ്ഞാനമാത്മനി മഹതി നിയച്ഛേത്തദ്
യച്ഛേച്ഛാന്ത ആത്മനി’’

മനുഷ്യർക്ക് പത്ത് ഇന്ദ്രിയങ്ങളുണ്ട്. അഞ്ചെണ്ണം ഇന്ദ്രിയാനുബന്ധിയായത് കണ്ണുകൾ, ചെവികൾ, മൂക്ക്, നാക്ക്, ചർമ്മം അഞ്ച് ചലിക്കുന്ന അവയവങ്ങൾ - സ്വരനാളപാളി, കൈകൾ, കാലുകൾ, ഗുദം, ഉൽപാദനേന്ദ്രിയങ്ങൾ. ചില ആളുകളെ സംബന്ധിച്ചേടത്തോളം പതിനൊന്നാമത് ഇന്ദ്രിയമുണ്ട്, മനസ്സ്. ഒരാൾ ഈ അവയവങ്ങളെ ശരിയായ രീതിയിൽ വിനിയോഗിക്കുന്നതിനെ പറ്റി ആഴത്തിൽ ചിന്തിക്കേണ്ടതുണ്ട്. ഏതെങ്കിലും ഒരു പ്രവൃത്തി ചെയ്യുന്നതിനു മുൻപ് ഈ അവയവങ്ങളുടെ ഉപയോഗത്തെപറ്റി ചിന്തിക്കണം. അല്ലാതെ പ്രവൃത്തി ചെയ്തതിനു ശേഷമല്ല.

‘‘ചക്ഖുനാ സംവരോ സാധു സാധു ശോതേന സംവരോ

ഘാനേനസംവരോ സാധു സാധു ജിബ്ഭായ സംവരോ
കായേനസംവരോ സാധു സാധു വാചായസംവരോ
മനസാ സംവരോ സാധു സാധു സബ്ബത്ഥ സംവരോ
കബ്ബത്ഥ സംവരോ ഭിക്ഖു സബ്ബ ദുക്ഖ പമുച്ചതി''

............പാലി

ബുദ്ധൻ പറയുന്നു. ''സംസാരിക്കുന്നതിന മുൻപ് ഒരു വട്ടം ചിന്തിക്കുക. ഏതെങ്കിലും ഒന്നിലേക്ക് നോക്കുന്നതിനു മുൻപ് ഒരു വിഗഹവീക്ഷണം നടത്തുക, അല്ലെങ്കിൽ തീരെ നോക്കരുത്. കാരണം നിങ്ങൾ കാണുന്നതെന്തോ അത് നിങ്ങളുടെ മനസ്സിനെ സ്വാധീനിക്കും. കേൾക്കാൻ മൂല്യമില്ലാത്തതൊന്നും ശ്രദ്ധിക്കരുത്. മനസ്സിനെ ശുദ്ധമാക്കുന്നതും ഔന്നത്യത്തിലെത്തിക്കുന്നതുമായ കാര്യങ്ങൾ മാത്രം ശ്രദ്ധിക്കുക. മനുഷ്യൻ ഇപ്രകാരത്തിൽ മനസ്സിനെ നിയന്ത്രിക്കണം. ഇന്ദ്രിയങ്ങൾ മനസ്സിനെ നിയന്ത്രിക്കുന്നതിനു പകരം മനസ്സ് ഇന്ദ്രിയങ്ങളെ നിയന്ത്രിക്കണം. ഇതാണ് ''സമ്യക് വാക്ക്''

നാലാമത്തെ തത്വമാണ് ശരിയായ കാലക്ഷേപം അഥവാ ''സമ്യക് ആജീവ''. ആജീവ എന്നാൽ ഉപജീവനം എന്നാണ് സംസ്കൃതത്തിൽ. എന്തും ചെയ്യാൻ മടിയില്ലാത്തവർ പ്രകൃത്യാ പാവമെന്നു

തോന്നിക്കുന്ന പ്രവൃത്തികളിലൂടെ ധാരാളം പണം സമ്പാദിക്കുന്നു. അത് മറ്റുള്ളവർക്ക് ഉപദ്രവമുണ്ടാക്കുന്നു. മനുഷ്യർ ഉപജീവനത്തിനു വേണ്ടി ഒരിക്കലും ഇപ്രകാരം പണം സമ്പാദിക്കരുത്. അവരുടെ ഉപജീവനോപാധി ശുദ്ധവും ദൈവീകവുമായിരിക്കണം. അത് ആരെയും ഉപദ്രവിക്കുന്ന രൂപത്തിലാവരുത്. ശ്രീബുദ്ധന്റെ പിതാവ് ശുദ്ധോദനനായിരുന്നു. ‘‘ശുദ്ധ’’ എന്നാൽ കലർപ്പില്ലാത്ത ‘‘ഓദന’’ എന്നാൽ അരി (അഥവാ മുഖ്യമായ ആഹാരം) അല്ലെങ്കിൽ ഉപജീവനം. അതിനാൽ ശുദ്ധോദനൻ എന്നാൽ ഭാഷാപരമായി സത്യസന്ധനായി ജീവിക്കുന്നവനും അദ്ദേഹത്തിന്റെ ഭക്ഷണം എല്ലാവർക്കും സ്വീകാര്യമായതുമാണ്.

അഞ്ചാമത്തെ തത്വം ശരിയായ വ്യായാമം അഥവാ ‘‘സമ്യക് വ്യായാമ’’. ധാരാളം ആളുകൾ ഭൗതികവ്യായാമങ്ങളും കായിക വിനോദങ്ങളും ആചരിക്കാറുണ്ട്. അതെല്ലാം അവരുടെ ശാരീരിക ശക്തിക്കു വേണ്ടിയാണ്. മനുഷ്യർക്ക് ഒരു ശരീരം മാത്രമല്ല നൽകപ്പെട്ടത്. അവർക്ക് ഒരു മനസ്സും ഒരാത്മാവുമുണ്ട്. അതുകൊണ്ട് ഇതു മൂന്നെണ്ണത്തിനേയും തുല്യ പ്രാധാന്യത്തോടെ ശക്തിപ്പെടുത്തണം. മാനസിക പുരോഗതിക്കും ആത്മീയോൽക്കർഷത്തിനും ശരിയായ വ്യായാമം ആവശ്യമാണ്. ആരും മനസ്സിനേയും ആത്മാവിനേയും അവഗണിക്കരുത്. മനസ്സിനെ ശക്തിപ്പെടുത്താനുള്ള ശരിയായ വഴിയേതാണ്? ഏറ്റവും ഉത്തമവും ശരിയായതുമായ വഴിയാണ് പതിനാറ് ഇന

കാര്യങ്ങൾ. (ഭൗതിക, മാനസിക, ആത്മീയ മേഖലയിൽ ഒരു വ്യക്തിയെ സർവ്വതോന്മുഖമായി വികസിപ്പിക്കുന്ന വ്യായാമങ്ങൾ). എത്ര കാർക്കശ്യത്തോടെയാണോ നിങ്ങൾ ഈ പതിനാറിനങ്ങൾ അനുസരിക്കുന്നത് അത്രയും ശക്തമായി നിങ്ങളുടെ മനസ്സിന്റെ ശക്തിയും വർദ്ധിക്കും. അത് വളരെയധികം വർദ്ധിക്കും. അതിന്റെ ശക്തി ഒരു ലക്ഷം സാധാരണ മനസ്സുകൾക്ക് തുല്യമായിരിക്കും. ഒരു ആത്മീയമായ സംഘർഷം ഉണ്ടാകുമ്പോൾ എല്ലാവരും നിങ്ങളെ വിജയിയായി പ്രഖ്യാപിക്കും. ശാരീരികമായി വളരെയധികം ശക്തി പ്രാപിച്ചവന എട്ടുപേരോടോ അതിലധികം പേരോടോ തനിച്ച് നേരിടാനാവും. അതിൽ കൂടുതൽ സാധ്യമല്ല. എന്നാൽ അധികമായ മനഃശക്തി ആർജ്ജിച്ചവന അതിലും കൂടുതൽ ആളുകളെ നേരിടാനാവും. അതു കൊണ്ട് നിങ്ങൾ നിങ്ങളുടെ മനഃശക്തി വർദ്ധിപ്പിക്കാൻ ശ്രദ്ധിക്കണം. ഇതാണ് അവശ്യം നിർവ്വഹിക്കേണ്ട ചുമതല. എത്രകണ്ട് കാഠിന്യത്തോടെയാണോ നിങ്ങൾ പതിനാറിനങ്ങൾ പിന്തുടരുന്നത് അത്രയുമധികം മനഃശക്തി നിങ്ങൾ നേടുന്നതായിരിക്കും. അതിനധികം കാത്തിരിക്കേണ്ടി വരില്ല. ആത്മീയ പുരോഗതി നേടാനുള്ള ഒരേയൊരു വഴി, എല്ലാം അദ്ദേഹത്തിന സമർപ്പിക്കുകയാണ്. എത്രമാത്രം നിങ്ങൾ അദ്ദേഹത്തിന സ്വയം സമർപ്പിക്കുന്നുവോ, അത്രമാത്രം ആത്മീയ പുരോഗതി നിങ്ങൾക്ക് ലഭിക്കുന്നു. പതിനായിരം ആളുകൾ നിങ്ങളുടെ

മുൻപിൽ സമർപ്പിക്കുന്നതിലുപരി നിങ്ങളുടെ ആത്മീയ പുരോഗതിയിൽ ഈ പ്രപഞ്ചം മുഴുവൻ നിങ്ങൾക്ക് കീഴിലാവും. ഇതാണ് ശരിയായ വ്യായാമം. അതുകൊണ്ട് വ്യായാമം വെറും ഭൗതിക ലോകത്ത് മാത്രമാവരുത്. മാനസിക ആത്മീയ രംഗത്തും ഉണ്ടായിരിക്കണം.

ആറാമത്തെ തത്വമാണ് ശരിയായ പര്യവസാനം അഥവാ ''സമ്യക് കർമാന്ത''. ഒരിക്കൽ നിങ്ങൾ ഒരു കഠിനമായ പ്രവൃത്തി ഏറ്റെടുത്താൽ അത് ശരിയായ രീതിയിൽ തന്നെ പൂർത്തിയാക്കണം. പകുതി മാത്രം പൂർത്തിയാക്കി, ഒരു കാര്യവും അവസാനിപ്പിക്കരുത്. പ്രവൃത്തി തീർക്കുക. അതും ശരിയായ രീതിയിൽ തന്നെ അവസാനിപ്പിക്കുക. ഒരു പ്രവൃത്തി തുടങ്ങുന്നതിനു മുൻപുതന്നെ അത് പൂർത്തീകരിക്കാനാകുമോ എന്ന് ശ്രദ്ധാപൂർവ്വം ആലോചിക്കുക. പ്രവൃത്തി ചെയ്യാൻ സാധിക്കുമെന്നുറപ്പായാൽ അത് തുടങ്ങുക. പൂർത്തിയാക്കുന്നതിനു മുൻപ് ഉപേക്ഷിക്കാതിരിക്കുക. ഇതാണ് പൂർത്തീകരണത്തിന്റെ പൊരുൾ.

ഏഴാമത്തെ തത്വമാണ് ശരിയായ ഓർമ്മ, അഥവാ ''സമ്യക ്സ്മൃതി''. ശബ്ദാർത്ഥ പ്രകാരം സ്മൃതി എന്നാൽ ഓർമ്മ. ധാരാളം ആളുകൾ എന്നോട് ചോദിച്ചിട്ടുണ്ട്. എങ്ങനെയാണ് ഓർമ്മശക്തി വർദ്ധിപ്പിക്കുക എന്ന്. ഇതു സംബന്ധമായി വ്യക്തിപരമായി ചില രഹസ്യങ്ങളൊക്കെ അറിയാം. ഇതിന ചില ശാരീരിക വ്യായാമങ്ങളൊക്കെയുണ്ട്. ഓർമ്മശക്തി വർദ്ധിപ്പിക്കാൻ പതിനാറിനങ്ങളിൽ

ധാരാളം മാനസികവ്യായാമങ്ങളുമുണ്ട്. എന്റെ അനുഭവജ്ഞാനം വെച്ചു നോക്കുമ്പോൾ ഭയങ്കരമായ ഓർമ്മ ശക്തിയുള്ള വ്യക്തിയിൽ ധ്യാനിക്കുക എന്നതാണ് ശരിയായ വഴി. ഏതൊരു പ്രവർത്തിക്കു മുൻപും ഗുരുമന്ത്രം ഉരുവിടുക എന്നതാണ് ശരിയായ വഴി. ഈ രംഗത്ത് ഒരാൾ വിജയിക്കുന്നത് ഗുരുമന്ത്രം ശരിയായ വിധത്തിൽ ഉപയോഗിക്കുന്നതിലൂടെയാണ്. നിങ്ങളിൽ ചിലർ, എല്ലാവരും ഉണ്ടോ എന്നറിയില്ല, ഒരു പ്രവൃത്തി തുടങ്ങുന്നതിനു മുൻപ് ഗുരുമന്ത്രം ചൊല്ലാൻ മറക്കും. ഗുരു മന്ത്രം ശരിയായ വിധത്തിൽ പ്രയോഗിച്ചാൽ ഒരാൾ ചെയ്യുന്ന പ്രവൃത്തിയിൽ തീർച്ചയായും വിജയിക്കും. അഥവാ മറന്നാൽ പ്രവർത്തിക്കു ശേഷം അത് ആവർത്തിക്കുക. ഒരാൾ ഒരിക്കലും അത്തരം തെറ്റുകൾ ചെയ്യാതിരുന്നാൽ അതായത് ഒരു പ്രവൃത്തി ചെയ്യുന്നതിനുമുൻപ് ഗുരുമന്ത്രം ചൊല്ലിയാൽ അയാൾക്ക് ‘‘ധ്രുവസ്മൃതി’’ അഥവാ ദൃഢമായ ഓർമ്മ ലഭിച്ചു എന്നു പറയാം. ഒരാൾ സാധനയിലൂടെ ധ്രുവസ്മൃതി നേടിയെടുത്താൽ അയാൾ അറിയപ്പെടാത്ത ഒരു സ്വർഗ്ഗീയാനുഭൂതി മനസ്സിലൂടെ കടന്നു പോകുന്നതായി കാണാം. വേദപുസ്തകങ്ങളിൽ ഈ തീക്ഷ്ണമായ ആത്മീയാനുഭൂതി ധർമ്മമേഘാനന്ദ എന്ന പേരിൽ അറിയപ്പെടുന്നു. നിങ്ങൾ അത്തരം ഉറച്ച ഒരോർമ്മശക്തി വികസിപ്പിച്ചെടുത്താൽ നിങ്ങൾ ‘‘ധർമ്മമേഘാനന്ദ’’ എന്ന അവസ്ഥയിലെത്തും.

അവസാനത്തേയും എട്ടാമത്തേയുമായ തത്വമാണ് ഏകാഗ്രത അഥവാ ‘‘സമ്യക്ക് സമാധി’’. ഇവിടെ

സമാധി എന്നത് കൊണ്ട് സൂചിപ്പിക്കുന്നത് ഏതെങ്കിലും ഒരു വസ്തുവിനോടുള്ള അടുപ്പമോ കഠിനമായ സ്നേഹമോ ആണ്. ആ വസ്തുവിനെയല്ലാതെ അയാൾ പ്രപഞ്ചത്തിലുള്ള മറ്റെല്ലാം മറക്കുന്നു. സ്വയം മറക്കുന്നു. ഇതാണ് സമാധിയുടെ അവസ്ഥ. ഒരാൾക്ക് പരമപുരുഷനോടുള്ള സ്നേഹം അതികഠിനമാവുമ്പോൾ അയാൾ മറ്റെല്ലാം മറക്കുന്നു. തന്നെത്തന്നെ മറക്കുന്നു. അപ്പോൾ അവർ ആത്മീയ സമാധിയിലാണെന്നു പറയാം. ബുദ്ധഭഗവാൻ ഈ സമാധിയെ പരാമർശിക്കുന്നത് സാമ്യക് സമാധി എന്നാണ്.

2 ജനുവരി 1979 പാറ്റ്ന

ഉള്ളടക്കം

അധ്യായം 13

# ശ്രേഷ്ഠമായ ഒരു ജീവിതം

An Ideal Life

ആത്മീയ സാഫല്യം ആഗ്രഹിക്കുന്നവന്റെ ജീവിതം എപ്രകാരമായിരിക്കുമെന്ന് ഞാൻ നിങ്ങളോട് നേരത്തെ പറഞ്ഞു. അവർ ആപേക്ഷികമായ ഈ ലോകത്ത് ചില ക്രമീകരണങ്ങളെല്ലാം വരുത്തണം. അതേ സമയത്ത് ആത്മീയ ലോകത്തിന് അനുയോജ്യമായി നൽകപ്പെട്ട ചുമതലകൾ നിർവ്വഹിക്കുകയും വേണം. ആപേക്ഷികമായ ലോകവും ആത്മീയലോകവും തമ്മിലുള്ള സമതുലിതാവസ്ഥ ക്രമീകരിച്ചിരിക്കണം. വിഷയത്തെ സംബന്ധിക്കുന്ന സമീപനത്തിലൂടെയുള്ള വസ്തുനിഷ്ഠമായ ക്രമീകരണം ഉണ്ടായിരിക്കണം.

ഇതു കൂടാതെ മനുഷ്യജീവിതം എന്നത് തത്വശാസ്ത്രപരമായ ഒരൊഴുക്കാണ്. മനുഷ്യർ പരമമായ തത്വശാസ്ത്രത്തിലേക്ക് ചലിച്ചുകൊണ്ടിരിക്കണം. അനാദികാലം മുതൽക്കു തന്നെ അവർ ഈ ദിശയിലേക്ക് സഞ്ചരിച്ചു കൊണ്ടിരിക്കയാണ്. ഈ ചലന രീതിയിലൂടെ അവർ മനുഷ്യത്വത്തിന്റെ ഇന്നത്തെ അവസ്ഥയിലെത്തി. പുഴുക്കൾ, ഷഡ്പദങ്ങൾ, മൃഗങ്ങൾ തുടങ്ങിയ അനേകം ജന്മങ്ങളിലൂടെ കടന്നുപോയപ്പോൾ കണക്കറ്റ വേദനകളിലൂടെ, ദുരിതത്തിലൂടെ, ദണ്ഡനങ്ങളിലൂടെ, ഗർവ്വഭംഗത്തിലൂടെ, അവർക്ക് സഞ്ചരിക്കേണ്ടി വന്നു. ഉദാഹരണമായി ഒരു ആടിന്റെ ജന്മമെടുക്കാം. അത് പുല്ലു തിന്നുകൊണ്ട് സുഖമായി ജീവിക്കുന്നു. അറവുകാരൻ അതിനെ ബലാൽക്കാരമായി പിടിച്ചുകൊണ്ടുവന്ന് കൊല്ലുകയും തോല് പൊളിച്ച് മാംസം കഷണം കഷണമായി മുറിച്ച്

ചന്തയിൽ വിൽക്കുകയും പെയ്യുന്നു. ചലനത്തിന്റെ ഈ പ്രക്രിയയിലൂടെ കടന്നുവന്ന് കഴിഞ്ഞ കാലത്തെ ലജ്ജാകരമായ ജന്മങ്ങൾ മറന്ന് അതിനൊരു മനുഷ്യജന്മം ലഭിച്ചിരിക്കുന്നു.

മനുഷ്യജീവിതം മൃഗത്തിന്റെ ജീവിതത്തേക്കാൾ സുരക്ഷിതമാണ്. ധാരാളം മൃഗങ്ങൾ ഓരോ നിമിഷവും ഭയന്നു കൊണ്ടാണ് കാട്ടിൽ ജീവിക്കുന്നത്. ശക്തി കുറഞ്ഞ മൃഗങ്ങൾ ശക്തിയുള്ള മൃഗങ്ങളുടെ ഇരയാണ്. ഭയത്തിന്റേയും അരക്ഷിതത്വത്തിന്റേയും സാഹചര്യത്തിൽ നിന്നും രക്ഷപ്പെടാൻ പല വന്യമൃഗങ്ങളും മനുഷ്യരുടെ താവളത്തിൽ അഭയം തേടി. അവർക്ക് പുല്ല്, വൈക്കോൽ, മറ്റുതരം ഇലകൾ തുടങ്ങിയവ കൊടുത്ത് വളർത്തി. അതിനെ പിന്നീട് മാംസത്തിനു വേണ്ടി അറക്കുന്നതുവരെ അവർ വളർത്തി. ഇന്നും ഇപ്രകാരം തന്നെ സംഭവിച്ചുകൊണ്ടിരിക്കുന്നു. മൃഗങ്ങൾ പൂർണ്ണമായും മനുഷ്യരെ വിശ്വസിക്കുന്നു. മൃഗങ്ങളുടെ മരണത്തിന ഒരു നിമിഷം മുൻപു വരെ മനുഷ്യർ അതിനെ വിശ്വസിക്കുന്നു. എപ്പോഴാണോ മനുഷ്യർ കയ്യിൽ കത്തിയുമായി വരുന്നത അപ്പോൾ അവർ മനസ്സിലാക്കുന്നു തങ്ങൾ സുഹൃത്താണെന്ന് വിശ്വസിച്ചവർ യഥാർത്ഥത്തിൽ ശത്രുക്കളാണെന്ന്. മനുഷ്യർ മൃഗങ്ങളെ തീറ്റ കൊടുത്ത് വളർത്തുന്നുണ്ടെങ്കിലും അവർ നൽകുന്ന സ്നേഹവും അടുപ്പവും വെറും ബാഹ്യമാണ്. കളങ്കമറ്റ സ്നേഹം അവർക്കില്ല. ഇതാണ് മൃഗങ്ങളുടെ ഹീനമായ അവസ്ഥ.

ഇത്തരത്തിൽ ദുഃഖപൂർണ്ണമായ ഒരു ജീവിതത്തിലൂടെയാണ് ഓരോ മനുഷ്യനും കഴിഞ്ഞ കാലത്ത് കടന്നു വന്നിരുന്നത്. ആ മൃഗങ്ങൾക്കുണ്ടായ കഷ്ടപ്പാടുകൾക്ക് ഉത്തരവാദി നമ്മളാണ് എന്നുള്ള അർത്ഥം ഇതിൽ വരുന്നില്ല. അവരാണ് ഇന്ന് നമ്മോടൊപ്പം അധിവസിക്കുന്നത്. അതിനാൽ വിപരീതാർത്ഥത്തിൽ നമുക്ക് അവരോട് ദയാമസൃണമായ മനഃസ്ഥിതി ഉണ്ടായിരിക്കണം. അമ്മായിയമ്മയാൽ മോശമായ പെരുമാറ്റം അനുഭവിക്കേണ്ടി വന്ന അഥവാ നാണം കെടുത്തപ്പെട്ട ഒരു സ്ത്രീ ഒരിക്കലും തന്റെ മരുമകൾക്ക് അത്തരം ഒരനുഭവം ഉണ്ടാവാതിരിക്കാൻ ശ്രദ്ധിക്കും. മനുഷ്യർ അവരുടെ ജോലികൾ ബാഹ്യലോകത്ത് വളരെ നന്നായും ശ്രദ്ധയോടെയും ചെയ്യുന്നു. അതുപോലെ തന്നെ അനുചിതമായി ഒരു മോശമായ പെരുമാറ്റത്താൽ അനാവശ്യമായ പ്രയാസങ്ങൾ ഉണ്ടാവാതിരിക്കാനും ശ്രദ്ധിക്കും. എല്ലാവരുടേയും നേട്ടത്തിനു വേണ്ടി മനുഷ്യാവകാശങ്ങൾ സംരക്ഷിക്കപ്പെടണം. ജീവിതത്തിലെ അടിസ്ഥാന ആവശ്യങ്ങൾ ഓരോ മനുഷ്യനും ഉറപ്പുവരുത്തണം. ഭക്ഷണം, വസ്ത്രം, ഔഷധം, പാർപ്പിടം, വിദ്യാഭ്യാസം എന്നിവ ഓരോ മനുഷ്യനും ഉറപ്പുവരുത്തണം. ഞാൻ ആരേയും ചൂഷണം ചെയ്യുകയില്ല. അതുപോലെ തന്നെ ചൂഷണം ചെയ്യാൻ ആരേയും അനുവദിക്കുകയുമില്ല. ഇതായിരിക്കണം വസ്തുനിഷ്ഠമായ ക്രമീകരണത്തിന്റെ മനോഭാവം. ഇത്തരം

വസ്തുനിഷ്ഠമായ ക്രമീകരണങ്ങൾ സംരക്ഷിക്കപ്പെടുമ്പോൾ ഓരോ പ്രവൃത്തിയും ശരിയായ രീതിയിൽ നടന്നു പോവും. ജീവിതത്തിന്റെ പാതയിൽ നിങ്ങൾ മുന്നോട്ടു സഞ്ചരിക്കുക. പ്രാപഞ്ചിക ലോകത്തിൽ ക്രമീകരണങ്ങൾ വരുത്തി മുന്നോട്ടു പോവുക.

നിങ്ങളുടെ നിലനിൽപ്പ് വെറും ഭൗതികമായ ഒന്നല്ല എന്ന കാര്യം എപ്പോഴും ഓർത്തിരിക്കണം. ഭൗതിക ലോകത്ത് മൃഗങ്ങളാണ് ആദ്യമായി പരിഗണിക്കപ്പെടുന്നത്. അവർ നിലനിൽപ്പിനു വേണ്ടി പൊരുതുന്നവരാണ്. കാട്ടിൽ ജീവിക്കുന്ന ആ മൃഗങ്ങൾ കടുവകൾ, സിംഹങ്ങൾ, കരടികൾ, ആനകൾ, പാമ്പുകൾ, കീടങ്ങൾ, ഘോരമായ മറ്റു ജീവികൾ എന്നിവയെ അഭിമുഖീകരിക്കേണ്ടി വരുന്നു. അതേസമയം ഏതെല്ലാം മൃഗങ്ങളാണോ മനുഷ്യർക്ക് കീഴടങ്ങുന്നത്, ആടുകൾ, പശുക്കൾ, ചെമ്മരിയാടുകൾ എന്നിവ അവരുടെ അവസാന നിമിഷങ്ങളിൽ മനുഷ്യരാൽ വധിക്കപ്പെടുന്നു. അതുകൊണ്ട് മൃഗങ്ങളുടെ ജീവിതം മനുഷ്യരുടെ ജീവിതത്തെപോലെ സുരക്ഷിതമല്ല.

ഇന്നത്തെ കാലത്ത്, ഭൗതിക ലോകത്ത് വസ്തുനിഷ്ഠമായ ക്രമീകരണമില്ലാത്തതുകൊണ്ട്, മനുഷ്യർ ധാരാളം പ്രയാസങ്ങൽ അനുഭവിക്കേണ്ടി വരുന്നു. ഇന്നും മാതൃകാപരമായ ഒരു മനുഷ്യസമൂഹത്തെ വാർത്തെടുക്കാൻ നമുക്കായിട്ടില്ല. അടിസ്ഥാന ആവശ്യങ്ങൾ എല്ലാവർക്കും ലഭിക്കുന്നതിനുവേണ്ടിയായിരിക്കണം, നമ്മുടെ

പ്രാഥമിക പരിഗണനന. ഒരിക്കൽ ഈ കഠിനമായ കർത്തവ്യം നിർവ്വഹിച്ചു കഴിഞ്ഞാൽ നമുക്ക് ഒരു മാതൃകാപരമായ സാമൂഹ്യഘടന ഉണ്ടാക്കാൻ കഴിയും. സമൂഹത്തെ ആത്മീയ ജീവിതത്തിൽ പുരോഗതിയുണ്ടാക്കാൻ ജനങ്ങൾക്ക് ധാരാളം അവസരവും സമയവും പരിശീലനവും നൽകിയിരിക്കണം.

കർതൃവിഷയകമായ സമീപനത്തിൽ ബാഹ്യലോകത്തു നിന്ന് അപകവമായ മനസ്സിനെ ക്രമേണ പിൻവലിച്ച് അതിനെ സൂക്ഷ്മമായ മനസ്സിൽ ലയിപ്പിക്കണം. പിന്നീട് സൂക്ഷ്മമനസ്സിലെ ആത്മസത്തയിൽ ലയിപ്പിക്കണം. ആത്മസത്ത പരമാത്മ സത്തയിൽ ലയിക്കുന്നതോടെ ഒരു മനുഷ്യൻ ജീവിതത്തിൽ ആത്മസാക്ഷാത്കാരം നേടിയവനാകുന്നു. ഇന്നത്തെ ലോകത്തിൽ മനുഷ്യന് വസ്തുനിഷ്ഠമായ ക്രമീകരണങ്ങൾ നിലനിർത്തുന്നതിൽ അതികഠിനമായ പ്രയാസങ്ങൽ അനുഭവിക്കേണ്ടിവരുന്നു. ആത്മനിഷ്ഠമായ സമീപനത്തിന് സമയം കണ്ടെത്താൻ അവർക്ക് കഴിയാതെ വരുന്നു. ഇതാണിന്നത്തെ പരിതാപകരമായ അവസ്ഥ. അതുകൊണ്ടാണ് ഞാൻ നിങ്ങളെ ഉപദേശിക്കുന്നത് എത്രയും വേഗം ആരോഗ്യകരമായ ഒരു മനുഷ്യസമൂഹത്തെ സൃഷ്ടിക്കാൻ. അപ്പോൾ ഓരോ മനുഷ്യനും ധാരാളം സാധ്യതകളും ആത്മീയ പരിശീലനത്തിന് ആവശ്യമായ സമയവും ലഭിക്കുന്നു.

2 ജനുവരി 1979 പാറ്റ്ന

അധ്യായം 14

# ആത്മീയ സത്യം എല്ലാറ്റിലും മികച്ചു നിൽക്കുന്നു

## Spiritual Truth Surpasses Everything

1955ൽ രൂപം കൊണ്ട ഒരു ചെറിയ സംഘടന ജമാൽപൂരിൽ മാത്രം വെളിച്ചം കണ്ടതിനാൽ ജമാൽപൂർ സംഘം എന്നറിയപ്പെട്ടു. അന്നത് അങ്ങനെയായിരുന്നുവെങ്കിൽ നിങ്ങളുടെ പ്രയത്നം കൊണ്ട് ഇന്നത് വളരെ ഊർജ്ജസ്വലമായ ആഗോളസംഘടനയായി രൂപപ്പെട്ടു.

ഓരോ സത്തയും ഘട്ടം ഘട്ടമായി വളരുന്നത് അതിന്റെ ജന്മസിദ്ധമായ ശക്തി കൊണ്ടാണ്. അല്ലാതെ ഏതെങ്കിലും ബാഹ്യശക്തിയിൽ നിന്നും ഊർജ്ജം ഉൾക്കൊണ്ടിട്ടല്ല. ആന്തരികശക്തി കുറഞ്ഞു വരുമ്പോൾ പുറത്തു നിന്നും കൂടുതൽ ശക്തി സന്നിവേശിപ്പിക്കേണ്ട കാര്യമുണ്ടെന്നു തോന്നുന്നില്ല.

ഇന്ന് നാം നമ്മുടെ യാത്ര ആരംഭിച്ചു കഴിഞ്ഞു. നമ്മുടെ മുൻപിൽ ഒരു ഉറച്ച ലക്ഷ്യമേയുള്ളൂ.

മറ്റൊന്നും തന്നെയില്ല. തുടക്കത്തിൽ വ്യക്തമായ ഒരു രൂപരേഖയൊന്നും ഉണ്ടായിരുന്നില്ല. സാമ്പത്തിക ഭദ്രതകളില്ലായിരുന്നു. ഒരു കാര്യാലയം പോലും എവിടേയും ഉണ്ടായിരുന്നില്ല. എന്നിരുന്നാലും നമ്മുടെ സംഘടന വളർച്ച തുടർന്നു. അത് കഷ്ടിച്ച് എല്ലാ രാജ്യങ്ങളിലും ശാഖകളും ഉപശാഖകളും ഉണ്ടാകത്തക്കവിധം വളർന്നു. ഇന്ന് ആനന്ദമാർഗ്ഗം എന്നത് അന്നത്തെ ജമാൽപൂർ സംഘടന മാത്രമല്ല. ജമാൽപൂരിലെ ജനങ്ങൾ സംഘടനയെ ലോകജനതക്കു മുൻപിൽ സമർപ്പിച്ചിരിക്കയാണ്. 1966ൽ തുടങ്ങി പന്ത്രണ്ടു വർഷക്കാലം ഞാൻ ജമാൽപൂരിൽ ഉണ്ടായിരുന്നില്ല. ആ ദിവസങ്ങളിൽ ജനങ്ങൾ, ആനന്ദമാർഗ്ഗ ജമാൽപൂരിലെ തലവനെപ്പറ്റി പറഞ്ഞുകൊണ്ടിരുന്നു. എന്നാലിന്ന് അവർ അത്തരം വാക്കുകളൊന്നും ഉപയോഗിക്കാറില്ല.

എല്ലാ സത്തകളും അതിന്റെ ആന്തരികശക്തിയുടെ ഗുണങ്ങളാൽ വികസിക്കുന്നു. എന്നാൽ എവിടെ നിന്നാണ് ആ ആന്തരികശക്തി വരുന്നത്? ആന്തരികശക്തി ബാഹ്യലോകത്തു നിന്നും ആർജ്ജിച്ചതാണെന്ന കാര്യം അടിസ്ഥാനപരമായി അപക്വമായ കാര്യമാണ്. പഞ്ചഭൂതങ്ങളിൽ നിന്നും സൃഷ്ടിക്കപ്പെട്ട ഭക്ഷണം വായു, വെള്ളം എന്നിവ അസംസ്കൃതമാണെങ്കിലും അതിന നേരിട്ട് ഭൗതികശക്തിയെ വളർത്താനാവും. എന്നാൽ കൂടുതൽ സൂക്ഷ്മമമായ മാനസിക ആത്മീയ ശക്തികളെ വളർത്താനാവില്ല. ഒരാൾ ഈ

ഭൗതികശക്തിയെ മാത്രം ആശ്രയിച്ചിരിക്കരുത്. കാരണം അത് ക്ഷണികമായ ഒന്നാണ്.

ആരംഭകാലത്ത് എന്റെ അഭിപ്രായം ബാഹ്യശക്തിയിൽ മാത്രം ആശ്രയിച്ചു നിൽക്കുന്നത് ഒരിക്കലും നല്ലതല്ല എന്നതായിരുന്നു. ആനന്ദമാർഗ്ഗികൾക്ക് ഞാൻ നൽകിയ ഉപദേശം അവർ കൂടുതലും മാനസിക ശക്തി വളർത്താനായി ശ്രമിക്കണം എന്നതായിരുന്നു. മാനസികശക്തി രണ്ടു രീതിയിലുണ്ട്. ഒന്ന് ഭൗതികശക്തിയുടെ ഉൽപന്നമാണെങ്കിൽ അടുത്തത് ആത്മീയ ശക്തിയാണ്. ചിലർ ഭക്ഷണം കുറെ ദിവസം കഴിക്കാതതിരിക്കുന്നു എന്ന് സങ്കൽപ്പിക്കുക. അത് അവരുടെ ഭൗതിക മാനസിക ശക്തികളെ ബാധിക്കുന്നതാണ്. അവർക്ക് പഠനം തുടരാനാവുന്നില്ല. ഭൗതിക ശക്തി കുറഞ്ഞതിനാൽ മറ്റു ജോലികളും ചെയ്യാനാവുന്നില്ല. അവരുടെ മനസ്സ് ഭക്ഷണത്താൽ ഭ്രമിച്ചു പോകുന്നു. അവർ കൃഷ്ണ കൃഷ്ണ, എന്നതിനു പകരം റൊട്ടി, റൊട്ടി എന്നു പറയുന്നു. അപ്രകാരം ഭൗതിക ശക്തിയുടെ ഉല്പന്നമായ അപക്വമായ മനഃശക്തിയെയും നമുക്ക് ആശ്രയിക്കാനാവില്ല.

മാനസിക ശക്തിയാണ് രണ്ടാമത്തെ വിഭാഗത്തിലുള്ളത്. ആരാണോ ധാർമ്മികരായിട്ടുള്ളവർ ആരാണോ ആത്മീയ ശക്തിയിൽ പരിലാളിക്കപ്പെട്ടവർ പ്രകൃത്യാ തന്നെ അവർ ഒരുതരം മനഃശക്തി വികസിപ്പിക്കുന്നു. അവർ ആഹാരം കഴിച്ചാലും ഇല്ലെങ്കിലും അവരുടെ

ശക്തിയെ അത് ബാധിക്കുകയില്ല. സുദൃഢമായ ധാർമ്മികൻ, മരിക്കാൻ പോവുകയാണെങ്കിൽ പോലും മദ്യം കഴിക്കാൻ തയ്യാറാവുകയില്ല. അവർ തല അഗ്നിയിൽ വെക്കാൻ പറഞ്ഞാലും തത്വസംഹിതയെ ലംഘിക്കുകയില്ല. അതിനു മാത്രം ശക്തമാണ് അവരുടെ ധാർമ്മിക ശക്തി. അപക്വമായ ആഹാരത്തിൽ നിന്നും ലഭ്യമായ ശക്തി അജയ്യമായ മനഃശക്തിക്ക് വികസിക്കത്തക്ക വിധം അനുയോജ്യമല്ല. അതിന് ആത്മീയശക്തിയാണാവശ്യം. ആത്മീയ ധാർമ്മികത, രൂപപ്പെടുന്നത് വ്യക്തി സത്തയിൽ അഥവാ ആത്മാവിൽ നിന്നുമാണ്. ആത്മീയ ശക്തിയുടെ അഭാവത്താൽ ഈ അചഞ്ചലമായ മാനസികശക്തിയും ധാർമ്മികശക്തിയും മങ്ങിപ്പോവുന്നു. അതുകൊണ്ടാണ് ഞാൻ ആരംഭത്തിൽ തന്നെ പറഞ്ഞത് മനുഷ്യർ കൂടുതലും ഊന്നൽ നൽകേണ്ടത് ആത്മീയ ശക്തിയിലാണ് എന്ന്. മനുഷ്യജീവിതം ജന്മസിദ്ധമായ ധാർമ്മിക ആത്മീയ ശക്തിയെ ആധാരമാക്കിയാണ് മുന്നോട്ടു പോകുന്നതെന്ന് ആനന്ദമാർഗ്ഗം ഉറച്ചു വിശ്വസിക്കുന്നു. ആരാണോ അപക്വമായ ഭൗതികശക്തിയെ ആധാരമാക്കി പ്രയത്നിക്കുന്നത് അവർ നമ്മെ ഇല്ലാതാക്കാൻ ആവോളം പ്രയത്നിച്ചു. എന്നാൽ അവരുടെ ദിവസങ്ങൾ പോയ്മറഞ്ഞു. ഭൗതിക ശക്തിയിൽ നിന്നും ലഭ്യമായ അപക്വമായ മാനസിക ശക്തി പ്രകടമാവുന്നത് ദുരഭിമാനമായും അഹന്തയായുമാണ്. അതിനേക്കാൾ വിഡ്ഢിത്തം

വേറൊന്നുമില്ല. ഒരാൾ അഹങ്കാരത്താൽ കലഹിക്കുമ്പോൾ അത് എല്ലാറ്റിനേയും തല്ലിത്തകർക്കുന്നത് നിങ്ങൾ നിരീക്ഷിച്ചിരിക്കും.

അതുകൊണ്ട് ജന്മസിദ്ധമായ മനഃശക്തിയാൽ തന്നെ നിങ്ങളെല്ലാവരും ഏതു സാഹചര്യത്തിലും ഉറച്ചുനിൽക്കണമെന്ന് ഞാൻ ഉപദേശിക്കുന്നു. നിങ്ങൾ സഹജമായ മാനസിക ശക്തിയിൽ മാത്രം ഉറച്ചുനിൽക്കണമെന്ന് ഞാൻ പറയില്ല. കാരണം ആ മാനസിക ശക്തി കൂടി ആത്മീയ ശക്തിയെ ആശ്രയിച്ചാണ് നിൽക്കുന്നത്. ബുദ്ധിമാന്മാരായവർ ഇങ്ങനെയാണ് ചെയ്യേണ്ടത്. അതുകൊണ്ടാണ് നമ്മൾ തുടക്കത്തിൽ തന്നെ ഈ പാത സ്വീകരിച്ചത്. ജമാൽപൂരിൽ തുടങ്ങിവെച്ച ഒരു സംഘടനയുടെ ചെറിയ കേന്ദ്രബിന്ദു, ആ പട്ടണത്തിന്റെ അതിരുകൾ ലംഘിച്ച് വികസിക്കുകയും പിന്നീടത് ലോകം മുഴുവൻ വ്യാപിക്കുകയും ചെയ്തു. ഓരോ അയൽരാജ്യങ്ങളിലും പരന്ന സംഘടന ഇപ്പോഴും വികാസം പ്രാപിച്ചു കൊണ്ടിരിക്കുന്നു.

ആനന്ദമാർഗ്ഗം സത്യസന്ധരും ബുദ്ധിമാന്മാരുമായ ഏതാനും വ്യക്തികളിൽ മാത്രം ഒതുങ്ങി നിൽക്കുന്നില്ല. എന്നാലത് ആയിരക്കണക്കിലാളുകളെ ഒരുമിച്ചു ചേർത്തി ശ്രേഷ്ഠമായ ഒരു തത്വശാസ്ത്രത്തിന്റെ കൊടിക്കൂറക്കു കീഴിൽ കൊണ്ടുവരുന്നു. ഈ ധർമ്മ മഹാചക്രത്തിൽ (ഡി.എം.സി ആത്മിയമായ കൂടിച്ചേരൽ. ഇവിടെ ഗുരു ധാരാളം പ്രഭാഷണങ്ങൾ നേരിട്ടു നടത്തുന്നു) ആനന്ദമാർഗ്ഗസംഘടനയെ ഞാൻ സമൂഹത്തിലെ

എല്ലാ വിഭാഗത്തിലുള്ളവർക്കുമായി സമർപ്പിക്കുന്നു. ഇതിനു മുൻപുള്ള ഡി.എം.സി കളിൽ ഞാൻ ബുദ്ധിപരമായ പ്രതിപാദ്യമുള്ള വിഷയങ്ങളേ ചർച്ച ചെയ്യാറുണ്ടായിരുന്നുള്ളൂ. ഈ ധർമ്മമഹാചക്രത്തോടുകൂടി ഞാൻ ജനങ്ങളുടെ സ്വന്തമായി മാറിയിരിക്കുന്നു. കാരണം ധർമ്മം എന്നത് ബഹുജനങ്ങളുടെ സ്വത്താണ്. അല്ലാതെ വിദ്യാസമ്പന്നരായ ഏതാനും മധ്യവർത്തികളായ വരേണ്യവർഗ്ഗത്തിന്റെ കുത്തകയല്ല. ധർമ്മം എല്ലാവർക്കും അവകാശപ്പെട്ടതാണ്. ഇന്നത്തെ ധർമ്മ മഹാചക്രത്തിൽ ധർമ്മം സാധാരണ മനുഷ്യരുടെ സ്വത്താണെന്ന് ഞാൻ തിരിച്ചറിഞ്ഞു.

3 ജനുവരി 1978 പാറ്റ്ന

ഉള്ളടക്കം

അധ്യായം 15

# ചൂഷണം അനുവദിക്കില്ല

Exploitation – No More

മനുഷ്യർ, വളരെ കുറഞ്ഞ ശതമാനം, സഹജശക്തിയെ മാത്രമേ പ്രയോജനപ്പെടുത്തുന്നുള്ളൂ. അതിൽ ഒരു ശതമാനം പോലും കൃത്യതയുമില്ല. ഉയർന്ന വ്യക്തിത്വങ്ങളായി സമൂഹം അംഗീകരിച്ചിട്ടുള്ളവർ തന്നെ, അവരുടെ പൈതൃകമായ കഴിവുകൾ വെറും പത്തു ശതമാനം മാത്രമേ പ്രയോജനപ്പെടുത്തുന്നുള്ളൂ. അതായത് മനുഷ്യർ അവരുടെ കഴിവിൽ തൊണ്ണൂറു ശതമാനവും വെറുതെ കളയുന്നു എന്നതാണ് വേദനാജനകമായ കാര്യം. പ്രകൃത്യാ അപരിഷ്കൃതരായവർ അവരുടെ പകുതി സമയവും നിഷ്ഫലമായ അനുഷ്ഠാനങ്ങൾക്കു വേണ്ടി ചെലവഴിക്കുന്നു. ബാക്കിയുള്ള സമയത്തിൽ ഒരു ചെറിയ ശതമാനം മാത്രം ലാഭകരമായ പ്രവൃത്തികൾക്ക് ചെലവഴിക്കുന്നു. അപരിഷ്കൃതം എന്ന പേര് സൂചിപ്പിക്കുന്നത്, അവരുടെ ഭൗതികശക്തി പൂർണ്ണമായി പ്രയോജനപ്പെടുത്തി മാനസിക ആത്മീയ ശക്തികളെ അവഗണിക്കുന്നതു കൊണ്ടാണ്. എന്തുകൊണ്ടാണ് മനുഷ്യർ അവരുടെ സമ്പൂർണ്ണ ശക്തി പ്രയോഗിക്കുന്നതിൽ പരാജയപ്പെടുന്നത്? ആദ്യമായി അവർക്ക് തന്റെ കഴിവ് എങ്ങനെ പ്രയോഗിക്കണമെന്നറിയില്ല. എന്തുചെയ്യണം എന്തു ചെയ്യാതിരിക്കണം എന്ന കാര്യത്തിൽ അവർക്ക് അറിവ് കുറവാണ്. രണ്ടാമതായി അവർ പതിവായി അലസ്നമാരാണ്. മാനസികവും ആത്മീയവുമായ നിശ്ചേതനത്വത്താൽ അവർ പതിവായി അലസന്മാരാണ്.

ചിലർ വിചാരിക്കും, വളരെ നേരത്തെ തന്നെ, അതായത് കൗമാര ദശയിൽ തന്നെ, അവരുടെ മാനസിക ശക്തി നൂറു ശതമാനവും (സമ്പൂർണ്ണമായി) എങ്ങനെ ആത്മീയ പരിശീലനത്തിന് വിനിയോഗിക്കാമെന്ന്. നിർഭാഗ്യവശാൽ ആലസ്യം കൊണ്ട് അവർ അവരുടെ വിശാലമായ കഴിവുകൾ വിനിയോഗിക്കാൻ സാധിക്കാതെ വരുന്നു. അതുവഴി അവരുടെ കഴിവ് ക്രമേണ കുറഞ്ഞു വരുന്നു. ഈ ലോകത്ത് ഉന്നതവ്യക്തിത്വങ്ങളായി അംഗീകരിക്കപ്പെട്ടവർ പോലും, വെറും പത്തു ശതമാനം മാത്രം കഴിവുകളേ ബുദ്ധിമണ്ഡലത്തിലും ആത്മീയ മണ്ഡലത്തിലും വിനിയോഗിക്കുന്നുള്ളൂ. ഇത് യഥാർത്ഥത്തിൽ നിർഭാഗ്യം തന്നെയാണെന്നു പറയാം. എന്നാൽ അതിലുമധികം നിർഭാഗ്യമായി തോന്നുന്നത് ചിലർ അവരുടെ കഴിവുകൾ ശരിയായി വിനിയോഗിക്കാതിരിക്കുകയും, മറ്റുള്ളവരുടെ കഴിവുകളെ തടയുകയും ചെയ്യുമ്പോഴാണ്. അവർ മറ്റുള്ളവരുടെ ഉയർച്ച ആഗ്രഹിക്കുന്നില്ല. ഈ മാനസികാവസ്ഥ ലജ്ജാകരവും ദുഃഖകരവും ഉപദ്രവകരവുമാണ്.

കറുത്ത നിറമുള്ള ഒരുവനെ സഹപാഠികളും ചിലപ്പോൾ അധ്യാപകരും നീഗ്രോ എന്നു വിളിക്കുന്നുവെന്നു കരുതുക. ഇത് തീർച്ചയായും അവനെ ദുർബ്ബലനാക്കുകയും അവന്റെ കഴിവുകളെ തടഞ്ഞുവെക്കുകയും ചെയ്യുന്നു. അവൻ വിചാരിക്കുന്നു ഞാൻ താണവനാണ്, ചവിട്ടി മെതിക്കപ്പെട്ടവനാണ്, വിരൂപനാണ് എന്നൊക്കെ.

അതുപോലെ തന്നെ ആരെല്ലാമാണോ ഇത്തരം താഴ്ന്ന ജാതിയിൽ പിറന്നത്, അവരെല്ലാം താഴ്ന്നവരായതു കൊണ്ട് വിമർശിക്കപ്പെടുന്നു. ആളുകൾ ഗുണം കുറച്ചുകൊണ്ട് പറയും. ഓ. ഏതുതരം വിദ്യാഭ്യാസമാണ് ഈ താഴ്ന്ന ജാതിക്കാർ പ്രതീക്ഷിക്കുന്നത്? അതിന്റെ ഫലമായി അവരുടെ മനസ്സ് സങ്കുചിതമാവുന്നു. അവരുടെ പുരോഗതി തടസ്സപ്പെടുന്നു. കൃത്യമായി പറഞ്ഞാൽ അതേപോലെ തന്നെയാണ് സാധുക്കളായ ജനങ്ങൾ എല്ലാ തരത്തിലുമുള്ള അപമാനവും പീഢനങ്ങളും സഹിക്കുന്നത്. എല്ലാം അവരുടെ സാമ്പത്തികമായ പിന്നോക്കാവസ്ഥ കാരണമാണ്. യോഗ്യതയുള്ളവനും പാവപ്പെട്ടവനുമായ ഒരു കുട്ടി അത്ഭുതകരമായ പുരോഗതി പഠനകാര്യങ്ങളിൽ ഉണ്ടാക്കുന്നുവെന്നിരിക്കട്ടെ. അസൂയാലുക്കളായ അവന്റെ സഹപാഠികൾ പറയും. ‘‘നീയെന്തിനാണിങ്ങനെ പഠനകാര്യത്തിൽ പ്രയാസപ്പെടുന്നത്? നിനക്ക് ഒരു വേലക്കാരന്റെ ജോലി ചെയ്താൽ പോരേ?’’ എന്ന്. ഇത്തരം മനോഭാവങ്ങളാൽ ബുദ്ധിമാന്മാരും അനുഗ്രഹീതരുമായ ധാരാളം ആളുകൾ അവരുടെ ജന്മസിദ്ധമായ കഴിവുകൾ വെറുതെ നശിപ്പിക്കാൻ നിർബ്ബന്ധിതരാവുന്നു. ഇത് വെറും ദുഃഖകരവും അപമാനകരവുമായ സംഗതി മാത്രമല്ല, അതൊരു തുറന്ന ജനോപദ്രവവും, അടിച്ചമർത്തലും, മർദ്ദനവും ചൂഷണവുമാണ്. അതിന്റെ ഫലമായി പ്രതിഭാശാലികളായ പലരും വീർപ്പുമുട്ടുന്ന

അവസ്ഥയിലാവുന്നു. തത്വശാസ്ത്രത്തിൽ ഇതിനെ ബുദ്ധിപരമായ ചൂഷണം എന്നു പറയുന്നു. നിങ്ങൽ അതിനെ തീർച്ചയായും എതിർക്കണം.

മനുഷ്യന്റെ കഴിവുകൾ പൂർണ്ണമായും ഉപയോഗിക്കുന്നില്ല എന്നത് വളരെ ദുഃഖകരമാണ്. തന്റെ കഴിവുകളിൽ വെറും പത്തു ശതമാനം മാത്രം ഉപയോഗിക്കുന്നവരെയാണ് സമൂഹം ഉന്നതരായ വ്യക്തികളായി പരിഗണിക്കുന്നത്. അപ്പോൾ പിന്നെ തന്റെ കഴിവുകളെ പൂർണ്ണമായി ഉപയോഗപ്പെടുത്തുന്നവരെ പറ്റി ചിന്തിച്ചു നോക്കുക.

ഞാൻ നേരത്തെ പറഞ്ഞ പ്രകാരം മനുഷ്യന്റെ കഴിവുകൾ ദുർവ്യയം ചെയ്യുന്നതിന്റെ പ്രധാന കാരണം ശരിയായ വഴിയെപ്പറ്റിയുള്ള അജ്ഞതയാണ്. രണ്ടാമത്തെ കാരണം അലസതയാണ്. മൂന്നാമതൊരു കാരണം കൂടിയുണ്ട്. ചിലപ്പോൾ ആളുകൾക്ക് ശരിയായ പാത ഏതാണെന്നറിയാം. മാത്രമല്ല അവർക്ക് അലസതയും ഒട്ടുമില്ലെന്ന് കരുതുക. അവർ പ്രതിഭാശാലിയാണെന്നും കരുതുക. അത്തരക്കാർക്ക് അവരുടെ കഴിവുകൾ പൂർണ്ണമായും പ്രകടിപ്പിക്കാൻ കഴിയുന്നില്ല. അസാധാരണ ബുദ്ധിശക്തിക്ക് വിധേയനായതു കൊണ്ടാവാം, അഥവാ സാമൂഹ്യസമ്മർദ്ദം കാരണവുമാവാം. അങ്ങനെ അവരുടെ സ്വാഭാവികമായ പ്രകടനം തടയപ്പെടുന്നു. ഇത്തരം സാമൂഹ്യവും ബുദ്ധിപരവുമായ ചൂഷണങ്ങൾ വലിയ ഉപദ്രവകാരിയാണ്. നിങ്ങൾ തീർച്ചയായും അതിനെ എതിർക്കണം.

ഇന്നത്തെ സമൂഹത്തിൽ ധാരാളം അപ്രധാന കുറ്റവാളികളുണ്ട്. നിങ്ങൾ അവരെ പാപികൾ എന്നു വിളിക്കുമ്പോൾ അവരിൽ ഒരു തരം സങ്കീർണ്ണമായ ചിന്തകൾ വളർന്നു വരുന്നു. ഞാൻ പാപിയാണ്. ഞാൻ അധമനാണ്, ഞാൻ വൃത്തികെട്ടവനും നീചനുമാണ്. എനിക്ക് ഒരു ഭാവിയുമില്ല. എന്നൊക്കെ അവർ ചിന്തിക്കും. നിങ്ങൾ ഒരിക്കലും അപ്രകാരം ചെയ്യരുത്. പകരം അവരിലുള്ള നല്ല സ്വഭാവങ്ങൾ കണ്ടെത്തി അതിനെ പുകഴ്ത്തണം. ഇത്തരം പ്രോത്സാഹനങ്ങൾ അവരുടെ ഗുണങ്ങൾ വളർത്താനും നന്മയുടെ പാതയിൽ സഞ്ചരിക്കാനും വഴിയൊരുക്കും. അവർ കൂടുതലും നല്ല ഗുണങ്ങളിൽ ശ്രദ്ധ ചെലുത്തും. അവരുടെ ചീത്തകൾ മറക്കാൻ ശ്രമിക്കും. അത് അവരിലെ പാപകർമ്മങ്ങളെ ഇല്ലാതാക്കാൻ സഹായിക്കും. ആത്യന്തികമായി അവർ നല്ല കാര്യങ്ങൾ ചെയ്യാതിരുന്നാൽ അസ്വസ്ഥരാവുകയും കുറ്റം ചെയ്യുന്നതിൽ നിന്നും പൂർണ്ണമായും മുക്തരാവുകയും ചെയ്യും. ഇതുകൊണ്ടാണ് ഞാൻ പറഞ്ഞത് മനുഷ്യരിലുള്ള നല്ല ഗുണങ്ങളെ പുകഴ്ത്തണമെന്ന്.

എന്നാൽ ഈ പാപികളെ അവഗണിച്ചാൽ അവരുടെ പുരോഗതി നിൽക്കുകയും അവർ കൂടുതൽ കുറ്റവാളികളായി മാറുകയും ചെയ്യും. അവരെ കുറ്റവാളികളെന്ന് ആവർത്തിച്ചു പറയുകയും അവരെ സാമൂഹ്യശിക്ഷാനടപടികൾക്ക് വിധേയരാക്കുകയും ചെയ്താൽ അവരുടെ കുറ്റം ചെയ്യാനുള്ള വാസന കൂടുതലാവും. എന്നാൽ ഏറ്റവും വൃത്തികെട്ട

കുറ്റവാളികൾക്കുപോലും ചില സദ്ഗുണങ്ങൾ ഉണ്ട്. നിങ്ങൾ അവരുടെ നല്ല സ്വഭാവങ്ങൾ കണ്ടെത്തി പ്രോത്സാഹിപ്പിച്ചാൽ അവർ തീർച്ചയായും ശരിയായ പാത തിരഞ്ഞെടുക്കും. അവരുടെ ജീവിതത്തിൽ ഏറ്റവും നല്ല ഒരു മാറ്റം നമുക്കു കാണാനാവും. ഇതാണ് ശരിയായ സമീപനം. പകരം അത്തരം കുറ്റവാളികളെ സമൂഹം അകറ്റി നിർത്തിയാൽ അഥവാ വിമർശിച്ചാൽ പിന്നീടവർ അവരിലുള്ള നല്ല ഗുണങ്ങളെ പരിപോഷിപ്പിക്കാൻ ശ്രമിക്കുകയില്ല. പകരം അവർ ദുർമാർഗ്ഗത്തിൽ വാശിയോടെ സഞ്ചരിക്കുകയും സമൂഹത്തിന് ശല്യമായിത്തീരുകയും ചെയ്യും.

കൂടുതൽ പേർക്കും അടിസ്ഥാനമായ മനുഷ്യ മനശ്ശാസ്ത്രം അറിയുകയില്ല. അതുകൊണ്ട് ഇത്തരം കുറ്റവാളികൾ സമൂഹത്തിനു തന്നെ വലിയ ശല്യമായിത്തീരുകയും ചെയ്യും. ഇത്തരം സാമൂഹ്യമായ അന്യായങ്ങൾക്ക് വിധേയരാവുകയും വിമർശിക്കപ്പെടുകയും ചെയ്യുമ്പോൾ ചിലർ ചിന്തിക്കും. ഞാനിപ്പോൾ ദുർമാർഗ്ഗ സഞ്ചാരിയായിക്കഴിഞ്ഞു. ഞാനിപ്പോൾ അധഃപതിച്ചു പോയി. ഏറ്റവും വലിയ നരകത്തിൽ പതിക്കുന്നതു വരെ ഞാനിത് നിർത്തുകയില്ല. നിങ്ങൾക്ക് അബോധാവസ്ഥയിൽ പോലും ഒന്നും ചെയ്യാനാവില്ല. സമൂഹ മനസ്സാക്ഷിക്കെതിരെ നിൽക്കാനാവില്ല. മറ്റുള്ളവർ ഇത്തരം തെറ്റുകൾ ചെയ്യാതിരിക്കാൻ ഉറപ്പുവരുത്താൻ നിങ്ങൾ ശ്രമിക്കണം. ഇത്തരം കുറ്റവാളിയായവരെ തുടർച്ചയായി വഴക്കുപറഞ്ഞാൽ

അവരൊരിക്കലും നല്ലവരായി മാറുകയില്ല. എല്ലാ കുറ്റവാളികളും പരോക്ഷമായ സമ്മർദ്ദത്താൽ, അഥവാ ബാഹ്യമായ ആകർഷണത്താൽ, അഥവാ പരമപുരുഷനെ ആഗ്രഹിക്കുന്നതിലൂടെ നല്ലവരായി മാറുന്നു.

നിങ്ങൾ അധാർമ്മികരായവരെ, സദാചാരത്തിന്റെ മാർഗ്ഗത്തിലേക്ക് നയിക്കണം. അവരും പരമപുരുഷനാൽ ആകർഷിക്കപ്പെടുന്നുണ്ടെന്ന വസ്തുത നിങ്ങൾ മനസ്സിലാക്കിയിരിക്കണം. അവരിൽ ഉറങ്ങിക്കിടക്കുന്ന സദ്ഗുണങ്ങളെ വികസിപ്പിക്കുകയും അവരെ പ്രോത്സാഹിപ്പിക്കുകയും ചെയ്യണം. ഇതാണ് ശരിയായ മനഃശാസ്ത്ര സമീപനം. ശുദ്ധീകരണത്തിന്റെ ശരിയായ വഴി.

നമുക്ക് രണ്ടു കാര്യങ്ങളെക്കുറിച്ച് ചിന്തിക്കാം. ഒന്ന് ഏറ്റവും ഉന്നതനായ പരമപുരുഷനിലേക്കുള്ള ആകർഷണം. രണ്ട് കൂട്ടായ സമ്മർദ്ദം. ഉന്നതനായവനിലേക്കുള്ള ആകർഷണം ഒരാളെ നല്ല പാതയിലെ പങ്കാളിയാക്കുന്നു. അയാൾ ആനന്ദത്തിന്റെ പാതയിൽ അംഗമാവുന്നു. കൂട്ടായ സമ്മർദ്ദം കൊണ്ട് ഒരാളുടെ പ്രകൃതി, ബാഹ്യപ്രകടനത്തിന സാദ്ധ്യത വർദ്ധിപ്പിക്കുന്നു. ഇവിടെ സാമൂഹ്യസമ്മർദ്ദം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് ആരെയെങ്കിലും പുറന്തള്ളപ്പെട്ടവനായി പ്രഖ്യാപിക്കലല്ല. അഥവാ ഭ്രഷ്ട് കൽപിക്കലല്ല. അല്ലെങ്കിൽ ഒരാളുടെ അടിസ്ഥാനാവശ്യങ്ങൾ അവസാനിപ്പിക്കുകയല്ല. ഇത് ശരിയായ സാമൂഹ്യ സമ്മർദ്ദമല്ല, മറിച്ച്

ഉപകാരമില്ലാത്ത സമീപനമാണ്. അത് ജനങ്ങളിൽ യാതൊരു വിധ മാതൃകാപരമായ സ്വാധീനവും ഉണ്ടാക്കുന്നില്ല. കടകവിരുദ്ധമായി അത് പാപികൾക്ക് വീണ്ടും പാപം ചെയ്യാനുള്ള തീരുമാനത്തെ ശക്തിപ്പെടുത്തുന്നു. ശരിയായ സാമൂഹ്യസമ്മർദ്ദം എന്താണ്? അത് നല്ല കാര്യങ്ങൾ കണ്ടെത്തുക എന്നതാണ്. ഒരു വ്യക്തിയുടെ സ്വഭാവത്തിന്റെ കുലീനമായ ഭാവങ്ങൾ കണ്ടെത്തി, അവന്റെ അല്ലെങ്കിൽ അവളുടെ ജീവിതത്തിൽ മാറ്റങ്ങൾ വരുത്താൻ സഹായിക്കുക എന്നതാണ്. യഥാർത്ഥത്തിൽ ഒരു മനുഷ്യന് ഒരു കഠിനമായ ജോലിയുണ്ട്. ഉപദ്രവകരമായതും തരം താഴ്ത്തുന്നതുമായ പ്രവണതകളെ നീക്കം ചെയ്യുക എന്നതാണത്. നിങ്ങൾ ശരിയായ പാതയിലൂടെ ചലിക്കുമ്പോൾ പൊതു താൽപര്യത്തിനെതിരെ പ്രവർത്തിക്കുന്നവരെ എതിർക്കാൻ സാധിക്കും. മനുഷ്യചൂഷണം ഇനിയില്ല, ഇനിയില്ല എന്ന മുദ്രാവാക്യം മുഴക്കിയാണ് നിങ്ങൾ മുന്നേറേണ്ടത്.

4 ജനുവരി 1979, പാറ്റ്ന

ഉള്ളടക്കം

അധ്യായം 16

# ഹരിപരിമണ്ഡലം

## Hari Pari Mańḍala

വേദപുസ്തകങ്ങളിലും കീർത്തനങ്ങളിലും ഹരിപരിമണ്ഡൽ എന്ന് പലപ്പോഴും പ്രയോഗിച്ചിട്ടുണ്ട്. നിങ്ങൾക്കറിയാമോ? ഒരു ഭക്തനെ സംബന്ധിച്ചേടത്തോളം ഏറ്റവും പ്രിയപ്പെട്ട സത്ത പരമപുരുഷനാണ്. അഥവാ ഹരി. സനാതനതത്വത്തിൽ അവസാനിക്കുന്ന ഈ പ്രപഞ്ചത്തിലെ ഒരേയൊരു സത്തയാണത്. അവസാന നിമിഷം വരെ പരമപുരുഷൻ ഓരോ വ്യക്തിയോടൊപ്പവും ഉണ്ടാവും. മറ്റെല്ലാ സത്തകളും പരിമിതവും നിയന്ത്രിതവുമാണ്. ഹരി മാത്രമാണ്, അഥവാ ഹരികഥ (പരമപുരുഷനെക്കുറിച്ചുള്ള ചർച്ച) മാത്രമാണ് അവസാനമില്ലാത്തത്. അതുകൊണ്ടാണ് ബുദ്ധിമാന്മാരായവർ ഈ അനന്തമായ സത്തയിൽ ഒരു ബന്ധവും അഗാധപ്രേമവും സ്ഥാപിച്ചെടുക്കുന്നത്.

ഹരി എന്നത് അന്തർസത്തയാണ്. ഓരോ വ്യക്തിയുടേയും ഹൃദയാന്തരാളങ്ങളിൽ അത് കുടി കൊള്ളുന്നു. ഒരു പക്ഷിയുടെ, വിഡ്ഢിയുടെ, പണ്ഡിതന്റെ നല്ല വ്യക്തിയുടെ, ചീത്ത

വ്യക്തിയുടെയെല്ലാം ഹൃദയത്തിൽ ഈ ഹരി കുടികൊള്ളുന്നു. ഹരിയുടെ സിംഹാസനം എല്ലായിടത്തുമുണ്ട്. അദ്ദേഹം ഒന്നു മാത്രമാണ് പരിഗണിക്കുന്നത്. ആ ഹൃദയത്തിൽ സ്നേഹവും ഭക്തിയും ഉണ്ടോ എന്ന്. ഒരു വ്യക്തി ധാരാളം തെറ്റുകൾ ചെയ്യുന്നു എന്നു കരുതുക. അയാൾ ആകെ പാപ സമുദ്രത്തിൽ മുങ്ങിയിരിക്കുന്നുവെന്ന് കരുതുക. അവിടെ ആ പാപിയുടെ ഹൃദയത്തിലും ഹരി കുടികൊള്ളുന്നു. അത് ഭാവിയിലും തുടരുക തന്നെ ചെയ്യും. എത്രമാത്രം ഭക്തിയും സ്നേഹവും അദ്ദേഹത്തിനായി ആ ഹൃദയത്തിലുണ്ടെന്ന് ഹരി പരിശോധിക്കുന്നു.

എപ്പോഴാണോ ഹരിയുടെ ഭക്തന്മാർ ഒരുമിച്ചു കൂടുന്നത് അവർ വ്യഥാസല്ലാപം നടത്താൻ ഇഷ്ടപ്പെടുകയില്ല. എന്നാലവർ ഹരികീർത്തനം മാത്രം ചൊല്ലാനാഗ്രഹിക്കുന്നു. അല്ലാതെ മറ്റൊന്നുമല്ല. ആത്മീയ സംഘത്തിന്റെ പരിധിയിൽ വരുന്നവർക്കെല്ലാം അവിടെ നടക്കുന്ന ആത്മീയ നൃത്തത്തിൽ പങ്കെടുക്കാൻ തടഞ്ഞുവെക്കപ്പെടാനാവാത്ത വിധമുള്ള ആഗ്രഹം പ്രകടമാവുന്നു. ആ മധുരമൂറുന്ന ആത്മീയ കീർത്തനങ്ങൾ സൃഷ്ടിച്ച ചുറ്റുപാടിനെ വേദവാക്യമനുസരിച്ച് ഹരിപരിമണ്ഡലം എന്നു പറയുന്നു. ഹരി അതിന്റെ മധ്യബിന്ദുവിൽ സ്ഥിതി ചെയ്യുന്നു.

ആ ഹരിപരിമണ്ഡലത്തിൽ സ്ഥിതി ചെയ്യുന്നവരെല്ലാം ഭക്തിരസപ്രദാനമായ

അവസ്ഥയിലാണ്. അവർ കീർത്തനങ്ങളിൽ പങ്കെടുക്കുമ്പോൾ കൂടുതൽ ഭക്തി തുളുമ്പുന്നവരാകുന്നു. എപ്പോഴെല്ലാമാണോ ഹരിപരിമണ്ഡലം സൃഷ്ടിക്കപ്പെടുന്നത് അഞ്ച് മിനുട്ടോ, മൂന്നു മണിക്കൂറോ, ഇരുപത്തി നാലു മണിക്കൂറോ ആവട്ടെ; ആ കൂട്ടായ ഭക്തിരസത്താൽ പരിസ്ഥിതി മധുരതരമാവുന്നു. സ്വർഗ്ഗീയാനുഭൂതി പ്രദാനം ചെയ്യുന്നു. ആത്മീയ സങ്കൽപശക്തി അതായത് ധ്യാനത്തിന അനുകൂലമായ സാഹചര്യമൊരുക്കുന്നു. ആ സമയത്ത് ഹരി, കേന്ദ്രബിന്ദുവിനെ ചലിപ്പിച്ച് ധ്യാനത്തിന്റെ കേന്ദ്രബിന്ദുവാകുന്നു. സങ്കൽപശക്തിയുടെ ലക്ഷ്യത്തിലെത്തുന്നു.

ഭക്തിയുടെ കാഴ്ചപ്പാടിൽ അത് തീർച്ചയായും ഹരിപരിമണ്ഡലമാണ്. ഹരിയുടെ കാഴ്ചപ്പാടിലും അത ഹരിപരിമണ്ഡലം തന്നെയാണ്. ഈ രണ്ടു കാഴ്ചപ്പാടുകളും കൂടിച്ചേർന്ന് ഒന്നാകുമ്പോൾ ഓരോ ആത്മീയാന്വേഷകനും അനന്തമായ ആനന്ദം ആസ്വദിക്കുന്നു. അങ്ങനെ ഇപ്രകാരം പറയുന്നു. ‘‘ഭക്തി ഭക്തസ്യജീവനം’’. ഭൂമിയില്ലാതെ മത്സ്യത്തിന ജീവിക്കാനാവാത്തത് പോലെ, ആകാശമില്ലാതെ പക്ഷിക്ക് ജീവിക്കാനാവാത്ത പോലെ, ഒരു ഭക്തന ഭക്തിയില്ലാതെ ജീവിക്കാനുമാവില്ല. ഹരിയില്ലാതാവുമ്പോൾ ഒരു ഭക്തന തന്റെ നിലനിൽപു തന്നെ അപകടത്തിലാവുന്നു. ഭക്തൻ ഹരിയിൽ നിന്നും അകന്നു കഴിയുമ്പോൾ അഥവാ ഭക്തിയിൽ നിന്നും വേർപെടുമ്പോൾ അവർ

ജലത്തിൽ നിന്നും വേർപെട്ട മത്സ്യത്തെ പോലെ ദുരിതമനുഭവിക്കുന്നു.

ഒരു ഭക്തന ഭക്തിയിൽ നിന്നും വെർപെട്ടു നിൽക്കുക എന്നത് ഏറ്റവും നീചമായ വിപത്താണ്. ആരാണോ ആളുകളെ ഭക്തിയിൽ നിന്നും വേർപെടുത്തുന്നത്, നേരത്തെ ചെയ്തവരും, ഇനി ചെയ്യാനിരിക്കുന്നവരും സ്വയം നാശത്തെ ക്ഷണിച്ചു വരുത്തുകയാണ്. ഹരി ആർക്കും ഒരുപദ്രവവും ചെയ്യാനാഗ്രഹിക്കുന്നില്ല. ഭക്തരോട് ഒരിക്കലുമില്ല. എന്തായാലും ഒരു വ്യക്തിയോ ഒരു കൂട്ടം ആളുകളോ ഭക്തരുടെ ഹരിപരിമണ്ഡലത്തെ ശല്യപ്പെടുത്തുകയാണെങ്കിൽ, ഭാവിയിലും അപ്രകാരം ചെയ്യുകയാണെങ്കിൽ, അവർ തീർച്ചയായും അവരുടെ നാശത്തെ അഭിമുഖീകരിക്കേണ്ടി വരും. അത് പ്രകൃതി നിയമമാണ്. മറ്റുള്ളവരുടെ നാശം ആഗ്രഹിക്കുന്ന ഒരു ചിന്തയും ആരും വെച്ചുപൊറുപ്പിക്കരുത്. കാലപ്രവാഹത്തിനൊത്ത് നാശവും സംഭവിക്കും.

5 ജനുവരി 1979, പാറ്റ്ന

ഉള്ളടക്കം

അധ്യായം 17

# അദ്ദേഹം ഊമയെ സംസാരിപ്പിക്കുന്നു

## He Makes the Dumb Speak

ഈ പ്രപഞ്ചത്തിൽ ഓരോ ജന്മത്തിനും ഓരോ ചലനത്തിനും ഓരോ ആന്തരിക ചോദനക്കും ഓരോ വ്യക്തിസത്തകൾക്കും ഒരൊഴുക്കുണ്ട്. അതിന് ഒരരുവിയെ പോലെ ഒഴുകാനുള്ള ഒരു പ്രഭവസ്ഥാനമുണ്ട്. പോഷകസമൃദ്ധമായ ആഹാരം കഴിക്കുന്നതു വഴി അവർക്ക് കൂടുതൽ ശക്തി നേടാനാകുമെന്നും കൂടുതൽ പ്രവർത്തി ചെയ്യാനാകുമെന്നും ചിലർ വിശ്വസിക്കുന്നു. മറ്റു ചിലർ വിശ്വസിക്കുന്നത്, ഇതേ ശക്തിയും പ്രവർത്തനവും ബുദ്ധിയും കൂടുതൽ പഠിക്കുന്നതിലൂടെ നേടാമെന്നാണ്. വ്യത്യസ്ത ജനങ്ങൾക്ക് വിവിധങ്ങളായ അഭിപ്രായങ്ങളാണ്. അല്പം കൂടി ആഴത്തിൽ അപഗ്രഥിക്കുമ്പോൾ ആളുകൾ സ്ഥിരമായ ജ്ഞാനം നേടാൻ, സ്ഥിരമായ ഒരു സത്തയെത്തന്നെ ആഗ്രഹിക്കുന്നു. ചില ആളുകൾ രസഗുള ഭക്ഷിക്കുന്നതിലൂടെ സംതൃപ്തിയടയാനാഗ്രഹിക്കുന്നു. എന്നാൽ രസഗുള ഒരു ക്ഷണികമായ വസ്തു മാത്രമാണ്. ഒരു തവണ അത്

തൊണ്ടയിലൂടെ വിഴുങ്ങിയാൽ പിന്നെ അതിന്റെ രുചി നഷ്ടപ്പെടുന്നു. ജനങ്ങളുടെ സന്തോഷത്തിന്റെ, ശക്തിയുടെ, അഥവാ ബുദ്ധിയുടെ ഉറവിടം, തീർച്ചയായും ഒരു അനന്തമായ സത്തയായിരിക്കണം. പരിമിതമായ വസ്തുക്കളിൽ നിന്നും നമുക്കെന്താണ് പ്രതീക്ഷിക്കാവുന്നത്? ഒരു ചെറിയ മെഴുകുതിരിയിൽ നിന്നും നമുക്ക് എത്ര വെളിച്ചമാണ് പ്രതീക്ഷക്കാനാവുക? അല്പ സമയത്തിനു ശേഷം അത് അണഞ്ഞു പോവുന്നു. ഓരോ പ്രാപഞ്ചിക വസ്തുവിന്റേയും അവസ്ഥ ഇതു തന്നെയാണ്. ചില ആരോഗ്യ ദായകമായ പാനീയങ്ങൾ തണുപ്പുകാലത്ത്, ആന്തരിക ശക്തി വർദ്ധിപ്പിക്കുന്നു. എന്നാൽ വസന്തകാലം വരുമ്പോൾ അതിന്റെ ശക്തി നഷ്ടപ്പെടുന്നു. ബുദ്ധിയുള്ളവർ പ്രകൃത്യാ തന്നെ അക്ഷയമായ സ്രോതസ്സിനെ ആശ്രയിക്കുന്നു. അതിന് അവസാനമില്ലാത്താണ്. ആളുകൾക്ക് അതിൽ നിന്നും സ്ഥിരമായ ശക്തിയും ബുദ്ധിയും ധൈര്യവും ലഭ്യമാവുന്നു.

“മൂകം കരോതി  വാചാലം, പങ്ഗും ലങ്ഘയതേ ഗിരീം”. പ്രാപഞ്ചിക വസ്തുക്കളാൽ ഊമയായ ഒരാൾക്ക് വാക്ചാതുര്യത്തോടെ സംസാരിക്കാനാവില്ല. അതുപോലെ മുടന്തുള്ള ഒരാൾക്ക്, പർവ്വതം കയറാനുമാവില്ല. എന്നാൽ പരമപുരഷന്റെ അനുഗ്രഹമുണ്ടെങ്കിൽ ഊമക്ക് സംസാരിക്കാനും മുടന്തന് പർവ്വതത്തെ കീഴടക്കാനുമാവും. ഒരാൾ പരമപുരുഷനോട് ശക്തി ആവശ്യപ്പെട്ടാൽ അയാൾക്ക് അത് ലഭിക്കുകയോ

ലഭിക്കാതിരിക്കുകയോ ചെയ്യും. എന്നാൽ അത്തരം അഭ്യർത്ഥന നടത്തരുത്. അല്ലയോ പരമപുരുഷാ എനിക്ക് ഇതും അതും നൽകിയാലും എന്ന് ആരും തന്നെ ചോദിക്കരുത്. അദ്ദേഹത്തെ പൂർണ്ണമായി സങ്കൽപിച്ചാൽ തന്നെ അയാൾക്കെല്ലാം ലഭിക്കും. അദ്ദേഹത്തിന്റെ അനുഗ്രഹത്തിൽ ഏതാണ് പ്രധാനമെന്നു വെച്ചാൽ അത് നിങ്ങൾ ചോദിച്ചാലും ഇല്ലെങ്കിലും വന്നു ചേരുക തന്നെ ചെയ്യും. അദ്ദേഹത്തിന്റെ അനുഗ്രഹം വളരെ പ്രധാനപ്പെട്ടതാണ്. അതുകൊണ്ടാ ണ് ഇങ്ങനെ പറഞ്ഞത്. ‘‘മൂകം കരോതി വാചാലം, പങ്ഗും ലങ്ഘയതേ ഗിരീം’’.

‘‘അനന്യോർമമതാ, വിഷ്ണോർമമതാ, പ്രേമസംഗതാ.’’ നിങ്ങളുടെ മനസ്സിനെ ഏകാഗ്രമാക്കിയിരിക്കണം. പ്രാപഞ്ചിക വസ്തുക്കളിൽ ഉള്ള ആസക്തി വികസിപ്പിച്ചെടുക്കുന്നതിനു പകരം പരമപുരുഷനോടുള്ള (വിഷ്ണു) അടുപ്പം വികസിപ്പിച്ചെടുക്കണം. ഇവിടെ മമത എന്ന വാക്ക് സൂചിപ്പിക്കുന്നത് തന്റെ സ്വന്തം എന്ന ചേതോവികാരമാണ്. ഈ പ്രപഞ്ചത്തിലുള്ള ഒരു വസ്തുവും നിങ്ങളുടെ സ്വന്തമല്ല. യാതൊരു വിധ ദ്രവ്യങ്ങളുമായിട്ടല്ല നിങ്ങൾ ഈ പ്രപഞ്ചത്തിൽ വന്നത്. ഈ പ്രപഞ്ചം ഉപേക്ഷിച്ചു പോകുമ്പോഴും ഒന്നും തന്നെ കൊണ്ടു പോകാനാവില്ല. അപ്പോൾ പിന്നെ ഏതെങ്കിലുമൊരു വസ്തു നിങ്ങളുടേതാണെന്ന് പറയാനാകുമോ? അത് സാധ്യമല്ല. ഇതാണ് ശരിയായ ജ്ഞാനം.

പരമപുരഷനല്ലാതെ ഈ പ്രപഞ്ചത്തിലുള്ളതൊന്നും നിങ്ങളുടേതാണെന്ന് പറയാൻ സാധിക്കുകയില്ല. ഇത്തരം ഒരാശയം വളർത്തിയെടുത്തിട്ടില്ലെങ്കിൽ മനുഷ്യർ നിഷ്ക്രിയരും ജോലി ചെയ്യാൻ അലസരുമാവും. എന്റെ അഭിപ്രായത്തിൽ അഹം തത്വാത്മകമായ സമീപനത്തിലൂടെയുള്ള വസ്തു നിഷ്ഠമായ സമീപനമാണ് ശരിയായ വഴി. എല്ലാ വസ്തുക്കളും എല്ലാ സത്തകളും നിങ്ങളുടെ തന്നെ ഭാഗമാണ്, എന്ന വിചാരം ഉണ്ടായില്ലെങ്കിൽ നിങ്ങൾക്കൊരിക്കലും സ്നേഹമോ വാത്സല്യമോ അദ്ദേഹത്തിന്റെ സൃഷ്ടികളോട് ഉണ്ടാവുകയില്ല. നിങ്ങൾ എന്ന വ്യക്തിസത്തയും ബാഹ്യലോകവും തമ്മിലുള്ള സമതുലിതാവസ്ഥക്ക് കോട്ടം വരികയും നിങ്ങളുടെ പരമപുരുഷനിലേക്കുള്ള പ്രയാണത്തിന് വിഘ്നം വരുകയും ചെയ്യുന്നു. ഈ പ്രാപഞ്ചിക വസ്തുക്കളോട് നിങ്ങൾ വളർത്തിയെടുത്ത സ്നേഹം പരമപുരുഷനിലേക്ക് നയിക്കപ്പെടണം. ബാഹ്യവസ്തുനിഷ്ഠ പ്രപഞ്ചത്തിന്റെ ഉടമസ്ഥനെന്ന നിലയിൽ അദ്ദേഹം മാത്രമാണ് നിങ്ങൾക്ക് നേടിയെടുക്കാനുള്ള ഒരേയൊരു സമ്പാദ്യം. ഇത് നിങ്ങൾ തിരിച്ചറിഞ്ഞാൽ വസ്തുനിഷ്ഠ പ്രപഞ്ചത്തോടുള്ള ക്രമീകരണം സ്വാഭാവികമായും അനായാസമായും വന്നു ചേരും. സ്വന്തമായി വിളിക്കാനുള്ള ഒരേയൊരു സത്ത പരമപുരുഷനാണെന്ന് എല്ലാ മനുഷ്യരുടേയും മനസ്സിലുള്ള ആശയമാണ്. ‘‘അനന്യാർമമതാ, വിഷ്ണോർമമതാ, പ്രേമസംഗതാ.’’

“വിസ്താരഃ സർഭൂതസ്യ
വിഷ്ണോർവിശ്വമിദം ജഗത്
ദ്രഷ്ടവ്യമാത്മവത് തസ്മാദഭേദേന
വിചക്ഷണൈഃ”

വിശ്വ എന്ന വാക്ക് വിഷ് എന്ന മൂലക്രിയയിൽ നിന്നും രൂപം കൊണ്ടതാണ്. അതിന്റെ ആന്തരികാർത്ഥം ഒരു സത്തയുടെ ഓരോ സൂക്ഷ്മരന്ധ്രത്തിലൂടെയും തുളച്ചുകയറുന്ന എന്നാണ്. അപ്രകാരം ഈ പ്രപഞ്ചത്തിലെ ഓരോ വസ്തുവിലും ഗുപ്തമായി കിടക്കുന്ന സത്തയെയാണ് വിഷ്ണു എന്ന് വിളിക്കുന്നത്. നിങ്ങളുടെ നാഡീകോശങ്ങളിലോരോന്നിലും, ഓരോ സുഷിരങ്ങളുടെയും മൂലയിലും, മനസ്സിലെ ആഴത്തിലുള്ള അകക്കാമ്പുകളിലും അദ്ദേഹം സ്ഥിതി ചെയ്യുന്നു. അദ്ദേഹത്തിന്റെ ശ്രദ്ധയിൽ നിന്നും നിങ്ങൾക്ക് രക്ഷപ്പെടാനാവില്ല. അഞ്ച് അടിസ്ഥാന ഘട്ടങ്ങളിൽ മാത്രമാണദ്ദേഹം വസിക്കുന്നതെന്ന് ചിന്തിക്കരുത്. അദ്ദേഹം മനസ്സിന്റെ അഗാധസ്ഥലങ്ങളിലും സ്ഥിതി ചെയ്യുന്നു. നിങ്ങൾ ചിന്തിക്കുന്നതെല്ലാം അദ്ദേഹം കേൾക്കുന്നു.

ചിന്തയുടെ മാനസിക പരിണാമക്രമം എന്താണ്? ചിന്തിക്കുക എന്നാൽ മനസ്സിനുള്ളിൽ വെച്ച് സംസാരിക്കുക എന്നാണ്. ചിലപ്പോൾ ഞാൻ ഡി.എം.സി.യിൽ പങ്കെടുക്കാൻ കൽക്കത്തയിലേക്ക് പോകുന്നു. ഞാൻ അതുവഴി ഡൽഹയിലും പോകും. എന്നാൽ എന്റെ പക്കൽ അതിനു മാത്രമുള്ള പണം ഇല്ല. എന്നൊക്കെ വിചാരിക്കുന്നുവെന്നു കരുതുക.

മനസ്സിൽ കുടികൊള്ളുന്ന പരമപുരുഷൻ ഈ ആന്തരിക സംഭാഷണം കേൾക്കുന്നു. ആ മനസ്സിനെ പറ്റി അദ്ദേഹത്തിനെല്ലാമറിയാം. ഓരോ പ്രവർത്തിയും പ്രാഥമികമായിത്തന്നെ നടക്കുന്നു. അരി പാകം ചെയ്യുന്നതിനുമുൻപ് നന്നായി വൃത്തിയാക്കണം. പാചകത്തിനു മുൻപ് സ്വീകരിക്കേണ്ട പ്രാഥമിക നടപടിയാണിത്. അതു ചെയ്യാതെ ആരും പാചകം ചെയ്യുകയില്ല. അതുപോലെ ഓരോ ചിന്തകൾക്കും പ്രാഥമികമായ ഒരവസ്ഥയുണ്ട് പരമപുരുഷൻ ഇതുകൂടി അറിയുന്നു. ഒരു വ്യക്തി ഏതെങ്കിലും കാര്യത്തെപറ്റി ചിന്തിക്കാൻ തുടങ്ങുന്നതിനു മുൻപു തന്നെ പരമപുരുഷൻ അതറിയുന്നു. ഡി.എം.സിയെക്കുറിച്ച് ചിന്തിക്കുന്ന വ്യക്തിയെക്കുറിച്ച് തന്നെ പറയാം. അദ്ദേഹം കൽക്കത്തയിൽ നിന്ന് ഡൽഹിയിലും പോകാൻ അവസാനം തീരുമാനിക്കുമെന്ന് പരമപുരുഷനറിയാം. അപ്രകാരം അദ്ദേഹത്തിന്റെ പേരുകളിൽ ഒന്നാണ് വിഷ്ണു. അതായത് ഓരോ വസ്തുക്കളിലും ഗോപ്യമായിക്കിടക്കുന്ന സത്ത.

ഈ ലോകത്തിൽ മാത്രമല്ല ഈ പ്രപഞ്ചത്തിൽ തന്നെ അദ്ദേഹത്തിൽ നിന്നും ഒളിഷിക്കാൻ ഒരു സ്ഥലമില്ല. നിങ്ങൾ വളരെ സ്വകാര്യമായി എന്തെങ്കിലു ചെയ്യാമെന്നു വെച്ചാൽ അദ്ദേഹം അതും അറിയുന്നു. ഞാൻ ഈ ജോലി നാളെ രാവിലെ ചെയ്യാം എന്ന് ആരെങ്കിലും വിചാരിച്ചാൽ തീർച്ചയായും പരമപുരഷൻ നേരത്തെ അറിയും. താമസിച്ചതിന് ഒട്ടും പ്രയാസപ്പെടില്ല എന്ന്. അതിനെല്ലാമുപരി

അദ്ദേഹത്തിന ഒരേ സമയം എന്തെല്ലാം കാര്യങ്ങൾ കാണാൻ കഴിയും? എന്നാൽ എല്ലാറ്റിനും അദ്ദേഹം മേൽനോട്ടം വഹിക്കുന്നതുകൊണ്ട് നന്നായി നടക്കും. എന്നാൽ പരമപുരുഷന ഇത്തരം മാനസിക ചിന്തകൾ കൂടി കേൾക്കാനാവും. അപ്പോൾ പിന്നെ ആളുകളെന്തു ചെയ്യും? അവർ ആന്തരികമായിത്തന്നെ ചിന്തിക്കും. അല്ലയോ പരമപുരുഷാ എന്റെ ചിന്തകൾ ശരിയായ പാതയിൽ തന്നെയാണ് എന്ന് ഉറപ്പുവരുത്തിയാലും. പരമപുരുഷൻ വിചാരിക്കും. ഇവരുടെ മനസ്സ് സമ്പൂർണ്ണമായ നിയന്ത്രണത്തിലായിട്ടില്ലെങ്കിലും അവർക്ക് ശരിയായ പാതയിലേക്ക് കാലെടുത്തുവെക്കാൻ ശക്തമായ ആഗ്രഹമുണ്ട് എന്ന്, അദ്ദേഹം മനസ്സിലാക്കും. തീർച്ചയായും അദ്ദേഹത്തിനവരോട് പ്രത്യേക സ്നേഹവും ദയയും ഉണ്ടായിരിക്കും. അദ്ദേഹം വിചാരിക്കും. അടിസ്ഥാനപരമായി അവർ ചീത്ത ആളുകളല്ല. അവർ മനസ്സിനെ നിയന്ത്രിക്കുന്നതിൽ വിഷമം അനുഭവിക്കുന്നവരാണ്.

പരമപുരുഷൻ ഓരോ സത്തയിലും ഗോപ്യമായി സ്ഥിതി ചെയ്യുന്നു. മനുഷ്യർ സമഗ്രമായ കാഴ്ചപ്പാടിൽ വേണം പ്രപഞ്ചത്തെ നോക്കിക്കാണാൻ. മനസ്സിൽ അവർ ഒരു തരത്തിലുമുള്ള ഉന്നത ചിന്തയോ, അവഗണനയോ വളർത്തിയെടുക്കാൻ പാടില്ല. എന്നാൽ ഈ രണ്ടു ചിന്തകളിൽ നിന്നും അവർ മാറി നിൽക്കണം. എല്ലാവരും തുല്യരാണ്. എല്ലാവരും സാർവ്വമാനവികതയുടെ ആദർശങ്ങളാൽ

കെട്ടപ്പെട്ടവരാണ്. ചിലർ മറ്റുള്ളവരെ അപേക്ഷിച്ച് കൂടുതൽ പഠിച്ചവരാകും. ചിലർ വെളുത്തവരാകും. ചിലർ കറുത്തവരാകും. എന്നാൽ അവരെല്ലാം സഹോദരീ സഹോദരന്മാരാണ്. ഏതെങ്കിലും ഒരാൾ കറുത്തവനെ വെറുക്കുന്നുവെങ്കിൽ അയാൾ മനസ്സിലാക്കിയിരിക്കണം അദ്ദേഹത്തിന്റെ ശരീരത്തിലെ മുടിയൊക്കെ കറുത്തതാണെന്ന്. നേരെ മറിച്ച് ഒരു കറുത്തവൻ നിറത്തിന്റെ പേരിൽ വെളുത്തവനെ വെറുക്കുന്നുവെങ്കിൽ അവൻ മനസ്സിലാക്കണം അവന്റെ കാലിന്റെ ഉള്ളടി വെളുത്തിട്ടാണെന്ന്. കറുത്ത കാലടിയുമായി ആരും തന്നെ ജനിച്ചിട്ടില്ല എന്ന് മനസ്സിലാക്കണം. ഒരിക്കലും ഒരുതരത്തിലുമുള്ള സങ്കീർണ്ണമായ ചിന്തകൾ മനസ്സിൽ വളരാൻ അനുവദിക്കരുത്. അറിവുള്ളവർ ഈ പ്രപഞ്ചത്തിലുള്ള എല്ലാറ്റിനേയും സമചിത്തതയോടെ നോക്കിക്കാണുന്നു. ഇതാണ് ശരിയായ ഭക്തി. അതായത് മനസ്സിനെ എല്ലാ വസ്തുക്കളിൽ നിന്നും പിൻവലിച്ച് പരമപുരുഷനു നേരെ കൊണ്ടുപോവുക. ഈ അവസ്ഥയാണ് ഏറ്റവും പ്രധാനമായി മനുഷ്യന് നേടിയെടുക്കാനുള്ളത്.

നിങ്ങൾക്ക് ശാരീരികവും മാനസികവും ആത്മീയവുമായ ധാരാളം ശക്തിയുണ്ടെന്നു കരുതുക. മനസ്സ് വിഷ്ണുവിൽ കേന്ദ്രീകരിക്കാൻ അത് ധാരാളം മതി. എന്നിരുന്നാലും നിങ്ങളുടെ പരിമിതമായ കഴിവുപയോഗിച്ച് അതെത്ര മാത്രം സാധ്യമാകും? എന്നാൽ വിഷ്ണു, അദ്ദേഹത്തിന്റെ അനുഗ്രഹം

സമ്മാനിച്ചാൽ, ഒരു ഊമക്കു പോലും തത്വശാസ്ത്രപരമായോ, ആത്മീയമായോ ഉള്ള ഒരു പ്രഭാഷണം പഠിച്ച് അവതരിപ്പിക്കാനാവും. അതുപോലെ തന്നെ നിങ്ങൾ അശക്തനോ, അയോഗ്യനോ ആണെങ്കിലും ഏൽപ്പിച്ച ഏതു കഠിനജോലിയും വളരെയെളുപ്പം പൂർത്തിയാക്കാൻ കഴിയും. നിങ്ങൾ തന്നെ അത്ഭുതപ്പെടും ഇത്രയും കഠിനമായ പ്രവൃത്തികൾ സ്വയം എളുപ്പത്തിൽ എങ്ങനെ ചെയ്യാൻ സാധിച്ചു എന്ന്.

6 ജനുവരി 1979, പാറ്റ്ന

# അവസാനം

--------------- X --------------

# അറിയിപ്പ

ഹഠയോഗത്താൽ ശാരീരിക വികാസം സാധ്യമാകുന്നു. രാജയോഗത്തതാൽ ശാരീരികവും, മാനസികവും, ആത്മീയവുമായ വികാസം സാധ്യമാകുന്നു, എന്നാൽ ഒരാളിൽ ഭക്തിഭാവം ഉണർത്തുവാൻ അതന് കഴിയില്ല.

രാജാധിരാജയോഗ ത്താൽ ശാരീരിക, മാനസിക, ആത്മീയ വികാസം സാധ്യമാവുകയും, ഭക്തിഭാവം ഉണരുകയും ചെയ്യുന്നു. രാജാധിരാജയോഗ പരിശീലനംകോണ്ട് സാധകന് വിമുക്തി കരഗതമാകുന്നു.

ആനന്ദമാർഗ ആചാര്യർ പ്രതിഫലം പറ്റാതെ രാജാധിരാജയോഗം പഠിപ്പികുന്നു, ആർക്കും അത് പഠിക്കാവുന്നതും, വസതിയിൽവച്ച് പരിശീലിക്കാവുന്നതുമാണ്.

**<u>Contacts</u>**

(For talking in Malayalam)

**1. Kozhikode:**

a. Sethumadhavan - 93875 22399

b. Raju K K - 98471 42574

**2. Thrissur:**

a. Babu Thayyil - 9495169061

b. Jyotish - 9446345715

**3. Ernakulam:**

a. Padmanabhan- 9847633331

b. Ramkumar - 9388604260

**<u>Address Central:</u>**

(For talking  in English, Bengali or Hindi

Ananda Marga Pracaraka Samgha

VIP Nagar, Tiljala, Kolkata -100
Phone : 033 - 23451274

**Address Local:**

(For talking in English, Bengali, Hindi or Malayalam

1. Ananda Marga Ashram,
(Near Railway level crossing)
Nedupuzha, Thrissur, Kerala
Contact : 9388353604

2. Ananda Marga Ashram
Kottakurumba Temple Road
Ramanattukara; Kozhikode; Kerala
Contact: 7558028519; 9847734729

3. Ananda Marga Ashram (Lady managed)
Edakkadu, West Hill, Athanikkal,
Kozhikode, Kerala
Contact : 7004906626, 7559859532

4. Ananda Marga Ashram (Lady managed)
Shanti Vihar, Manuelson's Housing Colony
Pottore, Thrissur, Kerala
Contact : 8075607728, 9074064529

5. Ananda Marga School (Lady managed)
South Chitoor(PO) ; Kochi -27.
Near Krishna Temple.
Rail station: Ernakulam Town.
Contact: 9037388657, 7012059203

6. Ananada Marga Primary School
Muttathara, Manacaud P.O.
Thiruvanandthapuram
Near Vaduvoth Temple.
Contact: 7306806742, 9539034448

7. Ananda Marga Ashram
Chattambirswami Road
Poojappura, Thiruvananthapuram
Contact: 9620648627